# അരുത് കൂട്ടരേ,
# അത് ജിന്നുസേവയാണ്!



അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

# അരുത് കൂട്ടരേ,
# അത് ജിന്നുസേവയാണ്!

അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

അൽഹുദാ സലഫി ചാരിറ്റബിൾ ട്രസ്റ്റ്, കായക്കൊടി

**A**ruth koottare, athu **J**innusevayanu! *(Malayalam)*

*Authored by* *Abu Tariq Zubair Mohamed*

*Published by* **AL HUDA SALAFI CHARITABLE TRUST**
*Kayakkodi, Calicut, Kerala, India, Pin 673 508*

*Copyright ©* Al Huda Salafi Charitable Trust, 2023/1444 H
Kayakkodi, Calicut, Kerala, India, Pin 673 508

*First Edition* 2023/1444 H

*All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the copyright owner.*

*Typeset by* *zeear.em*
*Cover Design* *mazin.ab*

بِسْــمِ اللهِ الرَّحْمَٰنِ الرَّحِيمِ

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلَٰهَ إِلَّا اللهُ، وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴿١٠٢﴾﴾ [آلُ عِمْرَانَ]

﴿يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا ﴿١﴾﴾ [النِّسَاءُ]

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا ﴿٧٠﴾ يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧١﴾﴾ [الْأَحْزَابُ]

أَمَّا بَعْدُ؛ فَإِنَّ أَصْدَقَ الْحَدِيثِ كَلَامُ اللهِ، وَخَيْرَ الْهَدْيِ هَدْيُ مُحَمَّدٍ ﷺ، وَشَرَّ الْأُمُورِ مُحْدَثَاتُهَا، وَكُلَّ مُحْدَثَةٍ بِدْعَةٌ، وَكُلَّ بِدْعَةٍ ضَلَالَةٌ، وَكُلَّ ضَلَالَةٍ فِي النَّارِ.

بسم الله الرحمن الرحيم

الحمد لله، والصلاة والسلام على رسول الله، وعلى آله وصحبه ومن والاه

أما بعد

فقد وقفت على رسالة «إعانة الرحمن في إثبات شركية الاستعانة بالملائكة والجان» لأخينا الفاضل أبي طارق الزبير بن محمد، فوجدتها رسالة قيمة أجاد فيها مؤلفها وأفاد مستدلاً بالكتاب والسنة وآثار السلف، مستنيراً مستشهداً بأقوال جهابذة العلماء أسود السنة وحماتها وقد أورد جملة من شبه القائلين بجواز الاستعانة وردّها وبيّن ما فيها من خطأ فجزاه الله خيراً، وجعله في موازين حسناته يوم القيامة، يوم لا ينفع مال ولا بنون إلا من أتى الله بقلب سليم.

رزقني الله وإياه الإخلاص في القول والعمل ومتابعة السنة والمنهج السلفي.

وصلى الله وسلم على نبينا محمد وعلى آله وصحبه وسلم

كتبه

د/ أحمد بن عمر بازمول

الأستاذ المشارك

بقسم الكتاب والسنة

جامعة أم القرى

الثلاثاء ٤/ رجب/ ١٤٣٤

# ഉള്ളടക്കം


i പ്രവേശിക 9

ii *അധ്യായം* 1, സലഫി മൻഹജ്:
ഇസ്‌ലാമിന്റെ തനതു വ്യവഹാരക്രമം 23

ആരാണ് അഹ്‌ലുസ്സുന്നഃ? 23

ജനങ്ങളിൽ ഏറ്റവും സൂക്ഷ്മമായി സത്യം അറിയുന്നവർ 26

ജനങ്ങളോട് ഏറ്റവും കനിവ് കാണിക്കുന്നവർ 27

അതിലംഘനവും അതിലംഘകരും തമ്മിലുള്ള വേർതിരിവ് 30

അഹ്‌ലുസ്സുന്നഃ ദീൻ സ്വീകരിക്കുന്ന സ്രോതസ്സുകൾ 31

ഖുർആനും സുന്നത്തും സലഫുകളുടെ ഗ്രാഹ്യമനുസരിച്ച് 33

പ്രമാണങ്ങളെക്കാൾ യുക്തിക്ക് മുൻഗണന കൽപിക്കുകയില്ല 37

തർക്കങ്ങൾക്കും സംവാദങ്ങൾക്കും ഇടമില്ല 42

അല്ലാഹുവിന്റെ കൽപനകൾക്ക് സർവഥാ കീഴ്പ്പെടുക 46

പ്രമാണബദ്ധവും പ്രായോഗികവുമായ ഐക്യത്തിന്റെ മാതൃക 51

അഹ്‌ലുസ്സുന്നഃ മതവിധി കണ്ടെത്തുന്ന രീതി 53

iii *അധ്യായം 2,* അഹ്‌ലുസ്സുന്നഃയുടെ പ്രബോധനം 57

അഹ്‌ലുസ്സുന്നഃയുടെ പ്രബോധനം 57

തൗഹീദ് എന്നാൽ ഇബാദത്ത് അല്ലാഹുവിന് മാത്രമാക്കിത്തീർക്കൽ 62

ദുആ തന്നെയാണ് ആരാധന 63

ദുആ രണ്ടു തരം 65

ഇസ്തിആനഃ (സഹായം തേടൽ) ആരാധനയാണ് 67

അല്ലാഹു അല്ലാത്തവരോട് സഹായം തേടാൻ പാടില്ല 71

അല്ലാഹു അല്ലാത്തവരോട് സഹായം തേടുന്നത് ശിർക്ക് 74

ശർഅ് അനുവദിച്ചു തന്നിട്ടുള്ള കാരണങ്ങൾ കൈകൊള്ളാം, അവയെ ആശ്രയിക്കരുത് 75

മനുഷ്യർക്ക് മനുഷ്യവർഗ്ഗത്തിൽപെട്ടവരെ കാര്യസാധ്യത്തിനുള്ള നിമിത്തങ്ങളായി കാണാം 81

iv *അധ്യായം* **3, ജിന്നുകളോട് സഹായം തേടൽ ശിർക്ക്** 85

ജിന്നിനോട് സഹായം തേടൽ കൊടിയ ശിർക്ക് 85

മറഞ്ഞ ലോകത്തുള്ളവരോട് സഹായം തേടുന്നതും അവരെ കാര്യ സാധ്യത്തിനുള്ള കാരണമായി കാണുന്നതും ശിർക്ക് 93

മനുഷ്യർക്ക് കാര്യസാധ്യത്തിന് ഉപയോഗിക്കാൻ അനുവാദമുള്ള നിമിത്തങ്ങളല്ല ജിന്നുകൾ 101

ശർഅ് അനുവദിക്കാത്ത കാരണങ്ങൾ കൈകൊള്ളലും അവയെ ആശ്രയിക്കലും അല്ലാഹുവിൽ പങ്കുചേർക്കലാണ് 103

പങ്കാളികൾക്ക് ഉടമസ്ഥാവകാശമില്ല 107

പങ്കാളികൾക്ക് ഒരു കഴിവുമില്ല 108

പങ്കാളികൾ ഒന്നും ചെയ്യുകയുമില്ല 108

പങ്കാളികൾ അവരോട് തേടുന്നത് കേൾക്കുകയില്ല 109

പങ്കാളികൾക്ക് ശിപാർശ ചെയ്യാനുമാവില്ല 109

ഉപകാരത്തിനു പകരം അപകാരം 110

പങ്കാളികൾ നിങ്ങളെപ്പോലുള്ള അടിയന്മാർ മാത്രം 111

ഈച്ചയോട് പോലും തോൽക്കുന്നവർ 111

ഇതരരോട് സഹായം തേടൽ കടുത്ത അന്യായം 112

അല്ലാഹു അല്ലാത്തവരോട് സഹായം തേടുന്നവർക്ക് അടിസ്ഥാനം ഊഹം മാത്രം 112

പങ്കാളികൾ വ്യാജന്മാർ, അവരെ പിൻപറ്റരുത് 113

അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാകുന്നവർ 113

അല്ലാഹു അല്ലാത്തവരോട് സഹായം തേടുന്നവർക്ക് ഒരു തെളിവുമില്ല 114

അപരരോട് സഹായം തേടൽ ഏറ്റവും വലിയ വഴികേട് 114

എല്ലാ പഴുതുകളും അടയുന്നു 115

ജിന്നുകളെ കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ 116

ജിന്നുകളോടുള്ള ഇടപാടുകൾ 123

ജിന്ന് രൂപം മാറി വന്നാൽ 125

വൈയക്തികാനുഭവങ്ങൾ 126

മനുഷ്യരെയും ജിന്നുകളെയും സമീകരിക്കാനാവില്ല 129

നിജപ്പെടുത്താനാവാത്ത വ്യവസ്ഥകളും വിശേഷണങ്ങളും 132

വസീലത്തുശ്ശിർക്ക് കൊണ്ട് ഒരു ശീർഷാസനം 133

v *അധ്യായം* 4, തൗഹീദിൽനിന്ന് ജിന്നുസേവയിലേക്കോ? 141

ശിർക്കിന്റെ കടന്നുകേറ്റം ഉറുമ്പരിക്കുന്നതിനെക്കാൾ രഹസ്യമായി 143

ജിന്നുവാദികളുടെ താർക്കിക വിശകലനം 146

മൂന്ന് ദുർബ്ബല രിവായത്തുകൾ 153

ദുർബ്ബല രിവായത്തുകളോടുള്ള അഹ്‌ലുസ്സുന്നഃയുടെ നിലപാട് 157

മേൽ രിവായത്തുകളിലെ 'അല്ലാഹുവിന്റെ അടിയാറുകൾ' കൊണ്ടുള്ള വിവക്ഷ ജിന്നുകളല്ല 162

'അല്ലാഹുവിന്റെ അടിയാറുകൾ' പണ്ഡിതന്മാർ വിവക്ഷ വ്യക്തമാക്കിയില്ല 171

എതിർവാദവും പ്രതിരോധവും 172

vi *അധ്യായം* 5, സലഫുകളാരും ജിന്നുകളോട് സഹായം തേടിയിട്ടില്ല 181

ഇമാം അഹ്‌മദ് ﵀ ജിന്നിനോട് സഹായം തേടിയിട്ടില്ല 181

ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യഃ ﵀ അനുവദനീയമായ കാര്യങ്ങളിൽ ജിന്നിനോട് സഹായം തേടാമെന്ന് പറഞ്ഞിട്ടില്ല 188

ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യഃ ﵀യുടെ മേൽ പരാമർശങ്ങൾക്ക് ഒരു വിശദീകരണം 192

പണ്ഡിതാഭിപ്രായങ്ങൾ 201

നബി ﷺ തൗഹീദ് കാത്തുസൂക്ഷിച്ചത്... 203

ഈ സമുദായത്തിന്റെ അവസാനഘട്ടം നന്നാവുന്നത് 205

vii ഉപസംഹാരം 207

പശ്ചാത്താപം എങ്ങനെ? 207

# പ്രവേശിക

മതപരമായ ആദർശ വിശുദ്ധിയെയല്ല, പുരോഗമനവും നവോത്ഥാനവും ലക്ഷ്യംവെച്ചുള്ള ഒരു ബൗദ്ധിക മുന്നേറ്റത്തെയാണ് കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനം പ്രതിനിധാനം ചെയ്യുന്നത്. മതപരമായി വിലപ്പെട്ട എന്തെങ്കിലുമുണ്ടെങ്കിൽ അതെല്ലാം ഇന്ന് കൈമോശം വന്നു കൊണ്ടിരിക്കുന്നു.

മതം ആചരിക്കാൻ കേരള മുസ്‌ലിംകൾക്ക് നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു പരമ്പരാഗത രീതിയുണ്ട്: ഒന്നുകിൽ ശാഫിഈ മദ്ഹബും അശ്അരീ ത്വരീഖത്തും പിന്തുടരുക, അല്ലെങ്കിൽ ഹനഫീ മദ്ഹബും മാതുരീദീ ത്വരീഖത്തും പിൻപറ്റുക. ഈ രണ്ടു വൃത്തങ്ങളുടെ പുറത്തേക്ക് പോകാതിരിക്കാൻ ശ്രദ്ധിക്കുക. ഖബ്ർപൂജയും വീരാരാധനയും സമം ചേർത്ത് പൗരോഹിത്യമൊരുക്കുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തൊണ്ട തൊടാതെ വിഴുങ്ങി, അത് സൃഷ്ടിക്കുന്ന ആലസ്യത്തിൽ ആണ്ടുകിടക്കുക. ജീർണ്ണതകളുടെ പുറം തോടിനകത്ത് അസ്കിതകളില്ലാതെ സുഖപ്രദമായി മയങ്ങുക. ഇതാണ് തലമുറകളായി കേരളീയ മുസ്‌ലിംകൾ കൈമാറിപ്പോരുന്ന ആത്മീയ പൈ

തൃകം! പൊതുവായ ഈ അവസ്ഥക്ക് അപവാദമായി, സാമൂഹിക ജീവിതത്തിന്റെ മുകൾതട്ടിൽനിന്ന് ഈ മഹാപ്രവാഹത്തിനടിത്തട്ടിലേക്ക് ആണ്ടുപോയ സുന്നത്തിന്റെ വിലപ്പെട്ട മുത്തുകളെ ഇവിടെ വിസ്മരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നില്ല.

ഏതായാലും ഇത്തരമൊരു മത-സാമൂഹ്യ പരിതോവസ്ഥയിൽ നിന്നാണ് കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനം ഉയിരെടുക്കുന്നത്. പറയത്തക്ക വൈജ്ഞാനിക പാരമ്പര്യമില്ലാത്ത സാധാരണക്കാരായ മുസ്‌ലിംകളുടെ ശരാശരി മതബോധത്തിലാണ് ഇസ്‌ലാഹിയ്യത്തിന്റെ മതനവീകരണ പരിഷ്കരണ സംരംഭങ്ങൾ പരീക്ഷിക്കപ്പെടുന്നത്. മതപരമായ അറിവിന്റെയും തെളിവിന്റെയും അടിസ്ഥാനത്തിലുള്ള ഒരു വൈജ്ഞാനിക മുന്നേറ്റമായിരുന്നില്ല അത്. ഇതര സമുദായങ്ങളിലും ദേശങ്ങളിലും അരങ്ങേറിക്കൊണ്ടിരിക്കുന്ന സാമൂഹിക നവോത്ഥാനങ്ങളുടെ അലയടി എന്നു വേണം അതിനെ വിശേഷിപ്പിക്കാൻ. ഇസ്‌ലാഹീ പ്രസ്ഥാനം ആശയപരമായി ഉപജീവിച്ചതും, സാമൂഹിക മുന്നേറ്റത്തിനാവശ്യമായ വെള്ളവും വളവും വലിച്ചെടുത്തതും മുഖ്യമായും രണ്ടു സ്രോതസ്സുകളിൽ നിന്നാണ്.

പല നിലയിലും ഏറെ പ്രക്ഷുബ്ധമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടം. ഒരു ഭാഗത്ത് ജ്ഞാനോദയത്തിന്റെയും നവോത്ഥാനത്തിന്റെയും പൊൻപുലരിക്കു വേണ്ടിയുള്ള വെമ്പൽ. മറുഭാഗത്ത് നവീകരണത്തിന്റെയും പരിഷ്കരണത്തിന്റെയും ആഞ്ഞുവീശുന്ന കൊടുങ്കാറ്റ്. അതിനിടെ ഇറാനിയൻ വിപ്ലവകാരി ജമാലുദ്ദീൻ അഫ്ഗാനി ഈജിപ്ത് സന്ദർശിക്കുന്നു. ജീർണ്ണിച്ച മതപഠന രീതികളോട് കലഹിച്ച്, പാഠപുസ്തകങ്ങൾക്ക് തീയിട്ട്, പരമ്പരാഗത കൃഷിപ്പണിക്ക് പോയ മുഹമ്മദ് അബ്ദു തിരിച്ചുവന്ന് അഫ്ഗാനിയുടെ ശിഷ്യത്വം സ്വീകരിക്കുന്നു. സയ്യിദ് റശീദ് രിളായുമായി ഇഴയടുപ്പമുള്ള സവിശേ

ഷമായ ഒരു കൂട്ടുകെട്ട് സ്ഥാപിക്കുന്നു. പിന്നീട്, ഈജിപ്തിന്റെ മുഫ്തി സ്ഥാനവും, വിശ്വവിഖ്യാതമായ അൽ അസ്ഹർ സർവ്വകലാശാലയുടെ റെക്ടർ പദവിയും വരെ എത്തിനിൽക്കുന്ന അദ്ദേഹത്തിന്റെ ഉയർച്ച അഭൂതപൂർവ്വമായിരുന്നു. ഈ ധിഷണാത്രയങ്ങളാണ് അത്യന്തം സങ്കീർണ്ണമായിക്കിടന്നിരുന്ന ഒരു മത-രാഷ്ട്രീയ-സാമൂഹ്യ സാഹചര്യത്തിനകത്ത് ഇസ്വ്ലാഹിയ്യത്തിന്റെയും പരിഷ്കരണത്തിന്റെയും മറവിൽ ആധുനിക അഖ്ലാനീ പ്രസ്ഥാനം രൂപീകരിക്കുന്നത്. ഇതാണ് കേരളത്തിലെ ഇസ്ലാഹീ പ്രസ്ഥാനം ഊർജ്ജം കണ്ടെത്തിയ മുഖ്യസ്രോതസ്സുകളിൽ ഒന്നാമത്തേത്.

ഇതേ കാലയളവിൽ ഹസനൽ ബന്നയുടെയും സയ്യിദ് ഖുത്വ്ബിന്റെയും നേതൃത്വത്തിൽ ആധുനിക ഖുറൂജിന്റെ പടപ്പുറപ്പാടിന് ഈജിപ്തിൽ കാഹളം മുഴങ്ങുന്നുണ്ടായിരുന്നു. അതിനിഗൂഢമായ രഹസ്യ സംഘടനകൾക്കും കടുത്ത മതരാഷ്ട്രവാദത്തിനും രക്തരൂഷിതമായ വിപ്ലവങ്ങൾക്കും പശ്ചാത്തലമൊരുക്കാനാവശ്യമായ ധൈഷണികവും സർഗ്ഗാത്മകവുമായ പ്രവർത്തനങ്ങളുടെയും ആവിഷ്കാരങ്ങളുടെയും വേലിയേറ്റമാണ് തുടർന്ന് നാം കാണുന്നത്. മുസ്ലിം ചിന്താമണ്ഡലത്തിൽ അവ സൃഷ്ടിച്ച വിക്ഷോഭങ്ങൾ വർണ്ണനാതീതമാണ്. ഖുറൂജിന്റെ അഭിനവ പതിപ്പായ പൊളിറ്റിക്കൽ ഇസ്ലാം അങ്ങനെയാണ് ആധുനിക മുസ്ലിം സമൂഹങ്ങളിൽ പിടിമുറുക്കാൻ തുടങ്ങുന്നത്.

ബ്രിട്ടീഷുകാർ ഇന്ത്യ വിടാനൊരുങ്ങുമ്പോൾ മുഗളർ സ്ഥാപിച്ച മുസ്ലിം ഭരണത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കണമെന്ന സ്വപ്നത്തിന് മതരാഷ്ട്രവാദത്തിന്റെ ചിറകു നൽകിക്കൊണ്ടാണ് മൗദൂദിയൻ പ്രത്യയശാസ്ത്രം രംഗത്തുവരുന്നത്. ഈജിപ്തിൽ ബന്നയും ഖുത്വ്ബും രൂപംകൊടുത്ത ഇഖ്വാനൽ മുസ്ലിമൂനം, ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മൗദൂദി രൂപംകൊടുത്ത ജമാഅത്തെ ഇസ്ലാമിയും കൊണ്ടും കൊടുത്തും പരസ്പരം

പോഷിപ്പിച്ചുകൊണ്ടിരുന്നു. ഖുത്വ്ബ്-മൗദൂദി അച്ചുതണ്ട് പ്രത്യക്ഷമായോ പരോക്ഷമായോ നിലവിലുള്ള മുസ്‌ലിം സംരംഭങ്ങളെയെല്ലാം ആഴത്തിൽ സ്വാധീനിച്ചു. അവർ മുന്നോട്ടുവെച്ച രാഷ്ട്രീയ ഇസ്‌ലാമിന്റെ സാമൂഹ്യ പരിഹാരങ്ങൾ ഇസ്വ്‌ലാഹീ പ്രസ്ഥാനത്തിനു വലിയ ആശയും ആവേശവും നൽകി. ഇതാണ് അവർക്ക് ഊർജ്ജം പകർന്ന മുഖ്യസ്രോതസ്സുകളിൽ രണ്ടാമത്തേത്.

മൊത്തത്തിൽ, ഇസ്വ്‌ലാഹീ പ്രസ്ഥാനം വൈജ്ഞാനികമായോ മതപരമായോ സാമൂഹികമായോ കലർപ്പുകളും കളങ്കങ്ങളുമില്ലാത്ത, നൂറുശതമാനം ആദർശ വിശുദ്ധി അവകാശപ്പെടാവുന്ന ഒരു സംവിധാനമല്ല. പരസ്പരമുള്ള പങ്കുവെപ്പുകളുടെയും ആശയപരമായ കൊള്ളക്കൊടുക്കലുകളുടെയും ചരിത്രമേ അതിനു പറയാനുള്ളു. പാരമ്പര്യമായി ലഭിച്ചതാണെങ്കിൽ അശ്അരിയ്യത്തിന്റെ ജീർണ്ണതകളും! എന്നാൽ കേരളക്കരയിൽ അവരുണ്ടാക്കിയ മാറ്റങ്ങളെ ചെറുതായി കാണുന്നില്ല. വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ ശ്ലാഘനീയമായ സേവനങ്ങളാണ് അവർ കാഴ്ചവെച്ചിട്ടുള്ളത്. മതരംഗത്ത് അവരുടേതായി എടുത്തു പറയേണ്ട രണ്ടു കാര്യങ്ങളുണ്ട്.

ഒന്ന് : മദ്ഹബിലെ വാറോലകളും സാദാത്തുക്കളുടെ ഖാലഖീലകളുമാണ് മുസ്‌ലിംകളുടെ പ്രമാണങ്ങളെന്ന് വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ സ്ഥിതിക്ക് മാറ്റമുണ്ടാക്കി. അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനും നബി ﷺ യുടെ സ്ഥിരപ്പെട്ട ചര്യയുമാണ് ഇസ്‌ലാമിന്റെ പ്രമാണങ്ങൾ എന്ന് ഏവരും തത്വത്തിൽ അംഗീകരിക്കുന്ന അവസ്ഥ വന്നു. ഖുർആനിക വചനങ്ങൾ എഴുതി കെട്ടാനും കലക്കി കുടിക്കാനും ജാറത്തിൽ ഓതാനുമുള്ളതല്ല, ജീവിക്കുന്ന മനുഷ്യന് വഴികാട്ടാനുള്ളതാണെന്ന ധാരണ സമൂഹത്തിൽ പ്രചരിച്ചു.

പക്ഷെ, പ്രമാണവചനങ്ങൾ ബഹുമുഖമായ വ്യാഖ്യാന സാ

ധ്യതകളുള്ള മൂലവാക്യങ്ങളാണ്. അവയെ വായിക്കുകയും മന സ്സിലാക്കുകയും വ്യാഖ്യാനിക്കുകയും പ്രയോഗവത്കരിക്കുക യും ചെയ്യേണ്ടത് വഹ്യിന്റെ പ്രഥമ അഭിസംബോധിത സമൂ ഹമായ സ്വഹാബത്തിന്റെ ഗ്രാഹ്യമനുസരിച്ചായിരിക്കണം എന്ന ദീനിന്റെ ഏറ്റവും മൗലികമായ തത്വം അവർ മനസ്സിലാക്കാതെ പോയി. ഇത് ഇസ്വ്‌ലാഹീ പ്രസ്ഥാനത്തിന്റെ ആന്തരഘടനയി ലെ നിഹിതമായ ഒരു പിഴവായി അവശേഷിച്ചു. അത് അഭീഷ്ട ങ്ങളിലേക്കും അപനിർമ്മിതികളിലേക്കും അഭിപ്രായ ഭിന്നതകളി ലേക്കും അവരെ തള്ളിവിട്ടു.

രണ്ട്: 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യമൊഴി പ്രഖ്യാ പിക്കുമ്പോൾ തന്നെ അല്ലാഹുവിന്റെ ആരാധ്യതയിലുള്ള ഏക ത്വം (تَوْحِيدُ الْأُلُوهِيَّةِ) പ്രയോഗതലത്തിൽ നിരങ്കുശം നിരാകരിക്കു ന്നവരായിരുന്നു കേരള മുസ്‌ലിംകളിൽ ഭൂരിഭാഗവും. ഖബ്ർപൂ ജയും വീരാരാധനയും നടത്തിയിട്ട് അത് തൗഹീദാണെന്ന് വാദി ക്കും. മഹാന്മാരോടുള്ള ഇസ്തിഗാസയും ഇടതേട്ടവും അവരെ ബഹുമാനിക്കലാണെന്നും, അല്ലാഹു ബഹുമാനിച്ചവരെ ബഹു മാനിക്കൽ തൗഹീദാണെന്നും എതിർവായില്ലാതെ സ്ഥാപിക്കും. ഈ സ്ഥിതിക്ക് പൂർണ്ണമായ മാറ്റമുണ്ടായി എന്ന് പറയാനാവി ല്ലെങ്കിലും, ഇതിനൊരു എതിർ ശബ്ദമുയർത്താൻ ഇസ്വ്‌ലാഹീ പ്രസ്ഥാനത്തിനു കഴിഞ്ഞു. അങ്ങനെ സമൂഹത്തിൽ ഒരു തിരു ത്തൽ ശക്തിയായി അവർ ഉയർന്നുവന്നു. തങ്ങന്മാരും ബീവിമാ രും ജാറപൂജാരികളും പണ്ഡിതപ്പരിഷകളും യഥാർത്ഥ ദീൻ അപ ഹരിക്കുകയും പാമരജനങ്ങളെ കൊള്ളയടിക്കുകയുമാണെന്ന സത്യം വിളിച്ചു പറയപ്പെട്ടു. മധ്യവർത്തികളും ഇടയാളന്മാരും ശിപാർശക്കാരും അടക്കി ഭരിച്ചിരുന്ന, തവസ്സുലും ഇസ്തിഗാസ യും ഹഖ്-ജാഹ്-ബർക്കത്തുകൾ കൊണ്ടുള്ള ഇടതേട്ടവും മാ ലമൗലീദുകളും ദീനായി ആചരിച്ചിരുന്ന ഒരു കാലഘട്ടത്തിൽ സത്യാന്വേഷികളായ മുസ്‌ലിം ബഹുജനങ്ങൾക്ക് തൗഹീദിന്റെ ശബ്ദം ഭാഗികമായെങ്കിലും കേൾപ്പിക്കാനായി. തൗഹീദിലേക്കും

സുന്നത്തിലേക്കും മടങ്ങാനുള്ള ഒരാഹ്വാനമായി മൊത്തത്തിൽ അത് വീക്ഷിക്കപ്പെട്ടു.

ഇസ്ലാമിലെ തൗഹീദീ വിശ്വാസം അതിന്റെ സാകല്യത്തിൽ പൂർണ്ണമായി ജനങ്ങളെ പഠിപ്പിച്ചു എന്ന് പറയാനാവില്ല. എങ്കിലും, അല്ലാഹുവിന്റെ ആരാധ്യതയിലുള്ള ഏകത്വവുമായി ബന്ധപ്പെട്ട കുറച്ചു മസ്അലകൾ ജനങ്ങളെ കേൾപ്പിക്കാനായി എന്നത് എടുത്തു പറയേണ്ട ഒരു നേട്ടം തന്നെയാണ്. കൃത്യമായി പറഞ്ഞാൽ, അല്ലാഹു അല്ലാത്തവരോട് സഹായം ചോദിക്കുന്നതും പ്രാർത്ഥിക്കുന്നതും ദുആ ചെയ്യുന്നതും ശിർക്കാണ്. ശിർക്ക് അല്ലാഹു പൊറുക്കാത്ത വൻപാപമാണ്. ഈ സന്ദേശം മുസ്ലിം കൈരളിക്ക് കൈമാറിയതിൽ ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ പങ്ക് അനിഷേധ്യമാണ്. സുദീർഘമായ ഒരു നൂറ്റാണ്ടു കാലം അവർ ഉയർത്തിപ്പിടിച്ച ഏറ്റവും മഹത്തായ ഈ ആദർശമൂല്യം ഇന്നവർക്ക് കൈമോശം വന്നുകൊണ്ടിരിക്കുന്നു എന്നത് വേദനയോടെയല്ലാതെ ഓർക്കാനാവുന്നില്ല. സത്യം പറയട്ടെ, ഇത് ഹൃദയഭേദകമാണ്. വിരോധമില്ല, വിദ്വേഷമില്ല; തികഞ്ഞ നസ്വീഹത്തോടെ, ഗുണകാംക്ഷയോടെ പറയുകയാണ്: ദീൻ കാര്യത്തിൽ സച്ചരിതരായ സലഫുകളുടെ മാർഗ്ഗം അവലംബിക്കാതിരുന്നതാണ് ഇസ്വ്ലാഹീ പ്രസ്ഥാനത്തിനു സംഭവിച്ച ഈ അപചയത്തിനു കാരണം.

നടേ സൂചിപ്പിച്ച അഖ്ലാനീത്രയങ്ങൾ - അഫ്ഗാനി, അബ്ദു, റിളാ - മുന്നോട്ടുവെച്ച ബൗദ്ധിക സമീപനങ്ങളിലും ആശയാവലികളിലും അവർ വഞ്ചിതരായി. ഖുത്വ്ബിന്റെ സാഹിത്യാവിഷ്കാരങ്ങളും പൊളിറ്റിക്കൽ ഇസ്ലാമിന്റെ സാമൂഹ്യ ഇടപെടലുകളും അവരെ ഹഠാദാകർഷിച്ചു. അങ്ങനെ നൂറ്റാണ്ടുകളായി ജീർണ്ണതയുടെ പടുകുഴിയിൽ അകപ്പെട്ടു കിടന്നിരുന്ന ഒരു ജനതയെ അഖ്ലാനിയ്യത്തിന്റെയും ഖുത്വ്ബിയ്യത്തിന്റെയും നീർച്ചുഴിയിലേക്ക് മാറ്റി സ്ഥാപിക്കുകയാണ് അവർ ചെയ്തത് എന്ന യാഥാർത്ഥ്യം ഇന്നു കാലം തെളിയിച്ചു കൊണ്ടിരിക്കുകയാണ്.

ഇസ്‌ലാം മതത്തിലെ വിശ്വാസ സംഹിതകളും നിയമാവലികളും തീരുമാനിക്കുന്നതിൽ ബുദ്ധിക്കും യുക്തിക്കും പ്രാമുഖ്യം നൽകുന്ന നിലപാടാണ് ദൗർഭാഗ്യവശാൽ ഇസ്വ്‌ലാഹീ പ്രസ്ഥാനം സ്വീകരിച്ചുപോന്നത്. അഫ്ഗാനി-അബ്ദു-റിളമാർ സ്ഥാപിച്ച അഖ്‌ലാനിയ്യത്തുമായും (Intellectual School of Thought), സയ്യിദ് ഖുത്വ്ബും ഹസനുൽ ബന്നയും സ്ഥാപിച്ച ഇഖ്‌വാനിയ്യത്തുമായും (Political Islam) ആശയതലത്തിൽ അവർക്കുണ്ടായിരുന്ന ബന്ധം അവരെ വല്ലാതെ ദുഷിപ്പിക്കുകയും ദുർബ്ബലമാക്കുകയും ചെയ്തു. ഒരു വേള ആശയപരമായ ഒരു തരം ആശ്രിതത്വത്തിലേക്കുവരെ അത് വളർന്ന് വികസിച്ചു.

ആശയ തലത്തിലുള്ള ഈ ആശ്രിതത്വം നിലനിൽക്കുമ്പോൾ തന്നെ ജമാഅത്തെ ഇസ്‌ലാമിയുമായി പ്രാസ്ഥാനികമായും സംഘടനാപരമായും അവർ പോരടിച്ചു. കാര്യങ്ങളെ ബാഹ്യമാത്രമായി നോക്കിക്കാണുന്നവർക്ക് വിശദീകരിക്കാൻ കഴിയാത്ത ഒരു സാമൂഹ്യ പ്രതിഭാസമാണിത്. അത് അവരുടെ മനസ്സിൽ എന്നും വലിയ ഒരാശയക്കുഴപ്പമായി അവശേഷിക്കും. ഒരു വേള യാഥാർത്ഥ്യങ്ങളെ നിഷേധിക്കുന്നതിലേക്ക് വരെ കാര്യങ്ങൾ എത്തി എന്നും വരാം. വസ്തുതകൾ താത്വികമായി വിലയിരുത്താൻ കഴിവുള്ളവർക്ക്, പക്ഷെ അവർക്കിടയിൽ നിലനിൽക്കുന്ന ചിന്താപരമായ അന്തർധാരകൾ മനസ്സിലാക്കിയെടുക്കുക ഒട്ടും പ്രയാസകരമല്ല താനും.

സച്ചരിതരായ സലഫുകളുടെ മാർഗ്ഗം വിട്ട്, അഖ്‌ലാനിയ്യത്തിന്റെയും ഇഖ്‌വാനിയ്യത്തിന്റെയും രീതി അവലംബിച്ചതിനു നൽകേണ്ടി വരുന്ന വില വളരെ വലുതാണ്. അതിന്റെ തിക്തമായ ഫലങ്ങളിൽ ഒന്ന്, സത്യദീനിന്റെ മൗലികതയും തിളക്കവും കാണാനോ കാണിച്ചു കൊടുക്കാനോ കഴിയാതെ, അവർ അഖ്‌ലാനിയ്യത്തിന്റെയും ഖുറൂജിന്റെയും വാലായി നിൽക്കേണ്ടി വന്നു എന്നതാണ്.

അതിന്റെ ദുഷ്ഫലങ്ങളിൽപെട്ടതാണ് അവരുടെ മതപര

വും വൈജ്ഞാനികവുമായ ഉൾക്കരുത്തും ആത്മബലവും ചോർന്നു പോയി എന്നുള്ളത്. വൈജ്ഞാനികമായ ഏതൊരു വെല്ലുവിളി ഉയർത്തപ്പെട്ടാലും അതിനെ ഫലപ്രദമായി നേരിടാനുള്ള പ്രതിരോധശേഷി അവർക്കില്ലാതായി. ഇസ്‌ലാമിനെതിരിൽ വിവിധ കോണുകളിൽനിന്ന് ഉയർത്തപ്പെടുന്ന വെല്ലുവിളികളെ ശരിയാംവിധം നേരിടാനുള്ള ഒറ്റമൂലി സച്ചരിതരായ സലഫുകൾ കാണിച്ച മാർഗ്ഗം (مَنْهَجُ السَّلَفِ) അവലംബിക്കുക എന്നതു മാത്രമാണ്. ഭദ്രമായ ആ ഭൂമികയിൽ നിന്നുകൊണ്ടല്ലാതെ ഒരു വെല്ലുവിളിയും നേരിടുക സാധ്യമല്ല. കൃത്രിമമായ അടിത്തറകളിൽ നിലയുറപ്പിച്ചാൽ പരിഹാരങ്ങൾക്കു പകരം കൂടുതൽ കൂടുതൽ സങ്കീർണ്ണമായ പ്രശ്നങ്ങളായിരിക്കും മുന്നിൽ നിറയുക.

അതിന്റെ മറ്റൊരു ദുഷ്ഫലമാണ് ആന്തരിക വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും. അഖ്‌ലാനീ-ഇഖ്‌വാനീ ചിന്താധാരകളുടെ സ്വാധീനം സ്വാഭാവികമായും പരിഹരിക്കാനാവാത്ത ആന്തരിക വൈരുദ്ധ്യങ്ങളിലേക്കാണ് കേരളത്തിലെ ഇസ്വ്‌ലാഹി പ്രസ്ഥാനത്തെ തള്ളിവിട്ടത്. പലരും തെറ്റിദ്ധരിക്കുകയോ ദുരുദ്ദേശ്യപൂർവ്വം ആരോപിക്കുകയോ ചെയ്യുന്നതു പോലെ ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് ﷺയുടെ പ്രബോധനത്തിന്റെ സ്വാധീനഫലമായിട്ടല്ല ഈ അപചയങ്ങൾ സംഭവിച്ചത്. അത് ഏറെ മൗലികവും സ്വച്ഛവുമായ പ്രബോധനമാണെന്നത് പ്രതിയോഗികൾ പോലും അകമേ അംഗീകരിക്കുന്ന യാഥാർത്ഥ്യമാണ്. ഗൾഫ് സലഫിസം എന്ന ഒരു പരിഹാസത്തിൽ ഒലിച്ചുപോകുന്നതോ ഒതുക്കിത്തീർക്കാവുന്നതോ അല്ല ആ മഹത്തായ പ്രബോധനം. അത് പ്രതിനിധാനം ചെയ്യുന്നത് പൂർവ്വസൂരികളായ സലഫുകളുടെ സന്ദേശത്തെയാണ്; ഇസ്‌ലാമിന്റെ മുഖ്യധാരയെയാണ്. സച്ചരിതരായ സലഫുകളുടെ മാർഗ്ഗം അവലംബിക്കാതെ, അതെന്താണെന്ന് മനസ്സിലാക്കുക പോലും ചെയ്യാതെ ആരു തന്നെ മുന്നോട്ടുപോയാലും അവർ കെട്ടഴിക്കാനാവാത്ത ഊരാക്കുടുക്കുകളിൽ അകപ്പെടുമെന്നത് ഉറപ്പാണ്. സമുദായത്തിൽ ഇന്ന് കാണുന്ന ആശയക്കു

ഴപ്പങ്ങൾക്കും പലവിധ അന്തഃഛിദ്രതകൾക്കും കാരണം അതു മാത്രമാണ്.

അക്കൂട്ടത്തിൽ ഇസ്വ്ലാഹീ പ്രസ്ഥാനത്തെ ഇന്ന് കാർന്നുതിന്നുകൊണ്ടിരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം ജിന്നിനോട് സഹായം തേടാം എന്ന നൂതനവാദമാണ്. ഇസ്ലാമിന്റെ അടിസ്ഥാനപരമായ വിശ്വാസങ്ങളെയും കാതലായ തത്വങ്ങളെയും പൊളിച്ചടുക്കുന്നതാണ് മാരകമായ ഈ ജിന്നുവാദം. പക്ഷെ, ഈ വെല്ലുവിളി നേരിടുന്നതിൽ വൈജ്ഞാനികമായും മതപരമായും അവർ പരാജയപ്പെട്ടുപോകുന്നു എന്നത് ദീനിനോട് സ്നേഹവും പ്രതിബദ്ധതയുമുള്ള ഏതൊരാളെയും വേദനിപ്പിക്കുന്ന കാര്യമാണ്.

അവരുടെ പരാജയത്തിനുള്ള മൂലകാരണം പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട പലകാര്യങ്ങളും യുക്തിക്കും നവോത്ഥാന ചിന്തകൾക്കും നിരക്കുന്നതല്ലെന്ന കാരണത്താൽ അവർ തന്നെ തള്ളിക്കളയുകയോ ദുർവ്യാഖ്യാനിക്കുകയോ ചെയ്തിട്ടുണ്ട് എന്നതാണ്. കാര്യങ്ങൾ സമർത്ഥിക്കാൻ സലഫുകളുടെ വൈജ്ഞാനികമായ രീതി വിട്ട് ബൗദ്ധിക-യൗക്തിക-താർക്കിക രീതികളാണ് അവർ പിന്തുടർന്നു പോന്നിട്ടുള്ളത്. അതുകൊണ്ടു തന്നെ ഇസ്വ്ലാഹിയ്യത്തിന്റെ ബോക്സിനു പുറത്തുനിന്ന് കാര്യങ്ങൾ വീക്ഷിക്കുന്ന ഏതൊരാൾക്കും ഇക്കാര്യത്തിൽ അവർ നൽകുന്ന വിശദീകരണങ്ങളുടെ സത്യതയും പ്രമാണബദ്ധതയും ബോധ്യമാകാതെ പോകുക സ്വാഭാവികം മാത്രം.

ചുരുക്കത്തിൽ, ജിന്നുകളോട് സഹായം തേടാം എന്ന ഖുറാഫികളുടെ വാദം ആരുമറിയാതെ ഇസ്വ്ലാഹികൾക്കിടയിലേക്കും കടന്നുകേറി. സച്ചരിതരായ സലഫുകളുടെ മാർഗ്ഗം ഉപേക്ഷിച്ചതും, പ്രബോധനത്തിന് യുക്തിയുടെയും തർക്കത്തിന്റെയും മാർഗ്ഗം അവലംബിച്ചതുമാണ് അതിനു വഴിയൊരുക്കിയത്. കാര്യങ്ങളുടെ യഥാസ്ഥിതി മനസ്സിലാക്കാൻ അത് കേറിവന്ന വഴി പരിശോധിക്കേണ്ടത് അനിവാര്യമായിത്തീരുന്നു.

ഖബ്റാളികളോടും ജിന്നുകളോടും ഔലിയാക്കളോടുമെല്ലാം വിളിച്ചുതേടുന്ന ഖുബൂരികൾക്ക് അവർ ചെയ്യുന്ന ഒരു കാര്യത്തിനും സ്വീകാര്യയോഗ്യമായ തെളിവ് ആവശ്യമില്ല. വാറോലകളും ഖാല ഖീലകളും തന്നെ ധാരാളമാണ്. അല്ലാഹു അല്ലാത്തവരോട് സഹായം തേടുന്നത് ശിർക്കല്ല, അനുവദനീയമാണ് എന്ന് സ്ഥാപിക്കാൻ അവർ പതിവായി ഉദ്ധരിക്കുന്ന ഒരു ദുർബ്ബല രിവായത്തുണ്ട്: മരുഭൂമിയിൽ വെച്ച് ഒരാളുടെ വാഹനം ഓടിപ്പോയാൽ അല്ലാഹുവിന്റെ അടിയാറുകളേ, എന്നെ സഹായിക്കുവീൻ എന്നവൻ വിളിക്കട്ടെ. ഇതാണ് അതിന്റെ ഉള്ളടക്കം. അമ്പിയാക്കൾ പ്രബോധനം ചെയ്ത തൗഹീദിനും ദീനിന്റെ അടിസ്ഥാന തത്വങ്ങൾക്കും അവിതർക്കിതമായ നിരവധി പ്രമാണരേഖകൾക്കും കടകവിരുദ്ധമായ ഈ ദുർബ്ബല രിവായത്ത് തെളിവിന് കൊള്ളില്ലെന്നത് ആർ അംഗീകരിച്ചാലും ഇല്ലെങ്കിലും സ്ഥിരപ്പെട്ട യാഥാർത്ഥ്യമാണ്.

സന്ദർഭവശാൽ, ഖുബൂരികളുമായി കെ.കെ. സകരിയ്യാ സ്വലാഹി ﵀ നടത്തിയ ഒരു സംവാദത്തിൽ അവർ ഇക്കാര്യം ഉന്നയിച്ചു. ഇമാം അഹ്മദ് ﵀ തന്നെ അത് അംഗീകരിച്ച് പ്രവർത്തിച്ചിട്ടുണ്ടെന്ന് വാദിച്ചു. തന്റെ ഹജ്ജ് യാത്രകളിലൊന്നിൽ അദ്ദേഹം വഴിതെറ്റിയപ്പോൾ അങ്ങനെ ചെയ്തുവെന്നും അപ്പോൾ ശരിയായ വഴി കണ്ടെത്താനായെന്നും അവർ വിശദീകരിച്ചു.

ഇമാം അഹ്മദ് ﵀ അങ്ങനെ ചെയ്തിട്ടില്ലെന്ന് തെളിവു സഹിതം അവരെ ബോധ്യപ്പെടുത്താനുള്ള വൈജ്ഞാനികമായ പിൻബലമില്ലാത്തതിനാൽ മേൽ സംഭവത്തെ മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കുകയാണ് സകരിയ്യാ സ്വലാഹി ചെയ്തത്. മുസ്‌ലിമായ, ജീവനുള്ള, ഹാജറുള്ള, കാര്യസാധ്യത്തിനു കഴിവുള്ള ജിന്നിനോട് ചോദിക്കുന്നത് അഭൗതിക മാർഗ്ഗത്തിലുള്ള ചോദ്യമല്ല. അതിനാൽ അത് ശിർക്കല്ല. ഇമാം അഹ്മദ് ﵀ ഇവിടെ ഭൗതികമായ മാർഗ്ഗത്തിൽ മാത്രമാണ് സഹായം ചോദിച്ചത്. അതിൽ തെറ്റുപറയാനില്ല. ഇതായിരുന്നു വിശദീകരണം.

സകരിയ്യ സ്വലാഹിയുടെ ഈ വാദം പ്രസ്ഥാനത്തിനകത്തും പുറത്തും വലിയ കോളിളക്കം സൃഷ്ടിച്ചു. പലരും അത് തിരുത്താനാവശ്യപ്പെട്ടു. താൻ മാത്രമല്ല പ്രസ്ഥാനത്തിനകത്തുള്ള മറ്റു ചിലരും ഈ അഭിപ്രായം പറയുകയും എഴുതുകയും ചെയ്തിട്ടുണ്ടെന്ന് പറഞ്ഞ് ന്യായീകരിക്കാനുള്ള ശ്രമമാണ് അപ്പോഴുണ്ടായത്. കേരള ജംഇയ്യത്തുൽ ഉലമായിലും പ്രസ്ഥാനത്തിന്റെ മറ്റു വേദികളിലും ഇതു സംബന്ധിച്ചു നടത്തിയ ചർച്ചകളും തർക്കങ്ങളും പ്രശ്നം കൂടുതൽ വഷളാക്കാനേ ഉതകിയുള്ളു. സംഘടനാപരമായ പരിഹാരം എന്ന നിലയിൽ അവസാനം ഈ വാദമുന്നയിച്ച വ്യക്തിയെ കള്ളിക്കു പുറത്തു നിർത്താൻ തീരുമാനിച്ചു. അത് ഒന്നിനും പരിഹാരമായില്ല; മറിച്ച് വലിയൊരു പ്രശ്നത്തിന്റെ തുടക്കം കുറിക്കുക കൂടി ചെയ്തു.

മനുഷ്യരിലെയും ജിന്നുകളിലെയും പിശാചുക്കൾ ഈ അവസരം ശരിക്കും മുതലെടുത്തു. കേരളത്തിലെ ഇസ്വ്ലാഹി പ്രസ്ഥാനം നാളിതുവരെ പറഞ്ഞതിൽ ഏറ്റവും മഹത്തായ കാര്യം അല്ലാഹുവിനോട് മാത്രമേ സഹായം ചോദിക്കാവൂ എന്നതായിരുന്നു. തൗഹീദിന്റെ ഈ വശത്തിൽ ജിന്നും ഇൻസും സംയുക്തമായി വെള്ളം ചേർത്തു. ആവർത്തിക്കുന്നതിൽ വിരസത തോന്നരുത്; തികഞ്ഞ ഗുണകാംക്ഷയോടെ പറയുകയാണ്: ഇസ്വ്ലാഹീ പ്രസ്ഥാനത്തിന് അത് ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയാതെ പോയത് സച്ചരിതരായ സലഫുകളുടെ മാർഗ്ഗം കൈവിട്ടതു കൊണ്ടാണ്. തർക്കത്തിനും സംവാദത്തിനും ഇസ്ലാം ദീനിൽ ഒട്ടും ഇടമില്ല. അത് പ്രബോധനത്തിനുള്ള മാർഗ്ഗമോ മാധ്യമമോ അല്ല. സച്ചരിതരായ സലഫുകൾ മുറുകെ പിടിച്ച ഈ അടിസ്ഥാന തത്വം അവർ കാറ്റിൽ പറത്തി എന്നുള്ളതു കൊണ്ടുമാണ്. പകരം അഖ്ലാനികളും ഇഖ്വാനികളും മുന്നോട്ടു വെച്ച യുക്തിയുടെയും സംവാദത്തിന്റെയും മാർഗ്ഗമാണ് അവർ പിന്തുടർന്നത്. അതിനു ലഭിച്ച മറ്റൊരു തിരിച്ചടിയാണ് ഇതിലൂടെ അവർ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നത്. സകരിയ്യാ സ്വലാ

ഹിയുടെ താർക്കിക രീതികളിൽ ആകൃഷ്ടരായ ചിലരും, സംഘ ടനാപരമായ കാരണങ്ങളാൽ മാറിനിന്നിരുന്ന മറ്റു ചിലരും കൂടി ഈ വാദമുഖം ഏറ്റെടുത്ത് പ്രചരിപ്പിക്കാൻ തീരുമാനിച്ചു. അവ രുടെ വിവേകശൂന്യമായ നടപടിക്ക് അവർ തന്നെ കണ്ടെത്തിയ പേരോ ആഗോള വിസ്ഡമെന്നും!

കേരള തീരങ്ങളിൽ മഴയും വെയിലും വീണ്ടും വീണ്ടും ഒളിച്ചു കളിച്ചു. ആറുകളിൽ പിന്നെയും പിന്നെയും വെള്ളമൊഴുകി. സക രിയ്യാ സ്വലാഹിയുടെ അതിരുകളില്ലാത്ത ജിന്നുപദ്ധതികൾ മുഴു വനും നിവർത്തിക്കാനുള്ള 'വിവേകം' വിസ്ഡത്തിനു പോലും ഇല്ലാ തെയായി. അങ്ങനെ കേരളം പുതിയൊരു പാഠത്തിനു തുടക്കം കു റിച്ചു: "അഭീഷ്ടങ്ങൾ ഭിന്നതകൾക്കു ജന്മം നൽകുമ്പോൾ..."

ജിന്നുകളോടും മലക്കുകളോടും സഹായം തേടുന്നത് കൊടിയ ശിർക്കാണ്. ഇമാം അഹ്മദ് ﵀ ഹജ്ജ് യാത്രക്കിടെ വഴി തെറ്റിയപ്പോൾ ജിന്നുകളോട് സഹായം തേടി എന്നത് വ്യാജവാ ദികളായ ചില ദുഷ്ടർ കടത്തിക്കൂട്ടിയ കള്ളക്കഥയല്ലാതെ മറ്റൊ ന്നുമല്ല. വസ്തുത ഇങ്ങനെയാണെങ്കിലും ഈ മസ്അലയിൽ സംശ യങ്ങളുടെ നൂലാമാലകൾ നെയ്ത് സാധരണക്കാരുടെ ദീൻ നശി പ്പിക്കാൻ വിവിധ കോണുകളിൽനിന്ന് തൽപരകക്ഷികൾ വലിയ പരിശ്രമങ്ങൾ നടത്തി. ജിന്നുവാദികളുടെ താൽപര്യങ്ങൾ വിവി ധങ്ങളാണ്. പ്രകടനപരത, തർക്കത്തോടും താർക്കികന്മാരോടു മുള്ള അഭിനിവേശം, നേതൃമോഹം, സംഘടനാ താൽപര്യം, വ്യ ക്തിവിരോധം, വിവരക്കേട്... ഇങ്ങനെയുള്ള കാര്യങ്ങളാണ് പല രുടെയും ചാലകശക്തി.

അറേബ്യൻ നാടുകളിൽ മതപഠനം നടത്തുന്ന ചിലരും സം ഘടനാ പക്ഷപാതം കൊണ്ടോ മറ്റു കാരണങ്ങളാലോ ഇതിൽ കക്ഷിചേർന്നിട്ടുണ്ട്. അത്തരം ദുഷ്ടലാക്കുകളില്ലാത്ത ചിലരും ഇതിൽ പെട്ടുപോയിട്ടുണ്ട്. അറബിയിൽ എഴുതപ്പെട്ട പുസ്തക ങ്ങൾ എങ്ങനെ വായിക്കണം, പുസ്തകത്താളുകളിൽനിന്ന് ലഭി

ക്കുന്ന പ്രാഥമികമായ വിവരങ്ങൾ എങ്ങനെ മനസ്സിലാക്കണം, അവയെ ഉപകാരപ്രദമായ അറിവായി എങ്ങനെ സംസ്കരിച്ചെടുക്കണം, അതിനെ പ്രവർത്തനശേഷിയുള്ള ജ്ഞാനമായി എങ്ങനെ ഉയർത്തണം, വൈവിധ്യമാർന്ന ജീവിത സന്ദർഭങ്ങളിൽ വിളങ്ങുന്ന വിവേകമായി അതിനെ എങ്ങനെ പരിവർത്തിപ്പിക്കണം... ഇതിനെ കുറിച്ചൊന്നും ചിന്തിക്കുക പോലും ചെയ്യാതെ കടലാസ് തിന്ന് ജീവിക്കുന്ന ചില പശുക്കളും ഈ അക്രമത്തിന് കൂട്ടുനിൽക്കുന്നത് കാണുമ്പോൾ സങ്കടം തോന്നുന്നു. മനഃസമാധാനത്തിനു വേണ്ടി അല്ലാഹുവിന്റെ ഒരു വചനം ഓതാം.

﴿وَتِلْكَ الْأَمْثَالُ نَضْرِبُهَا لِلنَّاسِ ۖ وَمَا يَعْقِلُهَا إِلَّا الْعَالِمُونَ ﴿٤٣﴾﴾ (العنكبوت)

[മനുഷ്യർക്കു വേണ്ടിയാണ് ആ ദൃഷ്ടാന്തകഥകൾ നാം വിവരിക്കുന്നത്. അറിവുള്ളവർക്കല്ലാതെ അത് ഗ്രഹിക്കാനാവില്ലല്ലോ.] (അൻകബൂത്ത് 43)

അക്ഷരങ്ങളിൽനിന്ന് വായിച്ചെടുക്കുന്നതും ശബ്ദങ്ങളിൽനിന്ന് കേൾക്കുന്നതും ശരിയാം വിധം ഗ്രഹിക്കണമെങ്കിൽ അതിനും വേണം ഒരറിവ്. അതില്ലാത്തവൻ ഗ്രന്ഥം ചുമന്നാൽ അവനെ വിളിക്കേണ്ടത് മറ്റൊന്നാണ്.

വിഷയത്തിന്റെ സത്യാവസ്ഥ അറിയുന്നവർ സാധാരണ ജനങ്ങൾക്കത് പറഞ്ഞുകൊടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ അറിവ് മൂടിവെച്ചതിന്റെ പേരിൽ അവരുടെമേൽ അല്ലാഹുവിന്റെ ശാപകോപങ്ങൾ ഇറങ്ങും. ഇക്കാരണത്താൽ അത് വിശദീകരിക്കണമെന്ന് തോന്നി. കൂടാതെ, സത്യാന്വേഷികളായ ചില സുഹൃത്തുക്കളും, മിതവാദികളായ ചില ഇസ്വ്ലാഹികളും ഇക്കാര്യത്തിൽ അഹ്‌ലുസ്സുന്നഃയുടെ നിലപാട് വിശദീകരിക്കാൻ എന്നോട് നേരിൽ ആവശ്യപ്പെടുകയുമുണ്ടായി. അതിനു കാരണം അഹ്‌ലുസ്സുന്നഃയെ കുറിച്ച് ഇസ്വ്ലാഹികളുടെയും അല്ലാത്തവരുടെയും മനസ്സിലുള്ള ബോധ്യമാണ്: അവർ ഏതെങ്കിലും വ്യക്തികൾ

ക്കോ സംഘടനകൾക്കോ വേണ്ടി പക്ഷം പിടിക്കുകയില്ല, ഭൂമിയിൽ ഔദ്ധത്യം കാണിക്കാനോ കുഴപ്പമുണ്ടാക്കാനോ മുതിരുകയുമില്ല. ജനങ്ങൾക്ക് സത്യം വിവരിച്ചു കൊടുക്കുന്നതിനെ അല്ലാഹുവിനുള്ള ഉബൂദിയ്യത്തായിട്ടാണ് അവർ കാണുക. പാണ്ഡിത്യ പ്രകടനമോ വിഡ്ഢികളോട് തർക്കിക്കലോ, ജനശ്രദ്ധയാകർഷിക്കലോ, വാഗ്വൈഭവത്തിലൂടെ ജനപിന്തുണ നേടലോ അവരുടെ ലക്ഷ്യമേയല്ല. ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യഃ ﷺ പറഞ്ഞതാണ് അവരുടെ കാര്യം:

كان قصدُهم بذلك بيانَ الحق ورحمةَ الخلق. [الاستغاثة في الرد على البكري]

[അതുമുഖേന അവർ ലക്ഷ്യമാക്കുന്നത് സത്യം വിവരിക്കുക, സൃഷ്ടികളോട് കരുണ കാണിക്കുക എന്നതു മാത്രമായിരിക്കും.] (ഇബ്‌നു തൈമിയ്യഃ | അർറദ്ദു അലൽ ബക്‌രി)

പക്ഷെ, തൽപരകക്ഷികൾ കാര്യം സങ്കീർണ്ണവൽക്കരിക്കുകയും സംശയങ്ങളിലും ആശയക്കുഴപ്പങ്ങളിലും ജനങ്ങളെ തളച്ചിടുകയും ചെയ്തിട്ടുള്ളതിനാൽ വിഷയം സ്വന്തമായി വിശദീകരിക്കുന്നത് ഫലം ചെയ്യില്ലെന്നു തോന്നി. പകരം, ഒരു ഉപന്യാസം തയ്യാറാക്കി അറബ് ലോകത്തെ മുതിർന്ന പണ്ഡിതന്മാരെ കാണിക്കുക. അവരുടെ അംഗീകാരത്തോടു കൂടി അത് പ്രസിദ്ധീകരിക്കുക. എങ്കിൽ ചിലർക്കെങ്കിലും അത് ഉപകരിച്ചേക്കാം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അങ്ങനെ ഒരു ഉപന്യാസം തയ്യാറാക്കി ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും ഉന്നതരായ പണ്ഡിതന്മാരെ കാണിക്കാനും അംഗീകാരം വാങ്ങാനും സാധിച്ചു.

തപ്തമായ മനസ്സിൽനിന്ന്, തെളിവാർന്ന അറബി ഭാഷയിൽ, നീറുന്ന ഹൃദയത്തിന്റെ നുറുങ്ങിയ താളുകളിലാണ് അത് ആലേഖനം ചെയ്തത്. അതിലുള്ള മുഖ്യവിഷയങ്ങൾ മലയാള വായനക്കാർക്ക് കൂടി ലഭ്യമാക്കാനാണ് ഈ ലഘുലേഖ. അതിലെ ഉള്ളടക്കം വേണ്ടതുപോലെ ഗ്രഹിക്കാൻ അത് ചർച്ച ചെയ്ത വ്യവഹാരക്രമം ആമുഖമായി ഒന്ന് പരിചയപ്പെടാം.

അധ്യായം ഒന്ന്

# സലഫി മൻഹജ്

## ഇസ്‌ലാമിന്റെ തനതു വ്യവഹാരക്രമം

### ആരാണ് അഹ്‌ലുസ്സുന്നഃ?

നബി ﷺ ജീവിതംകൊണ്ട് വരച്ചുകാണിച്ച മാർഗ്ഗമാണ് സുന്നത്ത്. നബിയോടൊപ്പം ആ മാർഗ്ഗത്തിൽ ഒരുമിച്ചുനിൽക്കുകയും, ആ മാർഗ്ഗത്തിന്റെ ജീവിക്കുന്ന മാതൃകകളായി നിലകൊള്ളുകയും ചെയ്ത അടിസ്ഥാന വിഭാഗമായ സ്വഹാബികളാണ് ജമാഅത്ത്. ഈ സുന്നത്തിനെയും ജമാഅത്തിനെയും അവലംബമാക്കുന്ന അതിന്റെ അവകാശികളാണ് അഹ്‌ലുസ്സുന്നഃ! അവർ തന്നെയാണ് സലഫികൾ, പ്രമാണരേഖകൾ പിന്തുടരുന്ന അഥരികൾ, നബിചര്യയുടെ വാഹകരായ അഹ്‌ലുൽ ഹദീസ്. അവരാണ് രക്ഷപ്പെട്ട കക്ഷി; ദുനിയാവിൽ എല്ലാവിധ വ്യതിയാനങ്ങളിൽനിന്നും, പരലോകത്ത് നരകശിക്ഷയിൽ നിന്നും രക്ഷപ്പെ

മതം അനുവർത്തിക്കേണ്ടത് അഭീഷ്ടങ്ങൾക്കനുസരിച്ചല്ല, സ്വഹാബത്ത് മനസ്സിലാക്കിയ പോലെ. ഇതാണ്, ഒരു നിലക്കും അറിയാതിരിക്കാൻപറ്റാത്ത, എന്നാൽ മുസ്‌ലിം കൈരളി ഒട്ടും അറിയാതെ പോയ സലഫിയ്യത്ത്. ഈ അടിസ്ഥാന തത്വം സ്വീകരിക്കാത്തവന് പിന്നെ എന്ത് ദീൻ?

ട്ടവർ. അവരാണ് ഇഹത്തിലും പരത്തിലും വിജയിച്ചു കേറിയ വിഭാഗം. റസൂൽ ﷺ ക്കു പിറകിൽ തന്റെ കാൽപ്പാടുകൾ പൂർണ്ണവും അന്യൂനവുമായ നിലയിൽ പിന്തുടർന്നുപോയ എല്ലാവരും സുന്നത്തിന്റെ അവകാശികളാണ്; അഹ്ലുസ്സുന്നഃയാണ്. മുഹമ്മദ് നബി ﷺ യുടെ അനുചരന്മാരായ സ്വഹാബികളാണ് അവരിലെ മുൻഗാമികൾ. സ്വഹാബത്തിനെ പൂർണ്ണരൂപത്തിൽ പിന്തുടർന്നവർ അഹ്ലുസ്സുന്നഃയിലെ പിൻഗാമികളും. ഈ വസ്തുതയെ സാക്ഷീകരിക്കുന്ന ഒരു ഖുർആൻ സൂക്തം താഴെ കൊടുക്കാം.

﴿وَالسَّابِقُونَ الْأَوَّلُونَ مِنَ الْمُهَاجِرِينَ وَالْأَنْصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ ﴿١٠٠﴾﴾ (التوبة)

[ഇസ്ലാമിലേക്ക് ആദ്യം മുൻകടന്നുവന്ന മുഹാജിറുകളും അൻസ്വാറുകളുമായ സ്വഹാബികളും, അവരെ പൂർണ്ണവും അന്യൂനവുമായ നിലയിൽ പിന്തുടർന്നവരും. അവരെയാണ് അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നത്. അവർ അല്ലാഹുവിനെയും തൃപ്തിപ്പെട്ടിരിക്കുന്നു. താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന ആരാമങ്ങളാണ് അവർക്കു വേണ്ടി അവൻ ഒരുക്കിവെച്ചിരിക്കുന്നത്. അവരതിൽ നിത്യവാസികളായിരിക്കും. അതു തന്നെയാണ് ഏറ്റവും മഹത്തായ വിജയം.] (തൗബഃ 100)

നബിചര്യയിൽനിന്ന് അതിനുള്ള സാക്ഷീകരണമായി അബൂഹുറയ്റഃ رضي الله عنه നിവേദനം ചെയ്യുന്ന ഒരു ഹദീസ് കൂടി കാണുക:

عن أبي هريرة رضي الله عنه قال: قيل للنبي ﷺ يا رسول الله، أي الناس خير؟ قال: «أنا ومن معي» قال: فقيل له ثم من يا رسول الله؟ قال: «الذي على الأثر» قيل له ثم من يا رسول الله ؟ قال: «فرفضهم» [أحمد في مسنده، وإسناده صحيح]

[അബൂ ഹുറയ്റഃ رضي الله عنه നിവേദനം. അദ്ദേഹം പറയുന്നു: നബി ﷺ

യോട് ചോദിക്കപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ, ആരാണ് ജനങ്ങളിൽ ഉത്തമർ? അവിടുന്ന് പറഞ്ഞു: «ഞാനും എന്റെ കൂടെയുള്ളവരും.» അപ്പോൾ വീണ്ടും ചോദിക്കപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ, പിന്നീട് ആരാണ്? അവിടുന്ന് പറഞ്ഞു: «കാൽപ്പാടുകൾ പിന്തുടരുന്നവർ.» വീണ്ടും ചോദിക്കപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ, പിന്നെ ആരാണ്? നിവേദകനായ അബൂ ഹുറയ്റഃ ﵁ പറയുന്നു: «അപ്പോൾ അവിടുന്ന് മറ്റുള്ളവരെയെല്ലാം നിരസിക്കുകയാണുണ്ടായത്.»] (അഹ്മദ് മുസ്നദിൽ ഉദ്ധരിച്ചത്)

അപ്പോൾ നബി ﷺ കാണിച്ചുതന്ന സുന്നത്ത്, അതാണ് ഇസ്ലാമിന്റെ മാർഗ്ഗം. തത്വവും പ്രയോഗവും ഉൾക്കൊള്ളുന്നതാണ് ആ മാർഗ്ഗം. കേവലം തത്വങ്ങളിൽ ഒതുങ്ങി നിൽക്കുന്ന ഒരു പ്രത്യയശാസ്ത്രമല്ല അത്. എക്കാലവും അതിന് പ്രയോഗതലത്തിൽ ജീവിക്കുന്ന മാതൃകകളുണ്ടാകും. നബി ﷺ പ്രബോധനം ചെയ്ത പരമസത്യം പ്രയോഗതലത്തിലേക്ക് വിവർത്തനം ചെയ്ത് ജീവിക്കുന്ന മാതൃകാ സമൂഹമാണ് അൽ ജമാഅഃ. മുഹമ്മദ് നബി ﷺയുടെ അനുചരന്മാരായ സ്വഹാബികളാണ് അവരിലെ മുൻഗാമികൾ. സ്വഹാബത്തിനെ നിഷ്കൃഷ്ടമായി പിന്തുടരുന്നവർ അഹ്ലുസ്സുന്നഃയിലെ പിൻഗാമികളും. ഇമാം ബർബഹാരി ﵀ പറയുന്നതു കാണുക:

والأساس الذي تبنى عليه الجماعة هم أصحاب محمد ﷺ. [البربهاري في شرح السنة]

[അൽ ജമാഅഃ പടുത്തുയർത്താനുള്ള അടിത്തറയായി കാണേണ്ടത് മുഹമ്മദ് നബി ﷺയുടെ അനുചരന്മാരെയാണ്.] (ബർബഹാരി | ശർഹുസ്സുന്നഃ)

ഇമാം അഹ്മദ് ﵀ വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

أصول السنة عندنا التمسك بما كان عليه أصحاب محمد ﷺ والاقتداء بهم. [أحمد بن حنبل في أصول السنة]

[നബി ﷺ യുടെ അനുചരന്മാർ ഏതൊന്നിലായിരുന്നുവോ അതു തന്നെ മുറുകെ പിടിക്കുകയും അവരുടെ മാതൃക പിന്തുടരുകയും ചെയ്യുക എന്നതാണ് നമ്മുടെ അടുക്കൽ സുന്നത്തിന്റെ ആധാരങ്ങൾ.] (ഇമാം അഹ്മദ് | ഉസ്വൂലുസ്സുന്നഃ)

കാരണം മുഹമ്മദ് നബി ﷺ യുടെ അനുചരന്മാർ, അവർ മാത്രമാണല്ലോ വഹ്‌യിന്റെ അവതരണത്തിനു സാക്ഷികളായത്. അവർ മാത്രമാണ് മനുഷ്യ-ജിന്നു വർഗ്ഗങ്ങളിലേക്ക് മൊത്തമായി അല്ലാഹു നിയോഗിച്ചയച്ച അന്തിമദൂതനിൽനിന്ന് പരിശുദ്ധമായ ദീൻ തനതു രൂപത്തിൽ നേരിട്ട് ഏറ്റുവാങ്ങിയത്. അവരാണ് നബി ﷺ പ്രബോധനം ചെയ്ത ദീൻ യാതൊന്നും കൂട്ടാതെ, കുറക്കാതെ അതേപടി സമുദായത്തിന് വിനിമയം ചെയ്തത്.

## ജനങ്ങളിൽ ഏറ്റവും സൂക്ഷ്മമായി സത്യം അറിയുന്നവർ

അഹ്ലുസ്സുന്നഃ വൽ ജമാഅഃയാണ് الْحَقُّ (പരമസത്യം) ആയ അല്ലാഹുവിനെ, അവന്റെ നാമഗുണ വിശേഷങ്ങളെ, അധികാരാവകാശങ്ങളെ, വിധിവിലക്കുകളെ, കുറിമാനങ്ങളെ, വൃത്താന്തങ്ങളെ സംബന്ധിച്ചെല്ലാം ഏറ്റവും സൂക്ഷ്മമായി ഗ്രഹിച്ചവർ. അവർ തന്നെയാണ് അല്ലാഹു അവതരിപ്പിച്ച ദീനിനെ കുറിച്ചും അവൻ നിയോഗിച്ച ദൂതനെ കുറിച്ചും നന്നായി അറിയുന്നവർ. കാരണം അവരാണ് നബി ﷺക്ക് അല്ലാഹു നൽകിയ അറിവും ദീനും അനന്തരമെടുത്തവർ. അവരാണ് അതിന്റെ വാഹകരും പ്രയോക്താക്കളും വിനിമയ കർത്താക്കളും. ഇക്കാര്യം വ്യക്തമാക്കുന്ന ഒരു നബിവചനം താഴെ കൊടുക്കാം.

عن أبي الدرداء رضي الله عنه عن النبي ﷺ قال: «إن العلماء ورثة الأنبياء، إن الأنبياء لم يورثوا دينارا ولا درهما، إنما ورثوا العلم، فمن أخذ به أخذ بحظ وافر» [الترمذي في سننه وصححه الألباني]

[അബുദ്ദർദാഅ് ﷺ നിവേദനം. നബി ﷺ പറയുന്നു: നിശ്ചയ മായും പണ്ഡിതന്മാരാണ് നബിമാരുടെ അനന്തരവന്മാർ. നബി മാർ ഒരിക്കലും സ്വർണ്ണനാണയമോ വെള്ളിക്കാശോ അനന്തരം നൽകിയിട്ടില്ല. അറിവു മാത്രമാണവർ അനന്തരം നൽകിയിട്ടു ള്ളത്. ആർ അത് സ്വായത്തമാക്കിയോ അവൻ മഹത്തായ ഒരു വിഹിതം തന്നെയാണ് കൈപ്പറ്റിയിരിക്കുന്നത്.] (തിർമിദി സുന നിൽ ഉദ്ധരിച്ചത്)

## ജനങ്ങളോട് ഏറ്റവും കനിവ് കാണിക്കുന്നവർ

യോഗ്യർ, നീതിമാന്മാർ എന്നതായിരിക്കും അഹ്ലുസ്സുന്നഃക്ക് നൽകാവുന്ന ഏറ്റവും മിതമായ വിശേഷണം. യഥോചിതമായിട്ടേ അവർ ഏതും കൈകാര്യം ചെയ്യുകയുള്ളു. അല്ലാഹുവിന്റെ ഭാഗ ത്തോ സൃഷ്ടികളുടെ അവകാശങ്ങളിലോ അനുചിതമായോ ക്രമ വിരുദ്ധമായോ യാതൊന്നും അവർ പ്രവർത്തിക്കുകയില്ല. അതു കൊണ്ടു തന്നെയാണ് അവർ യോഗ്യരും നീതിമാന്മാരുമാണെന്ന് പറയുന്നത്. അവർ സൃഷ്ടികളോട് ഏറെ കനിവുള്ളവരാണ്. സൃ ഷ്ടികളോട് കാണിക്കുന്ന കനിവ് അവരെ സംബന്ധിച്ചിടത്തോളം അല്ലാഹുവിനുള്ള ഉബൂദിയ്യത്തുമാണ്. അല്ലാഹു പറയുന്നു:

﴿وَكَذَٰلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُوا شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا... ﴿١٤٣﴾﴾ (البقرة)

[അപ്രകാരം നിങ്ങളെ നാം പ്രാമാണികയോഗ്യരായ നീതിമാന്മാ രാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കു ന്നതിനു വേണ്ടിയാണത്; റസൂൽ നിങ്ങൾക്ക് സാക്ഷിയായിരി ക്കുന്നതിനു വേണ്ടിയും...] (ബഖറഃ 143)

മേൽ സൂക്തത്തിലെ أُمَّةً وَسَطًا എന്നതിന് നബി ﷺ നൽകിയ വ്യാഖ്യാനം കാണുക:

ثُمَّ قَرَأَ رَسُولُ اللهِ ﷺ ﴿وَكَذَٰلِكَ جَعَلْنَاكُمْ أُمَّةً وَسَطًا... ﴿١٤٣﴾﴾ (البقرة) قَالَ: عَدْلًا. [البخاري في صحيحه]

[എന്നിട്ട് നബി ﷺ പാരായണം ചെയ്തു: «അപ്രകാരം നിങ്ങളെ നാം أُمَّةً وَسَطًا ആക്കിയിരിക്കുന്നു...» അവിടുന്ന് പറഞ്ഞു: അതായത് പ്രാമാണികയോഗ്യരായ നീതിമാന്മാർ...] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

കൂടാതെ, അബൂ ഹുറയ്റഃ, അബൂ സഈദ്, ഖതാദഃ, മുജാഹിദ് رضي الله عنهم എന്നിവരുൾപ്പെടെ സലഫുകളിൽപെട്ട നിരവധി വ്യാഖ്യാതാക്കൾ أُمَّةً وَسَطًا എന്നതിന്ന നൽകിയ വ്യാഖ്യാനം عُدُولًا അഥവാ പ്രാമാണികയോഗ്യരായ നീതിമാന്മാർ എന്നാണ്.

മേൽ സൂക്തത്തിൽ 'പ്രാമാണികയോഗ്യരായ നീതിമാന്മാർ' എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണ്? പ്രാഥമികമായും അടിസ്ഥാനപരമായും നബി ﷺയുടെ അനുചരന്മാരെ തന്നെ. അവരെ പൂർണ്ണവും അന്യൂനവുമായ നിലയിൽ പിന്തുടരുന്നവർ അനുബന്ധമായി അതിൽ ഉൾപ്പെടുകയും ചെയ്യും. ഇക്കാര്യം സുതരാം വ്യക്തമാക്കുന്ന ഒരു ഹദീസ് കാണുക:

عن عبد الله رضي الله عنه عن النبي ﷺ قال: «خير الناس قرني ثم الذين يلونهم، ثم الذين يلونهم» [البخاري في صحيحه]

[അബ്ദുല്ല ബിൻ മസ്ഊദ് رضي الله عنه നിവേദനം. നബി ﷺ പറയുന്നു: ജനങ്ങളിൽ ഉത്തമർ എന്റെ തലമുറക്കാരാണ്. പിന്നെ അവരുടെ തൊട്ടടുത്ത തലമുറ, പിന്നെ അവരുടെ തൊട്ടടുത്ത തലമുറയും.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

നബി ﷺയുടെ അനുചരന്മാരാണ് സച്ചരിതരായ സലഫുകൾ. വിശാലമായ അർത്ഥത്തിൽ മുകളിൽ പറഞ്ഞ ഉത്തമരായ മൂന്നു തലമുറക്കാരും അതിൽ ഉൾപ്പെടും. അവരെ പൂർണ്ണമായും

അന്യൂനമായും പിന്തുടരുന്നവർ അഹ്ലുസ്സുന്നഃയിൽപെട്ട പിൻ ഗാമികളും. തലമുറ മാറ്റവും അതിന്റെ പൂർണ്ണ ചിത്രവും വ്യക്തമാക്കുന്നതിനായി ഒരു ഹദീസ് കൂടി ഉദ്ധരിക്കാം.

عن إبراهيم بن عبد الرحمن العذري ﵁ عن النبي ﷺ قال: «يحمل هذا العلم من كل خلف عدوله، ينفون عنه تحريف الغالين، وانتحال المبطلين، وتأويل الجاهلين» [البيهقي في دلائل النبوة وصححه الألباني]

[ഇബ്റാഹീം ബിൻ അബ്ദിറഹ്മാൻ അൽഉദ്രി ﵁ നിവേദനം. നബി ﷺ പറയുന്നു: പിൻതലമുറകളിൽ അറിവിന്റെ വാഹകരായി വർത്തിക്കുക അവരിലെ പ്രാമാണികയോഗ്യരായ നീതിമാന്മാരായിരിക്കും. അതിരുവിടുന്ന കടുംപിടുത്തക്കാർ അതിൽ വരുത്തുന്ന മാറ്റത്തിരുത്തലുകളെയും, വ്യാജവാദികൾ നടത്തുന്ന കൃതിപ്പുകളെയും, വിവരദോഷികൾ നടത്തുന്ന ദുർവ്യാഖ്യാനങ്ങളെയും അവർ തീർത്തും നിരാകരിക്കും.] (ബൈഹഖി | ദലാഇലുന്നുബുവ്വഃ)

ഉത്തമരായ മൂന്നു തലമുറക്കാരാണ് നബി ﷺ പ്രബോധനം ചെയ്ത സത്യദീനിന്റെ യഥാർത്ഥ വാഹകരും പ്രയോക്താക്കളും വിനിമയ കർത്താക്കളുമെന്ന് മുകളിൽ കൊടുത്ത രേഖകൾ സംശയരഹിതമായും തെളിയിക്കുന്നു. പിന്നീടുള്ള തലമുറകളിൽ ഈ അറിവിന്റെയും ദീനിന്റെയും വാഹകരായി വർത്തിക്കുക അതത് തലമുറയിലെ യോഗ്യരായ നീതിമാന്മാരുമായിരിക്കും. അവരാണ് ഇസ്ലാമിന്റെ മുഖ്യധാരയെ പ്രതിനിധാനം ചെയ്യുന്നത്. അവരാണ് അൽ ജമാഅഃ, അവരാണ് അഹ്ലുസ്സുന്നഃ. അവരുടെ അറിവും നീതിബോധവും ദയയായി, കനിവായി സമൂഹത്തിൽ പെയ്തിറങ്ങുന്നു. അഥവാ അവർ ജനങ്ങൾക്ക് സത്യം വിവരിച്ചു കൊടുക്കുക യഥാവിധവും കാരുണ്യത്തോടെയുമായിരിക്കും. ഇതിനെ കുറിച്ചാണ് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ ﵀ പറഞ്ഞത്:

بَلْ هُمْ أَعْلَمُ بِالْحَقِّ وَأَرْحَمُ بِالْخَلْقِ. [ابن تيمية في منهاج السنة النبوية]

[എന്നല്ല, അവരാണ് സത്യത്തെ കുറിച്ച് ഏറ്റവും സൂക്ഷ്മമായി അറിയുന്നവരും പടപ്പുകളോട് ഏറ്റുവും കൂടുതൽ കാരുണ്യം കാണിക്കുന്നവരും.] (ഇബ്നു തൈമിയ്യഃ | മിൻഹാജുസ്സുന്നത്തിന്നബവിയ്യഃ)

## അതിലംഘനവും അതിലംഘകരും തമ്മിലുള്ള വേർതിരിവ്
## [التَّفْرِيقُ بَيْنَ الْمُخَالَفَةِ وَالْمُخَالِفِ]

ദീൻ കാര്യങ്ങളിലുള്ള അഹ്ലുസ്സുന്നഃയുടെ അറിവും സൂക്ഷ്മതയും കിടയറ്റതാണ്. അവർ വിഷയങ്ങൾ വ്യവച്ഛേദിച്ച് മനസ്സിലാക്കും. പടപ്പുകളോട് പരമാവധി കനിവ് കാണിക്കുകയും ചെയ്യും. ശർഇയ്യായ കല്പനകളുടെ ലംഘനത്തെയും അത് ചെയ്യുന്ന ലംഘകരെയും അവർ രണ്ടായി വേർതിരിച്ച് കാണും. വകതിരിവില്ലാതെ കാടടച്ച് വെടിവെക്കുന്നവരല്ല അവർ. ലംഘനങ്ങൾക്ക് പറയപ്പെട്ട വിധികളും താക്കീതുകളും അവർ വിവേചനമില്ലാതെ ലംഘകരുടെമേൽ ഒരു പോലെ ചാർത്തുകയുമില്ല.

വഹ്‌യിലെ മൂലവാക്യങ്ങളും മുസ്‌ലിംകളുടെ ഇജ്മാഉം (النَّصُّ وَالْإِجْمَاعُ) മാത്രമാണ് പ്രമാണങ്ങൾ. അവയുടെ അടിസ്ഥാനത്തിലേ ജീവിതത്തിൽ അഭിമുഖീകരിക്കുന്ന ഏതൊരു പ്രശ്നത്തെയും അവർ വിലയിരുത്തുകയുള്ളു. അതിൽ ശിർക്കാണെന്ന് പറയുന്നതിനെ അവർ ശിർക്കെന്ന് വിധിക്കും. അതു പ്രകാരം ബിദ്അത്താകുന്ന കാര്യങ്ങളെ അവർ ബിദ്അത്ത് എന്ന് വിധിക്കും. അതിൽ അധർമ്മം (فِسْقٌ) ആയി പറഞ്ഞിട്ടുള്ള കാര്യത്തെ അധർമ്മം എന്നും വിധിക്കും. അവർ അതിൽ ഏറ്റുകയോ കുറക്കുകയോ പക്ഷഭേദം കാണിക്കുകയോ ചെയ്യില്ല. മതകാര്യങ്ങളിലുള്ള അവരുടെ അവഗാഹത്തിന്റെയും സൃഷ്ടികളോടുള്ള കനിവിന്റെയും നിദർശനങ്ങൾ ശ്രദ്ധേയമാണ്. ഉദാഹരണമായി ശിർക്ക്-കുഫ്റുകളെ തന്നെ അവർ കൊടിയതെന്നും ചെറിയതെന്നും രണ്ടാക്കി

വേർതിരിക്കും. കൊടിയത് മതപരിത്യാഗത്തിനു കാരണമാകും. ചെറിയത് മാപ്പർഹിക്കാത്ത വൻപാപമാണെങ്കിലും മതപരിത്യാഗത്തിന് കാരണമാവുകയില്ല താനും. അതേപോലെ, ബിദ്അത്തുകളെയും അവർ രണ്ടാക്കി വേർതിരിക്കും; കാഫിറായി പോകുന്നവയും അല്ലാത്തവയും.

തങ്ങൾ ഉയർത്തിപ്പിടിക്കുന്ന വസ്തുനിഷ്ഠമായ അറിവിന്റെയും ഉന്നതമായ നീതിയുടെയും താൽപര്യങ്ങൾക്കനുസരിച്ച് മാത്രമേ അവർ പ്രവർത്തിക്കുകയുള്ളു. ഉദാഹരണമായി, ഖണ്ഡിതമായ രേഖകളുടെയോ ഇജ്മാഇന്റെയോ അടിസ്ഥാനത്തിൽ ഒരു വ്യക്തി കുഫ്റോ ബിദ്അത്തോ അധർമ്മമോ ചെയ്തതായി സ്ഥിരപ്പെട്ടു എന്നിരിക്കട്ടെ. പൊതുവായ നിലയിലും സാമാന്യ രീതിയിലും മാത്രമേ കാഫിർ, ബിദ്അത്തുകാരൻ, അധർമ്മകാരി എന്ന് അവർ പറയുകയുള്ളു. അല്ലാതെ, വ്യക്തിയെ നിർണ്ണയിച്ച് ഒരാളെ കാഫിർ, മുബ്തദിഅ്, ഫാസിഖ് എന്നവർ വിളിക്കുകയില്ല. അങ്ങനെ വ്യക്തിയെ നിർണ്ണയിച്ച് കാഫിർ, മുബ്തദിഅ്, ഫാസിഖ് എന്ന് മുദ്രയടിക്കണമെങ്കിൽ അതിന് കൂടുതൽ പരിശോധനകൾ നടത്തുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അത് ചെയ്യേണ്ടത് അതിന് യോഗ്യതയും അധികാരവുമുള്ളവരാണ്. അവർ അത്തരം ഒരു വിശേഷണം ആ നിർണ്ണിത വ്യക്തിക്ക് ചാർത്താൻ പറ്റുമോ, അതിനുള്ള നിബന്ധനകൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ, പ്രതിബന്ധങ്ങൾ നീങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തും. നടപടികൾ പൂർത്തീകരിച്ച ശേഷം ഖണ്ഡിതമായ തെളിവുകൾക്കനുസരിച്ച് അനുകൂലമോ പ്രതികൂലമോ ആയി അവർ വിധിക്കും. അതിലവർ ഏറ്റക്കുറച്ചിലുകൾ വരുത്തുകയോ പക്ഷഭേദം കാണിക്കുകയോ ചെയ്യില്ല.

## അഹ്ലുസ്സുന്നഃ ദീൻ സ്വീകരിക്കുന്ന സ്രോതസ്സുകൾ

അഹ്ലുസ്സുന്നഃ വൽ ജമാഅഃ വഹ്യിൽനിന്ന് മാത്രമേ അറിവും ദീനും സ്വീകരിക്കുകയുള്ളു. മറ്റു സ്രോതസ്സുകളിൽനിന്ന് അവർ

ദീൻ സ്വീകരിക്കുകയില്ല. വഹ്‌യിൽനിന്നല്ലാതെ മറ്റു സ്രോതസ്സുക ളിൽ നിന്ന് അറിവും ദീനും സ്വീകരിക്കുന്നത് അല്ലാഹു വിലക്കിയിരി ക്കുന്നു. താഴെ കൊടുക്കുന്ന ഖുർആൻ സൂക്തം ശ്രദ്ധിക്കുക:

﴿اتَّبِعُوا مَا أُنزِلَ إِلَيْكُم مِّن رَّبِّكُمْ وَلَا تَتَّبِعُوا مِن دُونِهِ أَوْلِيَاءَ ۗ قَلِيلًا مَّا تَذَكَّرُونَ ﴿٣﴾﴾ (الْأَعْرَافُ)

[നിങ്ങളുടെ റബ്ബിങ്കൽനിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടത് നി ങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു ഔലിയാക്കളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ചു മാത്രമല്ലേ നിങ്ങൾ ഓർക്കുന്നുള്ളൂ.] (അഅ്റാഫ് 3)

അല്ലാഹു വഹ്‌യ് അവതരിപ്പിച്ചിരിക്കുന്നത് രണ്ട് രൂപത്തി ലാണ്. ഗ്രന്ഥരൂപത്തിലായി ഖുർആനും, അതിന്റെ പ്രായോഗിക വിശദീകരണമായി നബിചര്യയും. നബി ﷺ പറയുന്നു:

عَنْ أَبِي هُرَيْرَةَ ﷺ، قَالَ: قَالَ رَسُولُ اللهِ ﷺ: «إِنِّي قَدْ تَرَكْتُ فِيكُمْ شَيْئَيْنِ لَنْ تَضِلُّوا بَعْدَهُمَا: كِتَابَ اللهِ وَسُنَّتِي، وَلَنْ يَتَفَرَّقَا حَتَّى يَرِدَا عَلَيَّ الْحَوْضَ» [الْحَاكِمُ فِي مُسْتَدْرَكِهِ، وَصَحَّحَهُ الْأَلْبَانِي]

[അബൂ ഹുറയ്റഃ رضي الله عنه നിവേദനം. നബി ﷺ പറയുന്നു: രണ്ടു കാര്യ ങ്ങൾ ഞാൻ നിങ്ങളിൽ വിട്ടേച്ചു പോകുന്നു. അവയ്ക്കു ശേഷം നിങ്ങൾ ഒരിക്കലും പിഴച്ചുപോകുകയില്ല: അല്ലാഹുവിന്റെ ഗ്രന്ഥ വും എന്റെ ചര്യയും. ഹൗളിനരികിൽവെച്ച് എന്നോടൊപ്പം വന്നു ചേരുന്നതുവരെ അവ തമ്മിൽ ഒരിക്കലും വേർപിരിയുകയില്ല.] (ഹാകിം മുസ്തദ്റകിൽ ഉദ്ധരിച്ചത്)

ഖുർആനും സുന്നത്തുമാണ് വഹ്‌യിന്റെ രണ്ടു രൂപങ്ങൾ. അവ രണ്ടും തത്തുല്യമായ പ്രമാണങ്ങളാണ്. അഹ്‌ലുസ്സുന്നഃ അവയെ ഒറ്റ ഏകകമായി കാണും. അവയ്ക്കിടയിൽ വിവേചനം കാണിക്കുകയുമില്ല. മതപരമായ കാര്യങ്ങൾ അവ രണ്ടിലും ഒരു

മിച്ചാണ് അന്വേഷിക്കുക. അവർ മറ്റു സ്രോതസ്സുകൾ തേടിപ്പോകുന്ന പ്രശ്നമില്ല.

മുസ്ലിംകൾക്കിടയിൽ ഏതെങ്കിലുമൊരു കാര്യത്തിൽ ഭിന്നതയുണ്ടായാൽ അക്കാര്യം ഖുർആനിലേക്കും സുന്നത്തിലേക്കും മടക്കുകയാണ് വേണ്ടത്. അവ രണ്ടുമാണ് വഹ്യ്. വഹ്യിന്റെ തീർപ്പിലൂടെ മാത്രമേ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവുകയുള്ളു. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنكُمْ ۖ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴿٥٩﴾﴾ (النِّسَاءُ)

[വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക; നിങ്ങൾ റസൂലിനെയും നിങ്ങളിലെ കൈകാര്യകർത്താക്കളെയും അനുസരിക്കുക. വല്ല കാര്യത്തിലും നിങ്ങൾ ഭിന്നിക്കുകയാണെങ്കിൽ അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് കൂടുതൽ ഉത്തമവും നല്ല പര്യവസാനമുളവാക്കുന്നതും.] (നിസാഅ് 59)

## ഖുർആനും സുന്നത്തും സലഫുകളുടെ ഗ്രാഹ്യമനുസരിച്ച്

അഹ്ലുസ്സുന്നഃ സ്വഹാബികളുടെ ഗ്രാഹ്യമനുസരിച്ചല്ലാതെ ഖുർആനിലും സുന്നത്തിലുമുള്ള മൂലവാക്യങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും പ്രയോഗവത്ക്കരിക്കുകയും ചെയ്യുകയില്ല. കാരണം അവരാണ് പ്രാമാണികതയുടെയും നീതിയുടെയും വിശ്വാസ്യതയുടെയും ആധികാരിക സ്ഥാനം. അവരെ കുറിച്ച് അല്ലാഹു അപ്രകാരം പ്രശംസിച്ചിരിക്കുന്നു. ഈ സമുദായത്തിന്റെ ആശയപരമായ വിശുദ്ധിക്കുള്ള

ജാമ്യമായി അവരെയാണ് അവൻ നിർദ്ദേശിച്ചിരിക്കുന്നത്. സമുദായം വ്യതിചലിക്കാതിരിക്കാനുള്ള സുരക്ഷിതത്വം അവരിലാണ് വെച്ചിരിക്കുന്നത്. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي بُرْدَةَ، عَنْ أَبِيهِ، قَالَ: صَلَّيْنَا الْمَغْرِبَ مَعَ رَسُولِ اللهِ ﷺ، ثُمَّ قُلْنَا: لَوْ جَلَسْنَا حَتَّى نُصَلِّيَ مَعَهُ الْعِشَاءَ قَالَ فَجَلَسْنَا، فَخَرَجَ عَلَيْنَا، فَقَالَ: «مَا زِلْتُمْ هَاهُنَا؟» قُلْنَا: يَا رَسُولَ اللهِ صَلَّيْنَا مَعَكَ الْمَغْرِبَ، ثُمَّ قُلْنَا: نَجْلِسُ حَتَّى نُصَلِّيَ مَعَكَ الْعِشَاءَ، قَالَ «أَحْسَنْتُمْ أَوْ أَصَبْتُمْ» قَالَ فَرَفَعَ رَأْسَهُ إِلَى السَّمَاءِ، وَكَانَ كَثِيرًا مِمَّا يَرْفَعُ رَأْسَهُ إِلَى السَّمَاءِ، فَقَالَ: «النُّجُومُ أَمَنَةٌ لِلسَّمَاءِ، فَإِذَا ذَهَبَتِ النُّجُومُ أَتَى السَّمَاءَ مَا تُوعَدُ، وَأَنَا أَمَنَةٌ لِأَصْحَابِي، فَإِذَا ذَهَبْتُ أَتَى أَصْحَابِي مَا يُوعَدُونَ، وَأَصْحَابِي أَمَنَةٌ لِأُمَّتِي، فَإِذَا ذَهَبَ أَصْحَابِي أَتَى أُمَّتِي مَا يُوعَدُونَ» [مسلم في صحيحه]

[അബൂ ബുർദഃ തന്റെ പിതാവിനെ ഉദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു: നബി ﷺയോടൊപ്പം ഞങ്ങൾ മഗ്‌രിബ് നമസ്കരിച്ചു. ശേഷം ഞങ്ങൾ പറഞ്ഞു: നബി ﷺയുടെ കൂടെ ഇശാ കൂടി നമസ്കരിക്കുന്നതുവരെ കാത്തിരുന്നാലോ. അദ്ദേഹം തുടരുന്നു: അങ്ങനെ ഞങ്ങൾ അവിടെത്തന്നെ ഇരുന്നു. അപ്പോൾ നബി ﷺ ഞങ്ങളുടെ അടുത്തുവന്ന് പറഞ്ഞു: നിങ്ങൾ ഇവിടെ നിന്നും നീങ്ങിയിട്ടില്ല അല്ലേ. ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! ഞങ്ങൾ താങ്കളോടൊപ്പം മഗ്‌രിബ് നമസികരിച്ചു. പിന്നീട് താങ്കളോടൊപ്പം ഇശാ നമസ്കരിക്കുന്നതുവരെ കാത്തിരിക്കാമെന്ന് പറഞ്ഞു. നിങ്ങൾ ചെയ്തത് തീർത്തും ശരി എന്നോ, നിങ്ങൾ ചെയ്തത് നേരുതന്നെ എന്നോ അവിടുന്ന് പ്രതിവചിച്ചു. അദ്ദേഹം തുടരുന്നു: അനന്തരം നബി ﷺ തന്റെ ശിരസ്സ് മുകളിലേക്കുയർത്തി. അവിടുന്ന് പലപ്പോഴും മുകളിലേക്ക് ശിരസ്സുയർത്താറുണ്ടായിരുന്നു. എന്നിട്ട് പറഞ്ഞു: നക്ഷത്രങ്ങൾ ആകാശത്തിനുള്ള സുരക്ഷിതത്വമാണ്. നക്ഷത്രങ്ങൾ പോയിക്കഴിഞ്ഞാൽ ആകാശ

ത്തിന് നിശ്ചയിക്കപ്പെട്ടത് ഭവിക്കുകയായി. ഞാൻ എന്റെ അനു ചരന്മാർക്കുള്ള സുരക്ഷിതത്വമാണ്. ഞാൻ പോയിക്കഴിഞ്ഞാൽ എന്റെ അനുചരന്മാരോട് പറയപ്പെട്ടത് വന്നുഭവിക്കുകയായി. എന്റെ അനുചരന്മാർ എന്റെ സമുദായത്തിനുള്ള സുരക്ഷിതത്വമാ ണ്. എന്റെ അനുചരന്മാർ പോയിക്കഴിഞ്ഞാൽ എന്റെ സമുദായ ത്തിന് പറയപ്പെട്ടത് സംഭവിക്കുകയായി.] (മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

ഈ സമുദായത്തിന്റെ ആശയപരമായ ഭദ്രതക്കുള്ള ജാമ്യം സ്വ ഹാബിമാരാണ്. അവർ ജീവിച്ചിരിക്കുന്നത് സമുദായത്തിനു വലിയ സുരക്ഷയാണ്. അവർ ജീവിച്ചിരിക്കുമ്പോഴും അവരുടെ കാലശേ ഷവും സമുദായത്തിനു ലഭിക്കുന്ന സുരക്ഷ അവരെ കുറ്റമറ്റ രൂപ ത്തിൽ പിന്തുടരുന്നതിലാണ്. ദീനിന്റെ കാര്യത്തിൽ ഏറ്റക്കുറച്ചിലു കളില്ലാതെ, അവർ സ്വീകരിച്ചതിനു തത്തുല്യമായത് തന്നെ നാമും സ്വീകരിക്കണം. എങ്കിൽ അവരെ പോലെ നമുക്കും സന്മാർഗ്ഗം പ്രാ പിക്കാം. അല്ലാഹു പറയുന്നത് കാണുക:

﴿فَإِنْ آمَنُوا بِمِثْلِ مَا آمَنْتُمْ بِهِ فَقَدِ اهْتَدَوْا وَإِنْ تَوَلَّوْا فَإِنَّمَا هُمْ فِي شِقَاقٍ فَسَيَكْفِيكَهُمُ اللَّهُ وَهُوَ السَّمِيعُ الْعَلِيمُ ﴿١٣٧﴾﴾ (البقرة)

[നിങ്ങൾ വിശ്വസിച്ചതിനു തത്തുല്യമായത് അവരും വിശ്വസി ക്കുന്നുവെങ്കിൽ അവർ സന്മാർഗ്ഗം പ്രാപിച്ചതു തന്നെ. മറിച്ച് അവർ പിന്തിരിയുകയാണെങ്കിൽ നിശ്ചയമായും അവർ വിഘ ടനത്തിലാണ്. അവരുടെ കാര്യത്തിൽ നിനക്ക് അല്ലാഹു മതി. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകു ന്നു.] (ബഖറഃ 137)

മുഹാജിറുകളും അൻസ്വാറുകളുമായി ഇസ്‌ലാമിലേക്ക് ആദ്യം കടന്നുവന്ന സ്വഹാബത്തിനെ പൂർണ്ണവും അന്യൂനവുമായ നില യിൽ പിന്തുടരുക എന്നത് അല്ലാഹു സന്മാർഗ്ഗം പ്രാപിക്കാനുള്ള നിബന്ധനയാക്കി. അവന്റെ തൃപ്തി നേടാനും സ്വർഗ്ഗത്തിൽ പ്ര

**വേശിക്കാനും അവിടെ ശാശ്വതവാസം ഉറപ്പിക്കാനുമുള്ള ദീനായി അതിനെ അവൻ നിശ്ചയിച്ചു. അതാണല്ലോ ഏറ്റവും മഹത്തായ വിജയസൗഭാഗ്യം. അല്ലാഹു പറയുന്നത് കാണുക:**

﴿وَالسَّابِقُونَ الْأَوَّلُونَ مِنَ الْمُهَاجِرِينَ وَالْأَنْصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَٰلِكَ الْفَوْزُ الْعَظِيمُ ۝١٠٠﴾ (التوبة)

**[ഇസ്‌ലാമിലേക്ക് ആദ്യം കടന്നുവന്ന മുഹാജിറുകളും അൻസ്വാറുകളുമായ സ്വഹാബികളും, അവരെ പൂർണ്ണവും അന്യൂനവുമായ നിലയിൽ പിന്തുടർന്നവരും. അവരെയാണ് അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നത്. അവർ അല്ലാഹുവിനെയും തൃപ്തിപ്പെട്ടിരിക്കുന്നു. താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന ആരാമങ്ങളാണ് അവർക്കു വേണ്ടി അവൻ ഒരുക്കിവെച്ചിരിക്കുന്നത്. അവരതിൽ നിത്യവാസികളായിരിക്കും. അതു തന്നെയാണ് ഏറ്റവും മഹത്തായ വിജയം.] (തൗബഃ 100)**

**സ്വഹാബത്തിന്റെ ഗ്രാഹ്യമനുസരിച്ചല്ലാതെ തന്നിഷ്ടപ്രകാരം പ്രമാണങ്ങളിലെ മൂലവാക്യങ്ങൾ വ്യാഖ്യാനിക്കുന്നത് നാശഹേതുവാണെന്ന് നബി ﷺ താക്കീത് നൽകി. അവിടുന്ന് പറയുന്നു:**

عَنْ عُقْبَةَ بْنِ عَامِرٍ الْجُهَنِيِّ قَالَ سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: «هَلَاكُ أُمَّتِي فِي الْكِتَابِ وَاللَّبَنِ» قَالُوا: يَا رَسُولَ اللهِ، مَا الْكِتَابُ وَاللَّبَنُ؟ قَالَ: «يَتَعَلَّمُونَ الْقُرْآنَ فَيَتَأَوَّلُونَهُ عَلَى غَيْرِ مَا أَنْزَلَ اللهُ عَزَّ وَجَلَّ، وَيُحِبُّونَ اللَّبَنَ فَيَدَعُونَ الْجَمَاعَاتِ وَالْجُمَعَ وَيَبْدُونَ» [أَحْمَدُ فِي مُسْنَدِهِ وَصَحَّحَهُ الْأَلْبَانِي]

**[ഉഖ്ബതു ബിൻ ആമിർ അൽ ജുഹനി رضي الله عنه നിവേദനം. നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: ഗ്രന്ഥത്തിലും ക്ഷീരത്തിലുമായിരിക്കും എന്റെ സമുദായത്തിന്റെ നാശം. അവർ ചോ**

ദിച്ചു: ഗ്രന്ഥവും ക്ഷീരവും എന്നു പറഞ്ഞതിന്റെ വിവക്ഷയെന്താണ്? അവിടുന്ന് പറഞ്ഞു: അവർ ഖുർആൻ പഠിക്കും. എന്നിട്ട് അല്ലാഹു അവതരിപ്പിച്ച വിവക്ഷ പ്രകാരമല്ലാതെ അവരതിനെ വ്യാഖ്യാനിക്കും. അവർ പാലിൽ അനുരക്തരാകും. അങ്ങനെ ജുമുഅഃകളും ജമാഅത്തുകളും ഉപേക്ഷിച്ച് മരുഭൂമികളിൽ അലയും.] (അഹ്മദ് മുസ്നദിൽ ഉദ്ധരിച്ചത്)

പ്രമാണവാക്യങ്ങളെ തെറ്റായി മനസ്സിലാക്കിയാൽ അത് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. പണ്ഡിതന്മാർ എത്രത്തോളം ഗൗരവതരമായാണ് അതിനെ വീക്ഷിച്ചിച്ചിട്ടുള്ളത് എന്നു കൂടി കാണുക:

بل سوء الفهم عن الله ورسوله أصلُ كلِّ بدعة وضلالة نشأت في الإسلام، وهو أصل كل خطأ في الفروع والأصول، ولا سيما إن أضيف إليه سوء القصد، والله المستعان. [ابن أبي العز الحنفي في شرح الطحاوية]

[അല്ലാഹുവിൽനിന്നും റസൂലിൽനിന്നുമുള്ളത് തെറ്റായി ഗ്രഹിക്കുക എന്നതാണ് ഇസ്‌ലാമിലുണ്ടായിട്ടുള്ള എല്ലാ അപനിർമ്മിതികളുടെയും വഴികേടുകളുടെയും ആധാരം. വിശ്വാസപരമോ കർമ്മപരമോ ആയ മുഴുവൻ തെറ്റുകളുടെയും അടിസ്ഥാനവും അതു തന്നെ; വിശിഷ്യാ അതിലേക്ക് ദുരുദ്ദേശ്യം കൂടി ചേരുമ്പോൾ! സഹായം ചോദിക്കാൻ അല്ലാഹുവേയുള്ളു.] (ഇബ്നു അബിൽ ഇസ്സ് അൽ ഹനഫി | ശർഹുത്ത്വഹാവിയ്യഃ)

## പ്രമാണങ്ങളെക്കാൾ യുക്തിക്ക് മുൻഗണന കൽപിക്കുകയില്ല

അഹ്‌ലുസ്സുന്നഃ പ്രമാണങ്ങൾക്കൊപ്പമായിരിക്കും എപ്പോഴും നിലകൊള്ളുക. അത് എങ്ങോട്ട് തിരിയുന്നുവോ അവരങ്ങോട്ട് തിരിയും. അത് എവിടെ നിൽക്കുന്നുവോ അവരവിടെ നിൽക്കും. ബുദ്ധിക്കും യുക്തിക്കും അനുസരിച്ച് ചാഞ്ചാടുന്നവരല്ല

അവർ. കാരണം, മനുഷ്യബുദ്ധിയല്ല നന്മതിന്മകൾ നിർണ്ണയിക്കുന്നത്. അതിനാൽ അവർ എപ്പോഴും ബുദ്ധിയെ സംശയത്തോടെ മാത്രമേ വീക്ഷിക്കുകയുള്ളു. യുക്തിയുടെ അടിസ്ഥാനത്തിലുള്ള അനുമാനങ്ങളെ അവർ അവലംബമാക്കുകയില്ല. പ്രമാണരേഖകളെയാണ് അവർ അടിസ്ഥാനമാക്കുക. ബുദ്ധിയും യുക്തിയും ഉപയോഗിച്ച് അവർ പ്രമാണങ്ങളെ മറികടക്കാൻ ശ്രമിക്കുകയുമില്ല. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا لَا تُقَدِّمُوا بَيْنَ يَدَيِ اللَّهِ وَرَسُولِهِ ۖ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ سَمِيعٌ عَلِيمٌ ۝١﴾ (الْحُجُرَاتُ)

[വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും മറികടക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.] (ഹുജുറാത് 1)

അല്ലാഹുവിന്റെയും റസൂലിന്റെയും തീരുമാനങ്ങൾക്ക് അവർ സർവഥാ കീഴ്പ്പെടും. അവയുടെ മുന്നിൽ അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് ഒരു വിലയും കല്പിക്കുകയില്ല. അഹം വെടിഞ്ഞുള്ള ഈ സമർപ്പണത്തിലാണ് ദീനിന്റെ കാതൽ. അല്ലാഹു പറയുന്നത് കാണുക:

﴿وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا ۝٣٦﴾ (الْأَحْزَابُ)

[അല്ലാഹുവും അവന്റെ റസൂലും ഏതെങ്കിലും ഒരു വിഷയം തീർപ്പാക്കിയാൽ വിശ്വാസിയായ പുരുഷന്നോ സ്ത്രീക്കോ തങ്ങളുടെ കാര്യത്തിൽ മറ്റൊന്ന് തെരഞ്ഞെടുക്കാൻ പാടില്ല. ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നുവോ അവൻ വ്യക്തമായും പിഴച്ചുപോയതു തന്നെ.] (അഹ്സാബ് 36)

ബുദ്ധിക്ക് പരിധികളും പരിമിതികളുമുണ്ട്. പ്രയോഗിക്കാൻ

പാടുള്ളതും പാടില്ലാത്തതുമായ മേഖലകൾ വേർതിരിച്ചിട്ടുണ്ട്. ശരിയായ പ്രയോഗരീതികൾ കാണിച്ചു തന്നിട്ടുമുണ്ട്. മതവും മാർഗ്ഗദർശനവും ആവിഷ്കരിക്കുക എന്നത് ബുദ്ധിയുടെയും യുക്തിയുടെയും സാധ്യതയിൽപെട്ടതല്ല. അതിനുള്ള ശേഷി മനുഷ്യബുദ്ധിക്ക് നൽകപ്പെട്ടിട്ടില്ല. അങ്ങനെ ഒരു ബാധ്യത അവനെ ഏൽപിച്ചിട്ടുമില്ല. അതിന് അവൻ മുതിർന്നാൽ അതിന്റെ ഫലം സർവ്വനാശമായിരിക്കും. അല്ലാഹു പറയുന്നത് കാണുക:

﴿وَلَوِ اتَّبَعَ الْحَقُّ أَهْوَاءَهُمْ لَفَسَدَتِ السَّمَاوَاتُ وَالْأَرْضُ وَمَن فِيهِنَّ ۚ بَلْ أَتَيْنَاهُم بِذِكْرِهِمْ فَهُمْ عَن ذِكْرِهِم مُّعْرِضُونَ ﴿٧١﴾﴾ (الْمُؤْمِنُونَ)

[സത്യം അവരുടെ അഭീഷ്ടങ്ങളെയായിരുന്നു പിന്തുടർന്നിരുന്നത് എങ്കിൽ ആകാശഭൂമികളും അവയിലുള്ളവയുമെല്ലാം കുഴപ്പത്തിലായിട്ടുണ്ടാകുമായിരുന്നു. മറിച്ച്, അവർക്കുള്ള സന്ദേശം നാം തന്നെ എത്തിച്ചു കൊടുത്തിരിക്കുന്നു. എന്നിട്ടും അവർക്കുള്ള സന്ദേശത്തിൽ നിന്ന് അവർ തിരിഞ്ഞു കളയുകയാണല്ലോ!] (മുഅ്മിനൂൻ 71)

പ്രമാണവാക്യങ്ങൾ ആദ്യമായി യുക്തിക്കനുസരിച്ച് വ്യാഖ്യാനിക്കാൻ മുതിർന്നത് ഖവാരിജുകളാണ്. അതിന്റെ ഫലമോ അതീവഗുരുതരവും. സ്വർഗ്ഗം കൊണ്ട് സുവിശേഷമറിയക്കപ്പെട്ടവരെയും സച്ചരിതരായ ഖുലഫാക്കളെയും സമുന്നതരായ സ്വഹാബിമാരെയുമൊക്കെ കാഫിറും മുശ്‌രിക്കുമാക്കി മുദ്രയടിക്കുക, അവർക്കെതിരിൽ യുദ്ധം ചെയ്യുക, സമാനതകളില്ലാത്ത ക്രൂരതകളും രക്തച്ചൊരിച്ചിലുകളുമുണ്ടാക്കുക... ഇതൊക്കെയായിരുന്നു അതിന്റെ തിക്തഫലം. മതപരമായ വിധിവിലക്കുകൾ അവരുടെ ബുദ്ധിക്കും യുക്തിക്കും യോജിക്കുന്നുവോ എന്ന് പരിശോധിക്കുക. ഇല്ലെങ്കിൽ വളച്ചൊടിക്കുക. ഇതായിരുന്നു അവരുടെ നിലപാട്. ഈ മാരകമായ നൂതന പ്രവണത വീടുകളുടെ അകത്തളങ്ങളിലേക്കും അന്തപ്പുരങ്ങളിലേക്കും വരെ ഇരച്ചുകേറുന്ന സ്ഥിതിയുണ്ടായി. താഴെ കൊടുക്കുന്ന സംഭവം ശ്രദ്ധിക്കുക.

عن معاذة قالت: سألت عائشة ﵂: ما بال الحائض؛ تقضي الصوم، ولا تقضي الصلاة؟ فقالت: «أحرورية أنت؟» قلت: لست بحرورية، ولكني أسأل، قالت: «كان يصيبنا ذلك، فنؤمر بقضاء الصوم، ولا نؤمر بقضاء الصلاة» [مسلم في صحيحه]

[മുആദഃ പറയുന്നു: ഞാൻ ആയിശഃ ﵂ യോട് ചോദിച്ചു: ആർത്തവകാരിയുടെ കാര്യം എന്താണ്? അവൾ നഷ്ടപ്പെട്ട നോമ്പ് നോറ്റുവീട്ടുന്നു; നമസ്കാരം വീട്ടുന്നുമില്ല? അവർ ചോദിച്ചു: നീ ഹറൂരിയ്യഃ വിഭാഗക്കാരിയാണോ? ഞാൻ പറഞ്ഞു: ഞാൻ ഹറൂരിയ്യക്കാരിയൊന്നുമല്ല; ഞാൻ ചോദിച്ചെന്നു മാത്രം. അവർ പറഞ്ഞു: ഞങ്ങൾക്കത് സംഭവിക്കാറുണ്ടായിരുന്നു. അപ്പോൾ ഞങ്ങളോട് നോമ്പ് നോറ്റുവീട്ടാൻ കല്പിക്കപ്പെട്ടിരുന്നു. എന്നാൽ നമസ്കാരം നഷ്ടപ്പെട്ടതു വീട്ടാൻ കല്പിക്കപ്പെടാറുണ്ടായിരുന്നില്ല താനും.] (മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

ഇവിടെ ആയിശഃ ﵂ നടത്തുന്ന പ്രതികരണം വളരെ ശ്രദ്ധേയമാണ്. ഖവാരിജുകളിലെ ഏറ്റവും തീവ്രവിഭാഗമാണ് ഹറൂരികൾ. നീ അവരിൽപെട്ടവളാണോ എന്നാണ് ആദ്യമായി മുആദഃയോട് ചോദിക്കുന്നത്. അത് ധ്വനിപ്പിക്കുന്നത് അവർ ഉന്നയിച്ചത് ഒരു ന്യായമായ സംശയമല്ല; അവരുടെ ചോദ്യത്തിൽ മണക്കുന്നത് പിഴച്ചുപോയ ഖവാരിജുകൾ ഉയർത്തുന്ന ആശയക്കുഴപ്പമാണ് എന്നാണ്. കർമ്മപരമായ ഒരു സംശയത്തിന് നൽകേണ്ട വിശദീകരണമല്ല പിന്നീട് നൽകുന്നത്. ദീൻ പിന്തുടരേണ്ട രീതിയെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. നബി ﷺയുടെ ശിക്ഷണത്തിൽ വളർന്ന സ്വഹാബിമാർ, അവർ പിന്തുടർന്ന മൻഹജിന്റെ ആധാരശില ഊട്ടിയുറപ്പിക്കാനാണ് ശ്രമിക്കുന്നത്. നീ നേർമാർഗ്ഗത്തിൽ നിലകൊള്ളേണ്ടത് കല്പിക്കപ്പെട്ട പ്രകാരമാണ്; അല്ലാതെ നീ ഇഛരിക്കുന്ന വിധേനയല്ല എന്നവരെ പഠിപ്പിക്കുന്നു. അല്ലാഹു നബി ﷺയോട് തന്നെ കല്പിക്കുന്നത് ഇപ്രകാരമാണ്:

﴿فَلِذَٰلِكَ فَادْعُ ۖ وَاسْتَقِمْ كَمَا أُمِرْتَ... ﴿١٥﴾﴾ (الشورى)

[അതിനാൽ നീ പ്രബോധനം ചെയ്യുക; നിന്നോട് കല്പിക്കപ്പെട്ട പ്രകാരം നേർവഴിയിൽ ഉറച്ചു നിൽക്കുകയും ചെയ്യുക...] (ശൂറാ 15)

തുടർന്നു കൊണ്ട് ആയിശഃ ﵂ പറയുന്നത്, നബി ﷺ ജീവിച്ചിരിക്കുമ്പോൾ ഞങ്ങൾക്ക് ആർത്തവമുണ്ടാകാറുണ്ട്. അപ്പോൾ നഷ്ടപ്പെട്ട നോമ്പ് വീട്ടാൻ ഞങ്ങളോട് കല്പിക്കുമായിരുന്നു. ഞങ്ങൾ അത് അനുവർത്തിച്ചു. നമസ്കാരം വീട്ടാൻ കല്പിച്ചില്ല. അത് എന്തുകൊണ്ടെന്ന് ഞങ്ങൾ ചോദിച്ചതുമില്ല. കല്പിച്ചത് നിർവ്വഹിക്കാനും അതിനു കീഴ്പ്പെടാനുമല്ലാതെ, കല്പനയുടെ യുക്തി പരിശോധിക്കുന്നത് ഞങ്ങളുടെ മാർഗ്ഗമല്ല. അത് ഖവാരിജുകളുടെ രീതിയാണ്. അത് നീ സൂക്ഷിക്കൂ എന്നാണ് അവർ വിവക്ഷിച്ചത്.

മതപരമായ കാര്യങ്ങളിൽ അഹ്ലുസ്സുന്നഃ ബുദ്ധിക്ക് പ്രാമുഖ്യം നൽകില്ല; പ്രമാണരേഖകൾക്കാണ് മുൻഗണന നൽകുക. അതിനുള്ള ലളിതമായ ഒരു ഉദാഹരണം നോക്കൂ. അവർ മസ്ജിദിനകത്ത് ചെരിപ്പണിഞ്ഞു നമസ്കരിക്കും. മഖ്ബറയിലൂടെ നടക്കുമ്പോൾ ചെരിപ്പഴിച്ചു വെക്കുകയും ചെയ്യും. അതിനു കാരണം ഒന്നേയുള്ളു: അങ്ങനെയാണ് കല്പിക്കപ്പെട്ടിരിക്കുന്നത്. പ്രമാണരേഖകളിൽ സ്ഥിരപ്പെട്ടാൽ പിന്നെ, അഭീഷ്ടങ്ങളെയോ അഭിപ്രായങ്ങളെയോ അവർ ഗൗനിക്കുകയില്ല. അല്ലാഹുവിന്റെ തൃപ്തിയാണ് അവരുടെ ലക്ഷ്യം. പടപ്പുകളുടെ ഇഷ്ടാനിഷ്ടങ്ങൾ അവർ നോക്കുന്നില്ല. കാരണം ഇത് ദീനാണ്; പ്രമാണങ്ങളിൽ വന്നതാണ് ദീൻ. അത് അപ്പടി പിന്തുടരുകയേ നിർവ്വാഹമുള്ളു. ഇക്കാര്യം അലി ﵁ തന്നെ വ്യക്തമാക്കുന്നത് കാണുക:

عن علي ﵁ قال: «لو كان الدين بالرأي لكان أسفل الخف أولى بالمسح من أعلاه، وقد رأيت رسول الله ﷺ يمسح على ظاهر خفيه» [أبو داود في سُننهِ وصحّحه الألباني]

[അലി ﷺ പറയുന്നു: ദീൻ യുക്തിയുടെ അടിസ്ഥാനത്തിലായിരുന്നുവെങ്കിൽ ബൂട്ടിന്റെ താഴ്ഭാഗമായിരുന്നു മുകൾ ഭാഗത്തെക്കാൾ തടവാൻ തരപ്പെട്ടത്. എന്നാൽ നബി ﷺ തന്റെ ഇരുബൂട്ടുകളുടെയും മുകൾ ഭാഗം തടവുന്നതായിട്ടാണ് ഞാൻ കണ്ടത്.] (അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

## തർക്കങ്ങൾക്കും സംവാദങ്ങൾക്കും ഇടമില്ല

അതിജയിക്കാൻ വേണ്ടി മാത്സര്യബുദ്ധിയോടെ നടത്തുന്ന ചർച്ചയാണ് തർക്കം. വെറുക്കപ്പെട്ട ഈ തർക്കത്തിന് അഹ്ലുസ്സുന്നഃ മുതിരുകയില്ല. അവർ ഫിത്നഃ ഉദ്ദേശിക്കുന്നവരല്ല. അതിനാൽ വ്യാഖ്യാന സാധ്യതകൾ തേടി സംശയാസ്പദമായ വാക്യങ്ങളുടെ പിന്നാലെ പോവുകയുമില്ല. സംശയാസ്പദമായ വചനങ്ങളെ തദ്വിഷയകമായി വന്നിട്ടുള്ള സ്വതഃസ്പഷ്ടവും ഖണ്ഡിതവുമായ വചനങ്ങളിലേക്ക് മടക്കും. അവർ നോക്കുന്നത് അവരോട് കല്പിക്കപ്പെട്ടതും വിലക്കപ്പെട്ടതുമായ കാര്യങ്ങളിലേക്കായിരിക്കും. അവ നിറവേറ്റുന്നതിലായിരിക്കും അവരുടെ മുഴുശ്രദ്ധയും. അവർ സദാ ഹൃദയ നൈർമല്യവും ലാവണ്യവും കാത്തുസൂക്ഷിക്കും. വിനയത്തിന്റെയും അർപ്പണത്തിന്റെയും വഴിയാണവർ തെരഞ്ഞെടുത്തിരിക്കുന്നത്. തർക്കം അഹങ്കാരികളുടെ വഴിയാണ്. അത് വിശ്വാസികൾക്ക് ഭൂഷണമല്ല. അല്ലാഹു പറയുന്നു:

﴿إِنَّ الَّذِينَ يُجَادِلُونَ فِي آيَاتِ اللَّهِ بِغَيْرِ سُلْطَانٍ أَتَاهُمْ إِنْ فِي صُدُورِهِمْ إِلَّا كِبْرٌ مَا هُمْ بِبَالِغِيهِ فَاسْتَعِذْ بِاللَّهِ إِنَّهُ هُوَ السَّمِيعُ الْبَصِيرُ ﴿٥٦﴾﴾ (غَافِر)

[നിശ്ചയമായും, തങ്ങൾക്കു വന്നുകിട്ടിയ യാതൊരു ആധികാരിക ലക്ഷ്യവുമില്ലാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ കുറിച്ച് തർക്കിക്കുന്നവരാരോ അവരുടെ ഹൃദയങ്ങളിൽ, തങ്ങൾക്ക് എത്താനാവാത്ത അഹംഭാവമല്ലാതൊന്നുമില്ല. ആയതിനാൽ നീ അല്ലാഹുവിനോടു രക്ഷതേടുക; തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.] (ഗാഫിർ 56)

ഖുർആൻ അല്ലാഹു അവതരിപ്പിച്ച വചനമാണ്. അതിൽ സന്മാർഗ്ഗദർശനമുണ്ട്. സൂക്ഷ്മത പുലർത്തുന്നവർക്കേ അത് ലഭിക്കുകയുള്ളു. ആരാണ് സൂക്ഷ്മത പുലർത്തുന്നവർ? ഗൈബിൽ വിശ്വസിക്കുന്നവർ തന്നെ. അല്ലാത്തവർക്ക് ഖുർആനിന്റെ വെളിച്ചം ലഭിച്ചുകൊള്ളണമെന്നില്ല. അവർ ഖുർആൻ കൊണ്ട് പിഴച്ചുപോയെന്നും വരാം. അതിൽ രണ്ടു തരം വചനങ്ങളുണ്ട്. ഒന്ന്, ഖണ്ഡിതവും സ്വതഃസ്പഷ്ടവുമായ സൂക്തങ്ങൾ. അവയാണ് ഖുർആനിലെ അടിസ്ഥാന വചനങ്ങൾ. മറ്റൊന്ന്, സംശയാസ്പദമായ സൂക്തങ്ങൾ. ഹൃദയത്തിൽ വക്രതയുള്ളവർ അവയുടെ പിന്നാലെ പോകും. അവയിൽ ദുർവ്യാഖ്യാനത്തിനുള്ള പഴുതുകൾ കണ്ടെത്തും. അവർ ഫിത്നഃയാണ് ഉദ്ദേശിക്കുന്നത്. അല്ലാഹു പറയുന്നത് കാണുക:

﴿هُوَ الَّذِي أَنزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُّحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ ۖ فَأَمَّا الَّذِينَ فِي قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ وَابْتِغَاءَ تَأْوِيلِهِ ۗ وَمَا يَعْلَمُ تَأْوِيلَهُ إِلَّا اللَّهُ ۗ وَالرَّاسِخُونَ فِي الْعِلْمِ يَقُولُونَ آمَنَّا بِهِ كُلٌّ مِّنْ عِندِ رَبِّنَا ۗ وَمَا يَذَّكَّرُ إِلَّا أُولُو الْأَلْبَابِ ﴿٧﴾﴾ (آلُ عِمْرَانَ)

[അവനാണ് താങ്കൾക്ക് ഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നത്. അതിൽ ഖണ്ഡിതമായ വചനങ്ങളുണ്ട് - അവയാണ് ഗ്രന്ഥത്തിന്റെ അടിസ്ഥാനം; അതിൽ മറ്റു ചില സംശയാസ്പദമായ വചനങ്ങളുമുണ്ട്. ഹൃദയങ്ങളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിച്ചും ദുർവ്യാഖ്യാനം നടത്താൻ ആഗ്രഹിച്ചും സംശയാസ്പദമായ വചനങ്ങൾ പിന്തുടരുന്നു. അവയുടെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിനല്ലാതെ അറിയുകയില്ല. എന്നാൽ പരിണതപ്രജ്ഞർ പറയുക ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു, എല്ലാം ഞങ്ങളുടെ റബ്ബിൽനിന്നുള്ളതാകുന്നു എന്നാണ്. ബുദ്ധിശാലികളല്ലാതെ കാര്യങ്ങൾ ഉൾക്കൊള്ളുകയില്ല.] (ആലു ഇംറാൻ: 7)

ഖുർആനിലെ സംശയാസ്പദമായ വചനങ്ങൾ തേടിപ്പോകുന്നത് ഹൃദയത്തിൽ വക്രതയുള്ള ഫിത്നഃക്കാരാണ്. അവർ തർക്കത്തിനു മുതിരുകയും അഭീഷ്ടങ്ങൾക്കനുസരിച്ച് അവയെ ദുർവ്യാഖ്യാനിക്കുകയും ചെയ്യും. അത്തരക്കാരെ സൂക്ഷിക്കാനാണ് നബി ﷺ കല്പിച്ചിരിക്കുന്നത്. സന്മാർഗ്ഗം ലഭിച്ചതിനു ശേഷം മനുഷ്യൻ വഴികേടിലേക്ക് ചാടുന്നത് തർക്കത്തിന്റെ വാതിലിലൂടെയാണ്. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي أُمَامَةَ قَالَ: قَالَ رَسُولُ اللَّهِ ﷺ: «مَا ضَلَّ قَوْمٌ بَعْدَ هُدًى كَانُوا عَلَيْهِ إِلَّا أُوتُوا الْجَدَلَ» [أَحْمَدُ فِي مُسْنَدِهِ وَصَحَّحَهُ الْأَلْبَانِي]

[അബൂ ഉമാമഃ رضي الله عنه നിവേദനം. നബി ﷺ പറയുന്നു: സന്മാർഗ്ഗം പ്രാപിച്ച് അതിൽ നിലക്കൊണ്ടിരുന്ന ഒരു ജനതയും അവർക്ക് തർക്കം നൽകപ്പെട്ടു കൊണ്ടല്ലാതെ പിഴച്ചുപോയിട്ടില്ല.] (അഹ്മദ് മുസ്നദിൽ ഉദ്ധരിച്ചത്)

തർക്കം ഒരു കഴിവോ അനുഗ്രഹമോ അല്ല; എല്ലാ തൗഫീഖും മുടക്കുന്ന ദുരന്തമാണ്. അത് ദീനീ പ്രബോധനത്തിനുള്ള മാർഗ്ഗമോ ഉപാധിയോ അല്ല. അഹങ്കാരത്തിനും വഴികേടിനുമുള്ള ഹേതുകമാണ്. മഹാന്മാരായ പണ്ഡിതന്മാർ അതിനെ കുറിച്ച് താക്കീത് നൽകുന്നത് എപ്രകാരമാണെന്ന് കാണുക:

وإذا أراد الله بعبد شراً أَغلق عنه باب العمل وفَتح له باب الجدل... وقيل له (أي لمالك بن أنس) الرجل يكون عالماً بالسنن يجادل عنها؟ قال: لا، ولكن يخبر بالسنة فإن قُبل منه وإلا سكت، وقال: المراء والجدال في العلم يَذْهب بنور العلم، وقال المراء في العلم يُقسِّي القلبَ ويورث الضِغْنَ. [ابن رجب في مجموع رسائله]

[അല്ലാഹു ഒരു അടിയന് തിന്മ ഉദ്ദേശിച്ചാൽ കർമ്മത്തിന്റെ വാതിൽ അടക്കുകയും തർക്കത്തിന്റെ വാതിൽ തുറന്നു കൊടുക്കുകയും ചെയ്യും...

ഇമാം മാലിക് ﷀയോട് ചോദിക്കപ്പെട്ടു: ഒരാൾ സുന്നത്തുകളെ കുറിച്ച് തർക്കിച്ചാൽ അയാൾ അതിനെ കുറിച്ച് അവഗാഹമുള്ളവനായിരിക്കുമോ?

അദ്ദേഹം പറഞ്ഞു: ഇല്ല. അദ്ദേഹം സുന്നത്തിനെ കുറിച്ച് പറഞ്ഞു കൊടുക്കുകയാണ് വേണ്ടത്. അയാളിൽനിന്ന് അത് സ്വീകരിച്ചാലായി. ഇല്ലെങ്കിൽ മൗനം ദീക്ഷിക്കണം.

അദ്ദേഹം തുടരുന്നു: മതവിജ്ഞാനത്തിലുള്ള തർക്കവും സംവാദവും അറിവിന്റെ വെളിച്ചം കെടുത്തും. മതവിജ്ഞാനത്തിലുള്ള തർക്കം ഹൃദയം പരുഷമാക്കുകയും, പക ജനിപ്പിക്കുകയും ചെയ്യും.] (ഇബ്നു റജബ് | മജ്മൂഉർറസാഇൽ)

ചുരുക്കത്തിൽ, സത്യം തെളിയുക എന്നതിനു പകരം, പ്രതിയോഗിയെ പരാജയപ്പെടുത്തി താൻ വിജയിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഏതൊരു ചർച്ചയും ശർഅ് വിലക്കിയ ജിദാലിന്റെ അഥവാ തർക്കത്തിന്റെ പരിധിയിലുൾപ്പെടും. എന്നാൽ അല്ലാഹു വഹ്‌യായി അവതരിപ്പിച്ച ഉദാത്തമായ വചനങ്ങളുണ്ട് (أَحْسَنُ الْحَدِيثِ). അത് മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കാൻ അവരുമായി സംവദിക്കുന്നത് ശർഅ് വിലക്കിയ ജിദാലിൽ ഉൾപ്പെടുകയില്ല താനും. അല്ലാഹു പറയുന്നു:

﴿ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ ۖ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ... ﴿١٢٥﴾﴾ (النحل)

[സുന്നത്തും ഉദാത്തമായ സാരോപദേശങ്ങളും കൊണ്ട് നീ നിന്റെ റബ്ബിന്റെ മാർഗ്ഗത്തിലേക്ക് പ്രബോധനം ചെയ്യുക; ഉദാത്തവചനവുമായി നീ അവരോട് സംവദിക്കുകയും ചെയ്യുക...]» (നഹ്ൽ 125)

മേൽ സൂക്തം അർത്ഥമാക്കുന്നത് അല്ലാഹു അവതരിപ്പിച്ച വഹ്‌യ് മറ്റുള്ളവരെ കേൾപ്പിക്കുന്നത് അഭംഗുരം തുടരണം എന്നാണ്. ജിദാലിന്റെ പേരിൽ അതിനു മുടക്കം വരാവതല്ലെന്നു സാരം.

# അല്ലാഹുവിന്റെ കൽപനകൾക്ക് സർവഥാ കീഴ്പ്പെടുക

അഹ്ലുസ്സുന്നഃയെ സംബന്ധിച്ചിടത്തോളം പ്രമാണങ്ങളിൽ വന്ന വചനങ്ങൾക്കും രേഖകൾക്കും കീഴ്പ്പെടുക എന്നത് മതത്തിന്റെ ഇളക്കാനാവാത്ത ഒരു അടിത്തറയാണ്. മതമൂല്യങ്ങളും നിയമങ്ങളും നിശ്ചയിക്കുന്നത് അല്ലാഹുവാണെന്ന് അവർ ഉറച്ചു വിശ്വസിക്കുന്നു. ദീനിന്റെ എല്ലാ വിശദാംശങ്ങളും നബി ﷺ ക്ക് അവൻ വഹ്‌യിലൂടെ ഇറക്കിക്കൊടുത്തതാണ്. അത് അതേപടി പിന്തുടരുകയും, അതിന് സർവഥാ കീഴ്പ്പെടുകയുമാണ് അടിയാറുകളായ മനുഷ്യർ ചെയ്യേണ്ടത്. അല്ലാഹു പറയുന്നത് കാണുക:

﴿لَا تُحَرِّكْ بِهِ لِسَانَكَ لِتَعْجَلَ بِهِ ۝١٦ إِنَّ عَلَيْنَا جَمْعَهُ وَقُرْآنَهُ ۝١٧ فَإِذَا قَرَأْنَاهُ فَاتَّبِعْ قُرْآنَهُ ۝١٨ ثُمَّ إِنَّ عَلَيْنَا بَيَانَهُ ۝١٩﴾ (القيامة)

[നീ ധിറുതിപ്പെട്ട് അതുമായി നിന്റെ നാവ് ചലിപ്പിക്കേണ്ടതില്ല. തീർച്ചയായും അത് സമാഹരിച്ചു തരലും ഓതിത്തരലും നാം ഏറ്റതാണ്. നാം അത് ഓതിയാൽ നീ ആ പാരായണം പിന്തുടർന്നാൽ മതി. പിന്നീട് അത് വിവരിച്ചു തരലും നാം തന്നെ ഏറ്റെടുത്തതാണ്.] (ഖിയാമഃ 16-19)

നബി ﷺ പോലും ദീൻ കാര്യങ്ങൾ സ്വന്തമായി ആവിഷ്കരിക്കുന്നില്ല. അതിന്റെ എല്ലാ വിശദാംശങ്ങളും അല്ലാഹു തന്നെയാണ് നൽകുന്നത്. അത് സത്യസന്ധമായി ജനങ്ങൾക്ക് എത്തിക്കേണ്ട ബാധ്യതയാണ് നബി ﷺയെ ഏൽപിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നത് കാണുക:

﴿وَمَا يَنطِقُ عَنِ الْهَوَىٰ ۝٣ إِنْ هُوَ إِلَّا وَحْيٌ يُوحَىٰ ۝٤﴾ (النجم)

[അവിടുന്ന് അഭീഷ്ടമനുസരിച്ചല്ല സംസാരിക്കുന്നത്. അത് ബോധനം ചെയ്യപ്പെടുന്ന വഹ്‌യല്ലാതെ മറ്റൊന്നുമല്ല.] (നജ്മ് 3, 4)

﴿وَأَطِيعُوا اللهَ وَأَطِيعُوا الرَّسُولَ ۚ فَإِن تَوَلَّيْتُمْ فَإِنَّمَا عَلَىٰ رَسُولِنَا الْبَلَاغُ الْمُبِينُ ﴿١٢﴾﴾ (التغابن)

[നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക. നിങ്ങൾ റസൂലിനെയും അനുസരിക്കുക. നിങ്ങൾ പിന്തിരിയുന്ന പക്ഷം നമ്മുടെ ദൂതനുമേലുള്ള കടമ വ്യക്തമായ പ്രബോധനം മാത്രമാകുന്നു.] (തഗാബുൻ 12)

ജനങ്ങൾ ഒന്നേ ചെയ്യേണ്ടൂ. അല്ലാഹു അവതരിപ്പിച്ച, മുഹമ്മദ് നബി ﷺ അവർക്ക് എത്തിച്ചു കൊടുത്ത മതം അതേപടി പിന്തുടരുക. അതിനപ്പുറം മറ്റൊന്നും അവരെ ഏൽപിച്ചിട്ടില്ല; മതനിയമങ്ങൾ ആവിഷ്കരിക്കാനുള്ള കഴിവും ശേഷിയും അവർക്കു നൽകിയിട്ടുമില്ല. അല്ലാഹു പറയുന്നത് കാണുക:

﴿إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا سَمِعْنَا وَأَطَعْنَا ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٥١﴾﴾ (النُّورُ)

[തങ്ങൾക്കിടയിൽ തീർപ്പുകല്പിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ വിശ്വാസികളുടെ പ്രതികരണം, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണു വിജയികൾ.] (നൂർ 51)

അല്ലാഹുവിന്റെ കല്പന എന്തു തന്നെയായിരുന്നാലും അതിന് കീഴ്പ്പെടുകയല്ലാതെ മറ്റൊരു വഴിയില്ല. വിസമ്മതമില്ലാതെ, വിമ്മിട്ടമില്ലാതെ, വീണ്ടുവിചാരമില്ലാതെ അഹം വെടിഞ്ഞുള്ള ഈ സമർപ്പണമാണ് അല്ലാഹു അവന്റെ അടിയാറുകളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. അതിലേക്ക് വെളിച്ചം വീശുന്ന ഒരു സംഭവം ഇമാം മുസ്‌ലിം ؒ ഉദ്ധരിച്ചിട്ടുള്ളത് താഴെ കൊടുക്കാം:

عَنْ أَبِي هُرَيْرَةَ قَالَ: لَمَّا نَزَلَتْ عَلَى رَسُولِ اللهِ ﷺ ﴿لِلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ وَإِنْ تُبْدُوا مَا فِي أَنْفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُمْ بِهِ اللهُ فَيَغْفِرُ لِمَنْ يَشَاءُ

وَيُعَذِّبُ مَنْ يَشَاءُ وَاللهُ عَلَى كُلِّ شَيْءٍ قَدِيرٌ ﴿٢٨٤﴾ (الْبَقَرَةُ)، قَالَ: فَاشْتَدَّ ذَلِكَ عَلَى أَصْحَابِ رَسُولِ اللهِ ﷺ، فَأَتَوْا رَسُولَ اللهِ ﷺ ثُمَّ بَرَكُوا عَلَى الرُّكَبِ، فَقَالُوا: أَيْ رَسُولَ اللهِ، كُلِّفْنَا مِنَ الْأَعْمَالِ مَا نُطِيقُ، الصَّلَاةَ وَالصِّيَامَ وَالْجِهَادَ وَالصَّدَقَةَ، وَقَدِ أُنْزِلَتْ عَلَيْكَ هَذِهِ الْآيَةُ وَلَا نُطِيقُهَا، قَالَ رَسُولُ اللهِ ﷺ: «أَتُرِيدُونَ أَنْ تَقُولُوا كَمَا قَالَ أَهْلُ الْكِتَابَيْنِ مِنْ قَبْلِكُمْ سَمِعْنَا وَعَصَيْنَا؟ بَلْ قُولُوا: سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ»، قَالُوا: سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ، فَلَمَّا اقْتَرَأَهَا الْقَوْمُ، ذَلَّتْ بِهَا أَلْسِنَتُهُمْ، فَأَنْزَلَ اللهُ فِي إِثْرِهَا: ﴿آمَنَ الرَّسُولُ بِمَا أُنْزِلَ إِلَيْهِ مِنْ رَبِّهِ وَالْمُؤْمِنُونَ كُلٌّ آمَنَ بِاللهِ وَمَلَائِكَتِهِ وَكُتُبِهِ وَرُسُلِهِ لَا نُفَرِّقُ بَيْنَ أَحَدٍ مِنْ رُسُلِهِ وَقَالُوا سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ ﴿٢٨٥﴾ (الْبَقَرَةُ)، فَلَمَّا فَعَلُوا ذَلِكَ نَسَخَهَا اللهُ تَعَالَى، فَأَنْزَلَ اللهُ عَزَّ وَجَلَّ: ﴿لَا يُكَلِّفُ اللهُ نَفْسًا إِلَّا وُسْعَهَا لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا ﴿٢٨٦﴾ (الْبَقَرَةُ) «قَالَ: نَعَمْ» ﴿رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا ﴿٢٨٦﴾ (الْبَقَرَةُ) «قَالَ: نَعَمْ» ﴿رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ ﴿٢٨٦﴾ (الْبَقَرَةُ) «قَالَ: نَعَمْ» ﴿وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنْتَ مَوْلَانَا فَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ ﴿٢٨٦﴾ (الْبَقَرَةُ) «قَالَ: نَعَمْ».

[مُسْلِمٌ فِي صَحِيحِهِ]

**[അബൂ ഹുറയ്റഃ ﷺ പറയുന്നു: «ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം അല്ലാഹുവിന്റേതാണ്. നിങ്ങൾ നിങ്ങളുടെ മനസ്സിലുള്ളത് വെളിവാക്കിയാലും മറച്ചുവെച്ചാലും അത് അല്ലാഹു വിചാരണക്ക് വിധേയമാക്കുക തന്നെ ചെയ്യും. അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും അവനുദ്ദേശിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു എല്ലാറ്റിനും കഴിവുറ്റവനാകു**

ന്നു.» (ബഖറഃ 284) എന്ന സൂക്തം അല്ലാഹുവിന്റെ ദൂതന് അവതരിച്ചപ്പോൾ അത് അവിടുത്തെ അനുചരന്മാർക്ക് കഠിനതരമായി തോന്നി. അവർ നബി ﷺ യുടെ അടുക്കൽ ചെന്ന് മുട്ടുകുത്തി നിന്നു കൊണ്ട് പറഞ്ഞു:

"അല്ലാഹുവിന്റെ ദൂതരേ, കർമ്മങ്ങളിൽനിന്ന് ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളായിരുന്നു ഇതുവരെ ഞങ്ങളെ വഹിപ്പിച്ചിരുന്നത് - നമസ്കാരം, നോമ്പ്, ജിഹാദ്, സ്വദഖഃ മുതലായവ. എന്നാൽ താങ്കൾക്ക് അവതരിപ്പിക്കപ്പെട്ട ഈ സൂക്തം, അത് ഞങ്ങൾക്ക് വഹിക്കാൻ കഴിയുന്ന കാര്യമല്ല."

അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: «നിങ്ങൾക്ക് മുമ്പ് ഗ്രന്ഥം നൽകപ്പെട്ട രണ്ടു വിഭാഗക്കാരും പറഞ്ഞ പോലെ, 'ഞങ്ങൾ കേട്ടിരിക്കുന്നു, ധിക്കരിച്ചിരിക്കുന്നു' എന്നു പറയാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?

മറിച്ച് നിങ്ങൾ പറയേണ്ടത്, 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു; ഞങ്ങളുടെ റബ്ബേ, നീ ഞങ്ങളോട് പൊറുക്കേണമേ; നിന്നിലേക്കാകുന്നു മടക്കം' എന്നാണ്.»

അവർ പറഞ്ഞു: "ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, നീ ഞങ്ങളോട് പൊറുക്കേണമേ; നിന്നിലേക്കാകുന്നു മടക്കം."

അങ്ങനെ അവർ അപ്രകാരം ചൊല്ലുകയും അത് അവരുടെ നാവുകളിൽ വഴങ്ങുകയും ചെയ്തതിനെ തുടർന്ന് അല്ലാഹു അവതരിപ്പിച്ചു: «റസൂൽ തന്റെ റബ്ബിങ്കൽനിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ വിശ്വസിച്ചിരിക്കുന്നു; സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ഒരാൾക്കിടയിലും ഞങ്ങൾ വിവേചനം കാണിക്കുകയില്ല. അവർ ഇപ്രകാരം പറയുകയും ചെയ്തു: ഞങ്ങൾ കേൾക്കുകയും അനുസരി

ക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, ഞങ്ങളോട് നീ പൊറുക്കേണമേ; നിന്നിലേക്കാകുന്നു മടക്കം.»

അവർ അങ്ങനെ ചെയ്തപ്പോൾ അല്ലാഹു അത് ദുർബ്ബല പ്പെടുത്തുകയും അനന്തരം ഇപ്രകാരം അവതരിപ്പിക്കുകയും ചെയ്തു:

«ഒരാത്മാവിനെയും അതിന്റെ കഴിവിൽപെടാത്തതൊന്നും അല്ലാഹു വഹിപ്പിക്കുകയില്ല. അത് സമ്പാദിച്ചത് അതിനുണ്ടായി രിക്കും. അതു ചെയ്തുവെച്ച (തിന്മ) അതിനു പ്രതികൂലമായും ഭവിക്കും. ഞങ്ങളുടെ റബ്ബേ, ഞങ്ങൾ മറന്നുപോയതിന്റെയോ, അബദ്ധവശാൽ ചെയ്തുപോയതിന്റെയോ പേരിൽ ഞങ്ങളെ നീ പിടികൂടരുതേ.»

അല്ലാഹു പറഞ്ഞു: «അതെ»

അവർ പറഞ്ഞു: "ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് മുമ്പുള്ളവ രുടെമേൽ നീ ചുമത്തിയ പോലെ ഞങ്ങളുടെമേൽ നീ ദുർവ്വഹ മായ ഭാരങ്ങൾ ചുമത്തരുതേ."

അല്ലാഹു പറഞ്ഞു: «അതെ»

"ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് സാധ്യമല്ലാത്ത യാതൊന്നും ഞങ്ങളെ നീ വഹിപ്പിക്കരുതേ."

അവൻ പറഞ്ഞു: «അതെ»

"ഞങ്ങൾക്ക് മാപ്പുനൽകുകയും, ഞങ്ങളോട് പൊറുക്കുക യും കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളു ടെ സംരക്ഷകൻ. ആകയാൽ അവിശ്വാസികളായ ജനങ്ങൾക്കെ തിരിൽ ഞങ്ങളെ നീ സഹായിക്കേണമേ."

അവൻ പറഞ്ഞു: «അതെ» (മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

അല്ലാഹുവിന്റെ പദ്ധതികൾ സൂക്ഷ്മവും സോദ്ദേശ്യപര

വുമാണ്. അതിൽ യാതൊരു വിധ അപാകമോ വൈകല്യമോ കാണുക സാധ്യമല്ല. ശർഇന്റെ മേഖലയെ കുറിച്ചുള്ള അവന്റെ രൂപരേഖയിൽ ഒരു വിശ്വാസിയുടെ സ്ഥാനം അടയാളപ്പെടുത്തിയിരിക്കുന്നത് എത്ര നീതിപൂർവ്വകമാണ്! ഇമാം സുഹ്‌രി ﵀ യുടെ വാക്കുകളിൽ അത് സുതരാം വ്യക്തമാണ്:

وَقَالَ الزُّهْرِيُّ: مِنَ اللهِ الرِّسَالَةُ، وَعَلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ البَلاَغُ، وَعَلَيْنَا التَّسْلِيمُ. [الْبُخَارِيُّ فِي صَحِيحِهِ]

[ഇബ്‌നു ശിഹാബ് അസ്സുഹ്‌രി ﵀ പറയുന്നു: മാർഗ്ഗദർശനം അല്ലാഹുവിൽനിന്നാണ് ലഭിക്കേണ്ടത്. റസൂലിന്റെ ബാധ്യത അത് എത്തിച്ചു കൊടുക്കുക എന്നതാണ്. നമ്മുടെ കടമ അതിനു സർവഥാ കീഴ്‌പ്പെടുക എന്നതും.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

## അഹ്‌ലുസ്സുന്നഃ: പ്രമാണബദ്ധവും പ്രായോഗികവുമായ ഐക്യത്തിന്റെ മാതൃക

നബി ﷺ യും സ്വഹാബത്തും ഏതൊരു മാർഗ്ഗത്തിലായിരുന്നുവോ അതേ മാർഗ്ഗം കണിശമായി പിന്തുടരുന്നവരാണ് അഹ്‌ലുസ്സുന്നഃ. അവരുടെ മുഖമുദ്രയാണ് ഐക്യം. അത് യാഥാർത്ഥ്യമാകുന്നതിന് ഉതകുന്ന എല്ലാ മാർഗ്ഗങ്ങളും അവർ അവലംബിക്കും. ഭിന്നിപ്പിലേക്കും ഛിദ്രതയിലേക്കും നയിക്കുന്ന എല്ലാ വഴികളും അവർ കൊട്ടിയടക്കും. അവർ എപ്പോഴും മുസ്‌ലിം ഭരണാധികാരിയും പ്രജകളും അടങ്ങുന്ന അൽ ജമാഅഃയുടെ കൂടെയാണ് നിലയുറപ്പിക്കുക.

പൂർവിക സമുദായങ്ങൾ എഴുപത്തിയൊന്നും എഴുപത്തിരണ്ടും കക്ഷികളായി ഭിന്നിച്ചത് അഭീഷ്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. എഴുപത്തിമൂന്ന് കക്ഷികളായി ഈ സമുദായവും ഭിന്നിക്കും. അതും അഭീഷ്ടങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഇത് നബി ﷺ നൽകിയ താക്കീതാണ്. അതിനാൽ അഭീഷ്ടങ്ങ

ളെയും അത് പിന്തുടരുന്നവരെയും അവർ വെറുക്കുകയും അധി ക്ഷേപിക്കുകയും ചെയ്യും. അതിനെ കുറിച്ചവർ താക്കീത് നൽ കുകയും ചെയ്യും. താഴെ കൊടുക്കുന്ന ഹദീസ് ശ്രദ്ധിക്കുക:

وعن أبي عامر الهوزني أنه حج مع معاوية ﵁ فسمعه يقول: قام فينا رسول الله ﷺ يوما فذكر: «إن أهل الكتاب قبلكم تفرقوا على اثنتين وسبعين فرقة في الأهواء، ألا وإن هذه الأمة ستفترق على ثلاث وسبعين فرقة في الأهواء، كلها في النار إلا واحدة وهي الجماعة، ألا وإنه يخرج في أمتي قوم يهوون هوى، يتجارى بهم ذلك الهوى كما يتجارى الكلب بصاحبه، لا يدع منه عرقا ولا مفصلا إلا دخله» [السنة لابن أبي عاصم]

[അബൂ ആമിർ അൽ ഹൗസനി ﵀ നിവേദനം. അദ്ദേഹം മുആ വിയഃ ﵁വിന്റെ കൂടെ ഹജ്ജ് നിർവ്വഹിച്ചു. അപ്പോൾ അദ്ദേഹം ഇപ്രകാരം പറയുന്നതായി കേട്ടു: ഒരിക്കൽ നബി ﷺ ഞങ്ങളു ടെ മുന്നിൽ എഴുന്നേറ്റുനിന്ന് ഇങ്ങനെ പറഞ്ഞു: നിങ്ങൾക്ക് മു മ്പുള്ള ഗ്രന്ഥാവകാശികൾ അഭീഷ്ടങ്ങളുടെ പേരിൽ എഴുപത്തി രണ്ട് കക്ഷികളായി ഭിന്നിച്ചു. ഈ സമുദായവും അഭീഷ്ടങ്ങളു ടെ പേരിൽ എഴുപത്തി മൂന്ന് കക്ഷികളായി ഭിന്നിക്കും. എല്ലാ വരും നരകത്തിലായിരിക്കും; ഒന്നൊഴികെ. അവരാണ് അൽ ജമാഅഃ. അറിയുക! എന്റെ സമുദായത്തിൽ അഭീഷ്ടങ്ങൾ പിന്തു ടരുന്ന ഒരു വിഭാഗം പുറപ്പെടാനിരിക്കുന്നു. പേബാധിച്ചവനിൽ പേവിഷം ഒഴുകി നടക്കുന്ന പോലെ ആ അഭീഷ്ടങ്ങൾ അവരിൽ ഒഴുകി നടക്കും. ഞരമ്പോ സന്ധിയോ ഒന്നു പോലും അത് ബാ ധിക്കാതെ വിട്ടേക്കില്ല.] (ഇബ്ന അബീ ആസ്വിം | അസ്സുന്നഃ)

ഭദ്രമായ ഒരു അടിത്തറയിൽ മാത്രമേ ഐക്യം സ്ഥാപിക്കാ നാകുകയുള്ളു. ഐക്യത്തിന്റെ ആധാരം ഇവയാണ്: വ്യാജദൈ വങ്ങളെ വെടിഞ്ഞ് അല്ലാഹുവിന്റെ മാത്രം ആരാധ്യത ഉയർത്തി പ്പിടിക്കുക, ഛിദ്രത വെടിഞ്ഞ് അല്ലാഹു ഇറക്കിയ പാശം മുറുകെ

പിടിക്കുക, അല്ലാഹു അധികാരം ഏൽപിച്ച ഭരണാധികാരിക ളോട് തികഞ്ഞ ഗുണകാംക്ഷ പുലർത്തി അവരോട് മത്സരിക്കാ തിരിക്കുക. ഈ ആധാരങ്ങളിൽ സ്ഥാപിതമാകുന്ന ഐക്യത്തി നേ സ്ഥായീഭാവം കൈവരികയുള്ളു. മറ്റെല്ലാ ഐക്യശ്രമങ്ങളും കൃത്രിമവും വിഫലവുമായിരിക്കും.

## അഹ്ലുസ്സുന്നഃ മതവിധി കണ്ടെത്തുന്ന രീതി

മനുഷ്യൻ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന സക ലമാന പ്രശ്നങ്ങളെയും ഖുർആനിലേക്കും സുന്നത്തിലേക്കും മട ക്കുകയാണ് വേണ്ടത്. പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മത വിധി കണ്ടെത്തുന്നതിന് അഹ്ലുസ്സുന്നഃക്ക് സവിശേഷമായ ഒരു രീതിയുണ്ട്. അതിന്റെ ഒരു സംഗ്രഹം താഴെ കൊടുക്കാം:

1. മതവിധി കണ്ടെത്തേണ്ട വിഷയം നിർണ്ണയിക്കുക.
2. ഇസ്‌ലാമിന്റെ പ്രമാണങ്ങൾ നസ്സ്വും ഇജ്മാഉം ആകയാൽ കാര്യം അവയിലേക്ക് മാത്രം മടക്കുകയും അവയിൽ തെളിവ് അന്വേഷിക്കുകയും ചെയ്യുക.
3. ഖുർആനും സുന്നത്തും രണ്ടും വഹ്‌യു തന്നെ. ആകയാൽ അവയെ ഒരു ഏകകമായി കണക്കാക്കുകയും തത്തുല്യമായ പ്രമാണങ്ങളെന്ന നിലയിൽ രണ്ടിലും ഒരേ സമയം തെളിവ് അന്വേഷിക്കുകയും ചെയ്യുക.
4. ഖുർആൻ മുഴുവനും മുതവാതിർ ആകയാൽ അതിന്റെ സ്വീകാ ര്യത സംബന്ധിച്ച് പരിശോധന നടത്തേണ്ടതില്ല. എന്നാൽ നബിചര്യയിൽ വ്യക്തിയധിഷ്ഠിത രിവായത്തുകളുള്ളതിനാൽ അവയുടെ സ്വീകാര്യത ഉറപ്പ് വരുത്തുക. ദുർബ്ബലമായ രിവാ യത്തുകളും, മറ്റുവിധേന രോഗാതുരമായിത്തീർന്ന ഉദ്ധരണി കളും മാറ്റിനിർത്തുക.
5. പ്രമാണങ്ങളിൽനിന്ന് ലഭിക്കുന്ന മൂലവാക്യങ്ങളുടെ അർത്ഥ

വും വ്യാഖ്യാനവും പ്രയോഗരീതിയും തെറ്റാതിരിക്കാൻ സ്വഹാബത്തിന്റെ ഗ്രാഹ്യമനുസരിച്ച് മാത്രം അവ സ്വീകരിക്കുക.

6. പ്രമാണവാക്യങ്ങളുടെ സ്വീകാര്യത, തെളിവുകളുടെ സ്വഭാവമനുസരിച്ച് അവക്കു നൽകേണ്ട പരിഗണനകൾ, ഭിന്നാഭിപ്രായങ്ങളുണ്ടാകുമ്പോൾ മുൻഗണന കല്പിക്കാനുള്ള മാനദണ്ഡങ്ങൾ.... പോലുള്ള കാര്യങ്ങളെല്ലാം വിലയിരുത്തുക.

7. അറിയാത്ത കാര്യങ്ങൾ സുന്നത്തിനോട് പ്രതിബദ്ധതയുള്ള പണ്ഡിതന്മാരോട് ചോദിക്കുക.

8. സമുദായത്തെ മൊത്തമായി ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ കൈകാര്യകർത്താക്കളിലേക്ക് മടക്കുക.

9. മതകാര്യങ്ങൾ ചോദിക്കേണ്ടതും അറിവ് സ്വീകരിക്കേണ്ടതും പ്രാമാണിക യോഗ്യരായ പണ്ഡിതന്മാരോടായിരിക്കണം. വിശ്വസ്തരും പരിണതപ്രജ്ഞരുമായ മുതിർന്ന പണ്ഡിതന്മാരിൽനിന്ന് മാത്രമേ ദീൻ കാര്യങ്ങൾ സ്വീകരിക്കാവൂ.

10. ബിദ്അത്തുമായി നടക്കുന്ന അവിവേകികളായ അൽപന്മാരിൽനിന്ന് അറിവും ദീനും സ്വീകരിക്കരുത്.

11. പ്രമാണരേഖകളെക്കാൾ ബുദ്ധിക്കും യുക്തിക്കും മുൻഗണന നൽകാതിരിക്കുക, അവയിൽ തർക്കം നടത്താതിരിക്കുക, മുസ്‌ലിം ഐക്യത്തിന് മുന്തിയ പരിഗണന നൽകുക, അങ്ങനെ ലഭിക്കുന്ന പ്രമാണവചനങ്ങൾക്കും അത് അനുശാസിക്കുന്ന മതവിധിക്കും സർവഥാ കീഴ്പ്പെടുക.

ഖുർആൻ സൂക്തങ്ങളെയോ സ്ഥിരപ്പെട്ട നബിവചനങ്ങളെയോ ഒന്നുപോലും അഹ്‌ലുസ്സുന്നഃ തള്ളുകയില്ല. പ്രമാണരേഖകളെ അവർ അല്ലാഹുവിന്റെയും റസൂലിന്റെയും ഉദ്ദേശ്യവും വിവക്ഷയും അനുസരിച്ച് മാത്രമേ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും സ്വീകരിക്കുകയും ചെയ്യുകയുള്ളു. അറിയാത്ത കാര്യ

ങ്ങൾ പണ്ഡിതന്മാരോട് ചോദിക്കും. യോഗ്യരും വിശ്വസ്തരുമായ പണ്ഡിതന്മാരുമായി അവർ ജനങ്ങളെ ബന്ധിപ്പിക്കും. ഗൗരവതരമായ പൊതുപ്രശ്നങ്ങളെ അവർ ഭരണാധികാരികളിലേക്ക് മടക്കും. മുതിർന്നവരും വിശ്വസ്തരുമായ പണ്ഡിതന്മാർക്ക് മുൻഗണന നൽകും. അൽപന്മാരോട് അവർ അറിവും ദീനും ചോദിക്കുകയില്ല. എളമക്കാരായ അൽപന്മാർ (الْأَصَاغِرُ) അപനിർമ്മിതികളും അഭീഷ്ടങ്ങളും പിന്തുടരുന്ന ദുഷ്ടന്മാരായിരിക്കും. അവസാന കാലത്ത് അറിവ് ക്രമേണ ഉയർത്തപ്പെടും. നബി ﷺ പറയുന്നത് കാണുക:

عن عبد الله بن عمرو بن العاص ﵄ قال: سمعت رسول الله ﷺ يقول: «إن الله لا يقبض العلم انتزاعا ينتزعه من العباد، ولكن يقبض العلم بقبض العلماء، حتى إذا لم يُبق عالما اتخذ الناس رؤوسا جهالا فسُئلوا فأفتوا بغير علم فضلوا وأضلوا» [البخاري في صحيحه]

[അബ്ദുല്ലാ ബിൻ അംറ് ബിൻ ആസ്വ് ﵄ നിവേദനം. അദ്ദേഹം പറയുന്നു, നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: അല്ലാഹു അറിവ് പിടിച്ചെടുക്കുന്നത് അടിയാറുകളിൽനിന്ന് ഒറ്റയടിക്ക് ഊരിയെടുത്തുകൊണ്ടല്ല. മറിച്ച് പണ്ഡിതന്മാരുടെ വിയോഗത്തിലൂടെയാണ് അറിവ് പിടിച്ചെടുക്കുക. അങ്ങനെ ഒരു പണ്ഡിതനെയും അവശേഷിപ്പിക്കാത്ത സ്ഥിതിയെത്തിയാൽ ജനം വിഡ്ഢികളായ നേതാക്കളെ സ്വീകരിക്കും. അവരോട് ചോദിക്കപ്പെടും. അവർ അറിവില്ലാതെ മതവിധി നൽകും. അവർ പിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്യും.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

അവസാന കാലമാകുമ്പോഴേക്കും അവഗാഹവും സൂക്ഷ്മതയുമുള്ള പണ്ഡിതന്മാർ മരണപ്പെടും. അങ്ങനെ അറിവ് ഉയർത്തപ്പെടും. പിന്നീട് അവശേഷിക്കുക അൽപന്മാരും പ്രസംഗകരും റുവൈബിളഃമാരുമായിരിക്കും. അവരിൽനിന്ന് അറിവും ദീനും സ്വീകരിക്കുന്നത് നാശമാണ്. ഇബ്നു മസ്ഊദ് ﵁ പറയുന്നു:

قَالَ ابْنُ مَسْعُودٍ ﵁: «لا يزال الناس بخير ما أتاهم العلم من قبل أصحاب محمد ﷺ وأكابرهم، فإذا أتاهم العلم من قبل أصاغرهم، فذلك حين هلكوا» [ابن المبارك في الزهد]

**[ഇബ്നു മസ്ഊദ് ﵁ പറയുന്നു: നബി ﷺയുടെ അനുചരന്മാരുടെയും മുതിർന്ന പണ്ഡിതന്മാരുടെയും വഴിക്ക് അറിവ് വരുന്നിടത്തോളം കാലം ജനങ്ങൾ നന്മയിലായിരിക്കും. അവരിലെ അൽപന്മാർ വഴി അറിവ് വരുന്നത് അവർ നശിക്കുന്ന സമയത്താണ്.] (ഇബ്നുൽ മുബാറക് | അൽ സുഹ്ദ്)**

**പ്രമാണയോഗ്യരായ പണ്ഡിതശ്രേഷ്ഠരുടെ മേൽനോട്ടത്തിൽ ജീവിക്കുക എന്നത് ഒരു വല്ലാത്ത സുരക്ഷിതത്വമാണ്. ഇഹത്തിലും പരത്തിലും രക്ഷ പ്രാപിക്കാൻ ഇതിനെക്കാൾ നല്ലൊരു വഴി വേറെയില്ല. ഇമാം മാലികിന്റെ ഗുരുവര്യനായ റബീഅഃ ﵀ പറയുന്നത് കാണുക:**

عن ربيعة بن أبي عبد الرحمن أنه قال: الناس في حجور علمائهم كالصبيان في حجور آبائهم. [ابن أبي العز في شرح الطحاوية]

**[റബീഅഃ ബിൻ അബീ അബ്ദിറഹ്മാൻ ﵀ പറയുന്നു: പണ്ഡിതന്മാരുടെ മേൽനോട്ടത്തിൽ കഴിയുന്ന ജനങ്ങൾ പിതാക്കളുടെ മടിത്തട്ടിൽ കഴിയുന്ന കുഞ്ഞുങ്ങളെ പോലെയായിരിക്കും.] (ഇബ്നു അബിൽ ഇസ്സ് | ശർഹുത്ത്വഹാവിയ്യഃ)**

അധ്യായം രണ്ട്

## അഹ്ലുസ്സുന്നഃയുടെ
# പ്രബോധനം

> മനസ്സും മുഖവും സ്വത്വവും അല്ലാഹുവിലേക്ക് തിരിച്ചു നിർത്തുക, അവനെ ഭരമേൽപിക്കുക, അവനിൽ ആശ്രയം കണ്ടെത്തുക, അവനോട് തേടുക, അതാണ് ദുആ അഥവാ അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ആരാധന. അരാധനയിലുള്ള ഏകത്വം സ്ഥാപിക്കാനാണ് നബിമാർ നിയുക്തരായത്.

അഹ്ലുസ്സുന്നഃ വ്യക്തമായ അറിവിന്റെയും തെളിവിന്റെയും അടിസ്ഥാനത്തിൽ ജനങ്ങളെ പ്രബോധനം ചെയ്യുന്നത്, നൂഹ് മുതൽ മുഹമ്മദ് വരെയുള്ള മുഴുവൻ നബിമാരും മുർസലുകളും عليهم السلام പ്രബോധനം ചെയ്ത അതേ കാര്യത്തിലേക്കാണ്. രണ്ട് ആധാരങ്ങളാണ് അമ്പിയാക്കൾ പ്രബോധനം ചെയ്ത ദീനിനുള്ളത്.

ഒന്ന്: അല്ലാഹുവിന്റെ ഏകത്വം ഉയർത്തിപ്പിടിക്കുക, ദീൻ കളങ്കമേതുമില്ലാതെ അവനു മാത്രമായി സമർപ്പിക്കുക, അല്ലാഹുവിനെ തനിച്ചാക്കി, അവനു പങ്കുകാരില്ലാതെ, അവനു മാത്രമായി ഇബാദത്തു ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുക, ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധം പുലർത്തുക, ഇത് നിഷേധിക്കുന്നവനെ അവിശ്വാസിയായി കണക്കാക്കുക. തൗ

ഹീദാണ് അല്ലാഹു കല്പിച്ചത്തിൽ ഏറ്റവും മഹത്തായത്. അതില്ലാതെ ഒരു കർമ്മവും അവൻ സ്വീകരിക്കുകയില്ല. അതിന്റെ സാക്ഷാത്ക്കാരത്തിന വേണ്ടിയാണ് അവൻ ജിന്ന്-മനുഷ്യ വർഗ്ഗങ്ങളെ സൃഷ്ടിച്ചത്, ദൂതരെ നിയോഗിച്ചത്, ഗ്രന്ഥങ്ങൾ ഇറക്കിയത്, ജിഹാദിന ധ്വജമുയർത്തിയത്, രക്തമൊഴുക്കപ്പെട്ടത്, മക്കളും കുട്ടികളും ബന്ദികളാക്കപ്പെട്ടത്, ധനം കണ്ടുകെട്ടിയത്, സ്വർഗ്ഗവും നരകവും സ്ഥാപിക്കപ്പെട്ടത്, ജനങ്ങളെ രണ്ടായി തിരിച്ചത്, ഒരു വിഭാഗം സ്വർഗ്ഗത്തിലേക്കും ഒരു വിഭാഗം നരകത്തിലേക്കും എന്നു വെച്ചത്. അല്ലാഹു പറയുന്നു:

﴿وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ ۝٥٦﴾ (الذاريات)

[ജിന്നുകളെയും മനുഷ്യരെയും എനിക്ക് മാത്രം ഇബാദത്ത് ചെയ്യാൻ വേണ്ടിയല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല.] (ദാരിയാത് 56)

﴿وَمَا أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِي إِلَيْهِ أَنَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدُونِ ۝٢٥﴾ (الأنبياء)

[കാര്യം ഞാനല്ലാതെ ന്യായമായും ഇബാദത്ത് ചെയ്യപ്പെടേണ്ട ആരുമില്ലെന്ന് വഹ്‌യ് നൽകാതെ താങ്കൾക്ക് മുമ്പ് ഒരു ദൂതനെയും നാം നിയോഗിച്ചിട്ടില്ല.] (അമ്പിയാഅ് 25)

﴿وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ... ۝٣٦﴾ (النحل)

[അല്ലാഹുവിന് മാത്രം ഇബാദത്ത് ചെയ്യുക, വ്യാജദൈവങ്ങളെ വർജ്ജിക്കുക എന്ന സന്ദേശവുമായി എല്ലാ സമുദായത്തിലേക്കും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്...] (നഹ്ൽ 36)

وعن أبي مالك عن أبيه قال: سمعت رسول الله ﷺ يقول: «من قال لا إله إلَّا الله، وكفر بما يعبد من دون الله حرُم ماله ودمه، وحسابه على الله» [مسلم في صحيحه]

[അബൂ മാലിക് തന്റെ പിതാവിൽനിന്ന് ﷺ നിവേദനം. അദ്ദേഹം പറയുന്നു, നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: അല്ലാഹുവല്ലാതെ ന്യായമായി ആരാധിക്കപ്പെടേണ്ടവനായി ആരുമില്ലെന്ന് ഒരാൾ പ്രഖ്യാപിക്കുകയും, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയിൽ അവിശ്വാസം രേഖപ്പെടുത്തുകയും ചെയ്താൽ അവന്റെ ധനവും രക്തവും നിഷിദ്ധമായി. അവന്റെ വിചാരണ അല്ലാഹുവിന്റെ മേലാണ്.] (മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

മേൽ ഹദീസ് ഉൾക്കൊള്ളുന്ന തത്വങ്ങളും വിജ്ഞാനങ്ങളും നിർദ്ധാരണം ചെയ്തു കൊണ്ട് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് ﵀ കിതാബുത്തൗഹീദിൽ രേഖപ്പെടുത്തിയത് ചുവടെ കുറിക്കാം:

وهذا من أعظم ما يبيِّن معنى لا إلٰه إلا الله؛ فإنه لم يجعل التلفظ بها عاصما للدم والمال، بل ولا معرفةَ معناها مع لفظها، بل ولا الإقرارَ بذلك، بل ولا كونَه لا يدعو إلا الله وحده لا شريك له، بل لا يحرُم مالُه ودمُه حتى يضيف إلى ذلك الكُفرَ بما يُعبد من دون الله، فإن شك أو توقف، لم يُحرَم ماله ولا دمه، فيا لها من مسألة ما أعظمها وأجلها! يا له من بيان ما أوضحه! وحجةٍ ما أقطعها للمنازع ! [فتح المجيد شرح كتاب التوحيد]

[لا إلٰه إلا الله എന്ന സാക്ഷ്യവചനത്തിന്റെ വിവക്ഷ ഏറ്റവും ഗംഭീരമായി വിശദീകരിക്കുന്ന ഒന്നാണ് ഈ ഹദീസ്. കാര്യം; രക്തവും ധനവും സംരക്ഷിക്കാൻ അത് ഉരുവിട്ടാൽ മതി എന്നു വെച്ചില്ല. അതിന്റെ പദത്തോടൊപ്പം ആശയം അറിഞ്ഞാലും പോരാ. അത് അംഗീകരിച്ചാലും പോരാ. അല്ലാഹുവിന് പങ്കുകാരെ നിശ്ചയിക്കാതെ, അവനെ തനിച്ചാക്കി, അവനു മാത്രം ആരാധന ചെയ്താലും പോരാ. അവന്റെ രക്തവും ധനവും സംരക്ഷിക്കപ്പെടണമെങ്കിൽ, അതിലേക്ക് അല്ലാഹുവിന് പുറമെ ആരാധിക്കപ്പെ

ടുന്നവയിൽ അവിശ്വാസം രേഖപ്പെടുത്തുക എന്നതു കൂടി ചേർക്കുക തന്നെ വേണം. ആരെങ്കിലും ഇക്കാര്യത്തിൽ സംശയിക്കുകയോ നിലപാട് കൈകൊള്ളാതിരിക്കുകയോ ചെയ്താൽ അവന്റെ ധനവും രക്തവും പവിത്രമായി ഗണിക്കപ്പെടില്ല. ഈ മസ്അലഃ എന്തു മാത്രം മഹത്തരവും ഗംഭീരവുമാണ്! എന്തുമാത്രം വ്യക്തമായ വിശദീകരണമാണിത്! എത്രമാത്രം പ്രതിയോഗികളെ ഖണ്ഡിക്കുന്ന ന്യായവാദമാണിത്!] (മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് | കിതാബുത്തൗഹീദ്)

عن أبي ذر رضي الله عنه عن النبي صلى الله عليه وسلم، أن جبريل عليه السلام عَرض له في جانب الحرة ثم قال: «بشر أمتك أنه من مات لا يشرك بالله شيئا دخل الجنة» [البخاري في صحيحه]

[അബൂ ദർ رضي الله عنه നബി صلى الله عليه وسلم യിൽനിന്ന് നിവേദനം. ജിബ്‌രീൽ عليه السلام ഹർറഃയുടെ ഭാഗത്തുവെച്ച് തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞു: അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാതെ ആരെങ്കിലും മരണപ്പെട്ടാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചതു തന്നെ. ഇക്കാര്യം താങ്കളുടെ സമുദായത്തിന് സുവിശേഷമറിയിക്കൂ.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

രണ്ട്: അല്ലാഹുവിൽ പങ്കുചേർക്കാതിരിക്കുക. അതാണ് അവനെ ധിക്കരിക്കുന്നതിൽ ഏറ്റവും വലുത്. അതിനാൽ അത് തീർത്തും വർജ്ജിക്കൽ നിർബന്ധമാണ്. അതിനെ കുറിച്ച് താക്കീത് നൽകണം, അതിൽ കാർക്കശ്യം കാണിക്കണം, അതിന്റെ പേരിൽ വൈരം പ്രകടിപ്പിക്കണം, അത് ചെയ്യുന്നവനെ കാഫിറായി കാണണം. ആരെങ്കിലും അതിൽ മരണപ്പെട്ടാൽ അല്ലാഹു അവന് പൊറുത്തുകൊടുക്കുകയില്ല. അവന്റെ മറ്റു കർമ്മങ്ങളെല്ലാം പാഴായിപ്പോകും. സ്വർഗ്ഗം അവനു നിഷിദ്ധമാക്കപ്പെടും. ഒരു നിർവ്വാഹവുമില്ലാതെ, നരകം അവന്റെ അഭയകേന്ദ്രമായിത്തീരും. അവൻ നരകശിക്ഷയിൽ നിന്ദ്യനായി, ശാശ്വതമായി എന്നെ

ന്നും കഴിച്ചുകൂട്ടേണ്ടി വരും. അല്ലാഹു പറയുന്നത് കാണുക:

﴿إِنَّ اللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ ۚ وَمَن يُشْرِكْ بِاللَّهِ فَقَدِ افْتَرَىٰ إِثْمًا عَظِيمًا ﴿٤٨﴾﴾ (النساء)

[നിശ്ചയമായും അല്ലാഹു അവനിൽ പങ്കുചേർക്കുന്നത് പൊറുക്കുകയില്ല. അതിനു താഴെയുള്ളത് അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കും. ആർ അല്ലാഹുവിൽ പങ്കുചേർക്കുന്നുവോ അവൻ വലിയ കുറ്റമാണ് ചമച്ചിരിക്കുന്നത്.] (നിസാഅ് 48)

﴿إِنَّ اللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ ۚ وَمَن يُشْرِكْ بِاللَّهِ فَقَدْ ضَلَّ ضَلَالًا بَعِيدًا ﴿١١٦﴾﴾ (النساء)

[നിശ്ചയമായും അല്ലാഹു അവനിൽ പങ്കുചേർക്കുന്നത് പൊറുക്കുകയില്ല. അതിനു താഴെയുള്ളത് അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കും. ആർ അല്ലാഹുവിൽ പങ്കുചേർക്കുന്നുവോ അവൻ വളരെ വിദൂരത്തേക്ക് പിഴച്ചുപോയിരിക്കുന്നു.] (നിസാഅ് 116)

﴿وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ ﴿٦٥﴾﴾ (الزمر)

[താങ്കൾക്കും താങ്കൾക്ക് മുമ്പുള്ളവർക്കും നാം വഹ്‌യ് നൽകിയ കാര്യം, താങ്കൾ തന്നെയാണ് ശിർക്ക് ചെയ്യുന്നതെങ്കിൽ പോലും താങ്കളുടെ കർമ്മം പാഴായിപ്പോകും; താങ്കൾ പരാജിതരിൽ അകപ്പെടുകയും ചെയ്യും.] (സുമർ 65)

﴿إِنَّهُ مَن يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ ۖ وَمَا لِلظَّالِمِينَ مِنْ أَنصَارٍ ﴿٧٢﴾﴾ (المائدة)

[കാര്യം; ആർ അല്ലാഹുവിൽ പങ്കുചേർക്കുന്നുവോ അവനു നാം സ്വർഗ്ഗം നിഷിദ്ധമാക്കിയിരിക്കുന്നു. അവന്റെ അഭയസ്ഥാനം നര

കമായിരിക്കും. അക്രമകാരികൾക്ക് സഹായികളാരുമേ ഉണ്ടായി രിക്കുന്നതുമല്ല.] (മാഇദഃ 72)

﴿إِنَّ الَّذِينَ كَفَرُوا وَظَلَمُوا لَمْ يَكُنِ اللَّهُ لِيَغْفِرَ لَهُمْ وَلَا لِيَهْدِيَهُمْ طَرِيقًا ﴿١٦٨﴾ إِلَّا طَرِيقَ جَهَنَّمَ خَالِدِينَ فِيهَا أَبَدًا ۚ وَكَانَ ذَٰلِكَ عَلَى اللَّهِ يَسِيرًا ﴿١٦٩﴾﴾ (النساء)

[നിശ്ചയമായും അവിശ്വസിക്കുകയും ശിർക്കാകുന്ന കൊടിയ അക്രമം പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു പൊറു ക്കാനോ, അവരെ നരകത്തിന്റെ വഴിയല്ലാതെ മറ്റൊരു വഴിനട ത്താനോ പോകുന്നില്ല. അവരതിൽ എന്നെന്നും ശാശ്വതരായി രിക്കുകയും ചെയ്യും. അല്ലാഹുവിന്ന് അത് ലളിതമാണ് താനും.] (നിസാഅ് 168, 169)

عن أنس، عن النبي ﷺ في الكبائر، قال: «الشرك بالله وعقوق الوالدين وقتل النفس وقول الزور» [مسلم في صحيحه]

[അനസ് ﵁ നിവേദനം. വൻപാപങ്ങൾ ഏതെന്ന് നബി ﷺ പറ യുന്നു: അല്ലാഹുവിൽ പങ്കുചേർക്കൽ, മാതാപിതാക്കളെ ധിക്ക രിക്കൽ, നരഹത്യ, കളവു പറയൽ.] (മുസ്‌ലിം സ്വഹീഹിൽ ഉദ്ധ രിച്ചത്)

## തൗഹീദ് എന്നാൽ ഇബാദത്ത് അല്ലാഹുവിന് മാത്രമാക്കിത്തീർക്കൽ

അമ്പിയാക്കൾ പ്രബോധനം ചെയ്ത തൗഹീദിന്റെ ഉള്ളടക്കം ആരാധ്യത അല്ലാഹുവിന് മാത്രമാക്കിത്തീർക്കുക എന്നതാണ്. അഥവാ അല്ലാഹു അല്ലാതെ ന്യായമായി ആരാധിക്കപ്പെടേണ്ടവ നായി ആരുമില്ലെന്ന് സാക്ഷ്യപ്പെടുത്തുക, അവനെയല്ലാതെ മറ്റാ രെയും ആരാധിക്കാതിരിക്കുക, അവനിൽ മാത്രം കാര്യങ്ങൾ ഭര മേൽപിക്കുക, അവന്ന വേണ്ടിയല്ലാതെ ബന്ധുത്വം സ്ഥാപിക്കാ തിരിക്കുക, അവന്റെ കാര്യത്തിലല്ലാതെ വൈരം കാണിക്കാതിരി ക്കുക, അവന്ന വേണ്ടിയല്ലാതെ കർമ്മം ചെയ്യാതിരിക്കുക. ഈ

സന്ദേശവുമായിട്ടാണ് അല്ലാഹു മുഹമ്മദ് നബി ﷺയെ മുശ്‌രിക്കുകളായിരുന്ന അറബികളിലേക്ക് നിയോഗിച്ചത്. അവർ അല്ലാഹുവിൽ വിശ്വസിക്കുന്നവരായിരുന്നു. അവൻ മാത്രമാണ് എല്ലാറ്റിന്റെയും സ്രഷ്ടാവ് എന്ന് അവർ അംഗീകരിച്ചിരുന്നു. എന്നിട്ടും അവർ മുശ്‌രിക്കുകളായി. അവരെ കുറിച്ച് അല്ലാഹു പറഞ്ഞത് ഇപ്രകാരമാണ്:

﴿وَمَا يُؤْمِنُ أَكْثَرُهُم بِاللَّهِ إِلَّا وَهُم مُّشْرِكُونَ ١٠٦﴾ (يوسف)

[അവരിൽ അധികപേരും പങ്കുചേർത്തു കൊണ്ടല്ലാതെ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല.] (യൂസുഫ് 106)

തൗഹീദ് എന്നു പറയുമ്പോൾ കേവലം രക്ഷാകർത്തൃത്വത്തിലുള്ള ഏകത്വമല്ല വിവക്ഷിക്കുന്നത്. അഥവാ, അല്ലാഹു മാത്രമാണ് പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനും നിയന്താവും എന്ന വിശ്വാസത്തോടെ തൗഹീദ് സാക്ഷാത്ക്കരിച്ചു എന്ന് പറയാനാവില്ല. മറിച്ച് അല്ലാഹു നിയോഗിച്ച ദൂതന്മാർ പ്രബോധനം ചെയ്ത തൗഹീദ് ന്യായമായും ആരാധിക്കപ്പെടാനുള്ള അവകാശം അല്ലാഹുവിന് മാത്രമാക്കിത്തീർക്കലാണ്. ആരാധനയുടെ കാര്യത്തിലും പങ്കുകാരില്ലാത്ത നിലയിൽ, അവനെ ഏകനാക്കലാണ്. മറ്റു ലക്ഷ്യങ്ങളില്ലാതെ അവനു വേണ്ടി, അവന്റെ തിരുമുഖം ദർശിക്കുന്നതിനു വേണ്ടി അവനു മാത്രം ആരാധന സമർപ്പിക്കലാണ്. തൗഹീദിന്റെ ഈ സാക്ഷാത്ക്കാരത്തിനു വേണ്ടിയാണ് അവൻ നബിമാരെ നിയോഗിച്ചതും ഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും.

## ദുആ തന്നെയാണ് ആരാധന

ഖുർആനും സുന്നത്തുമായി ചെറിയ പരിചയമെങ്കിലും ഉള്ള ഒരാളും ദുആ തന്നെയാണ് ആരാധന എന്ന കാര്യത്തിൽ സംശയിക്കുകയില്ല. ഹാഫിളുൽ ഹകമി ۞ തന്റെ മആരിജുൽ ഖബൂൽ എന്ന പ്രശസ്ത കൃതിയിൽ പറഞ്ഞ കാര്യം മാത്രം ഉദ്ധരിച്ചുകൊണ്ട് വിഷയം ചുരുക്കാം.

وفي جامع الترمذي عن أبي هريرة ﵁ عن النبي ﷺ قال: «ليس شيء أكرمَ على الله من الدعاء»، وفيه عن أنس بن مالك ﵁ عن النبي ﷺ قال: «الدعاء مخ العبادة»، وقال غريب من هذا الوجه، لا نعرفه إلا من حديث ابن لهيعة، ومعنى مخ العبادة أي خالصُها، وفيه عن النعمان بن بشير ﵁ عن النبي ﷺ قال: «الدعاء هو العبادة»، ثم قرأ ﴿وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ ۚ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾﴾ (غافر)، وقال الترمذي هذا حديث حسن صحيح، وفيه عن أبي هريرة ﵁ قال: قال رسول الله ﷺ : «إنه من لم يسأل الله يغضب عليه»، وفيه من حديث ابن عباس مرفوعا: «إذا سألت فاسأل الله»، وهو حديث حسن صحيح. [حافظ الحكمي في معارج القبول بشرح سلم الوصول]

[തിർമുദിയുടെ ഹദീസ് സമാഹാരത്തിൽ അബൂ ഹുറയ്റഃ ﵁ നബി ﷺയിൽനിന്ന് ഇപ്രകാരം നിവേദനം ചെയ്യുന്നതായി കാണാം: «പ്രാർത്ഥനയെക്കാൾ അല്ലാഹുവിങ്കൽ ആദരണീയമായി മറ്റൊന്നുമില്ല.»

അതിൽ തന്നെ, അനസ് ﵁ നബി ﷺയിൽനിന്ന് ഇപ്രകാരം നിവേദനം ചെയ്യുന്നു: «പ്രാർത്ഥന ആരാധനയുടെ മജ്ജയാണ്.»

തിർമുദി പറയുന്നു: "ഈ പരമ്പര ഒരു വ്യക്തിയിൽ അധിഷ്ഠിതമായ ഗരീബ് ആണ്. ഇബ്ന ലഹീഅഃയുടെ ഹദീസിലൂടെയല്ലാതെ നമുക്ക് ഇതിനെ കുറിച്ച് അറിവില്ല." ആരാധനയുടെ മജ്ജയാണെന്ന് പറഞ്ഞതിന്റെ അർത്ഥം അത് തനിയാരാധനയാകുന്നു എന്നത്രെ.

അതിൽ തന്നെ, നഅ്മാൻ ബിൻ ബശീർ ﵁ നബി ﷺ ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യുന്നു: «പ്രാർത്ഥന അതു തന്നെയാണ് ആരാധന.» പിന്നീട് അവിടുന്ന് പാരായണം ചെയ്തു:

«നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവീൻ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എനിക്ക് മാത്രമായി ഇബാദത്ത് ചെയ്യാതെ അഹങ്കരിക്കുന്നവരാരോ അവർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും.» (ഗാഫിർ 60).

തിർമുദി പറയുന്നു: "ഇത് സ്വഹീഹും ഹസനുമായ ഹദീസാണ്."

അതിൽ തന്നെ, അബൂ ഹുറയ്റഃ ﵁ നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ ഇപ്രകാരം പറയുന്നതായി കാണാം: «തീർച്ചയായും കാര്യം, ഒരാൾ അല്ലാഹുവിനോട് ചോദിക്കുന്നില്ലെങ്കിൽ അല്ലാഹു അവനോട് കോപിക്കും.»

അതിൽ തന്നെ, ഇബ്നു അബ്ബാസ് ﵄ൽനിന്ന് നബി ﷺയിലേക്ക് ചേർത്തു പറയുന്ന ഹദീസിൽ ഇപ്രകാരം കാണാം: «നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക.» ഇത് സ്വഹീഹും ഹസനുമായ ഹദീസാണ്.] (ഹാഫിള് അൽ ഹകമി | മആരിജുൽ ഖബൂൽ ബി ശർഹി സുല്ലമിൽ വുസ്വൂൽ)

## ദുആ രണ്ടു തരം

ദുആ രണ്ടു തരം; ആരാധന എന്ന അർത്ഥത്തിലുള്ള ദുആയും ചോദിക്കുക എന്ന അർത്ഥത്തിലുള്ള ദുആയും. ഇബ്നു ഉഥൈമീൻ ﵀ ഇക്കാര്യം സുതരാം വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നത് കാണുക:

الدعاء ينقسم إلى قسمين: دعاء مسألة، ودعاء عبادة، فدعاء المسألة أن تقول: يا رب اغفر لي، ودعاء العبادة أن تصلي لله، فنحتاج الآن إلى دليل وتعليل على أن العبادة تسمّى دعاءً، الدليل قول الله تعالى: ﴿وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ ۚ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾﴾ (غافر) [ابن عثيمين في شرح الأربعين النووية]

[ദുആ രണ്ട് ഇനമായി തിരിയുന്നു. അർത്ഥനയാകുന്ന ദുആയും ആരാധനയാകുന്ന ദുആയും. 'അല്ലാഹുവേ, നീ എനിക്ക് പൊറുത്തു തരണേ' എന്നു നീ പറയുന്നതാണ് അർത്ഥനയാകുന്ന ദുആ; അല്ലാഹുവിന് നീ നമസ്കരിക്കുന്നത് ആരാധനയാകുന്ന ദുആയും. അപ്പോൾ ആരാധനയെ ദുആ എന്ന് വിളിക്കുന്നതിനുള്ള തെളിവും നീതീകരണവും നമുക്കാവശ്യമായി വരുന്നു. അതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനം തന്നെയാണ്. «നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവീൻ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എനിക്ക് മാത്രമായി ഇബാദത്ത് ചെയ്യാതെ അഹങ്കരിക്കുന്നവരാരോ അവർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും.» (ഗാഫിർ 60).] (അൽ അർബഊന ന്നവവിയ്യഃക്ക് ഇബ്ന ഉഥൈമീൻ നൽകിയ വിശദീകരണത്തിൽനിന്ന്)

മേൽ സൂക്തത്തിന്റെ ആദ്യഭാഗത്ത് അല്ലാഹു അവനോട് ദുആ ചെയ്യാൻ കല്പിക്കുന്നു. ആ ദുആയെ കുറിച്ചു തന്നെയാണ് ആയത്തിന്റെ അവസാനഭാഗത്ത് 'എനിക്ക് ഇബാദത്ത് ചെയ്യാതെ' എന്ന് പറഞ്ഞിരിക്കുന്നത്. അപ്പോൾ വ്യക്തമായല്ലോ ദുആ തന്നെയാണ് ഇബാദത്ത്. അതിനെ ഇബാദത്തെന്ന് വിളിക്കുകയും ചെയ്യാം. ശൈഖുൽ ഇസ്‌ലാം ഇബ്ന തൈമിയ്യഃ ﵀ പറയുന്നതു കൂടി കാണുക:

فكل دعاءِ عبادةٍ مستلزمٌ لدعاءِ المسألةِ، وكل دعاءِ مسألةٍ متضمنٌ لدعاءِ العبادةِ. [ابن تيمية في مجموع فتاويه]

[ഇബാദത്താകുന്ന എല്ലാ ദുആയും അർത്ഥനയാകുന്ന ദുആയെ അനിവാര്യമാക്കുന്നു. അർത്ഥനയാകുന്ന എല്ലാ ദുആയും ആരാധനയാകുന്ന ദുആയെ ഉൾക്കൊള്ളുകയും ചെയ്യുന്നു.] (ഇബ്ന തൈമിയ്യഃ | മജ്മൂഉൽ ഫതാവാ)

## ഇസ്തിആനഃ (സഹായം തേടൽ) ആരാധനയാണ്

സഹായം ചോദിക്കുന്നതുമായി ബന്ധപ്പെട്ട് ഖുർആനിലും ഹദീസിലും ഏറ്റവും കൂടുതൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള ഏതാനും പദങ്ങൾ ആദ്യം പരിചയപ്പെടാം.

1- ഇസ്തിആനഃ (اسْتِعَانَة) മറ്റൊരാളോട് സഹായം തേടുന്നതിനാണ് ഈ പദം ഉപയോഗിക്കുന്നത്. (ഇബ്ന തൈമിയ്യഃയുടെ ഫതാവാ 1/103 കാണുക)

2- ഇസ്തിആദഃ (اسْتِعَاذَة) അപരനോട് അഭയം തേടുകയും അവനോട് ആബദ്ധനായിരിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ അർത്ഥം. (റാഗിബിന്റെ അൽ മുഫ്റദാത് കാണുക)

3- ഇസ്തിഗാസഃ (اسْتِغَاثَة) ആപൽസന്ധികളിൽ സഹായം തേടുക, മഹാദുരിതം നീങ്ങിക്കിട്ടാൻ ആവശ്യപ്പെടുക എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോഗിക്കുന്നത്. (ഇബ്ന തൈമിയ്യഃയുടെ ഫതാവാ 1/103 കാണുക)

മുകളിൽ പറഞ്ഞ മൂന്നു പദങ്ങളും സഹായാർത്ഥനയെ കുറിക്കുന്നു. മൂന്നിലും ചോദ്യം ഉൾക്കൊള്ളുന്ന ദുആയാണ്. അതിനാൽ അവ മൂന്നും ആരാധയുമാണ്. അല്ലാഹു പറയുന്നത് കാണുക:

﴿قُلْ أَعُوذُ بِرَبِّ الْفَلَقِ ۝١ مِن شَرِّ مَا خَلَقَ ۝٢﴾ (الفلق)

[പറയുക: വിടരുന്ന (വിഭാതത്തിന്റെ) റബ്ബിനോട് ഞാൻ അഭയം തേടുന്നു; അവൻ സൃഷ്ടിച്ചവയുടെ തിന്മയിൽനിന്ന്.] (ഫലഖ് 1, 2)

﴿قُلْ أَعُوذُ بِرَبِّ النَّاسِ ۝١ مَلِكِ النَّاسِ ۝٢ إِلَٰهِ النَّاسِ ۝٣ مِن شَرِّ الْوَسْوَاسِ الْخَنَّاسِ ۝٤﴾ (الناس)

[പറയുക: ഞാൻ അഭയം തേടുന്നു, ജനങ്ങളുടെ റബ്ബിനോട്, ജനങ്ങളുടെ അധിപനോട്, ജനങ്ങളുടെ ആരാധ്യനോട്. ദുർബോധനം നടത്തി പെട്ടന്ന് പിൻവാങ്ങുന്ന പിശാചിന്റെ തിന്മയിൽനിന്ന്.] (നാസ് 1-4)

﴿إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُم بِأَلْفٍ مِّنَ الْمَلَائِكَةِ مُرْدِفِينَ ﴿٩﴾﴾ (الأنفال)

[നിങ്ങൾ നിങ്ങളുടെ റബ്ബിനോട് സഹായം തേടിയിരുന്ന സന്ദർഭം! തുടർച്ചയായി ഇറങ്ങുന്ന ആയിരം മലക്കുകളെ കൊണ്ട് ഞാൻ നിങ്ങളെ സഹായിക്കുമെന്ന് അപ്പോഴവൻ നിങ്ങൾക്കു ഉത്തരം ചെയ്തു.] (അൻഫാൽ 9)

﴿إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾﴾ (الفاتحة)

[നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.] (ഫാതിഹഃ 5)

ഈ വചനം മനുഷ്യനും അവന്റെ റബ്ബും തമ്മിലുള്ള ഒരു ഉടമ്പടിയാണ്. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي هُرَيْرَةَ رضي الله عنه عَن النَّبِيِّ ﷺ فإنِّي سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: «قَالَ اللهُ تَعَالَى: قَسَمْتُ الصَّلَاةَ بَيْنِي وَبَيْنَ عَبْدِي نِصْفَيْنِ، وَلِعَبْدِي مَا سَأَلَ، فَإِذَا قَالَ الْعَبْدُ: ﴿الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ﴿٢﴾﴾ (الْفَاتِحَةُ)، قَالَ اللهُ تَعَالَى: حَمِدَنِي عَبْدِي، وَإِذَا قَالَ: ﴿الرَّحْمَٰنِ الرَّحِيمِ ﴿٣﴾﴾ (الْفَاتِحَةُ)، قَالَ اللهُ تَعَالَى: أَثْنَى عَلَيَّ عَبْدِي، وَإِذَا قَالَ: ﴿مَالِكِ يَوْمِ الدِّينِ ﴿٤﴾﴾ (الْفَاتِحَةُ)، قَالَ: مَجَّدَنِي عَبْدِي - وَقَالَ مَرَّةً فَوَّضَ إِلَيَّ عَبْدِي - فَإِذَا قَالَ: ﴿إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾﴾ (الْفَاتِحَةُ)، قَالَ: هَذَا بَيْنِي وَبَيْنَ عَبْدِي، وَلِعَبْدِي مَا سَأَلَ، فَإِذَا قَالَ: ﴿اهْدِنَا الصِّرَاطَ الْمُسْتَقِيمَ ﴿٦﴾ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ﴿٧﴾﴾ (الْفَاتِحَةُ) قَالَ: هَٰذَا لِعَبْدِي، وَلِعَبْدِي مَا سَأَلَ» [مُسْلِمٌ فِي صَحِيحِهِ]

[അബൂ ഹുറയ്റഃ رضي الله عنه നിവേദനം. നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്:

അല്ലാഹു പറയുന്നു: എനിക്കും എന്റെ അടിയനും ഇടയിൽ

നമസ്കാരത്തെ ഞാൻ രണ്ടായി പകുത്തിരിക്കുന്നു. എന്റെ അടിയൻ എന്തു ചോദിക്കുന്നുവോ അത് അവനുണ്ടായിരിക്കും.

അടിയൻ പറയുന്നു: الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ

അല്ലാഹു പ്രതിവചിക്കുന്നു: എന്റെ അടിയൻ എന്നെ സ്തുതിച്ചിരിക്കുന്നു

അടിയൻ പറയുന്നു: الرَّحْمَٰنِ الرَّحِيمِ

അല്ലാഹു പ്രതിവചിക്കുന്നു: എന്റെ അടിയൻ എന്നെ പ്രകീർത്തിച്ചിരിക്കുന്നു.

അടിയൻ പറയുന്നു: مَالِكِ يَوْمِ الدِّينِ

അല്ലാഹു പ്രതിവചിക്കുന്നു: എന്റെ അടിയൻ എന്റെ പ്രതാപം വാഴ്ത്തിയിരിക്കുന്നു.

മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: എന്റെ അടിയൻ എന്നെ ഏൽപിച്ചിരിക്കുന്നു.

അടിയൻ പറയുന്നു: إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ

അല്ലാഹു പ്രതിവചിക്കുന്നു: ഇതാണ് ഞാനും എന്റെ അടിയനും തമ്മിലുള്ളത്. എന്റെ അടിയൻ എന്ത് ചോദിക്കുന്നുവോ അത് അവനുള്ളതാണ്.

അടിയൻ പറയുന്നു: اهْدِنَا الصِّرَاطَ الْمُسْتَقِيمَ ۝٦ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ، غَيْرِ الْمَغْضُوبِ عَلَيْهِمْ، ولَا الضَّالِّينَ

അല്ലാഹു പ്രതിവചിക്കുന്നു: ഇവയെല്ലാം എന്റെ അടിയനുള്ളതാണ്. അവൻ ചോദിച്ചത് അവനുണ്ട്.] (മുസ്ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

നബി ﷺയുടെ പിതൃവ്യ പുത്രനായ ഇബ്നു അബ്ബാസ് رضي الله عنهما ഈ സമുദായത്തിലെ അഗ്രേസരനായ പണ്ഡിതശ്രേഷ്ഠനും വിശ്വ

വിഖ്യാതനായ ഖുർആൻ വ്യാഖ്യാതാവുമാണ്. കൗമാരകാല ത്ത് അദ്ദേഹത്തിന് നബി ﷺ നൽകിയ പാഠവും, അദ്ദേഹത്തെ വളർത്തി കൊണ്ടുവന്ന രീതിയും മേൽ ആശയത്തിന് അടിവര യിടുന്നതാണ്. അത് ഇപ്രകാരം തുടർന്ന് വായിക്കാം:

عن ابن عباس رضي الله عنهما قال: كنت خلف رسول الله ﷺ يوما فقال: «يا غلام! إني أعلمك كلمات؛ احفظ الله يحفظك، احفظ الله تجده تجاهك، إذا سألت فاسأل الله، وإذا استعنت فاستعن بالله، واعلم أن الأمة لو اجتمعت على أن ينفعوك بشيء لم ينفعوك إلا بشيء قد كتبه الله لك، ولو اجتمعوا على أن يضروك بشيء لم يضروك إلا بشيء قد كتبه الله عليك، رفعت الأقلام وجفت الصحف» [الترمذي في سننه وصححه الألباني]

[ഇബ്നു അബ്ബാസ് رضي الله عنهما നിവേദനം. അദ്ദേഹം പറയുന്നു: ഒരു നാൾ ഞാൻ നബി ﷺയുടെ പിറകിൽ പിൻസവാരിക്കാരനായി രുന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: കുട്ടീ, ഞാൻ ചില വച നങ്ങൾ നിന്നെ പഠിപ്പിക്കാം. നീ അല്ലാഹുവിനെ സൂക്ഷിക്കുക, എങ്കിൽ അവൻ നിന്നെ സംരക്ഷിക്കും. നീ അല്ലാഹുവിനെ സൂ ക്ഷിക്കുക, എങ്കിൽ നിന്റെ മുമ്പാകെ അവനെ നിനക്കു കണ്ടെ ത്താം. നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവി നോട് മാത്രം സഹായം തേടുക. നീ അറിയുക! മാനവരാശി ഒന്ന ടങ്കം നിനക്ക് ഒരു ഉപകാരം ചെയ്യാൻ ഒത്തൊരുമിച്ചാൽ പോലും അല്ലാഹു നിനക്ക് എഴുതിവെച്ച ഒന്നു കൊണ്ടല്ലാതെ നിനക്ക് ഉപകാരം ചെയ്യാൻ അവർക്കാവില്ല. അവർ നിനക്ക് ഒരു ദോഷം വരുത്താൻ ഒത്തൊരുമിച്ചാലും അല്ലാഹു നിനക്കെതിരിൽ എഴു തിവെച്ച ഒന്നു കൊണ്ടല്ലാതെ നിനക്ക് ദോഷം വരുത്താനും അവർക്കാവില്ല. പേനകൾ ഉയർത്തപ്പെടുകയും ഏടുകൾ ഉണ ങ്ങുകയും ചെയ്തിരിക്കുന്നു.] (തിർമുദി സുനനിൽ ഉദ്ധരിച്ചത്)

## അല്ലാഹു അല്ലാത്തവരോട് സഹായം തേടാൻ പാടില്ല

**അല്ലാഹുവിനോട് മാത്രമേ സഹായം ചോദിക്കാവൂ. മറ്റാരോടും സഹായം ചോദിക്കാവതല്ല. കാരണം, സഹായാർത്ഥന ഇബാദത്താണ്. ഇബാദത്ത് അല്ലാഹുവിന് മാത്രമേ നൽകാവൂ. ഇതിനുള്ള തെളിവ് ഉദ്ധരിക്കേണ്ടതില്ലാത്ത വിധം പ്രസിദ്ധമാണ്. അവ നിജപ്പെടുത്താവുന്നതിലും അധികമാണ്. ഇതു സംബന്ധിച്ച് ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യഃ ﵀ യുടെ ഒരു ചെറുവിവരണം താഴെ കൊടുക്കാം:**

(فصل في ألّا يسأل العبد إلا الله، قال الله تعالى: ﴿فَإِذَا فَرَغْتَ فَانصَبْ ۝٧ وَإِلَىٰ رَبِّكَ فَارْغَبْ ۝٨﴾ (الشرح)، قال النبي ﷺ لابن عباس: «إِذَا سَأَلْتَ فَاسْأَلِ اللهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللهِ» وفي الترمذي: «لِيَسْأَلْ أَحَدُكُمْ رَبَّهُ حَاجَتَهُ كُلَّهَا حَتَّى يَسْأَلَ شِسْعَ نَعْلِهِ إِذَا انْقَطَعَ فَإِنَّهُ إِنْ لَمْ يُيَسِّرْهُ لَمْ يَتَيَسَّرْ»، وفي الصحيح أنه قال لعدي بن مالك والرهطِ الذين بايعهم معه: «لَا تَسْأَلُوا النَّاسَ شَيْئًا»، فكان سوط أحدهم يسقط من يده، فلا يقول لأحد ناولني إياه، وفي الصحيح في حديث السبعين ألفا الذين يدخلون الجنة بغير حساب: «هُمْ الَّذِينَ لَا يَسْتَرْقُونَ وَلَا يَكْتَوُونَ وَلَا يَتَطَيَّرُونَ»، والاسترقاء طلب الرقية، وهو نوع من السؤال، وأحاديث النهي عن مسألة الناس الأموالَ كثيرةٌ، كقوله: «لَا تَحِلُّ الْمَسْأَلَةُ إِلَّا لِثَلَاثَةٍ»، وقوله: «لَأَنْ يَأْخُذَ أَحَدُكُمْ حَبْلَهُ» الحديث، وقوله: «لَا تَزَالُ الْمَسْأَلَةُ بِأَحَدِهِمْ»، وقوله: «مَنْ سَأَلَ النَّاسَ وَلَهُ مَا يُغْنِيهِ»، وأمثال ذلك، وقوله: «مَنْ نَزَلَتْ بِهِ فَاقَةٌ فَأَنْزَلَهَا بِالنّاسِ لَمْ تُسَدَّ فَاقَتُهُ» الحديث. [ابن تيمية في مجموع فتاويه]

**[അടിയൻ അല്ലാഹുവിനോടല്ലാതെ ചോദിക്കരുത് എന്നതു സംബന്ധിച്ച അധ്യായം.**

അല്ലാഹു പറയുന്നു: «നിനക്ക് ഒഴിവ് ലഭിച്ചാൽ നീ അദ്ധ്വാനിക്കുക. നീ പ്രതീക്ഷകൾ നിന്റെ റബ്ബിലേക്ക് തിരിക്കുക.» (ശർഹ് 7, 8)

നബി ﷺ ഇബ്നു അബ്ബാസ് رضي الله عنه യോട് പറഞ്ഞു: «നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം ചോദിക്കുക; നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം സഹായം തേടുക.»

തിർമുദിയിൽ ഇപ്രകാരമുണ്ട്: «നിങ്ങളിൽ ഏതൊരുവനും തന്റെ മുഴുവൻ ആവശ്യങ്ങളും തന്റെ റബ്ബിനോട് ചോദിക്കട്ടെ; ചെരിപ്പിന്റെ വാർ പൊട്ടിയാൽ അതുവരെ ചോദിച്ചുകൊള്ളട്ടെ. നിശ്ചയം, അല്ലാഹു എളുപ്പമാക്കി കൊടുത്തില്ലെങ്കിൽ അത് എളുപ്പമാവുകയില്ല.»

അദിയ്യ് ബിൻ മാലികി رضي الله عنه നോടും അദ്ദേഹത്തിന്റെ കൂടെ ബൈഅത്ത് ചെയ്ത സംഘത്തോടും നബി ﷺ ഇപ്രകാരം പറഞ്ഞതായി സ്വഹീഹിലുണ്ട്: «നിങ്ങൾ ജനങ്ങളോട് ഒന്നും ചോദിക്കരുത്.» അങ്ങനെ, അവരിൽ ഒരാളുടെ വടി കൈയിൽനിന്ന് താഴെ വീണാൽ അതൊന്ന് എടുത്തു തരൂ എന്ന് പോലും ഒരാളോടും അവർ ചോദിക്കുമായിരുന്നില്ല.

വിചാരണ കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന എഴുപതിനായിരത്തെ കുറിച്ച് സ്വഹീഹിൽ രേഖപ്പെടുത്തിയ ഹദീസിൽ ഇങ്ങനെയുണ്ട്: «അവർ മന്ത്രിക്കാൻ ആവശ്യപ്പെടാത്തവരാണ്, അവർ ചൂടുവെക്കുന്ന ചികിത്സ (اكْتِوَاءٌ) നടത്താത്തവരാണ്, അവർ ലക്ഷണം നോക്കാത്തവരാണ്.» മേൽ പറഞ്ഞ اسْتِرْقَاء മന്ത്രിക്കാൻ ആവശ്യപ്പെടലാണ്. അത് ഒരിനം സഹായം തേടലാണ്.

ജനങ്ങളോട് സ്വത്ത് ചോദിക്കുന്നത് വിലക്കുന്ന ധാരാളം ഹദീസുകളുണ്ട്. ഉദാഹരണമായി «മൂന്നു ആളുകൾക്കല്ലാതെ ചോദ്യം അനുവദനീയമല്ല...» എന്ന ഹദീസ്. അതുപോലെ, «നി

ങ്ങളിലൊരാൾ തന്റെ കയറെടുത്ത് വിറകുകെട്ടി മുതുകിൽ വഹിച്ചുകൊണ്ടുവന്ന് വിൽക്കലാണ്...» എന്ന ഹദീസ്, «നിങ്ങളിലൊരാൾ യാചിച്ചു കൊണ്ടേയിരിക്കും, അങ്ങനെ...» എന്ന ഹദീസ്, «തനിക്ക് അത്യാവശ്യത്തിനു വേണ്ടത് ഉണ്ടായിട്ടും ജനങ്ങളോട് ഒരാൾ ചോദിക്കുകയാണെങ്കിൽ...» എന്ന ഹദീസ്, «ഒരാൾക്ക് ദാരിദ്ര്യം പിടിപെടുമ്പോൾ അതയാൾ ജനങ്ങളുടെമേൽ ഇറക്കിവെച്ചാൽ അയാളുടെ ദാരിദ്ര്യം ഒരിക്കലും പരിഹരിക്കപ്പെടുകയില്ല...» പോലുള്ളവ.] (ഇബ്നു തൈമിയ്യഃ | മജ്മൂഉൽ ഫതാവാ)

മറ്റൊരിടത്ത് അദ്ദേഹം തന്നെ പറയുന്നു:

والله سبحانه وتعالى أرسل الرسل بأنه لا إلٰه إلا هو، فتخلو القلوب عن محبة ما سواه بمحبته وبرجائه، وعن سؤال ما سواه بسؤاله، وعن العمل لما سواه بالعمل له، وعن الاستعانة بما سواه بالاستعانة به، ولهذا كان وسط الفاتحة (إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ) قال النبي ﷺ في الحديث الصحيح «يقول الله تعالى قسمت الصلاة بيني وبين عبدي... وإذا قال ﴿إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ﴾ قال هذه الآية بيني وبين عبدي نصفين ولعبدي ما سأل» [ابن تيمية في مجموع فتاويه]

[ന്യായമായി ആരാധിക്കപ്പെടേണ്ടവനായി അല്ലാഹു അല്ലാതെ ആരുമില്ല എന്ന സന്ദേശവുമായി അല്ലാഹു ദൂതന്മാരെ നിയോഗിച്ചു. അങ്ങനെ ജനഹൃദയങ്ങൾ മുക്തമാവുകയാണ് - അവനോടുള്ള സ്നേഹവും പ്രതീക്ഷയും കൊണ്ട് മറ്റുള്ളവരോടുള്ള സ്നേഹത്തിൽനിന്ന്, അവനോടുള്ള ചോദ്യത്താൽ മറ്റുള്ളവരോടുള്ള ചോദ്യങ്ങളിൽനിന്ന്, അവനു വേണ്ടിയുള്ള കർമ്മങ്ങളാൽ മറ്റുള്ളവർക്കു വേണ്ടിയുള്ള കർമ്മങ്ങളിൽനിന്ന്, അവനോടുള്ള സഹായാർത്ഥനയാൽ മറ്റുള്ളവരോടുള്ള സഹായാർത്ഥനകളിൽനിന്ന്. അതുകൊണ്ടാണ് ഫാതിഹഃയുടെ മധ്യത്തിൽ «ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു; ഞങ്ങൾ നിന്നോട് മാത്രം സഹായം ചോ

ദിക്കുന്നു» എന്ന സൂക്തം സ്ഥാനം പിടിച്ചത്. സ്വഹീഹായ ഹദീസിൽ അല്ലാഹു പറയുന്നതായി ഇപ്രകാരം കാണാം: «എനിക്കും എന്റെ അടിയനും ഇടയിൽ നമസ്കാരം ഞാൻ പകുത്തിരിക്കുന്നു... അവൻ, «ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു; ഞങ്ങൾ നിന്നോട് മാത്രം സഹായം ചോദിക്കുന്നു» എന്നു പറഞ്ഞാൽ അല്ലാഹു പ്രതിവചിക്കും: ഈ വചനമാണ്, രണ്ടു പാതിയായി, എനിക്കും എന്റെ അടിയനും ഇടയിൽ നിലകൊള്ളുന്നത്. എന്റെ അടിയൻ എന്ത് ചോദിക്കുന്നുവോ അത് അവനുള്ളതാണ്.] (ഇബ്നു തൈമിയ്യഃ | മജ്മൂഉൽ ഫതാവാ)

## അല്ലാഹു അല്ലാത്തവരോട് സഹായം തേടുന്നത് ശിർക്ക്

മുകളിൽ പറഞ്ഞതിൽനിന്ന് സംശയരഹിതമായും മനസ്സിലാക്കാവുന്ന കാര്യം, സഹായം തേടുക എന്നത് അല്ലാഹു മനുഷ്യന് നിയമമാക്കിയ ഇബാദത്താണ്. അല്ലാഹുവിന് പുറമെ ആരോട് സഹായം തേടിയാലും അത് ഇബാദത്തിൽ പങ്കുചേർക്കലാണ്; അല്ലാഹു ഒരിക്കലും പൊറുക്കാത്ത ശിർക്കാണ്. ഈ വസ്തുത ശൈഖ് അബ്ദുറഹ്മാൻ ബിൻ ഹസൻ ആലു ശൈഖ് ﷀ വരച്ചുകാണിക്കുന്നത് ഇപ്രകാരം വായിക്കാം:

أن كلَّ أمرٍ شرَعه الله لعباده وأَمرَهم به، ففِعله لله عبادة، فإذا صَرف من تلك العبادة شيئا لغير الله فهو مشرك، مصادم لما بعث به رسوله من قوله ﴿قُلِ اللَّهَ أَعْبُدُ مُخْلِصًا لَّهُ دِينِي ﴿١٤﴾﴾ (الزمر). [عبد الرحمن بن حسن آل الشيخ فى فتح المجيد شرح كتاب التوحيد]

[അല്ലാഹു തന്റെ അടിമകൾക്ക് നിയമമാക്കിയതും അവരോട് കല്പിച്ചതുമായ ഏതൊരു കാര്യവും അല്ലാഹുവിന്ന് വേണ്ടി ചെയ്യുന്നത് ഇബാദത്താണ്. അതിൽനിന്ന് വല്ലതും അല്ലാഹു അല്ലാത്തവർക്ക് നൽകിയാൽ അവൻ മുശ്രിക്കുമാണ്. അല്ലാഹു അവ

ന്റെ ദൂതനെ നിയോഗിച്ച കാര്യമായി അവൻ പറഞ്ഞതിന് വിരുദ്ധ മായി പ്രവർത്തിക്കുന്നവനുമാണ്: «പറയുക: അല്ലാഹുവിനെ മാ ത്രമാണ് ഞാൻ ആരാധിക്കുന്നത്; എന്റെ കീഴ്വണക്കത്തിനു മറ്റു ലക്ഷ്യങ്ങളില്ലാതെ അവനു വേണ്ടി മാത്രമായിക്കൊണ്ട്.» (സുമർ 14)] (അബ്ദുറഹ്മാൻ ബിൻ ഹസൻ ആലു ശൈഖ് | ഫത്ഹുൽ മജീദ് ശർഹു കിതാബിത്തൗഹീദ്)

## ശർഅ് അനുവദിച്ചു തന്നിട്ടുള്ള കാരണങ്ങൾ കൈകൊള്ളാം, അവയെ ആശ്രയിക്കരുത്

എല്ലാ കാര്യങ്ങളും നിവർത്തിച്ചു തരുന്നവൻ അല്ലാഹുവാണ്. ഇഹലോകത്തും പരലോകത്തും കാര്യങ്ങൾ നിവർത്തിച്ചു കൊടുക്കാൻ അവനു ചില നടപടിക്രമങ്ങളുണ്ട്. കാരണങ്ങളിലൂടെയാണ് അവൻ കാര്യങ്ങൾ നിവർത്തിക്കുന്നത്. കാരണങ്ങളും കാര്യങ്ങളും എല്ലാം അവന്റെ സൃഷ്ടികളാണ്. കാരണങ്ങൾ കാര്യങ്ങളെ സൃഷ്ടിക്കുന്നില്ല. കാര്യങ്ങളുടെ നിയന്ത്രണം പൂർണ്ണമായും അല്ലാഹുവിന്റെ കൈയിലാണ്. കാര്യങ്ങൾ നിവർത്തിക്കാനുള്ള കാരണങ്ങൾ നിശ്ചയിക്കുന്നതും അവ തമ്മിൽ ബന്ധിപ്പിക്കുന്നതും അവൻ മാത്രമാണ്. കാരണങ്ങൾക്ക് ഉപകരണപരമായ ധർമ്മം മാത്രമേയുള്ളു. അവയ്ക്ക് കാര്യങ്ങളുടെ മേൽ ഉടമസ്ഥതയോ നിയന്ത്രണമോ ഇല്ല.

നാം തേടുന്ന കാര്യം ഭൗതികമോ അഭൗതികമോ ആവട്ടെ, കാര്യകാരണ ബന്ധങ്ങൾക്ക് അധീനമോ അതീതമോ ആവട്ടെ, സൃഷ്ടികളുടെ കഴിവിൽപെട്ടതോ അല്ലാത്തതോ ആവട്ടെ, അതു സാധിപ്പിച്ചു തരുന്നവൻ അല്ലാഹു മാത്രമാണ്. അതിനാൽ അവനോട് മാത്രമേ സഹായം ചോദിക്കാവൂ. കാരണങ്ങൾക്കും നിമിത്തങ്ങൾക്കും ഉപകരണപരമായ ധർമ്മം മാത്രമേയുള്ളു. അതിൽ കവിഞ്ഞ ഒരു സ്ഥാനവും അവക്ക് നൽകാവതല്ല. അവയിലേക്ക് മനസ്സ് തിരിയാനും പാടില്ല.

ഒരു കാര്യം സാധിക്കാൻ നാം ചെയ്യേണ്ടത് അല്ലാഹുവിനോട് ചോദിക്കുക, ആ കാര്യം സാധിക്കുന്നതിന് അല്ലാഹു നിശ്ചയിച്ച കാരണം നമുക്ക് അറിയിച്ചു തന്നിട്ടുണ്ടെങ്കിൽ, അത് പൂർത്തീക രിക്കുക എന്നതാണ്. കാരണങ്ങളെ കേവല നിമിത്തങ്ങളായിട്ടു മാത്രമേ കാണാൻ പാടുള്ളൂ. അവയിലേക്ക് കണ്ണും മനസ്സും തിരി യുകയും അവയിൽ കാര്യങ്ങൾ ഭരമേൽപിക്കുകയും അവയോട് തേടുകയും ചെയ്യുക എന്നത് നിമിത്തങ്ങളെ അല്ലാഹുവിൽ പങ്കു ചേർക്കലാണ്. അതു ശിർക്കാണ്.

കാര്യസാധ്യത്തിന് അല്ലാഹു നിശ്ചയിച്ച കാരണം നമു ക്ക് അറിയിച്ചു തന്നിട്ടുണ്ടെങ്കിൽ അത് പൂർത്തീകരിക്കണം. പക്ഷെ, അവയെ കേവല നിമിത്തങ്ങളായി മാത്രമേ കാണാൻ പാടുള്ളൂ എന്നു മാത്രം. അല്ലാഹു പറയുന്നത് കാണുക:

﴿يَا أَيُّهَا الَّذِينَ آمَنُوا خُذُوا حِذْرَكُمْ... ﴿٧١﴾﴾ (النساء)

[വിശ്വാസികളേ, നിങ്ങൾ നിങ്ങൾക്കു വേണ്ട ജാഗ്രത കൈകൊ ള്ളുവിൻ...] (നിസാഅ് 71)

(وَأَعِدُّوا لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ الْخَيْلِ... ﴿٦٠﴾) (الأنفال)

[അവരെ നേരിടാൻ നിങ്ങളുടെ കഴിവിൽപെട്ട എല്ലാ ശക്തിയും, ബന്ധിച്ചു നിർത്തിയ കുതിരകളെയും നിങ്ങൾ സജ്ജമാക്കു വിൻ...] (അൻഫാൽ 60)

﴿فَإِذَا قُضِيَتِ الصَّلَاةُ فَانتَشِرُوا فِي الْأَرْضِ وَابْتَغُوا مِن فَضْلِ اللَّهِ... ﴿١٠﴾﴾ (الجمعة)

[നമസ്കാരം കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിക്കുകയും അല്ലാഹുവിന്റെ ഔദാര്യം തേടുകയും ചെയ്യുക...] (ജുമുഅഃ 10)

﴿وَهُزِّي إِلَيْكِ بِجِذْعِ النَّخْلَةِ تُسَاقِطْ عَلَيْكِ رُطَبًا جَنِيًّا ﴿٢٥﴾﴾ (مريم)

[നീ ഈന്തപ്പനത്തടി നിന്നിലേക്ക് പിടിച്ചു കുലുക്കുക. നിനക്കത് പാകമായ ഈന്തപ്പഴം വീഴ്ത്തിത്തരും.] (മർയം 25)

وقال النبي ﷺ: «تداووا عباد الله، فإن الله تعالى لم يضع داء إلا وضع له دواء غير داء واحد؛ الهرم» [السيوطي في الجامع الصغير وزيادته عن أسامة بن شريك، وصححه الألباني]

[നബി ﷺ പറയുന്നു: അല്ലാഹുവിന്റെ അടിയാറുകളേ, നിങ്ങൾ ചികിത്സിക്കൂ. നിശ്ചയമായും അല്ലാഹു, പ്രതിവിധി നിശ്ചയിച്ചിട്ടല്ലാതെ ഒരു രോഗവും ഇറക്കിയിട്ടില്ല; വാർദ്ധക്യം പ്രാപിച്ച് മരണപ്പെടുന്നതല്ലാതെ.] (സുയൂത്വി | അൽ ജാമിഉസ്സ്വഗീർ വ സിയാദതുഹു)

عن أبي هريرة رضي الله عنه قال: قال رسول الله ﷺ: «المؤمن القوي خير وأحب إلى الله من المؤمن الضعيف، وفي كل خير، احرص على ما ينفعك، واستعن بالله، ولا تعجِز، وإن أصابك شيء فلا تقل لو أني فعلت كان كذا وكذا، ولكن قل قدَرُ الله وما شاء فعل، فإن لو تفتح عمل الشيطان» [مسلم في صحيحه]

[അബൂ ഹുറയ്റഃ رضي الله عنه നിവേദനം നബി ﷺ പറയുന്നു: കരുത്തനായ വിശ്വാസിയാണ് ദുർബ്ബലനായ വിശ്വാസിയെക്കാൾ ഉത്തമനും അല്ലാഹുവിന് കൂടുതൽ പ്രിയങ്കരനും. എന്നാൽ എല്ലാവരിലും നന്മയുണ്ട്. നിനക്ക് പ്രയോജനകരമായ കാര്യങ്ങളിൽ നീ ഔത്സുക്യം കാണിക്കുക, അല്ലാഹുവിനോട് മാത്രം സഹായം തേടുകയും ചെയ്യുക. നീ അശക്തനാവരുത്. നിനക്ക് വല്ല വിപത്തും ബാധിച്ചാൽ ഞാൻ ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇങ്ങനെയൊക്കെ ഉണ്ടാകുമായിരുന്നു എന്ന് പറയരുത്. മറിച്ച്, നീ പറയേണ്ടത് അല്ലാഹുവിന്റെ വിധി! അവനുദ്ദേശിക്കുന്നത് അവൻ ചെയ്യുന്നു എന്നാണ്. കാരണം, 'എങ്കിൽ' എന്നത് പിശാചിന്റെ പ്രവർത്തനം തുറക്കും.] (മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

**ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യഃ ﵀ പറയുന്നു:**

ففي قوله ﷺ: «احرص على ما ينفعك، واستعن بالله، ولا تعجز» أمر بالتسبب المأمور به، وهو الحرص على المنافع، وأمر مع ذلك بالتوكل، وهو الاستعانة بالله، فمن اكتفى بأحدهما فقد عصى أحد الأمرين. [ابن تيمية في مجموع فتاويه]

**[«നിനക്ക് പ്രയോജനകരമായ കാര്യങ്ങളിൽ നീ ഔത്സുക്യം കാണിക്കുക, അല്ലാഹുവിനോട് മാത്രം സഹായം തേടുകയും ചെയ്യുക» എന്ന നബിവചനം നിശ്ചയിക്കപ്പെട്ട കാരണം കൈകൊള്ളാനുള്ള കല്പനയാണ്. അത് പ്രയോജനകരമായ കാര്യങ്ങളിൽ ഔത്സുക്യം കാണിക്കുക എന്നതാണ്. അതോടൊപ്പം അവനോട് തവക്കുൽ ചെയ്യാനും കല്പിച്ചു. അത് അല്ലാഹുവിനോടുള്ള സഹായം തേടലാണ്. ആരെങ്കിലും ഒന്നു കൊണ്ട് മതിയാക്കിയാൽ അവൻ രണ്ടിൽ ഒരു കല്പന ധിക്കരിച്ചവനായിത്തീരും. (ഇബ്‌നു തൈമിയ്യഃ | മജ്‌മൂഉൽ ഫതാവാ)**

**ശ്രദ്ധിക്കുക! കാരണങ്ങൾ കൈകൊള്ളുന്നത് അല്ലാഹുവിന്റെ കല്പന പ്രകാരം മാത്രമാണ്. അപ്പോഴും അല്ലാഹുവിനെ ആശ്രയിക്കേണ്ടതാണ്. കാരണങ്ങളിലേക്ക് തിരിയുകയോ അവയെ അവലംബിക്കുകയോ ചെയ്യാവതല്ല. ഈ സൂക്ഷ്മമായ ആശയത്തെ ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യഃ ﵀ അനാവരണം ചെയ്യുന്നത് കാണുക:**

ومما ينبغي أن يُعلم ما قاله طائفة من العلماء، قالوا: الالتفات إلى الأسباب شرك في التوحيد، ومحو الأسباب أن تكون أسبابا نقص في العقل، والإعراض عن الأسباب بالكلية قدح في الشرع، وإنما التوكل والرجاء معنى يتألف من موجب التوحيد والعقل والشرع، وبيان ذلك؛ أن الالتفات إلى السبب هو اعتماد القلب عليه ورجاؤه والاستناد إليه، وليس في المخلوقات ما يستحق هذا، لأنه ليس مستقلا، ولا بد له من شركاءَ وأضدادٍ، ومع هذا كله فإن

لم يسخِّره مسبب الأسباب لم يُسخَّر، وهذا مما يبين أن الله ربُّ كل شيء ومليكُه، وأن السموات والأرض وما بينهما والأفلاكَ وما حوته، لها خالق مدبر غيرها، وذلك أن كل ما يصدر عن فلك أو كوكب أو ملك أو غير ذلك فإنك تجده ليس مستقلا بإحداث شيءٍ من الحوادث، بل لا بد من مشارك ومعاون، وهو مع ذلك له معارضات وممانعات) [ابن تيمية في مجموع فتاويه]

[ഒരു പറ്റം പണ്ഡിതന്മാർ വിശദീകരിച്ചിട്ടുള്ളത് നിർബ്ബന്ധമായും മനസ്സിലാക്കിയിരിക്കേണ്ട കാര്യമാണ്. അവർ പറയുന്നു: നിമിത്തങ്ങളിലേക്ക് തിരിയൽ അല്ലാഹുവിന്റെ ഏകത്വത്തിൽ പങ്കുചേർക്കലും, കാരണങ്ങളെ കാരണങ്ങളായി കാണാതിരിക്കുന്നത് ബുദ്ധിമോശവുമാണ്. കാരണങ്ങളിൽനിന്ന് മൊത്തമായി തിരിഞ്ഞുകളഞ്ഞാൽ അത് ശർഇനെ അധിക്ഷേപിക്കലുമാകും. തവക്കുൽ ചെയ്യുക, പ്രതീക്ഷയർപ്പിക്കുക എന്ന ആശയം തൗഹീദ്, ബുദ്ധി, ശർഅ് എന്നിവയുടെ അനിവാര്യതകളിൽനിന്ന് മാത്രമാണ് സംരചിക്കപ്പെടുന്നത്. അത് ഇപ്രകാരം വിശദീകരിക്കാം: കാരണഭൂതത്തിലേക്ക് തിരിയുക എന്നാൽ മനസ്സ് അതിൽ ആശ്രയം കണ്ടെത്തുകയും അതിൽ പ്രതീക്ഷയർപ്പിക്കുകയും അതിനെ അവലംബിക്കുകയും ചെയ്യുന്നു എന്നാണ്. ഇതിനൊന്നിനും യോഗ്യതയുള്ള ഒരു വസ്തുവും സൃഷ്ടികളിലില്ല. കാരണം, സൃഷ്ടികളിൽ സ്വയം പര്യാപ്തിയുള്ള ഒന്നുമേയില്ല. അവർക്ക് ഉറപ്പായും പങ്കാളികളും എതിരാളികളും ഉണ്ടായിരിക്കും. അതിനെല്ലാം പുറമെ കാരണങ്ങൾ നിശ്ചയിച്ചവൻ അതിനെ കീഴ്പ്പെടുത്തി തന്നില്ലെങ്കിൽ അത് വഴങ്ങുകയുമില്ല. ഈ വസ്തുത അനാവരണം ചെയ്യുന്നത് എല്ലാറ്റിന്റെയും റബ്ബും സർവ്വാധികാരിയും അല്ലാഹുവാണ് എന്നത്രെ. ആകാശഭൂമികൾ, അവയ്ക്കിടയിലുള്ളവ, ഗോളങ്ങൾ, അവയുൾക്കൊള്ളുന്നവ തുടങ്ങി എല്ലാറ്റിനും അവയല്ലാത്ത ഒരു സ്രഷ്ടാവും നിയന്താവുമുണ്ട്. ഗോളം, നക്ഷത്രം, മലക്ക് പോലുള്ളവയിൽനിന്നുണ്ടാകുന്ന യാതൊരു പ്രതിഭാസമെടുത്താലും, അവ

ക്ക് അവയെ സ്വതന്ത്രമായി ഉണ്ടാക്കാനാവില്ലെന്ന് നിനക്ക് കാണാവുന്നതാണ്. മറിച്ച് അവക്കെല്ലാം ഒരു പങ്കാളിയോ സഹായിയോ ഉണ്ടായിരിക്കും എന്ന കാര്യം ഉറപ്പാണ്. അതോടൊപ്പം അവക്കെല്ലാം പ്രതിബന്ധങ്ങളും എതിർപ്പുകളും ഉണ്ട് താനും.] (ഇബ്നു തൈമിയ്യഃ | മജ്മൂഉൽ ഫതാവാ)

കാരണഭൂതങ്ങളെ ആശ്രയിക്കുന്നവൻ ഒരു വിധത്തിൽ അവയിലാണ് ഭരമേൽപിക്കുന്നത്. അതിന്റെ ഫലം ശിർക്കും മോഹഭംഗവുമല്ലാതെ മറ്റൊന്നുമായിരിക്കില്ല. ശൈഖുൽ ഇസ്‌ലാം തന്നെ വിവരിക്കുന്നത് കാണുക:

فالقلب لا يتوكل إلا على من يرجوه، فمن رجا قوته أو عمله أو علمه أو حاله أو صديقه أو قرابته أو شيخه أو مُلْكه أو ماله غير ناظر إلى الله كان فيه نوع توكل على ذلك السبب، وما رجا أحد مخلوقا أو توكل عليه إلا خاب ظنه فيه، فإنه مشرك ﴿وَمَن يُشْرِكْ بِاللَّهِ فَكَأَنَّمَا خَرَّ مِنَ السَّمَاءِ فَتَخْطَفُهُ الطَّيْرُ أَوْ تَهْوِي بِهِ الرِّيحُ فِي مَكَانٍ سَحِيقٍ ﴿٣١﴾﴾ (الحج). [ابن تيمية في مجموع فتاويه]

[മനസ്സ് അതിനു പ്രതീക്ഷയുള്ളവരിലല്ലാതെ കാര്യങ്ങൾ ഭരമേൽപിക്കുകയില്ല. ഒരാൾ അല്ലാഹുവിലേക്ക് തിരിയാതെ, മറ്റൊരുവന്റെ ശക്തിയിലോ, പ്രവൃത്തിയിലോ, അറിവിലോ, സുഹൃത്തിലോ, ബന്ധുവിലോ, ഗുരുവിലോ, ആധിപത്യത്തിലോ, ധനത്തിലോ പ്രതീക്ഷയർപ്പിക്കുന്നു. എങ്കിൽ അവൻ ആ കാരണഭൂതത്തെ ഒരു തരത്തിൽ ഭരമേൽപിക്കുകയാണ് ചെയ്യുന്നത്. ആരെങ്കിലും ഒരു സൃഷ്ടിയിൽ പ്രതീക്ഷയർപ്പിക്കുകയും ഭരമേൽപിക്കുകയും ചെയ്യുന്നുവോ അവനെ കുറിച്ചുള്ള തന്റെ പ്രതീക്ഷയിൽ അവന് ഇച്ഛാഭംഗപ്പെടേണ്ടി വരാതിരിക്കില്ല; പുറമെ, അവൻ മുശ്‌രിക്കായിത്തീരുകയും ചെയ്യും. «ആർ അല്ലാഹുവിൽ പങ്കുചേർക്കുന്നുവോ അവൻ ആകാശത്തു നിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോ

കുന്നു. അല്ലെങ്കിൽ കാറ്റ് അവനെ ആഴമേറിയ ഒരു ഗർത്തത്തിൽ കൊണ്ടു പോയി തള്ളുന്നു.» (ഹജ്ജ് 31)] (ഇബ്നു തൈമിയ്യഃ | മജ്മൂഉൽ ഫതാവാ)

## മനുഷ്യർക്ക് മനുഷ്യവർഗ്ഗത്തിൽപെട്ടവരെ കാര്യസാധ്യത്തിനുള്ള നിമിത്തങ്ങളായി കാണാം

മനുഷ്യർക്ക് കാര്യസാധ്യത്തിനു വേണ്ടി മനുഷ്യവർഗ്ഗത്തിൽ പെട്ടവരോട് അവരുടെ കഴിവിൽപെട്ട കാര്യങ്ങൾ ചോദിക്കാം. അത് അല്ലാഹു നിശ്ചയിച്ച കാരണങ്ങളിലൊന്നാണ്. അവരെയും അവരുടെ കഴിവിൽപെട്ടത് ചോദിക്കുന്നതിനെയും കേവലം നിമിത്തമായി മാത്രമേ കാണാൻ പാടുള്ളു. അതിന് തീർത്തും ഉപകരണപരമായ ധർമ്മമേയുള്ളു എന്ന ബോധ്യമുണ്ടായിരിക്കണം. തന്റെ ആവശ്യം സഫലീകരിക്കുന്നതിന് താൻ തിരിയേണ്ടത് അല്ലാഹുവിലേക്കാണ്; ഈ നിമിത്തങ്ങളിലേക്കല്ല. സർവ്വാശ്രയവും അവലംബവും അല്ലാഹുവിനെയായിരിക്കണം; ഈ കാരണങ്ങളെ ആയിരിക്കാൻ പാടില്ല. ഉദാഹരണമായി, സന്താന സൗഭാഗ്യത്തിന് വിവാഹം ഒരു കാരണമാണ്. പക്ഷെ തന്റെ പ്രതീക്ഷയും ആശ്രയവും തവക്കുലും ഭാര്യയോടായിക്കൂടാ, അല്ലാഹുവിനോടായിരിക്കണം.

മനുഷ്യവർഗ്ഗത്തിൽപെട്ടവരോട് അവരുടെ കഴിവിൽപെട്ടത് ചോദിക്കുന്നത് അല്ലാഹു അനുവദിച്ച ഒരു നിമിത്തമാണെന്നതിന് തെളിവുകൾ നിരത്തേണ്ടതില്ല. എങ്കിലും അവയിൽ പ്രയോഗിച്ചിരിക്കുന്ന ഭാഷ നാം പരിചയപ്പെടേണ്ടതുണ്ട്. ഇല്ലെങ്കിൽ ജിന്നിലും മനുഷ്യരിലുംപെട്ട പിശാചുക്കൾ സജ്ജനങ്ങളെ വെറുതെ വിടില്ല. അതു പോലും വഴിപിഴപ്പിക്കാനുള്ള കാരണമാക്കും. അതിനു വേണ്ടി ഏതാനും ചില ഉദാഹരണങ്ങൾ പരിശോധിക്കാം:

﴿وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَىٰ... ۝٢﴾ (المائدة)

[പുണ്യത്തിലും തഖ്‌വയിലും നിങ്ങൾ അന്യോന്യം സഹകരിക്കുക...] (മാഇദഃ 2)

﴿وَإِنِ اسْتَنصَرُوكُمْ فِي الدِّينِ فَعَلَيْكُمُ النَّصْرُ إِلَّا عَلَىٰ قَوْمٍ بَيْنَكُمْ وَبَيْنَهُم مِّيثَاقٌ... ﴿٧٢﴾﴾ (الأنفال)

**[ഇനി മതകാര്യത്തിൽ അവർ നിങ്ങളുടെ സഹായം തേടുകയാണെങ്കിൽ സഹായിക്കാൻ നിങ്ങൾക്ക് ബാധ്യതയുണ്ട്. എന്നാൽ നിങ്ങളുമായി കരാറിൽ ഏർപ്പെട്ട ഒരു ജനതക്കെതിരെ പാടില്ല...] (അൻഫാൽ 72)**

**നബിചര്യയിൽനിന്നുള്ള ഒരു ഉദാഹരണം കൂടി കാണുക:**

قوله ﷺ: «انصر أخاك ظالما أو مظلوما» [البخاري في صحيحه]

**[നബി ﷺ പറയുന്നു: നിന്റെ സഹോദരനെ നീ സഹായിക്കുക; അക്രമിയായ നിലയിലാണെങ്കിലും മർദ്ദിതനായ നിലയിലാണെങ്കിലും.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)**

**ശൈഖുൽ ഇസ്‌ലാം ഇബ്ന തൈമിയ്യഃ ؒ പറയുന്നു:**

وكذلك الاستعانة أيضا، منها ما لا يصلح إلا لله، وهي المشار إليها بقوله: ﴿إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾﴾ (الفاتحة)، فإنه لا يعين على العبادة الإعانةَ المطلقة إلا الله، وقد يستعان بالمخلوق فيما يقدر عليه كما قال تعالى: ﴿وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَىٰ... ﴿٢﴾﴾ (المائدة)، وكذلك الاستنصار، قال تعالى: ﴿وَإِنِ اسْتَنصَرُوكُمْ فِي الدِّينِ فَعَلَيْكُمُ النَّصْرُ... ﴿٧٢﴾﴾ (الأنفال)، والنصر المطلق؛ وهو خلق ما به يغلب العدو لا يقدر عليه إلا الله. [ابن تيمية في الاستغاثة في الرد على البكري]

**[അപ്രകാരം തന്നെയാണ് സഹായം തേടലും. അതിൽ അല്ലാഹുവിനല്ലാതെ മറ്റാർക്കും പാടില്ലാത്തതുണ്ട്; «നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു» (ഫാതിഹഃ 5) എന്ന സൂക്തം അതിലേക്കാണ് സൂചന നൽകുന്നത്. കാര്യം; അവൻ ഒഴികെ മറ്റാരും ഇബാദത്തിനുള്ള പരമമായ**

സഹായം നൽകുകയില്ല. എന്നാൽ ചിലപ്പോൾ സൃഷ്ടികളോട് അവരുടെ കഴിവിൽപെട്ട കാര്യം ചോദിക്കാം. അതിനുള്ള ഉദാഹ ണമാണ് അല്ലാഹുവിന്റെ വചനം: «പുണ്യത്തിലും തഖ്‌വയിലും നിങ്ങൾ അന്യോന്യം സഹകരിക്കുക...» (മാഇദഃ 2). അതുപോ ലെതന്നെയാണ് പിന്തുണ തേടൽ. അല്ലാഹു പറയുന്നു: «ഇനി മതകാര്യത്തിൽ അവർ നിങ്ങളുടെ പിന്തുണ തേടുകയാണെങ്കി ൽ നിങ്ങൾക്ക് പിന്തുണക്കേണ്ട ബാധ്യതയുണ്ട്...» (അൻഫാൽ 72). അല്ലാഹു ഒരുക്കിത്തരുന്ന, അവനു മാത്രം ചെയ്യാൻ കഴിയു ന്ന, യാതൊരു കാര്യം മുഖേന ശത്രുവിനെ അതിജയിക്കാൻ സാ ധിക്കുന്നുവോ അതാണ് പരമമായ പിന്തുണ.] (ഇബ്നു തൈമി യ്യഃ | അൽ ഇസ്തിഗാസഃ ഫിർറദ്ദി അലൽബക്‌രി)

അദ്ദേഹം തന്നെ തുടരുന്നു:

ومعونة الإنسان لغيره إنما هي بفعله القائم في محل قدرته، وهي شيء لا يخرج عنه، وما خرج عن محل قدرته فقد تقدم الكلام فيه، وغايته أن يكون له فيه شرك. [ابن تيمية في الاستغاثة في الرد على البكري]

[ഒരു മനുഷ്യൻ മറ്റൊരാളെ സഹായിക്കുക എന്നത് തന്റെ കഴി വിൽപെട്ട പ്രവർത്തനം കൊണ്ടാണ്. അതിനപ്പുറത്തേക്ക് പോ കാത്ത കാര്യമാണത്. തന്റെ കഴിവിന് അപ്പുറത്തുള്ള കാര്യത്തെ കുറിച്ച് നേരത്തെ പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ ഫലം അയാൾ ക്ക് അതിൽ ശിർക്ക് സംഭവിക്കും എന്നതാണ്.] (ഇബ്നു തൈമി യ്യഃ | അൽഇസ്തിഗാസഃ ഫിർറദ്ദി അലൽബക്‌രി)

മനുഷ്യർക്ക് മനുഷ്യവർഗ്ഗത്തിൽപെട്ടവരെ കാര്യസാധ്യത്തി നുള്ള നിമിത്തങ്ങളായി അല്ലാഹു നിശ്ചയിച്ചിട്ടുള്ളതിനാൽ അവ രുടെ കഴിവിൽപെട്ട കാര്യങ്ങൾ ചോദിക്കാവുന്നതാണ്. അവരി ലേക്ക് മനസ്സോ മുഖമോ സ്വത്വമോ തിരിക്കാതെ, അവരിൽ പ്രതീ ക്ഷയർപ്പിക്കാതെ, അവരിൽ കാര്യം ഭരമേൽപിക്കാതെ, അവരെ

**അല്ലാഹു നിശ്ചയിച്ച കാരണം മാത്രമായി കണ്ടുകൊണ്ട് ആവശ്യങ്ങൾ ചോദിക്കാവുന്നതാണ്. ഇത് അല്ലാഹു അനുശാസിച്ചിരിക്കുന്ന കാരണം കൈകൊള്ളൽ (التَّسَبُّبُ) മാത്രമാണ്. ഭാഷയിൽ اسْتِعَانَةٌ (സഹായം ചോദിക്കുക) എന്നോ സമാനമായ മറ്റു പദങ്ങളോ അതിനും പ്രയോഗിക്കാറുണ്ട്. പക്ഷെ രണ്ടും രണ്ടു തന്നെയാണെന്നത് പകൽ വെളിച്ചം പോലെ വ്യക്തമാണല്ലോ.**

അദ്ധ്യായം മൂന്ന്

### ജിന്നിനോട് സഹായം തേടൽ
# കൊടിയ ശിർക്ക്

> സഹായാർത്ഥന ഇബാദത്താണ്. അത് അല്ലാഹുവിനോട് മാത്രമേ പാടുള്ളൂ. ജിന്നുകളോടോ മലക്കുകളോടോ അവരുടെ കഴിവിൽപെട്ട കാര്യങ്ങളിൽ പോലും സഹായാർത്ഥന നടത്താൻ പാടില്ല; അത് ശിർക്കാണ്. കാരണം അവർ മനുഷ്യരെ പോലെയല്ല; മറഞ്ഞ ലോകമാണ്. ഇതാണ് വസ്തുത. മറ്റെല്ലാം അനാവശ്യമായ തർക്കവും.

ജിന്നിനോട് സഹായം തേടുന്നത് ശിർക്കാണ്; ഖുർആനിലെയും സുന്നത്തിലെയും സുവ്യക്തമായ പ്രമാണരേഖകളിൽ നിന്ന് സംശയരഹിതമായും തെളിയുന്ന യാഥാർത്ഥ്യമാണിത്. അതിൽ ലവലേശം സന്ദേഹത്തിനവകാശമില്ല. മറ്റെല്ലാം തർക്കമാണ്. തർക്കതിന്റെ വാതിൽ വഴികേടിലേക്കാണ് തുറക്കുന്നത്. സത്യം മനസ്സിലാക്കാൻ രേഖാപരമായ തെളിവുകളാണ് ആവശ്യം. അത് വിശ്വസ്തമായ കൈകളിലൂടെ ലഭിച്ചാൽ പിന്നെ അതിന് കീഴ്പ്പെടുക തന്നെ. മറുചിന്തകൾക്കവിടെ പ്രസക്തിയില്ല.

ജിന്നിനോട് സഹായം തേടുന്നത് ശിർക്കാണെന്ന് നിരവധി പണ്ഡിതന്മാർ പ്രമാണരേഖകൾ നിരത്തി വിശദീകരിച്ചിട്ടുണ്ട്. ഉദ്ധരണികൾ പെരുപ്പിക്കാൻ ഉദ്ദേ

**ശമില്ല. സത്യാന്വേഷികൾക്കു വേണ്ടി ശൈഖ് ഇബ്ന ബാസ് ﵀യുടെ ഒരു ഫത്‌വ ചുവടെ ചേർക്കാം:**

السؤال الخامس: اشتهر عند بعض العوام أن يقول أحدهم قبل النوم، يا ملئكة الحفظ ! أيقظوني في الساعة كذا، أو عند وقت كذا؟

الجواب: هذا لا يجوز، بل هو من الشرك الأكبر، لأنه دعاء لغير الله، وطلب من الغائب، وهو كالطلب من الجن والأصنام والأموات لعموم قوله تعالى: ﴿وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا ﴿١٨﴾﴾ (الجن)، وقوله سبحانه: ﴿ذَٰلِكُمُ اللَّهُ رَبُّكُمْ لَهُ الْمُلْكُ ۚ وَالَّذِينَ تَدْعُونَ مِن دُونِهِ مَا يَمْلِكُونَ مِن قِطْمِيرٍ ﴿١٣﴾ إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ ۖ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾﴾ (فاطر)، فسمى سبحانه دعاء غيره من الأموات والأصنام والجن والملئكة شركا به سبحانه، وقال عز وجل: ﴿وَأَنَّهُ كَانَ رِجَالٌ مِّنَ الْإِنسِ يَعُوذُونَ بِرِجَالٍ مِّنَ الْجِنِّ فَزَادُوهُمْ رَهَقًا ﴿٦﴾﴾ (الجن)، وقال سبحانه: ﴿وَمَن يَدْعُ مَعَ اللَّهِ إِلَٰهًا آخَرَ لَا بُرْهَانَ لَهُ بِهِ فَإِنَّمَا حِسَابُهُ عِندَ رَبِّهِ ۚ إِنَّهُ لَا يُفْلِحُ الْكَافِرُونَ ﴿١١٧﴾﴾ (المؤمنون)، فسمى الداعين لغيره كافرين، وهذا يعم جميع المدعوين من دون الله من أموات أو أصنام أو جن أو ملئكة، ولا يستثنى من ذلك إلا الحي الحاضر القادر لقول الله سبحانه في قصة موسى ﴿فَاسْتَغَاثَهُ الَّذِى مِن شِيعَتِهِ عَلَى الَّذِى مِنْ عَدُوِّهِ... ﴿١٥﴾﴾ (القصص).

ومن هذا الشرك قول بعض الناس يا جن ! خذوه، يا سبعة ! خذوه، أو يا جن الظهيرة ! خذوه، أو يا جن الشعب الفلاني ! أو يا جن بلد فلان ! فهذا كله شرك أكبر، ودعوة لغير الله من الغائبين، وإذا قال: يا ملئكة الله ! أيقظوني أو

احفظوني فهذا شرك أكبر، أو يا جن البيت! احفظوني أو أيقظوني، فهذا شرك أكبر، نعوذ بالله من ذلك، والواجب على المسلم أن يحذر ذلك، وأن يستغيث بالله وحده، ويسأله وحده، ففيه الكفاية سبحانه، وهو القادر على كل شيء، وهو القائل عز وجل: ﴿وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ... ۝٦٠﴾ (غافر) والقائل سبحانه: ﴿وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ۝١٨٦﴾ (البقرة)، ويقول النبي ﷺ: «إذا سألت فاسأل الله، وإذا استعنت فاستعن بالله».

نسأل الله أن يوفقنا وجميع المسلمين للفقه في دينه والسلامة من أسباب غضبه، إنه سميع قريب. [ابن باز في مجموع فتاوى ومقالات متنوعة]

[അഞ്ചാമത്തെ ചോദ്യം: ചില സാധാരണക്കാരുടെ അടുക്കൽ അറിയപ്പെട്ട കാര്യമാണ് അവരിൽ ഒരാൾ ഉറങ്ങുന്നതിന് മുമ്പ് ഇങ്ങനെ പറയുന്നത്: കാവൽ ഏൽപിക്കപ്പെട്ട മലക്കുകളേ, എന്നെ ഇത്ര മണിക്ക്, അല്ലെങ്കിൽ ഇന്ന സമയത്ത് ഉണർത്തണേ എന്നുള്ളത്. അതിനെ കുറിച്ച് എന്ത് പറയുന്നു?

ഉത്തരം: ഇത് അനുവദനീയമല്ല. എന്നല്ല, ഇത് കൊടിയ ശിർക്കാണ്. കാരണം, ഇത് അല്ലാഹു അല്ലാത്തവരോടുള്ള دُعَاءٌ (സഹായാർത്ഥന)യാണ്; മറഞ്ഞവരോടുള്ള തേട്ടമാണ്. അത് ജിന്നിനോടും വിഗ്രഹങ്ങളോടും മരണപ്പെട്ടവരോടും തേടുന്നതു പോലെ തന്നെയാണ്. താഴെ കൊടുക്കുന്ന അല്ലാഹുവിന്റെ വചനമാണ് അതിനു തെളിവ്. അതിന്റെ പൊതുവായ അർത്ഥ പരിധിയിൽ ഇതും ഉൾപ്പെടും.

«പള്ളികൾ അല്ലാഹുവിനുള്ളതാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിനോടൊപ്പം മറ്റാരോടും പ്രാർത്ഥിക്കരുത്.» (ജിന്ന് 18)

അതുപോലെ തന്നെയാണ് അല്ലാഹുവിന്റെ ഈ വചനവും:

«അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ റബ്ബായ അല്ലാഹു. അവ ന്നാകുന്നു സർവ്വാധിപത്യം. അവനു പുറമെ നിങ്ങൾ ആരോട് പ്രാർത്ഥിച്ചാലും അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിച്ചിട്ട് അവർ നി ങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. കേട്ടാലും അവർ നിങ്ങൾ ക്കുത്തരം നൽകുകയുമില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാ കട്ടെ അവരെ നിങ്ങൾ പങ്കാളികളാക്കിയതിനെ അവർ നിഷേ ധിക്കുന്നതുമാണ്. അഭിജ്ഞനായ അല്ലാഹുവിനെ പോലെ നിന ക്ക് വിവരം തരാൻ ആരുമില്ല.» (ഫാത്വിർ 13, 14)

അല്ലാഹുവിന് പുറമെ, മരണപ്പെട്ടുപോയവരോ വിഗ്രഹങ്ങ ളോ ജിന്നുകളോ മലക്കുകളോ പോലുള്ള ആരോട് പ്രാർത്ഥിച്ചാ ലും അതിനെ ശിർക്ക് എന്നാണ് അല്ലാഹു വിളിച്ചിരിക്കുന്നത്. അവൻ പറയുന്നു:

«മനുഷ്യരിൽപെട്ട ചില വ്യക്തികൾ ജിന്നുകളിൽപെട്ട വ്യക്തിക ളോട് കാവൽ തേടാറുണ്ടായിരുന്നു. അങ്ങനെ അത് അവരിൽ അഹന്ത വർദ്ധിപ്പിച്ചു.» (ജിന്ന് 6)

അല്ലാഹു പറയുന്നു:

«ആർ അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവത്തോടും പ്രാർത്ഥി ക്കുന്നുവോ അതിന് അവനൊരു ന്യായപ്രമാണവും ഇല്ല തന്നെ. അവന്റെ വിചാരണ തന്റെ റബ്ബിന്റെയടുക്കൽ തന്നെയായിരി ക്കും. അവിശ്വാസികൾ വിജയിക്കാൻ പോകുന്നില്ല; തീർച്ച.» (മു അ്മിനൂൻ 117)

അല്ലാഹു അല്ലാത്തവരോട് സഹായാർത്ഥന നടത്തുന്നവ രെ കാഫിറുകൾ എന്നാണ് ഇവിടെ അല്ലാഹു വിളിച്ചിരിക്കുന്ന ത്. ഇത് അല്ലാഹുവിന് പുറമെ സഹായാർത്ഥന നടത്തപ്പെടു ന്ന മരണപ്പെട്ടവർ, വിഗ്രഹങ്ങൾ, ജിന്നുകൾ, മലക്കുകൾ പോ ലുള്ള എല്ലാവരെയും ഉൾക്കൊള്ളുന്നു. അതിൽനിന്ന് ഒഴിവ് ജീ

വിച്ചിരിക്കുന്ന, ഹാജറുള്ള, ഉദ്ദിഷ്ടകാര്യത്തിനു സാധിക്കുന്ന മനുഷ്യൻ മാത്രമാണ്. മൂസാ ﷺന്റെ കഥയിൽ പറഞ്ഞ വചനമാണ് അതിനു തെളിവ്.

«അപ്പോൾ അദ്ദേഹത്തിന്റെ കക്ഷിയിൽപെട്ടവൻ തന്റെ ശത്രുക്കളിൽപെട്ടവനെതിരെ സഹായം തേടി.» (ഖസ്വസ്വ് 15)

ഈ ശിർക്കിൽപെട്ടതാണ് ചിലർ നടത്തുന്ന താഴെ പറയുന്ന വിളികൾ: ജിന്നേ, അവനെ പിടിക്കൂ... ഏഴുജിന്നുകളേ, അവനെ പിടികൂടൂ... ഉച്ചവേളയിലെ ജിന്നേ, അവനെ പിടിക്കൂ... ഇന്ന മലയോര ജിന്നേ... ഇന്ന നാട്ടിലെ ജിന്നേ... ഇതെല്ലാം കൊടിയ ശിർക്കാണ്; അല്ലാഹുവിന് പുറമെ മറഞ്ഞവരോടുള്ള സഹായാർത്ഥനയാണ്.

ഒരാൾ പറയുന്നു: അല്ലാഹുവിന്റെ മലക്കുകളേ, എന്നെ ഉണർത്തുവീൻ... അല്ലെങ്കിൽ എന്നെ സംരക്ഷിക്കുവീൻ... ഇതും കൊടിയ ശിർക്കാണ്. അല്ലെങ്കിൽ ഈ വീട്ടിലെ ജിന്നേ, എന്നെ സംരക്ഷിക്കൂ... അല്ലെങ്കിൽ എന്നെ ഉണർത്തുവീൻ... ഇതും കൊടിയ ശിർക്കാണ്. അവയിൽനിന്നെല്ലാം അല്ലാഹുവിനോട് കാവൽ തേടുകനാം. അത്തരം കാര്യങ്ങളിൽനിന്നെല്ലാം സൂക്ഷ്മത കൈകൊള്ളാനും അല്ലാഹുവിനോട് മാത്രം സഹായാർത്ഥന നടത്താനും ഒരു മുസ്‌ലിം ബാധ്യസ്ഥനാണ്. അല്ലാഹുവിനോട് മാത്രമേ അവൻ ചോദിക്കാവൂ. അല്ലാഹു മതിയായവനാണ്; അവന്റെ വിശുദ്ധി ഞാൻ ഉയർത്തിപ്പിടിക്കുന്നു. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അവനാണ് പറയുന്നത്:

«നിങ്ങൾ എന്നോട് ചോദിക്കൂ, ഞാൻ നിങ്ങൾക്ക് ഉത്തരമേകാം...» (ഗാഫിർ 60)

അല്ലാഹു തന്നെ പറയുന്നു:

«എന്റെ അടിയാറുകൾ എന്നെ കുറിച്ച് നിന്നോട് ചോദിച്ചാൽ, ഞാൻ സമീപസ്ഥനാണ്. വിളിക്കുന്നവന്റെ വിളിക്ക്, അവൻ

എന്നെയാണ് വിളിച്ചതെങ്കിൽ, ഞാൻ ഉത്തരമേകും. അതിനാൽ അവർ എന്റെ ആഹ്വാനം സ്വീകരിക്കട്ടെ, എന്നിൽ വിശ്വസിക്കട്ടെ. എങ്കിൽ അവർ സന്മാർഗ്ഗം പ്രാപിച്ചേക്കാം.» (ബഖറഃ 186)

നബി ﷺ പറയുന്നു: «നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം സഹായം തേടുക.»

അല്ലാഹുവേ, നിന്റെ ദീനിൽ അവഗാഹം നേടാൻ, നിന്റെ കോപത്തിന് കാരണമാകുന്ന വിഷയങ്ങളിൽനിന്ന് രക്ഷപ്പെടാൻ നീ ഞങ്ങൾക്കും ഇതര മുസ്‌ലിംകൾക്കും തൗഫീഖ് നൽകണേ. അല്ലാഹു എല്ലാം കേൾക്കുന്നവനും സമീപസ്ഥനുമാണ്.] (ഇബ്‌നു ബാസ് | മജ്മൂഉ ഫതാവാ വ മഖാലാത് മുതനവ്വിഅഃ)

ശൈഖ് ഇബ്‌നു ബാസ് ؒയുടെ ഒരു അഭിപ്രായമായി ഇതിനെ കാണരുത്. ഇതിൽ ഉദ്ധരിച്ച തെളിവുകളെയാണ് പരിഗണിക്കേണ്ടത്. ഫത്‌വകളും പണ്ഡിതാഭിപ്രായങ്ങളും വായിക്കേണ്ടത് അവയിൽ ഉദ്ധരിച്ച തെളിവുകളെ അടിസ്ഥാനപ്പെടുത്തിയാണ്. അവയുടെ ബലവും സ്വീകാര്യതയും അവയുൾക്കൊള്ളുന്ന പ്രമാണരേഖകൾക്കനുസരിച്ചിരിക്കും. മതിയായ തെളിവുകളില്ലാത്ത ഫത്‌വകളും പണ്ഡിതാഭിപ്രായങ്ങളും ആരുടേതായിരുന്നാലും അവ അസ്വീകാര്യമായി അവശേഷിക്കും. അല്ലാത്ത പക്ഷം അത് അന്ധമായ അനുകരണത്തിലേക്കും കക്ഷിത്വത്തിലേക്കും വഴിമാറും. ഇക്കാര്യം എപ്പോഴും മാന്യവായനക്കാരുടെ ശ്രദ്ധയിലുണ്ടായിരിക്കണമെന്ന് ഉണർത്തുകയാണ്.

സൗദി അറേബ്യയിലെ ഫത്‌വക്കും വൈജ്ഞാനിക പഠനങ്ങൾക്കുമുള്ള സ്ഥിരം സമിതി പുറപ്പെടുവിച്ച ഒരു മതവിധി കൂടി താഴെ കൊടുക്കാം:

سؤال: في البلدة التي أسكن فيها، الشرك منتشر بكل مظاهره من الشعوذة والسحر والاستعانةِ بالأولياء والصالحين، وقد وُضع في يدي كتاب عنوانه

علاج الأمور السحرية، وكتاب الشرك ومظاهره، وجدت فيها جملة من الأحاديث الصحيحة للنبي ﷺ تبيح الرقى بالقرآن، فاشتغلت بالرقى، ولكثرة المرضى خصوصًا الذين بهم سحر أو صرع أصبحت أرقي ليلاً ونهارًا، فهل يجوز لي أن أستعين بجني لأجل إخراج السحر، أو آمره أن يبحث عن التمائم المخفية؟

جواب: لا يجوز الاستعانة بالجن والغائبين، لأن هذا من الشرك بالله عز وجل، لأن الاستعانة عبادة لا يجوز صرفها لغير الله لا من الجن ولا من الإنس ولا من الملائكة ولا غيرهم، إلا مع القادر الحي الحاضر من الإنس فيما يقدر عليه، كالاستعانة بالإنسان الحي القادر في الزراعة والبناء وقتال الأعداء، أما الجن فحكم حاضرهم كغائبهم لا تجوز الاستعانة بهم في شيء من الأشياء، لقول الله عز وجل (إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ) وقول النبي ﷺ (وإذا استعنت فاستعن بالله)، وبالله التوفيق، وصلى الله على نبينا محمد وآله صحبه وسلم.

اللجنة الدائمة للبحوث العلمية والإفتاء.

| الرئيس | نائب الرئيس | عضو | عضو | عضو | عضو |
|---|---|---|---|---|---|
| عبد العزيز بن عبد الله بن باز | عبد الرزاق عفيفي | عبد الله بن غديان | صالح الفوزان | عبد العزيز آل الشيخ | بكر أبو زيد |

**[ചോദ്യം: ഞാൻ താമസിക്കുന്ന നാട്ടിൽ മാരണം, ക്ഷുദ്രവേല, ഔലിയാക്കളോടും സജ്ജനങ്ങളോടുമുള്ള സഹായാർത്ഥന പോലെ ശിർക്കിന്റെ എല്ലാ രൂപഭാവങ്ങളും പ്രചാരത്തിലുണ്ട്. എന്റെ കൈയിലുള്ള ഒരു പുസ്തകം മാരണത്തിനുള്ള ചികിത്സ എന്ന തലക്കെട്ടോടു കൂടിയതാണ്. ശിർക്കും അതിന്റെ രൂപഭാ**

വങ്ങളും എന്നതാണ് മറ്റൊന്ന്. ഖുർആൻ കൊണ്ട് മന്ത്രിക്കുന്നതിനെ അനുവദനീയമാക്കുന്ന നബി ﷺയിൽനിന്ന് സ്ഥിരപ്പെട്ടുവന്ന കുറച്ച് ഹദീസുകൾ ഞാൻ അതിൽ കാണാനിടയായി. അങ്ങനെ ഞാൻ ഖുർആൻ കൊണ്ട് മന്ത്രിക്കുന്നതിൽ മുഴുകി. രോഗികളുടെ ആധിക്യത്താൽ, വിശിഷ്യാ സിഹ്ർ ബാധിച്ചവരും ബാധ മൂലം വീഴ്ത്തപ്പെടുന്നവരുമായ രോഗികളുടെ ക്രമാതീതമായ വർദ്ധനവു കാരണം ഞാൻ രാപ്പകൽ ഭേദമന്യെ മന്ത്രിച്ചുകൊണ്ടിരുന്നു. സിഹ്ർ ചെയ്ത വസ്തു പുറത്തെടുക്കുവാൻ എനിക്ക് ജിന്നിനോട് സഹായം തേടൽ അനുവദനീയമാണോ? അല്ലെങ്കിൽ ഒളിപ്പിച്ചു വെച്ച ഏലസ്സുകളും മറ്റും കണ്ടെത്താൻ എനിക്ക് അവനോട് കല്പിക്കാമോ?

ഉത്തരം: ജിന്നുകളോടും മറഞ്ഞവരോടും സഹായം ചോദിക്കാൻ പാടില്ല. കാരണം അത് അല്ലാഹുവിൽ പങ്കുചേർക്കലാണ്. എന്തെന്നാൽ സഹായാർത്ഥന ആരാധനയാണ്. അത് അല്ലാഹുവിനല്ലാതെ മനുഷ്യർക്കോ ജിന്നുകൾക്കോ മലക്കുകൾക്കോ മറ്റാർക്കെങ്കിലുമോ നൽകാവതല്ല. അതിൽനിന്ന് ഒഴിവ് ജീവിച്ചിരിക്കുന്ന, ഹാജറുള്ള മനുഷ്യനോട് അവന്റെ കഴിവിൽപെട്ട കാര്യം ചോദിക്കുന്നതു മാത്രമാണ്. ജീവിച്ചിരിക്കുന്ന, കഴിവുള്ള ഒരു മനുഷ്യനോട് കൃഷി ചെയ്യാനോ നിർമ്മാണ പ്രവർത്തനം നടത്താനോ ശത്രുക്കളോട് യുദ്ധം ചെയ്യാനോ സഹായം ചോദിക്കുന്നതു പോലുള്ള കാര്യങ്ങൾ മാത്രം. എന്നാൽ ഹാജറുള്ള ഒരു ജിന്നിന്റെ വിധി മറഞ്ഞ ജിന്നിനെ പോലെ തന്നെയാണ്. അവരോട് ഒരു കാര്യത്തിലും സഹായാർത്ഥന നടത്താൻ പാടില്ല. അതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്: «ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു; ഞങ്ങൾ നിന്നോട് മാത്രം സഹായം ചോദിക്കുന്നു.» (ഫാതിഹഃ 5) അതുപോലെ തന്നെ നബി ﷺയുടെ വചനവും: «നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക.» അല്ലാഹുവിനെ കൊണ്ടാണ് എല്ലാ ഉതവിയും. നമ്മുടെ നബിയായ മുഹമ്മദ് ﷺക്കും കുടുംബത്തിനും

അനുചരന്മാർക്കും അല്ലാഹുവിന്റെ സുരക്ഷയും സമാധാനവും ഉണ്ടാകുമാറാവട്ടെ.]

(ഫത്‌വക്കും വൈജ്ഞാനിക പഠനങ്ങൾക്കുമുള്ള സ്ഥിരം സമിതി)

അധ്യക്ഷൻ : അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാ ബിൻ ബാസ്
ഉപാധ്യക്ഷൻ : അബ്ദുർ റസാഖ് അഫീഫി
അംഗങ്ങൾ : അബ്ദുല്ലാ ബിൻ ഗുദയ്യാൻ
സ്വാലിഹ് അൽ ഫൗസാൻ
അബ്ദുൽ അസീസ് ആലുശൈഖ്
ബക്ർ അബൂ സൈദ്

## മറഞ്ഞ ലോകത്തുള്ളവരോട് സഹായം തേടുന്നതും അവരെ കാര്യസാധ്യത്തിനുള്ള കാരണമായി കാണുന്നതും ശിർക്ക്

ഇസ്തിആനഃ (اسْتِعَانَة), ഇസ്തിആദഃ (اسْتِعَاذَة), ഇസ്തിഗാസഃ (اسْتِغَاثَة) എന്നിവ സഹായാർത്ഥനയുടെ മൂന്നു വകഭേദങ്ങളാണെന്ന് പറഞ്ഞുവല്ലോ. അത് ആരാധനയാകയാൽ അല്ലാഹുവിന്റെ മുമ്പിൽ മാത്രമേ സമർപ്പിക്കാൻ പാടുള്ളു. തെളിഞ്ഞ ലോകത്തുള്ളവരോട് (عَالَمُ الشَّهَادَة) തന്നെ സഹായാർത്ഥന നടത്തിയാൽ അത് ശിർക്കായിത്തീരും. എന്നാൽ തെളിഞ്ഞ ലോകത്തുള്ള ഏതെങ്കിലും ജീവികളെയോ വസ്തുക്കളെയോ ഒരു കാര്യം സാധിക്കാനുള്ള നിമിത്തമായി അല്ലാഹു നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിനെ ആ കാര്യത്തിന് ഉപയോഗപ്പെടുത്തുന്നത് യഥാർത്ഥത്തിൽ സഹായാർത്ഥനയോ (دُعَاءٌ) ശിർക്കോ അല്ല. മറിച്ച്, അത് അല്ലാഹു നിശ്ചയിച്ച കാരണം കൈകൊള്ളൽ മാത്രമാണ്. അത് ശർഅ് നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

പ്രായോഗികമായ ചില ഉദാഹരണങ്ങളിലൂടെ കാര്യം മനസ്സിലാക്കാം. യാത്രക്കിടെ വാഹനം തകരാറായാൽ അത് പരിഹരിക്കാൻ സഹായം തേടേണ്ടത് അല്ലാഹുവിനോടാണ്. അതേസമയം, അത് പരിഹരിക്കുന്നതിന് അല്ലാഹു നിശ്ചയിച്ച കാര

ണങ്ങളും സാമഗ്രികളും ഉണ്ടെങ്കിൽ അത് കൈകൊള്ളുകയും വേണം. ടയർ മാറ്റാൻ വേണ്ടി ജാക്കി ഉപയോഗിച്ച് വാഹനം ഉയർത്തിയാൽ ജാക്കിയോട് സഹായാർത്ഥന നടത്തി എന്ന് അതിനർത്ഥമില്ല. മറിച്ച് അല്ലാഹു നിശ്ചയിച്ച നിമിത്തങ്ങളും സാമഗ്രികളും ഉപയോഗിച്ചു എന്നേ അതിനെ കുറിച്ച് പറയുകയുള്ളു.

സന്താന സൗഭാഗ്യത്തിനായി സഹായം തേടേണ്ടത് അല്ലാഹുവിനോടാണ്. അത് അല്ലാഹുവിന് പുറമെ, തെളിഞ്ഞ ലോകത്തോ മറഞ്ഞ ലോകത്തോ ഉള്ള ആരോട് തേടിയാലും ശിർക്കാണ്. എന്നാൽ വിവാഹം കഴിച്ച് ഭാര്യയുമായി ലൈംഗികബന്ധത്തിലേർപ്പെടുക എന്നത് അതിന് അല്ലാഹു നിശ്ചയിച്ച നിമിത്തമാണ്. ഒരാൾ ഭാര്യയെ ലൈംഗികവേഴ്ചക്ക് ഉപയോഗിക്കുന്നത് അവരോടുള്ള സഹായാർത്ഥനയോ അവർക്കുള്ള ആരാധനയോ അല്ല. അതിനാൽ തന്നെ അത് ശിർക്കാകുന്നുമില്ല. മറിച്ച് ശർഇൽ നിർദ്ദേശിച്ച കാരണം കൈകൊള്ളൽ മാത്രമാണ്.

ഒരാൾ കിണറ്റിൽ വീണാൽ രക്ഷക്കു വേണ്ടി സഹായാർത്ഥന നടത്തേണ്ടത് അല്ലാഹുവിനോട് മാത്രമാണ്. എന്നാൽ കാര്യസാധ്യത്തിന് അല്ലാഹു നിശ്ചയിച്ച കാരണങ്ങളുണ്ടെങ്കിൽ അത് സ്വീകരിക്കുകയും ചെയ്യണം. ആ വ്യക്തി കരയിലുള്ളവരോട് എന്നെ കിണറ്റിൽനിന്ന് രക്ഷപ്പെടുത്താനായി കഴിയാവുന്ന കാര്യങ്ങൾ ചെയ്യണമെന്ന് ആവശ്യപ്പെടുന്നതിന് ഭാഷയിൽ സാഹായം ചോദിച്ചു എന്ന് പറയാറുണ്ടെങ്കിലും സൂക്ഷ്മാർത്ഥത്തിൽ അത് അയാളോടുള്ള സഹായാർത്ഥന (دُعَاءٌ) അല്ല; അല്ലാഹു നിശ്ചയിച്ച നിമിത്തം സ്വീകരിക്കൽ മാത്രമാണ്. അതേപോലെ, രോഗശമനത്തിനു വേണ്ടി ഡോക്ടറെ സമീപിക്കുന്നതും ചികിത്സ സ്വീകരിക്കുന്നതും സൂക്ഷ്മാർത്ഥത്തിൽ അദ്ദേഹത്തോടുള്ള സഹായാർത്ഥന (دُعَاءٌ) അല്ല; കാരണം കൈകൊള്ളൽ മാത്രമാണ്.

ഇതുപോലുള്ള ചില സാഹചര്യങ്ങളിൽ സഹായാർത്ഥന നടത്തുന്നതും (دُعَاءٌ) കാരണം കൈകൊള്ളുന്നതും (التَّسَبُّبُ) തമ്മിലു

ള്ള വ്യത്യാസം ചിലർക്ക് അവ്യക്തമാകുകുയും, അതിരുകൾ നീങ്ങിപ്പോകുകയും ചെയ്യാം. കൂടാതെ, നിമിത്തങ്ങളെയും ഉപകരണങ്ങളെയും സാമഗ്രികളെയും ഉപയോഗപ്പെടുത്തുന്നതിന് ഭാഷയിൽ 'ഇസ്തആന' (സഹായം തേടി) എന്ന പദം ഉപയോഗിക്കാറുള്ളതാണ്. ഖുർആനിലും സുന്നത്തിലും അത്തരം പ്രയോഗങ്ങൾ ധാരാളമുണ്ട് താനം. അത് നേരത്തെ വിശദീകരിച്ചിട്ടുള്ളതാണ്. മതിയായ ഗ്രാഹ്യവും വിവേകവുമില്ലാത്ത കടലാസ് പശുക്കൾ കൂടുതൽ ആശയക്കുഴപ്പത്തിലാകാൻ അതും ഒരു കാരണമാകാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ അതിരുകൾ ലംഘിക്കപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടത് ഒരു വിശ്വാസിയുടെ കടമയാണ്.

എപ്പോൾ മനസ്സും മുഖവും സ്വത്വവും അല്ലാഹുവിലേക്ക് തിരിയേണ്ടതിന്ന പകരം നിമിത്തങ്ങളിലേക്ക് തിരിയുന്നുവോ അപ്പോൾ കാരണം കൈകൊള്ളുക (التَّسَبُّبُ) എന്നതുവിട്ട് അവയോടു തന്നെ സഹായാർത്ഥന (دُعَاءٌ) നടത്തുന്നതിലേക്ക് കാര്യം നീങ്ങി എന്നു കരുതാം. എപ്പോൾ ആശ്രയവും അവലംബവുമായി അല്ലാഹുവിനെ കാണേണ്ടതിന്ന പകരം കാരണങ്ങളിലും സാമഗ്രികളിലും ആശ്രയം കണ്ടെത്തുകയും അവയെ അവലംബമാക്കുകയും ചെയ്യുന്നുവോ അപ്പോൾ കാരണം കൈകൊള്ളുക എന്നതു വിട്ട് കാരണങ്ങളോടുള്ള സഹായാർത്ഥനയിലേക്ക് മാറി എന്നു മനസ്സിലാക്കാം. അനുഗ്രഹങ്ങൾ അവയുടെ സ്രഷ്ടാവും ദാതാവുമായ അല്ലാഹുവിലേക്ക് ചേർക്കേണ്ടതിന്ന പകരം കാരണങ്ങളിലേക്ക് ചേർക്കുന്നുവെങ്കിൽ അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയും അവന്റെ സ്ഥാനത്ത് കാരണങ്ങളെ സ്ഥാപിക്കുന്നതിലേക്ക് കാര്യമെത്തി എന്നും തീർച്ചപ്പെടുത്താം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കാരണം കൈകൊള്ളുക (التَّسَبُّبُ) എന്നതും സഹായാർത്ഥന നടത്തുക (دُعَاءٌ) എന്നതും തമ്മിലുള്ള വ്യത്യാസം മാഞ്ഞുപോവുന്നു. അവിടെ അതിരുകൾ ലംഘിക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ കാര്യസാധ്യത്തിന് അല്ലാഹു നിശ്ചയിച്ച കാരണങ്ങളെയും ഉപകരണങ്ങളെയും ഉപയോഗപ്പെടുത്തുന്നതിന്ന പകരം അവയോട്

സഹായാർത്ഥന നടത്തുകയും, അവയെ തന്നെ ആരാധിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് മാറി എന്നുറപ്പിക്കാം.

عَالَمُ الشَّهَادَةِ (തെളിഞ്ഞ ലോകം) ൽപെട്ടവയെ തന്നെ കാര്യസാധ്യത്തിനുള്ള നിമിത്തമായി ഉപയോഗിക്കണമെങ്കിൽ, അതിനെ അല്ലാഹു ആ കാര്യത്തിനുള്ള കാരണമായി നിശ്ചയിച്ചിരിക്കണം. അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം അത് ചെറിയ ശിർക്കെങ്കിലും ആയിത്തീരും. ആ കാരണത്തിന് പ്രാപഞ്ചിക കാര്യങ്ങളിൽ സ്വാധീനമുണ്ടെന്ന വിശ്വാസത്തോടെയാണ് അതിനെ സമീപിക്കുന്നതെങ്കിൽ അത് വലിയ ശിർക്കുമായിത്തീരും.

ഇങ്ങനെ, കാരണങ്ങളോടും സാമഗ്രികളോടുമുള്ള മനുഷ്യമനോഭാവം മാറിവരാം. ചിലപ്പോൾ അനുഗ്രഹങ്ങളും നന്മയും അവയുടെ സ്രഷ്ടാവും ദാതാവുമായ അല്ലാഹുവിലേക്ക് ചേർത്തു പറയുന്നതിനു പകരം കാരണങ്ങളിലേക്ക് ചേർത്ത് പറയുന്നതുപോലെ ബാഹ്യതലത്തിൽ ഒതുങ്ങി നിൽക്കാം. അപ്പോൾ അത് ചെറിയ ശിർക്ക് (شِرْكٌ أَصْغَرُ) ആയിട്ടാണ് പരിഗണിക്കുക. ചിലപ്പോൾ കാരണങ്ങൾക്ക് പ്രാപഞ്ചിക കാര്യങ്ങളിൽ ഇടപെടാനുള്ള കഴിവും സ്വാധീനവുമുണ്ടെന്ന വിശ്വാസം വരാം. അപ്പോൾ അത് വലിയ ശിർക്ക് (شِرْكٌ أَكْبَرُ) ആയിത്തീരുകയും ചെയ്യും.

ശ്രദ്ധിക്കുക! ചെറിയ ശിർക്ക് പോലും വൻപാപങ്ങളെക്കാൾ ഗൗരവമുള്ളതാണ്. «നിശ്ചയം, അല്ലാഹു അവനിൽ പങ്കുചേർക്കുന്നത് പൊറുക്കുകയില്ല. അതിനു താഴെയുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തു കൊടുക്കും...» (നിസാഅ് 48) എന്ന ഖുർആൻ സൂക്തത്തിന്റെ അർത്ഥ പരിധിയിൽ ചെറിയ ശിർക്കും ഉൾപ്പെടും. സ്വീകാര്യയോഗ്യമായ തൗബഃ ചെയ്യാത്തിടത്തോളം അത് പൊറുക്കപ്പെടാതെ കിടക്കുകയും അതിനുള്ള നരകശിക്ഷ അനുഭവിക്കേണ്ടി വരികയും ചെയ്യും. എന്നാൽ അത് അയാളുടെ മറ്റു പ്രവർത്തനങ്ങളെ നിഷ്ഫലമാക്കുകയോ, അയാളെ ദീനിൽനിന്ന് ബഹിഷ്കൃതനാക്കുകയോ, നരകത്തിൽ ശാശ്വതനാക്കുകയോ ചെയ്യില്ല.

കാരണം കൈകൊള്ളുക (التَّسَبُّبُ) എന്നതു സംബന്ധിച്ച് മുകളിൽ പറഞ്ഞതെല്ലാം عَالَمُ الشَّهَادَةِ (തെളിഞ്ഞ ലോകം) യുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. എന്നാൽ ജിന്ന്, മലക്ക് പോലുള്ളവർ عَالَمُ الْغَيْبِ (മറഞ്ഞ ലോകം) ആണ്. അവരെ അല്ലാഹു മനുഷ്യർക്ക് കാര്യസാധ്യത്തിനുള്ള നിമിത്തങ്ങളായി നിശ്ചയിച്ചിട്ടില്ല. അതിനാൽ കാര്യം നിവർത്തിക്കാൻ അവരോട് ചോദിക്കുന്നത് കാരണം കൈകൊള്ളുക (التَّسَبُّبُ) എന്ന വകുപ്പിൽ ഉൾപ്പെടില്ല. അത് സഹായാർത്ഥനയും (دُعَاءٌ) ആരാധനയുമാണ്. അത് ശിർക്കായിത്തീരുകയും ചെയ്യും.

കാര്യസാധ്യത്തിനായി ജിന്നിനോട് ചോദിക്കുന്നത് അതിനും മീതെയാണ്. കാരണം:

1- അല്ലാഹു അല്ലാത്ത ആരോട് സഹായാർത്ഥന (دُعَاءٌ) നടത്തുന്നതും ശിർക്കാണ്. മനുഷ്യമക്കളിൽ മഹാഭൂരിപക്ഷത്തെയും വഴിപിഴപ്പിക്കുമെന്നും അവരെ കൊണ്ട് ശിർക്ക് ചെയ്യിക്കുമെന്നും ശപഥം ചെയ്ത് ഇറങ്ങിയ വർഗ്ഗശത്രുവായ ഇബ്‌ലീസിനോടും അവന്റെ അനുയായികളോടും സഹായാർത്ഥന നടത്തി അവരെ തന്നെ അല്ലാഹുവിൽ പങ്കുചേർക്കുന്നത് ശിർക്കാണ്; ശിർക്കിന്റെ ഇനങ്ങളിൽ ഏറ്റവും മോശവുമാണ്.

2- അവരോട് സഹായാർത്ഥന നടത്താതെ, കാര്യസാധ്യത്തിനുള്ള കാരണമാക്കാമോ? അതും പറ്റില്ല. കാരണം അവർ عَالَمُ الْغَيْبِ (മറഞ്ഞ ലോകം) ആണ്. അവരെ അല്ലാഹു മനുഷ്യർക്ക് കാര്യസാധ്യത്തിനുള്ള നിമിത്തങ്ങളായി നിശ്ചയിച്ചിട്ടില്ല. ആ നിലക്ക് അവരെ സമീപിക്കുന്നതും സഹായാർത്ഥന നടത്തുന്നുതും ശിർക്കായിത്തീരുകയും ചെയ്യും.

3- ഇബ്‌ലീസും അവന്റെ അനുയായികളും മനുഷ്യരുടെ പ്രഖ്യാപിത വർഗ്ഗശത്രുക്കൾ കൂടിയാണ്. അവർ കൊടും ചതിയന്മാരാണ്. അവരുടെ ലക്ഷ്യം മനുഷ്യരെ അല്ലാഹുവിൽ പങ്കുചേർക്കുന്നവരാക്കണം. അവരെക്കൊണ്ട് അവരുടെ വർഗ്ഗശ

ത്രുവായ പിശാചിനെ തന്നെ ആരാധിപ്പിക്കണം. അതാണ് ഇവിടെ സാധിച്ചെടുക്കുന്നത്. അപ്പോൾ അവരോട് സഹായ മർത്ഥിക്കുന്നത് പച്ചയായ ജിന്നുസേവ (Devil Worship) ആയി ത്തീരും.

4- കൊടും ചതിയന്മാരായ ഈ ജിന്നു പിശാചുക്കളോട് ഒരു തര ത്തിലുള്ള വ്യവഹാരവും മനുഷ്യന് നന്നല്ല. മാത്രമല്ല, മനുഷ്യ രിൽനിന്ന് അവരുമായി ബന്ധം പുലർത്തുന്ന മാരണക്കാരെ പോലും സമീപിക്കാനോ അവർ പറയുന്നത് വിശ്വാസത്തിലെ ടുക്കാനോ അതനുസരിച്ച് പ്രവർത്തിക്കാനോ പാടില്ല. അതു തന്നെ കുഫ്ർ വരെ ആകാവുന്ന കുറ്റമാണ്.

മുകളിൽ പറഞ്ഞ വസ്തുതകൾ കാരണം ജിന്നുകളോട് സഹാ യാർത്ഥന നടത്തുന്നതിനെ പ്രത്യേകമായി തന്നെ അല്ലാഹു വി ലക്കിയിട്ടുണ്ട്. അതിന്റെ തിക്തമായ ഫലങ്ങളെ കുറിച്ചും ഗുരു തരമായ പ്രത്യാഘാതങ്ങളെ കുറിച്ചും ശക്തമായ ഭാഷയിലാണ് താക്കീത് ചെയ്തിട്ടുള്ളത്. അതിൽനിന്ന് കാവൽ തേടാൻ രണ്ട് അധ്യായങ്ങൾ (مُعَوِّذَتَانِ) തന്നെ അല്ലാഹു അവതരിപ്പിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നത് കാണുക:

﴿وَأَنَّهُ كَانَ رِجَالٌ مِّنَ الْإِنسِ يَعُوذُونَ بِرِجَالٍ مِّنَ الْجِنِّ فَزَادُوهُمْ رَهَقًا ۝٦﴾ (الجن)

[മനുഷ്യരിൽപെട്ട ചില വ്യക്തികൾ ജിന്നുകളിൽപെട്ട ചില വ്യ ക്തികളോട് ശരണം തേടാറുണ്ടായിരുന്നു. അങ്ങനെ അത് അവ രിൽ അഹന്ത വർദ്ധിപ്പിച്ചു.] (ജിന്ന് 6)

അന്തരാളകാലത്ത് മക്കാ മുശ്രിക്കുകളും മറ്റും വിഗ്രഹങ്ങ ളോട് സഹായാർത്ഥന നടത്തിയിരുന്നതു പോലെ ജിന്നുകളോ ട് ശരണം തേടുകയും ചെയ്തിരുന്നു. അത് ജിന്നുകളുടെ ഗർ വ്വും അഹന്തയും വർദ്ധിപ്പിച്ചു. അവരുടെ ഏറ്റവും വലിയ ലക്ഷ്യം മനുഷ്യരെ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനു പകരം പി ശാചിനെ കൂടി ആരാധിക്കുന്നവരാക്കി മാറ്റുക എന്നതാണ്. ആ

വലിയ ലക്ഷ്യം പൂവണിയുമ്പോഴുള്ള ഗർവ്വും അഹന്തയുമൊന്ന് വേറെ തന്നെയാണ്. അവനെ ആരാധിക്കുന്നില്ലെങ്കിൽ പിന്നെ അല്ലാഹുവിന് പുറമെ മറ്റാരെയെങ്കിലും ആരാധിച്ച് ശിർക്ക് ചെയ്താലും അവൻ സംതൃപ്തനായി. കാരണം അത് മനുഷ്യനെ നിത്യമായ നരകത്തിലേക്ക് എത്തിക്കാൻ പര്യാപ്തമാകുമല്ലോ. അല്ലാഹു പറയുന്നത് കാണുക:

﴿إِنَّ الشَّيْطَانَ لَكُمْ عَدُوٌّ فَاتَّخِذُوهُ عَدُوًّا ۚ إِنَّمَا يَدْعُو حِزْبَهُ لِيَكُونُوا مِنْ أَصْحَابِ السَّعِيرِ ۝٦﴾ (فَاطِر)

[തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ കക്ഷികളെ ക്ഷണിക്കുന്നത് അവർ നരകാവകാശികളിൽ ഉൾപ്പെടുന്നതിനു വേണ്ടിയാണ്.] (ഫാത്വിർ 6)

പ്രലോഭനത്തിലൂടെയോ ഭീഷണിയിലൂടയോ മറ്റു വിധേനയോ എങ്ങനെയെങ്കിലും മനുഷ്യനെ നരകത്തിൽ വീഴ്ത്തുക എന്നതാണ് അവന്റെ ഏറ്റവും ചെറിയ ലക്ഷ്യം. പരലോകത്ത് നടക്കാനിരിക്കുന്ന ഒരു സ്ഥിതിവിശേഷം അല്ലാഹു വിവരിക്കുന്നത് കാണുക:

﴿وَيَوْمَ يَحْشُرُهُمْ جَمِيعًا يَا مَعْشَرَ الْجِنِّ قَدِ اسْتَكْثَرْتُم مِّنَ الْإِنسِ ۖ وَقَالَ أَوْلِيَاؤُهُم مِّنَ الْإِنسِ رَبَّنَا اسْتَمْتَعَ بَعْضُنَا بِبَعْضٍ وَبَلَغْنَا أَجَلَنَا الَّذِي أَجَّلْتَ لَنَا ۚ قَالَ النَّارُ مَثْوَاكُمْ خَالِدِينَ فِيهَا إِلَّا مَا شَاءَ اللَّهُ ۗ إِنَّ رَبَّكَ حَكِيمٌ عَلِيمٌ ۝١٢٨﴾ (الْأَنْعَامُ)

[അവരെയെല്ലാം അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം. ജിന്നുകളുടെ സമൂഹമേ, മനുഷ്യരിൽ നിന്ന് ധാരാളം പേരെ നിങ്ങൾ പിഴപ്പിച്ചുവല്ലോ. അപ്പോൾ മനുഷ്യരിൽ നിന്നുള്ള അവരുടെ ഉറ്റമിത്രങ്ങൾ പറയും: ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ ചിലർ മറ്റുചിലരെക്കൊണ്ട് സുഖമനുഭവിക്കുകയാണുണ്ടായത്. അങ്ങനെ ഞങ്ങൾക്ക് നീ നിശ്ചയിച്ച അവധി എത്തി. അവൻ പറയും: നരകമാണ് നിങ്ങ

ളുടെ പാർപ്പിടം; നിങ്ങളതിൽ നിത്യവാസികളായിരിക്കും. നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ. തീർച്ചയായും നിന്റെ റബ്ബ് ജ്ഞാനിയായ അധികാരസ്ഥനും സർവ്വജ്ഞനുമാകുന്നു.] (അൻആം 128)

മുകളിൽ പറഞ്ഞ സൂറത്തുൽ ജിന്നിലെ 6-ാം സൂക്തത്തിന് വ്യാഖ്യാതക്കൾ നൽകിയ വിവരണം ശ്രദ്ധിക്കുക: "അവരിൽപെട്ട ആരെങ്കിലും ഒരു താഴ്വരയിൽ ഇറങ്ങി രാത്രി ചെലവഴിക്കാനുദ്ദേശിച്ചാൽ ഇപ്രകാരം പറയുമായിരുന്നു: ഈ താഴ്വരയുടെ പ്രമുഖനോട് തന്റെ സമൂഹത്തിലെ അവിവേകികളുടെ തിന്മകളിൽനിന്ന് ഞാൻ ശരണം തേടുന്നു." (ത്വബരിയുടെ തഫ്സീർ കാണുക). ഇങ്ങനെ ജിന്നുകളിലെ പ്രമുഖരോട് അവരുടെ സ്വാധീനത്തിലുള്ള കാര്യങ്ങൾ ചോദിക്കുന്നതിനെയാണ് സൂറത്തുൽ ജിന്നിൽ അല്ലാഹു അധിക്ഷേപിച്ചിരിക്കുന്നത്.

കിതാബുത്തൗഹീദിന്റെ ശർഹിൽ ശൈഖ് അബ്ദുറഹ്മാൻ ബിൻ ഹസൻ ആലുശൈഖ് ﵀ പറയുന്നത് കാണുക:

وقد أجمع العلماء على أنه لا يجوز الاستعاذة بغير الله، وقال ملا علي قاري الحنفي: لا تجوز الاستعاذة بالجن، فقد ذم الله الكافرين على ذلك، وذكر الآية، وقال تعالى: ﴿وَيَوْمَ يَحْشُرُهُمْ جَمِيعًا يَا مَعْشَرَ الْجِنِّ قَدِ اسْتَكْثَرْتُم مِّنَ الْإِنسِ ۖ وَقَالَ أَوْلِيَاؤُهُم مِّنَ الْإِنسِ رَبَّنَا اسْتَمْتَعَ بَعْضُنَا بِبَعْضٍ وَبَلَغْنَا أَجَلَنَا الَّذِي أَجَّلْتَ لَنَا ۚ قَالَ النَّارُ مَثْوَاكُمْ خَالِدِينَ فِيهَا إِلَّا مَا شَاءَ اللَّهُ ۗ إِنَّ رَبَّكَ حَكِيمٌ عَلِيمٌ ﴿١٢٨﴾﴾ (الأنعام)، فاستمتاع الإنسي بالجني في قضاء حوائجه، وامتثالِ أوامرِه وإخبارِه بشيء من المغيَّبات، واستمتاعُ الجني بالإنسي تعظيمُه إياه وإستعاذتُه به وخضوعُه له، انتهى ملخصا، قال المصنف: وفيه أن كون الشئ يحصل به منفعة دنيوية لا يدل على أنه ليس من الشرك. [عبد الرحمن بن حسن آل الشيخ في فتح المجيد شرح كتاب التوحيد]

[അല്ലാഹു അല്ലാത്തവരോട് ശരണം തേടാൻ പാടില്ലെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. മുല്ലാ അലി ഖാരി അൽ ഹനഫി പറയുന്നു: "ജിന്നിനോട് ശരണം തേടാൻ പാടില്ല. അതിന്റെ പേരിൽ അല്ലാഹു അവിശ്വാസികളെ അധിക്ഷേപിച്ചു കൊണ്ട് പറയുന്നു: «അവരെയെല്ലാം അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം. ജിന്നുകളുടെ സമൂഹമേ, മനുഷ്യരിൽ നിന്ന് ധാരാളം പേരെ നിങ്ങൾ പിഴപ്പിച്ചുവല്ലോ. മനുഷ്യരിൽ നിന്നുള്ള അവരുടെ ഉറ്റമിത്രങ്ങൾ പറയും: ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ ചിലർ മറ്റുചിലരെക്കൊണ്ട് സുഖമനുഭവിക്കുകയാണുണ്ടായത്. അങ്ങനെ ഞങ്ങൾക്ക് നീ നിശ്ചയിച്ച അവധി എത്തുകയും ചെയ്തു. അവൻ പറയും: നരകമാണ് നിങ്ങളുടെ പാർപ്പിടം; നിങ്ങളതിൽ നിത്യവാസികളായിരിക്കും. നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ. തീർച്ചയായും നിന്റെ റബ്ബ് ജ്ഞാനിയായ അധികാരസ്ഥനും സർവ്വജ്ഞനുമാകുന്നു.» (അൻആം 128) ജിന്നുകളെ കൊണ്ട് മനുഷ്യൻ സുഖമനുഭവിക്കുന്നത് തന്റെ ആവശ്യങ്ങൾ നിറവേറ്റിക്കിട്ടുന്നതിലൂടെയാണ്. തന്റെ ആവശ്യാനുസാരം ചില മറഞ്ഞ കാര്യങ്ങൾ അറിയിച്ചു കൊടുക്കുന്നതിലൂടെയുമാണ്. ജിന്ന് മനുഷ്യനെ കൊണ്ട് സുഖമനുഭവിക്കുന്നത് മനുഷ്യൻ അവനെ വന്ദിക്കുകയും അവനോട് ശരണം തേടുകയും അവനു കീഴ്പ്പെടുകയും ചെയ്യുന്നതിലൂടെയാണ്." ഗ്രന്ഥ കർത്താവായ മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് ﷺ പറയുന്നു: ഒരു കാര്യം മുഖേന ഭൗതികമായ നേട്ടം ഉണ്ടാകുന്നു എന്നത് അക്കാര്യം ശിർക്കല്ല എന്നതിന് തെളിവല്ല എന്നതും ഇതിലുണ്ട്.] (അബ്ദുറഹ്മാൻ ബിൻ ഹസൻ ആലുശൈഖ് | ഫത്ഹുൽ മജീദ് ശർഹു കിതാബിത്തൗഹീദ്)

## മനുഷ്യർക്ക് കാര്യസാധ്യത്തിന് ഉപയോഗിക്കാൻ അനുവാദമുള്ള നിമിത്തങ്ങളല്ല ജിന്നുകൾ

മനുഷ്യരുടെ കാര്യസാധ്യത്തിന് ഉപയോഗിക്കാൻ അല്ലാഹു അനുവദിച്ച കാരണങ്ങളിൽ ജിന്നുകൾ ഉൾപ്പെടില്ല. ഇക്കാര്യം

പരിശോധിക്കുന്നതിനു മുമ്പ് അതുമായി ബന്ധപ്പെട്ട മൗലിക മായ ഒരു വസ്തുത ആമുഖമായി എടുത്തു പറയേണ്ടതുണ്ട്.

ഖണ്ഡിതവും അവിതർക്കിതവുമായ പ്രമാണരേഖകളിൽ സ്ഥിരപ്പെട്ട കാര്യമാണ് അല്ലാഹുവിനോട് മാത്രമേ സഹായം തേടാൻ പാടുള്ളൂ എന്നത്. സ്രഷ്ടാവായ അല്ലാഹുവിനോടല്ലാതെ, മലക്കോ മനുഷ്യനോ ജിന്നോ ആരുമാവട്ടെ, സൃഷ്ടികളിൽ ഒരാളോടും സഹായം തേടാൻ പാടില്ല. നിരവധി ഖുർആൻ സൂക്തങ്ങളിലും സ്ഥിരപ്പെട്ട നബിചര്യയിലും മുസ്‌ലിംകളുടെ ഇജ്മാഇലും ഇക്കാര്യം സംശയത്തിനിടമില്ലാത്ത വിധം സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ഇത് ഇസ്‌ലാമിന്റെ മൗലിക തത്വമാണ്. മുഴുവൻ അമ്പിയാക്കളും പ്രബോധനം ചെയ്ത ദീനിന്റെ അടിസ്ഥാന ആശയവും ഇതു തന്നെ. «നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു» (ഫാതിഹഃ 5), പോലുള്ള നിരവധി ഖുർആൻ സൂക്തികളും, നബി ﷺ ഇബ്നു അബ്ബാസ് ؓ യോട് പറഞ്ഞ «നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം ചോദിക്കുക; നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം സഹായം തേടുക» (തിർമുദി) പോലുള്ള എണ്ണമറ്റ ഹദീസുകളും വ്യക്തമായും അനിഷേധ്യമായും സ്ഥാപിക്കുന്നത്, സഹായാർത്ഥന ആരാധനയാണ്, അത് അല്ലാഹുവിന് മാത്രമേ സമർപ്പിക്കാവൂ, അതിൽനിന്ന് ലവലേശം മറ്റാർക്കെങ്കിലും സമർപ്പിച്ചാൽ അവൻ മതത്തിൽനിന്ന് പുറത്താകും വിധമുള്ള കൊടിയ ശിർക്ക് ചെയ്തവനാകും. അതിനാൽ ജിന്നുകളോടോ അല്ലാത്തവരോടോ സഹായാർത്ഥന പാടില്ല. അത് ചെയ്യുന്നവൻ കാഫിറും മുശ്‌രിക്കുമാണ്.

അതുപോലെ, ജിന്നിനെ കാര്യസാധ്യത്തിനുള്ള നിമിത്തമായി ഉപയോഗിക്കാനും പാടില്ല. മനുഷ്യരുടെ കഴിവിൽപെട്ട കാര്യങ്ങളിൽ അവരെ കാരണമായി ഉപയോഗിക്കാൻ അനുവാദമുള്ളതു പോലെ, ജിന്നുകളുടെ കഴിവിൽപെട്ട കാര്യങ്ങൾ നിവർത്തി

ച്ചു കിട്ടുന്നതിന് അവരെ നിമിത്തമാക്കാം എന്നതിന് ശർഇൽ ഒരു തെളിവുമില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിലോ സ്ഥിരപ്പെട്ട നബിചര്യയിലോ അത് സാധൂകരിക്കുന്ന ഒരു രേഖയുമില്ല. തന്റെ ആവശ്യങ്ങൾ നിവർത്തിച്ചു കിട്ടുന്നതിനായി നബി ﷺ തന്റെ ജീവിതത്തിൽ ഒരിക്കൽ പോലും ജിന്നിനോട് സഹായം തേടി എന്ന് പറയുന്ന സ്വഹീഹായ ഹദീസ് പോകട്ടെ, ദുർബ്ബലമായ ഒരു രിവായത്തു പോലുമില്ല. കാര്യസാധ്യത്തിനായി മനുഷ്യർക്ക് ഉപയോഗിക്കാൻ അനുവാദമുള്ള കാരണങ്ങളിൽ ജിന്നുകളെ നബി ﷺ എണ്ണിയിട്ടുമില്ല. അവിടുത്തെ അനുചരന്മാരുടെ കാര്യവും അങ്ങനെ തന്നെയാണ്. അവരിൽ ഒരാളും അവരുടെ ദീനുമായോ ദുനിയാവുമായോ ബന്ധപ്പെട്ട ഒരു കാര്യത്തിലും ജിന്നിനോട് സഹായം തേടിയ ഒരു ചരിത്രമില്ല. ജിന്നുലോകത്തെ ഉപയോഗിക്കാൻ അനുവാദമുള്ള കാരണമായി അവർ പരിഗണിച്ചിട്ടുമില്ല. ഇത് സച്ചരിതരായ സലഫുകളുടെ അടുക്കൽ അഭിപ്രായ വ്യത്യാസമില്ലാത്ത, സമവായമുള്ള കാര്യമാണ്.

## ശർഅ് അനുവദിക്കാത്ത കാരണങ്ങൾ കൈകൊള്ളലും അവയെ ആശ്രയിക്കലും അല്ലാഹുവിൽ പങ്കുചേർക്കലാണ്

അല്ലാഹുവിലേക്ക് തിരിയാതെ, കാരണങ്ങളെ അവലംബമാക്കുകയും അവയിൽ ആശ്രയം കണ്ടെത്തുകയും ചെയ്യുക എന്നത് തൗഹീദിലുള്ള വീഴ്ചയാണെന്നത് ഇസ്‌ലാം ദീനിൽ അറിയപ്പെട്ട അനിഷേധ്യയാഥാർത്ഥ്യമാണ്. അതേപോലെ അല്ലാഹുവിന്റെ ദീനിൽ സ്ഥിരപ്പെട്ട യാഥാർത്ഥ്യമാണ് മനുഷ്യനു കാര്യസാധ്യത്തിനുള്ള കാരണമായി അല്ലാഹു നിശ്ചയിച്ചിട്ടില്ലാത്തതിനെ കാരണമായി സ്വീകരിക്കൽ അല്ലാഹുവിൽ പങ്കുചേർക്കലാണെന്നതും. ഇക്കാര്യം സാധൂകരിക്കുന്ന തെളിവാണ് താഴെ കൊടുക്കുന്ന ഹദീസ്:

عن عبد الله بن مسعود ﷺ عن رسول الله ﷺ قال: «الطيرة شرك، الطيرة

شرك، الطيرة شرك، ثلاثا؛ وما منا إلا ولكن الله يذهبه بالتوكل» [أبو داود في سننه، وصححه الألباني]

**[അബ്ദുല്ലാ ബിൻ മസ്ഊദ് ﵁ നിവേദനം. നബി ﷺ പറയുന്നു: ലക്ഷണം നോക്കൽ ശിർക്കാണ്, ലക്ഷണം നോക്കൽ ശിർക്കാണ്, ലക്ഷണം നോക്കൽ ശിർക്കാണ് - അവിടുന്ന് ഇങ്ങനെ മൂന്നാവർത്തിച്ചു. ഇബ്നു മസ്ഊദ് ﵁ പറയുന്നു: നമ്മളിലില്ല ഇങ്ങനെ സംഭവിക്കുന്നവരായിട്ടുള്ളവരല്ലാതെ... പക്ഷെ, തവക്കുൽ കൊണ്ട് അല്ലാഹു അത് ഇല്ലാതാക്കുന്നു.] (അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)**

**നമ്മളിൽ ചിലരുടെ മനസ്സിൽ അങ്ങനെ ചില ചിന്തകൾ വന്നേക്കാം. പക്ഷെ തവക്കുൽ കൊണ്ട് അതിന്റെ ദോഷം തടുക്കപ്പെടും എന്നാണ് ഉദ്ദേശിക്കുന്നത്.**

عن عبد الله قال: سمعت رسول الله ﷺ يقول: «إن الرقى والتمائم والتولة شرك» [أبو داود في سننه وصححه الألباني]

**[അബ്ദുല്ലാ ബിൻ മസ്ഊദ് ﵁ നിവേദനം. നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: മന്ത്രവും ഏലസ്സും ഉറുക്കും ശിർക്കാകുന്നു.] (അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)**

**മുകളിൽ പറഞ്ഞത് ഏതൊരു സത്യാന്വേഷിയുടെയും കണ്ണു തുറപ്പിക്കാൻ മതിയായ രണ്ട് ഉദാഹരണങ്ങളാണ്. ഇനിയും ധാരാളം രേഖകൾ ഉദ്ധരിക്കാൻ കഴിയും. സത്യാന്വേഷിക്ക് ഒന്നു മതിയാകുമല്ലോ. അഭീഷ്ടക്കാരന് ആയിരം കൊടുത്താലും തർക്കിച്ചുകൊണ്ടിരിക്കും. പിഴച്ചേ അടങ്ങൂ എന്നുള്ളവർക്ക് വഴികേടിലേക്ക് ചാടാനുള്ള താർക്കികമായ പഴുതുകൾ അവയിൽ മാത്രമല്ല ഏതിലും കണ്ടെത്താനാവുകയും ചെയ്യും. രോഗശമനത്തിന് അല്ലാഹു നിശ്ചയിച്ചിരിക്കുന്ന പല കാരണങ്ങളിൽ ഒന്നാണ് ഔഷധങ്ങൾ. അവയിൽ വഹ്‌യിലൂടെ അറിയിച്ചു തന്നവയും**

പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടവയുമുണ്ട്. ഉദാഹരണമായി തേനിന്റെ ഔഷധഗുണം ഖുർആനിൽ തന്നെ പരാമർശിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇന്ന് നാംഉപയോഗിക്കുന്ന മരുന്നുകളിൽ മിക്കതിന്റെയും ഔഷധഗുണം ആധുനിക വൈദ്യശാസ്ത്രം പരീക്ഷണ നിരീക്ഷണങ്ങളിലൂടെയാണ് തെളിയിച്ചിട്ടുള്ളത്.

﴿وَالَّذِي قَدَّرَ فَهَدَىٰ ۝٣﴾ (الأَعْلَىٰ)

«കാര്യങ്ങൾ നിർണ്ണയിക്കുകയും അതിലേക്ക് വഴികാണിക്കുകയും ചെയ്തവൻ» (അഅ്‌ലാ 3)

ഇങ്ങനെ തെളിയിക്കപ്പെട്ട കാരണങ്ങളെ മാത്രമേ കാര്യസാധ്യത്തിനായി ഉപയോഗിക്കാവൂ. കാരണങ്ങളല്ലാത്തവയെ കാര്യസാധ്യത്തിന് ഉപയോഗിക്കുന്നത് കൈവിട്ട കളിയാണ്. അത് വിഷയത്തിന്റെ സ്വഭാവവും ചെയ്യുന്നവന്റെ മനോഭാവവും അനുസരിച്ച് ശിർക്കിന്റെ ഏതെങ്കിലും ഇനങ്ങളിലാണ് സ്ഥാനം പിടിക്കുക. ശിർക്ക് എന്ന് പറയുമ്പോൾ, അതിൽ ചെറുതിനെ തന്നെ വലുതായി കാണുകയാണ് വേണ്ടത്. വലുതിനെ ചെറുതാക്കി കാണിക്കുകയല്ല ചെയ്യേണ്ടത്. ഇക്കാര്യം വഴിയെ വിശദീകരിക്കുന്നുണ്ട്.

വക്രബുദ്ധികളായ മുസ്ല്യാക്കന്മാരുടെ ഒട്ടും കഴമ്പില്ലാത്ത തള്ളുകൾ ചിലപ്പോൾ പാമരജനങ്ങളെ വട്ടം കറക്കിയേക്കാം. അതിനുദാഹരണമാണ് രോഗം മാറാൻ ലഡു കഴിച്ചാൽ ശിർക്കാകുമോ? ലഡു രോഗം മാറാനുള്ള കാരണമല്ലല്ലോ എന്ന ചോദ്യം. ഇതുപോലുള്ള കാര്യങ്ങളും ഒന്ന് പരിശോധിക്കാം. ലഡു ഔഷധഗുണമുള്ളതാണെങ്കിൽ, അതിന്റെ ഔഷധഗുണം വൈദ്യശാസ്ത്ര വിദഗ്ധർക്കറിയാമെങ്കിൽ, അതിൽ തെറ്റു പറയാൻ കഴിയില്ല. അവയുടെ കാര്യകാരണ ബന്ധവും ശാസ്ത്രീയതയും (Cause and Effect & Scientificity) വൈദ്യശാസ്ത്രവിദ്ഗ്ധർക്കാണ് ബോധ്യപ്പെടേണ്ടത്. ശരാശരി ഉപഭോക്താവിനു അത് ഗ്രഹി

ക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. അങ്ങനെ ഒരു കാര്യം സ്ഥിരീകരിക്കപ്പെടാത്ത ലഡുവിനെ 'അത്ഭുതലഡുവാക്കി' പാവപ്പെട്ടവരുടെ അറിവില്ലായ്മയെയും സംഭ്രമത്തെയും ദിവ്യൗഷധമാക്കുന്ന വേലയാണ് അതിനു പിന്നിലെങ്കിൽ അത് ശിർക്കായിത്തീരുകയും ചെയ്യും. അല്ലാഹു കാരണമായി നിശ്ചയിക്കാത്തതിലേക്ക് മനുഷ്യന്റെ ഈ രീതിയിലുള്ള തിരിയൽ വ്യത്യസ്ത അളവുകളിലുള്ള ശിർക്കായിട്ടാണ് പരിണമിക്കുക. അഥവാ ആ വസ്തുവിന് കാര്യകാരണബന്ധത്തിന് അതീതമായി, ദിവ്യമായ സ്വാധീനശക്തികളുണ്ട് എന്ന വിശ്വാസത്തിലേക്ക് എത്തിയാൽ അത് വലിയ ശിർക്കാകും. അത്തരം ഒരു വിശ്വാസമില്ലാതെ, അല്ലാഹു കാരണമായി നിശ്ചയിക്കാത്തതിനെ കാരണമായി സ്വീകരിക്കുന്നു എങ്കിൽ അത് ചെറിയ ശിർക്കിലും ഉൾപ്പെടും. ചെറിയ ശിർക്കിൽനിന്ന് കൊടിയ ശിർക്കിലേക്ക് വലിയ ദൂരമില്ലെന്ന് നാം മനസ്സിലാക്കുക. ഒരു മനോഭാവത്തിന്റെ, അല്ലെങ്കിൽ ഒരു വിശ്വാസത്തിന്റെ അകലമേ അതിനുള്ളൂ. ചിലപ്പോൾ ഒരു കാര്യം ശിർക്കിലേക്ക് നയിക്കാവുന്ന ഒരു ഉപാധി മാത്രമായിരിക്കാം. പക്ഷെ, അതുമായി ഇടപഴകുമ്പോൾ മനോഭാവത്തിൽ മാറ്റം വരുന്നു. അതിനെ ആശ്രയിക്കുകയും അവലംബിക്കുകയും ചെയ്യുന്ന സ്ഥിതിയിലെത്തുന്നു. അതിന് ദിവ്യമായ കഴിവും സ്വാധീനവുമുണ്ടെന്ന വിശ്വാസം ഉടലെടുക്കുന്നു. അപ്പോഴത് കൊടിയ ശിർക്കായിത്തീരുകയും ചെയ്യുന്നു.

ജിന്നുപിശാചുക്കൾ മനുഷ്യപ്പിശാചുക്കൾക്ക് ദുർബോധനം നൽകുന്ന കാര്യം ഖുർആനിൽ പരാമർശിക്കുന്നുണ്ട്. ചില മുസ്ല്യാക്കന്മാർ വസ്‌വാസുണ്ടാക്കുന്നത് കാണുമ്പോൾ ഖുർആനിലെ മേൽ പരാമർശമാണ് ഓർമ്മവരുന്നത്. കള്ള് ദാഹം തീർക്കാൻ ഉപയോഗിച്ചാൽ അല്ലാഹു നിശ്ചയിക്കാത്ത കാരണമല്ലാത്തതിനാൽ അത് ശിർക്കാകുമോ, മ്യൂസിക് തെറാപ്പി ശിർക്കാകുമോ... ഇങ്ങനെ നീളുന്നു അവരുണ്ടാക്കുന്ന വസ്‌വാസുകളുടെ പട്ടിക. തർക്കമല്ലേ ഇത്തരക്കാർക്ക് കൈമുതലായിട്ടുള്ളൂ. തർക്കിക്കാൻ

**മുതിരുന്ന വിഷയത്തെ കുറിച്ചുള്ള അടിസ്ഥാന ധാരണ പോലും അവർക്കില്ലാതെ പോയതിൽ പരിതപിക്കുക നാം. കാരണങ്ങൾ തന്നെ രണ്ടു വിധമില്ലേ; പ്രാപഞ്ചികവും മതപരവും? തെങ്ങിനും കമുങ്ങിനും ഒരേ തളപ്പ് പോരാ എന്ന സാമാന്യബോധവും നഷ്ട മായോ?**

**അല്ലാഹു അല്ലാത്തവരിൽ മനുഷ്യർ ആശ്രയം കണ്ടെത്തുന്നത് പല രൂപത്തിലായിരിക്കും. ഏതു പ്രകാരത്തിലായാലും മറ്റുള്ളവരോട് സഹായാർത്ഥന നടത്തുന്നതും പ്രാർത്ഥിക്കുന്നതും ദുആ ചെയ്യുന്നതും അല്ലാഹു വിലക്കിയിരിക്കുന്നു. സംശയത്തിന്റെ ഒരു നൂലിഴ പോലും ബാക്കിയാവാത്ത വിധം എല്ലാ വാതിലുകളും കൊട്ടിയടക്കപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചുള്ള ചില ഖുർആനിക യാഥാർത്ഥ്യങ്ങൾ പരിശോധിക്കാം:**

1. **പങ്കാളികൾക്ക് ഉടമസ്ഥാവകാശമില്ല (مِلْكٌ)**

   **മുശ്‌രിക്കുകൾ ജൽപിക്കുന്ന പങ്കാളികൾ നേട്ടകോട്ടങ്ങൾ ഉടമപ്പെടുത്തുന്നില്ല. അവയുടെ മേൽ അവർക്ക് ഒരധികാരവുമില്ല. അവരിൽ അല്ലാഹുവിനോട് അടുത്തവർ തന്നെ അവന്റെ ഔദാര്യത്തിനു വേണ്ടി കാത്തുകിടക്കുകയാണ്. അല്ലാഹു പറയുന്നത് കാണുക:**

   ﴿قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا ۝٥٦ أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ ۚ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا ۝٥٧﴾ (الإسراء)

   **[പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരെ നിങ്ങൾ വിളിച്ച് നോക്കൂ. നിങ്ങളിൽ നിന്ന് ഉപദ്രവം ഇല്ലാതാക്കാനോ, അത് തിരിച്ചുവിടാനോ ഉള്ള കഴിവ് അവർ ഉടമപ്പെടുത്തുന്നില്ല. അവർ പ്രാർത്ഥിച്ചുകൊ**

ണ്ടിരിക്കുന്നത് ആരെയാണോ അവർ, അതെ അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ, തങ്ങളുടെ റബ്ബിലേക്കുള്ള സാമീപ്യമാർഗ്ഗം തേടിക്കൊണ്ടിരിക്കുകയാണ്. അവർ അവന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിക്കുകയും, അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. നിന്റെ റബ്ബിന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടത് തന്നെയാകുന്നു.] (ഇസ്റാഅ് 56, 57)

2. **പങ്കാളികൾക്ക് ഒരു കഴിവുമില്ല (اسْتِطَاعَةٌ)**

അവർ ഉപകാരവും അപകാരവും ഉടമപ്പെടുത്തുന്നില്ല. നന്മയും തിന്മയും അവരുടെ അധീനത്തിലുമല്ല. സ്വന്തമായ കഴിവില്ലെങ്കിലും മറ്റു വിധേന ലഭിച്ച വല്ല കഴിവുമുണ്ടോ? അങ്ങനെ മറ്റുവിധേന ലഭിച്ച കഴിവും അവർക്കില്ല. അതുപയോഗിച്ച് അപരനെയോ ആത്മത്തെയോ സഹായിക്കാനും അവർക്കാവില്ല. അല്ലാഹു പറയുന്നു:

﴿وَالَّذِينَ تَدْعُونَ مِن دُونِهِ لَا يَسْتَطِيعُونَ نَصْرَكُمْ وَلَا أَنفُسَهُمْ يَنصُرُونَ ﴿١٩٧﴾﴾ (الأعراف)

[അവനു പുറമെ നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കാൻ സാധിക്കുകയില്ല. സ്വദേഹങ്ങളെ തന്നെയും അവർ സഹായിക്കുകയില്ല.] (അഅ്റാഫ് 197)

3. **പങ്കാളികൾ ഒന്നും ചെയ്യുകയുമില്ല**

ഉടമസ്ഥതയും അധീനതയും പോകട്ടെ, ഉള്ള കഴിവും ലഭിച്ച കഴിവും പോകട്ടെ, അവരോട് സഹായം തേടുന്നവർ ആവശ്യപ്പെടുന്ന പോലെ ഉപകാരമോ ഉപദ്രവമോ ചെയ്യാനവർക്ക് കഴിവില്ല; അവർ അങ്ങനെ ചെയ്യുകയുമില്ല. പിന്നെയെന്തിന് അവരോട് ചോദിക്കണം? അല്ലാഹു പറയുന്നത് കാണുക:

﴿وَلَا تَدْعُ مِن دُونِ اللهِ مَا لَا يَنفَعُكَ وَلَا يَضُرُّكَ ۖ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ الظَّالِمِينَ ﴿١٠٦﴾﴾ (يونس)

[അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരമോ അപകാരമോ ചെയ്യാത്ത യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിൽ പെട്ടുപോകും.] (യൂനുസ് 106)

### 4. പങ്കാളികൾ അവരോട് തേടുന്നത് കേൾക്കുകയില്ല

അവർ ഉപകാരമോ ഉപദ്രവമോ ഇങ്ങോട്ട് ലഭിക്കുന്നതു പോകട്ടെ, അവരോട് നടത്തുന്ന പ്രാർത്ഥന അവർ കേൾക്കുക പോലുമില്ല. വാദത്തിനു വേണ്ടി കേൾക്കുന്നു എന്ന് സങ്കൽപിച്ചാൽ തന്നെ അവർ ഉത്തരം ചെയ്യുകയുമില്ല. ഇത്തരം സഹായാർത്ഥനകൾ മുഴുവനും അത് ശിർക്കാണെന്നതിനാൽ അടിസ്ഥാനപരമായി തന്നെ അവർ നിരാകരിക്കുകയും ചെയ്യും. ഇതാണ് വസ്തുത.

﴿إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ ۖ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾﴾ (فاطر)

[നിങ്ങൾ അവരോട് പ്രാർത്ഥിച്ചാലും അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരമേകുകയില്ല. ഉയിർത്തെഴുന്നേൽപ്പുനാളിൽ നിങ്ങളവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുകയും ചെയ്യും. അഭിജ്ഞനായ അല്ലാഹുവിനെ പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.] (ഫാത്വിർ 14)

### 5. പങ്കാളികൾക്ക് ശിപാർശ ചെയ്യാനുമാവില്ല

എല്ലാം ഉടമപ്പെടുത്തുന്നവൻ അല്ലാഹുവാണ്. ഉപകാരവും അപകാരവും നന്മയും തിന്മയും അവന്റെ അധീനത്തിലുമാ

ണ്. എന്നാൽ ഇവർ ജൽപിക്കുന്ന പങ്കാളികൾ അവനോട് ശിപാർശ പറയുമോ? അതുപോലും ഉണ്ടാവില്ല. അല്ലാഹു പറയുന്നത് കാണുക:

﴿وَلَا يَمْلِكُ الَّذِينَ يَدْعُونَ مِن دُونِهِ الشَّفَاعَةَ إِلَّا مَن شَهِدَ بِالْحَقِّ وَهُمْ يَعْلَمُونَ ﴿٨٦﴾﴾ (الزخرف)

[അവനു പുറമെ ഇവർ പ്രാർത്ഥിക്കുന്നവരാരും ശിപാർശ ഉടമപ്പെടുത്തുന്നില്ല; കൃത്യമായ അറിവോടെ തൗഹീദിന്റെ വചനം സാക്ഷ്യപ്പെടുത്തിയവർ അല്ലാഹുവിന്റെ അനുമതി പ്രകാരം 'ലാഇലാഹ ഇല്ലല്ലാഹ്' പ്രഖ്യാപിച്ചവർക്ക് നടത്തുന്ന ശിപാർശയുടെ കാര്യം ഇതിൽനിന്ന് ഒഴിവാണ്.] (സുഖ്റുഫ് 86)

അല്ലാഹു ശിപാർശ പറയാൻ വാക്കാൽ അനുവാദം നൽകിയവർക്ക്, അല്ലാഹു അനുവദിച്ചവരുടെ കാര്യത്തിൽ, അവന്റെ പ്രത്യേകമായ അനുമതി പ്രകാരം അവൻ അനുവദിക്കുന്ന വിഷയത്തിലുള്ള ശിപാർശ മാത്രമേ ശർഇൽ സ്ഥിരപ്പെട്ടിട്ടുള്ളു.

## 6. ഉപകാരത്തിനു പകരം അപകാരം

അല്ലാഹുവിനു പുറമെ അവർ പ്രാർത്ഥിക്കുന്ന പങ്കാളികൾ ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലാത്തവരും, ചെയ്തു കൊടുക്കാത്തവരുമാണ്. കാര്യം അതിൽ അവസാനിക്കുന്നില്ല. അവരോട് സഹായം തേടുന്നതിലൂടെ വലിയ ദോഷങ്ങളും അപകാരങ്ങളുമാണ് അവരെ കാത്തിരിക്കുന്നത്. അവരുടെ ശിർക്കൻ നടപടിയിലൂടെ വന്നുചേരുന്ന ആപത്തിനെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

﴿يَدْعُو لَمَن ضَرُّهُ أَقْرَبُ مِن نَّفْعِهِ ۚ لَبِئْسَ الْمَوْلَىٰ وَلَبِئْسَ الْعَشِيرُ ﴿١٣﴾﴾ (الحج)

[യാതൊരുവനെക്കൊണ്ടുള്ള ഉപദ്രവം അവനെക്കൊണ്ടുള്ള

ഉപകാരത്തേക്കാൾ ആസന്നമായിരിക്കുന്നുവോ അങ്ങനെയുള്ളവനോടു തന്നെ അവൻ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. അവനെത്ര മോശം രക്ഷാധികാരി! അവനെത്ര ചീത്ത കൂട്ടുകാരൻ!] (ഹജ്ജ് 13)

## 7. പങ്കാളികൾ നിങ്ങളെപ്പോലുള്ള അടിയന്മാർ മാത്രം

അല്ലാഹുവിന് പുറമെ സഹായം തേടുന്ന വ്യാജന്മാർ അടിമകൾ മാത്രമാണ്; നിങ്ങളെപ്പോലുള്ളവരാണ്. അതിനാൽ അവരോട് സഹായം തേടാൻ ധാർമ്മികമായ ഒരു ഭൂമിക തന്നെയില്ല. അല്ലാഹു പറയുന്നു:

﴿إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّهِ عِبَادٌ أَمْثَالُكُمْ ۖ فَادْعُوهُمْ فَلْيَسْتَجِيبُوا لَكُمْ إِن كُنتُمْ صَادِقِينَ ﴿١٩٤﴾﴾ (الأعراف)

[തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസൻമാർ മാത്രമാണ്. അവരോട് നിങ്ങൾ പ്രാർത്ഥിച്ച് നോക്കൂ; അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ - നിങ്ങൾ സത്യവാദികളാണെങ്കിൽ!] (അഅ്റാഫ് 194)

## 8. ഈച്ചയോട് പോലും തോൽക്കുന്നവർ

മുശ്രിക്കുകൾ അല്ലാഹുവിനു പുറമെ സഹായാർത്ഥന നടത്തുന്ന പങ്കാളികൾ എത്ര ദുർബ്ബലരാണ്! അവരുടെ കഴിവുകേട് എത്ര കൃത്യവും മനോഹരവുമായ ഭാഷയിലാണ് അല്ലാഹു വർണ്ണിച്ചിട്ടുള്ളത്! അവരോട് സഹായം തേടുന്നവരുടെ ഗതികേട് ഒന്നാലോചിച്ച് നോക്കൂ.

﴿يَا أَيُّهَا النَّاسُ ضُرِبَ مَثَلٌ فَاسْتَمِعُوا لَهُ ۚ إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّهِ لَن يَخْلُقُوا ذُبَابًا وَلَوِ اجْتَمَعُوا لَهُ ۖ وَإِن يَسْلُبْهُمُ الذُّبَابُ شَيْئًا لَّا يَسْتَنقِذُوهُ مِنْهُ ۚ ضَعُفَ الطَّالِبُ وَالْمَطْلُوبُ ﴿٧٣﴾﴾ (الحج)

[മനുഷ്യരേ, ഒരു ദൃഷ്ടാന്തമിതാ വിവരിക്കപ്പെടുന്നു. നിങ്ങളത് സാകൂതം ശ്രവിക്കുക! തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ പ്രാർത്ഥിക്കുന്നവർക്ക്, അവരെല്ലാവരും അതിനായി ഒത്തുപിടിച്ചാലും, ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കാനാവില്ല. ഈച്ച അവരിൽനിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽനിന്നത് മോചിപ്പിക്കാൻ പോലും അവർക്കാവില്ല. ചോദിക്കുന്നവനും ചോദിക്കപ്പെടുന്നവനും ഒരേപോലെ ദുർബ്ബലർ തന്നെ.] (ഹജ്ജ് 73)

## 9. ഇതരരോട് സഹായം തേടൽ കടുത്ത അന്യായം

അല്ലാഹുവിനു പുറമെ, മലക്കിനോടോ ജിന്നിനോടോ മനുഷ്യനോടോ, ആരോട് സഹായാർത്ഥന നടത്താമെന്ന് പറയുന്നതും കടുത്ത അന്യായം തന്നെ. ഗുഹാവാസികളെ ഉദ്ധരിച്ചു കൊണ്ട് അല്ലാഹു പറയുന്നത് കാണുക:

﴿وَرَبَطْنَا عَلَىٰ قُلُوبِهِمْ إِذْ قَامُوا فَقَالُوا رَبُّنَا رَبُّ السَّمَاوَاتِ وَالْأَرْضِ لَن نَّدْعُوَ مِن دُونِهِ إِلَٰهًا ۖ لَّقَدْ قُلْنَا إِذًا شَطَطًا ﴿١٤﴾﴾ (الكهف)

[അവരുടെ ഹൃദയങ്ങളെ നാം ചാഞ്ചല്യമില്ലാതെ ബന്ധിച്ചുനിർത്തി - അവർ എഴുന്നേറ്റുനിൽക്കുകയും ഇങ്ങനെ പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ: ആകാശഭൂമികളുടെ റബ്ബാകുന്നു ഞങ്ങളുടെ റബ്ബ്; അവനു പുറമെ ഒരു ദൈവത്തോടും ഞങ്ങൾ പ്രാർത്ഥിക്കുകയേ ഇല്ല. അങ്ങനെയെങ്കിൽ (അല്ലാഹുവിനു പുറമെ മറ്റുള്ളവരോട് പ്രാർത്ഥിക്കും എന്ന് പറയുകയാണെങ്കിൽ) തീർച്ചയായും ഞങ്ങൾ അന്യായം പറഞ്ഞവരായിപ്പോകും.] (കഹ്ഫ് 14)

## 10. അല്ലാഹു അല്ലാത്തവരോട് സഹായം തേടുന്നവർക്ക് അടിസ്ഥാനം ഊഹം മാത്രം

അല്ലാഹു അല്ലാത്തവരോട് സഹായം തേടാൻ ദുർന്യായങ്ങൾ ഉന്നയിക്കുന്നവർ കരുതുന്നത് അവരുടെ കൈവശം

എന്തോ കാര്യമായ തെളിവുണ്ടെന്നാണ്. ഒന്നുമില്ല, അവർക്ക് പിൻപറ്റാൻ ഊഹം മാത്രം! അല്ലാഹു പറയുന്നു:

﴿أَلَا إِنَّ لِلَّهِ مَن فِي السَّمَاوَاتِ وَمَن فِي الْأَرْضِ ۗ وَمَا يَتَّبِعُ الَّذِينَ يَدْعُونَ مِن دُونِ اللَّهِ شُرَكَاءَ ۚ إِن يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ﴿٦٦﴾﴾ (يونس)

[അറിയുക! തീർച്ചയായും അല്ലാഹുവിനുള്ളവരാകുന്നു ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരുമെല്ലാം. അല്ലാഹുവിന് പുറമെ പങ്കാളികളോട് പ്രാർത്ഥിക്കുന്നവർ എന്താണ് പിൻപറ്റുന്നത്? ഊഹമല്ലാതൊന്നും അവർ പിന്തുടരുന്നില്ല. അനുമാനമല്ലാതൊന്നും അവർ മെനയുന്നുമില്ല.] (യൂനുസ് 66)

## 11. പങ്കാളികൾ വ്യാജന്മാർ, അവരെ പിൻപറ്റരുത്

അല്ലാഹു അല്ലാത്തവരോട് സഹായം തേടുന്നവർ വ്യാജന്മാരോടാണ് പ്രാർത്ഥിക്കുന്നത്. മതപരമോ ധാർമ്മികമോ ആയ യാതൊരു നീതീകരണവുമില്ലാത്ത കാര്യമാണ് അവർ ചെയ്യുന്നത്. അല്ലാഹു പറയുന്നു:

﴿ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ ﴿٣٠﴾﴾ (لقمان)

[അതെന്തുകൊണ്ടെന്നാൽ, അല്ലാഹുവാണ് ന്യായമായിട്ടുള്ളവൻ. അവനു പുറമെ അവർ പ്രാർത്ഥിക്കുന്നതെല്ലാം വ്യർത്ഥമാകുന്നു. അല്ലാഹു തന്നെയാകുന്നു ഉന്നതനും വലിയവനും.] (ലുഖ്മാൻ 30)

## 12. അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാകുന്നവർ

ന്യായവാദങ്ങൾ എന്തായാലും അല്ലാഹു അല്ലാത്തവരോട് സഹായം തേടിയാൽ അത് പൊറുക്കപ്പെടാത്ത ശിർക്കാണ്. അതിനുള്ള ശിക്ഷ അനുഭവിച്ചേ പറ്റൂ. അല്ലാഹു പറയുന്നു:

﴿فَلَا تَدْعُ مَعَ اللَّهِ إِلَٰهًا آخَرَ فَتَكُونَ مِنَ الْمُعَذَّبِينَ ﴿٢١٣﴾﴾ (الشعراء)

[അതിനാൽ അല്ലാഹുവിനോടൊപ്പം മറ്റൊരു ദൈവത്തോടും നീ പ്രാർത്ഥിക്കരുത്. എങ്കിൽ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലകപ്പെടും.] (ശുഅറാഅ് 213)

## 13. അല്ലാഹു അല്ലാത്തവരോട് സഹായം തേടുന്നവർക്ക് ഒരു തെളിവുമില്ല

ഇസ്തിഗാസഃ, തവസ്സുൽ, ജിന്നിനോടുള്ള ഭൗതികമായ തേട്ടം, ഫലം പരീക്ഷിച്ച് തെളിഞ്ഞത്... ഇങ്ങനെ എന്തൊക്കെ ന്യായങ്ങൾ ഉന്നയിച്ചാലും അല്ലാഹുവിന്റെ കോടതിയിൽ അതൊന്നും തന്നെ നിലനിൽക്കുന്ന തെളിവല്ല. അവന് അല്ലാഹുവിന്റെ കടുത്ത വിചാരണ നേരിടേണ്ടി വരിക തന്നെ ചെയ്യും. അല്ലാഹു പറയുന്നത് കാണുക:

﴿وَمَن يَدْعُ مَعَ اللَّهِ إِلَٰهًا آخَرَ لَا بُرْهَانَ لَهُ بِهِ فَإِنَّمَا حِسَابُهُ عِندَ رَبِّهِ ۚ إِنَّهُ لَا يُفْلِحُ الْكَافِرُونَ ﴿١١٧﴾﴾ (المؤمنون)

[ആർ അല്ലാഹുവിനോടൊപ്പം മറ്റുവല്ല ദൈവത്തോടും പ്രാർത്ഥിക്കുന്നുവോ അതിന് അവനൊരു ന്യായപ്രമാണവും ഇല്ല തന്നെ. അവന്റെ വിചാരണ തന്റെ റബ്ബിന്റെയടുക്കൽ തന്നെയായിരിക്കും. അവിശ്വാസികൾ വിജയിക്കാൻ പോകുന്നില്ല; തീർച്ച.] (മുഅ്മിനൂൻ 117)

## 14. അപരരോട് സഹായം തേടൽ ഏറ്റവും വലിയ വഴികേട്

മറ്റുള്ളവരോട് സഹായം തേടുന്നതിനെക്കാൾ വലിയ തെറ്റ് വേറെയില്ല. അതു ചെയ്യുന്നവനെക്കാൾ പിഴച്ച മറ്റൊരാളുമില്ല. പരലോകത്ത് അവരെ കാത്തിരിക്കുന്നത് ഇഛാഭംഗവും ശിക്ഷയുമാണ്. അല്ലാഹു പറയുന്നു:

﴿وَمَنْ أَضَلُّ مِمَّن يَدْعُو مِن دُونِ اللَّهِ مَن لَّا يَسْتَجِيبُ لَهُ إِلَىٰ يَوْمِ الْقِيَامَةِ وَهُمْ عَن دُعَائِهِمْ غَافِلُونَ ﴿٥﴾ وَإِذَا حُشِرَ النَّاسُ كَانُوا لَهُمْ أَعْدَاءً وَكَانُوا بِعِبَادَتِهِمْ كَافِرِينَ ﴿٦﴾﴾ (الأحقاف)

[അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപ്പുനാൾ വരെയും തനിക്ക് ഉത്തരമേകാത്തവനോട് പ്രാർത്ഥിക്കുന്നവനെക്കാൾ പിഴച്ചവനാരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരുമാണ്. മനുഷ്യർ ഒരുമിച്ചുകൂട്ടപ്പെട്ടാൽ അവർ ഇവരുടെ ശത്രുക്കളായിരിക്കും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ കുറിച്ച് അവർ നിഷേധിക്കുന്നവരുമായിരിക്കും.] (അഹ്ഖാഫ് 5, 6)

## 15. എല്ലാ പഴുതുകളും അടയുന്നു

സൃഷ്ടിപ്രപഞ്ചത്തിനുമേൽ അല്ലാഹുവിനുള്ള അധികാരം പരമവും നിരുപമവുമാണ്. അവന്റെ സൃഷ്ടികളിൽ ആർക്കും അതിൽ ഒന്നും അവകാശപ്പെടാനില്ല. അവർക്ക് അതിൽ സ്വതന്ത്രമായ ഉടമസ്ഥതയോ അധികാരാവകാശങ്ങളോ ഇല്ല. അവയുടെ ഉടമസ്ഥനും അധിപനുമായ അല്ലാഹുവിനോട് അതിൽ ചെറിയൊരു പങ്കുപോലും അവകാശപ്പെടാനില്ല. അവന്റെയടുക്കൽ ഇഷ്ടാനുസാരം ശിപാർശ പറയാനുള്ള അനുവാദവുമില്ല. അവന്റെ അധികാരം അത്രമേൽ സാന്ദ്രവും നിരപേക്ഷവുമാണ്. അല്ലാഹു പറയുന്നത് കാണുക:

﴿قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِ اللَّهِ ۖ لَا يَمْلِكُونَ مِثْقَالَ ذَرَّةٍ فِي السَّمَاوَاتِ وَلَا فِي الْأَرْضِ وَمَا لَهُمْ فِيهِمَا مِن شِرْكٍ وَمَا لَهُ مِنْهُم مِّن ظَهِيرٍ ﴿٢٢﴾ وَلَا تَنفَعُ الشَّفَاعَةُ عِندَهُ إِلَّا لِمَنْ أَذِنَ لَهُ ۚ حَتَّىٰ إِذَا فُزِّعَ عَن قُلُوبِهِمْ قَالُوا مَاذَا قَالَ رَبُّكُمْ ۖ قَالُوا الْحَقَّ ۖ وَهُوَ الْعَلِيُّ الْكَبِيرُ ﴿٢٣﴾﴾ (سبأ)

[പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർത്ഥിച്ച് നോക്കുക. ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ ഒരു കാരുറുമ്പിന്റെ കനം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ

അവന് സഹായിയായി ആരുമില്ല. ആർക്കു വേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെയടുക്കൽ ശിപാർശ പ്രയോജനപ്പെടുകയുമില്ല. അങ്ങനെ അവരുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങിക്കഴിയുമ്പോൾ അവർ ചോദിക്കും: നിങ്ങളുടെ റബ്ബ് പറഞ്ഞതെന്താണ്? അവർ മറുപടി പറയും: സത്യം, അവൻ ഉന്നതനും മഹാനുമാകുന്നു.] (സബഅ് 22, 23)

## ജിന്നുകളെ കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ

മുകളിൽ പറഞ്ഞത് എല്ലാവരെയും ബാധിക്കുന്ന സാമാന്യ വസ്തുതകളാണ്. അനുബന്ധമായി, ജിന്നുകൾക്ക് മാത്രം ബാധകമാകുന്ന ചില വസ്തുതകൾ കൂടി പരാമർശിക്കേണ്ടതുണ്ട്.

ജിന്നുകൾ മനുഷ്യർക്ക് മുമ്പേ അല്ലാഹു സൃഷ്ടിച്ച മറ്റൊരു വർഗ്ഗമാണ്. അല്ലാഹു പറയുന്നു:

﴿وَالْجَانَّ خَلَقْنَاهُ مِن قَبْلُ مِن نَّارِ السَّمُومِ ﴿٢٧﴾﴾ (الحجر)

[അതിനു മുമ്പ് കത്തിയാളുന്ന തീജ്വാലയിൽ നിന്ന് നാം ജിന്നിനെ സൃഷ്ടിച്ചു.] (ഹിജ്ർ 27)

മേൽ സൂക്തവും അതിന് സലഫുകൾ നൽകിയ വ്യാഖ്യാനവും താഴെ പറയുന്ന വസ്തുതകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

1- ഇബ്ലീസ് ജിന്നു വർഗ്ഗത്തിന്റെ പിതാവാണ്.
2- ആദമിനു മുമ്പാണ് അവനെ സൃഷ്ടിച്ചിട്ടുള്ളത്.
3- അഗ്നിയിൽ നിന്നാണ് ഇബ്ലീസിന്റെ സൃഷ്ടിപ്പ്.

സൃഷ്ടിലോകത്തെ അല്ലാഹു രണ്ടാക്കി വേർതിരിച്ചിട്ടുണ്ട്; മറഞ്ഞ ലോകവും (عَالَمُ الْغَيْبِ) തെളിഞ്ഞ ലോകവും (عَالَمُ الشَّهَادَةِ). മറഞ്ഞതും തെളിഞ്ഞതും രണ്ടും ഒരു പോലെ അറിയുന്നവനും നിയന്ത്രിക്കുന്നവനുമാണ് അല്ലാഹു. ഇക്കാര്യം ഖുർആനിൽ

പത്തു സ്ഥലങ്ങളിലെങ്കിലും ആവർത്തിച്ചിട്ടുണ്ട്. മനുഷ്യന്റെ ജീവിത മണ്ഡലം തെളിഞ്ഞ ലോകത്തിലാണ്. എന്നാൽ മറഞ്ഞ ലോകത്താണ് ജിന്നുകൾ വ്യവഹരിക്കുന്നത്. അവർക്ക് മനുഷ്യരെ കാണാൻ കഴിയും. എന്നാൽ മനുഷ്യർക്കവരെ കാണാൻ കഴിയുകയുമില്ല. അല്ലാഹു പറയുന്നത് കാണുക:

﴿يَا بَنِي آدَمَ لَا يَفْتِنَنَّكُمُ الشَّيْطَانُ كَمَا أَخْرَجَ أَبَوَيْكُم مِّنَ الْجَنَّةِ يَنزِعُ عَنْهُمَا لِبَاسَهُمَا لِيُرِيَهُمَا سَوْآتِهِمَا ۗ إِنَّهُ يَرَاكُمْ هُوَ وَقَبِيلُهُ مِنْ حَيْثُ لَا تَرَوْنَهُمْ ۗ إِنَّا جَعَلْنَا الشَّيَاطِينَ أَوْلِيَاءَ لِلَّذِينَ لَا يُؤْمِنُونَ ﴿٢٧﴾﴾ (الأعراف)

[മനുഷ്യമക്കളേ, പിശാച് നിങ്ങളുടെ മാതാപിതാക്കളെ സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കിയ പോലെ നിങ്ങളെയും കുഴപ്പത്തിലാക്കാതിരിക്കട്ടെ. അവർ ഇരുവരുടെയും ഗുഹ്യസ്ഥാനങ്ങൾ അവർക്ക് വെളിപ്പെടുത്തി കാണിക്കാനായി അവൻ അവരെ വസ്ത്രാക്ഷേപം ചെയ്യുകയായിരുന്നു. തീർച്ചയായും അവനും അവന്റെ വർഗ്ഗവും നിങ്ങൾക്ക് അവരെ അങ്ങോട്ട് കാണാൻ കഴിയാത്ത വിധം നിങ്ങളെ ഇങ്ങോട്ട് കണ്ടുകൊണ്ടിരിക്കുന്നു. തീർച്ചയായും പിശാചുക്കളെ നാം അവിശ്വാസികൾക്ക് ഉറ്റമിത്രങ്ങളാക്കി നിശ്ചയിച്ചിരിക്കുന്നു.] (അഅ്റാഫ് 27)

മേൽ സൂക്തം ജിന്നുകൾ മറഞ്ഞ ലോകത്തെ (عَالَمُ الْغَيْبِ) ജീവികളാണ്; അവർ മനുഷ്യർ ജീവിക്കുന്ന തെളിഞ്ഞ ലോകത്ത് (عَالَمُ الشَّهَادَةِ) ജീവിക്കുന്നവരല്ല എന്ന യാഥാർത്ഥ്യം അനാവരണം ചെയ്യുന്നു. മറഞ്ഞ ലോകം എന്ന് ഇവിടെ പ്രയോഗിച്ചിരിക്കുന്നത് ആപേക്ഷികമായ അർത്ഥത്തിലാണ്. അഥവാ മനുഷ്യരെ സംബന്ധിച്ചിടത്തോളം മറഞ്ഞ ലോകം എന്നു വിവക്ഷ. നിരപേക്ഷമായ അർത്ഥത്തിലുള്ള ഗൈബ് അല്ലാഹുവിന് മാത്രം അറിയാവുന്ന ലോകമാണ്. അത് ജിന്നുകളുടെ വ്യാവഹാരിക മണ്ഡലത്തിൽപെടില്ല. ജിന്നുകൾക്ക് മറഞ്ഞ കാര്യങ്ങൾ എല്ലാം അറിയുകയുമില്ല. മനുഷ്യർക്ക് അറിയാത്ത ആപേക്ഷികമായ ചില കാ

ര്യങ്ങൾ അറിയാം എന്നു മാത്രം. മറ്റു ചിലത് അറിയില്ല താനും. ഉദാഹരണമായി സുലൈമാൻ നബി ﷺ മരണപ്പെട്ടതു പോലും അവർക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. ഇക്കാര്യം ഖുർആനിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളതാണ്. അല്ലാഹു പറയുന്നത് കാണുക:

﴿فَلَمَّا قَضَيْنَا عَلَيْهِ الْمَوْتَ مَا دَلَّهُمْ عَلَىٰ مَوْتِهِ إِلَّا دَابَّةُ الْأَرْضِ تَأْكُلُ مِنسَأَتَهُ ۖ فَلَمَّا خَرَّ تَبَيَّنَتِ الْجِنُّ أَن لَّوْ كَانُوا يَعْلَمُونَ الْغَيْبَ مَا لَبِثُوا فِي الْعَذَابِ الْمُهِينِ ﴿١٤﴾﴾ (سبأ)

[നാം അദ്ദേഹത്തിന മരണം വിധിച്ചപ്പോൾ തന്റെ ഊന്നുവടി തിന്നു കൊണ്ടിരുന്ന ചിതലല്ലാതെ ആരും അദ്ദേഹത്തിന്റെ മരണത്തെപ്പ റ്റി അവർക്ക് വിവരം നൽകിയില്ല. അദ്ദേഹം നിലംപതിച്ചപ്പോഴാണ് തങ്ങൾക്ക് മറഞ്ഞ കാര്യം അറിയാമായിരുന്നെങ്കിൽ അപമാനക രമായ ശിക്ഷയിൽ കഴിച്ചുകൂട്ടേണ്ടിവരില്ലായിരുന്നല്ലോ എന്ന് ജി ന്നുകൾക്ക് ബോധ്യമായത്.] (സബഅ് 14)

ജിന്നുകൾ മറഞ്ഞ ലോകത്ത് ജീവിക്കുന്നവരാണ് എന്നതിന പുറമെ, അവർ മനുഷ്യരുടെ പ്രഖ്യാപിത ശത്രുക്കളുമാണ്. ആദം കാരണമാണ് ഇബ്‌ലീസ് ശപിക്കപ്പെട്ടതും സ്വർഗ്ഗത്തിൽനിന്ന് നി ഷ്കാസിതനായതും. അതിനാൽ ആദം സന്തതികളിൽ മഹാഭൂ രിഭാഗത്തെയും എങ്ങനെയെങ്കിലും പിഴപ്പിക്കുമെന്ന് ശപഥം ചെയ്തിറങ്ങിയ വർഗ്ഗശത്രുവാണവൻ. അല്ലാഹു പറയുന്നത് കാണുക:

﴿وَقُل لِّعِبَادِي يَقُولُوا الَّتِي هِيَ أَحْسَنُ ۚ إِنَّ الشَّيْطَانَ يَنزَغُ بَيْنَهُمْ ۚ إِنَّ الشَّيْطَانَ كَانَ لِلْإِنسَانِ عَدُوًّا مُّبِينًا ﴿٥٣﴾﴾ (الإسراء)

[നീ എന്റെ ദാസൻമാരോട് പറയുക: അവർ ഏറ്റവും നല്ലതു പറ യട്ടെ. നിശ്ചയമായും പിശാച് അവർക്കിടയിൽ തിന്മ ഇളക്കി

വിട്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാണ് പിശാച്, തീർച്ച.] (ഇസ്റാഅ് 53)

അതിനാൽ ഇബ്‌ലീസിനെയും അവന്റെ വർഗ്ഗത്തെയും സൂക്ഷിക്കണമെന്നും, അവരെ എപ്പോഴും ഏറ്റവും വലിയ ശത്രുവായി തന്നെ കണക്കാക്കണമെന്നും അല്ലാഹു ഉണർത്തുന്നു. അവർ കൊടിയ വഞ്ചകരും ചതിയന്മാരുമാണ്. അവരുടെ പ്രലോഭനങ്ങളിലോ പ്രകോപനങ്ങളിലോ വീണുപോകരുത്. അവരുടെ ലക്ഷ്യം എങ്ങനെയെങ്കിലും മനുഷ്യമക്കളെ നരകത്തിൽ വീഴ്ത്തലാണ്. അവരെ വിശ്വസിക്കാനോ അവരുമായി കൂട്ടുകൂടാനോ ഏതെങ്കിലും തരത്തിലുള്ള ഇടപാടുകൾ നടത്താനോ പാടില്ല. ഇതെല്ലാം താക്കീതായി അല്ലാഹു അറിയിച്ച കാര്യങ്ങളാണ്. അവൻ പറയുന്നത് കാണുക:

﴿إِنَّ الشَّيْطَانَ لَكُمْ عَدُوٌّ فَاتَّخِذُوهُ عَدُوًّا ۚ إِنَّمَا يَدْعُو حِزْبَهُ لِيَكُونُوا مِنْ أَصْحَابِ السَّعِيرِ ۝٦﴾ (فاطر)

[തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ കക്ഷികളെ ക്ഷണിക്കുന്നത് അവർ നരകാവകാശികളിൽ ഉൾപ്പെടുന്നതിനു വേണ്ടിയാണ്.] (ഫാത്വിർ 6)

ജിന്നുകളിലെ പിശാചുക്കളാണ് നബിമാരുടെ മുഖ്യശത്രുക്കൾ; പിന്നെ മനുഷ്യരിലെയും. അവർ ഹീനമായ ഉപജാപങ്ങൾ മെനയും. അത് പരസ്പരം കൈമാറുകയും ചെയ്യും. നീചവും പൈശാചികവുമായ കാര്യങ്ങൾ ദുർബോധനം നടത്തുക, അതിന് മനുഷ്യരെ സദാ പ്രേരിപ്പിച്ചുകൊണ്ടിരിക്കുക. ഇതാണ് അവരുടെ പ്രവർത്തന ശൈലി. അതുകൊണ്ടാണ് തിന്മ നന്മയെക്കാൾ അതിവേഗം പ്രചരിക്കുന്നത്. അടിസ്ഥാനമില്ലാത്ത ദുർന്യായങ്ങളും നികൃഷ്ടമായ കുതന്ത്രങ്ങളും സമൂഹത്തിന്റെ മുകൾപ്പരപ്പിനെ മൂടിനിൽക്കുന്നത് ഈ പൈശാചിക കൂട്ടുകെട്ടിന്റെ ഫലമാണ്. അല്ലാഹു പറയുന്നു:

﴿وَكَذَٰلِكَ جَعَلْنَا لِكُلِّ نَبِيٍّ عَدُوًّا شَيَاطِينَ الْإِنسِ وَالْجِنِّ يُوحِي بَعْضُهُمْ إِلَىٰ بَعْضٍ زُخْرُفَ الْقَوْلِ غُرُورًا ۚ وَلَوْ شَاءَ رَبُّكَ مَا فَعَلُوهُ ۖ فَذَرْهُمْ وَمَا يَفْتَرُونَ ﴿١١٢﴾﴾
(الأَنْعَامُ)

[അപ്രകാരം മുഴുവൻ നബിമാർക്കും മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കളെ നാം ശത്രുക്കളാക്കിയിട്ടുണ്ട്. വഞ്ചനാത്മകമായ ഭംഗിവാക്കുകൾ അവർ അന്യോന്യം ദുർബോധനം ചെയ്യുന്നു. നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. അതിനാൽ അവർ കെട്ടിച്ചമക്കുന്ന കാര്യങ്ങളുമായി അവരെ നീ വിട്ടേക്കുക.] (അൻആം 112)

ജിന്നുകൾ എന്ന് പറയുമ്പോൾ അവരിൽ പിശാചുക്കളുള്ളതു പോലെ നല്ലവരുമുണ്ടാവില്ലേ? പിശാചുക്കളെ മാത്രമല്ലേ ശത്രുക്കൾ എന്ന് പറയാവതുള്ളു? ചിലർക്കുണ്ടാകാവുന്ന സംശയമാണിത്. അതെ, അതിലൊരു സത്യമുണ്ട്. പക്ഷെ, അവരിൽ മഹാഭൂരിഭാഗവും പിശാചുക്കളാണ്. കൂടാതെ, അവരിൽ വളരെ ചുരുക്കം വരുന്ന നല്ലവർ ആരെന്ന് വേർതിരിക്കാൻ നമുക്ക് യാതൊരു വഴിയുമില്ല. അപ്പോൾ ഭൂരിഭാഗത്തെ മുൻനിർത്തിയാണ് വിധി പറയുക. ഈ അർത്ഥത്തിലാണ് അൻആം 128-ാമത്തെ സൂക്തത്തിൽ «ജിന്നുകളുടെ സമൂഹമേ, മനുഷ്യരിൽ നിന്ന് ധാരാളം പേരെ നിങ്ങൾ പിഴപ്പിച്ചുവല്ലോ» എന്ന് പറഞ്ഞിരിക്കുന്നത്. എന്നാൽ അവരിൽ അപവാദങ്ങൾ ഉണ്ടായിരിക്കും എന്നത് അറിയപ്പെട്ട കാര്യമാണ്. അതിനാൽ നമ്മുടെ പരാമർശങ്ങളിൽ നാം സൂക്ഷ്മത പുലർത്തുകയാണ് വേണ്ടത്. ഖുർആൻ സൂക്തങ്ങൾ തന്നെയാണ് നമുക്ക് വഴികാട്ടി. അവയിൽ ചിലത് ഇതിനകം ഉദ്ധരിച്ചിട്ടുണ്ട്. 'പിശാച് നിങ്ങളുടെ ശത്രുവാകുന്നു' (ഫാത്വിർ 6) 'മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കൾ' (അൻആം 112) 'നിശ്ചയമായും പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാണ്' (ഇസ്റാഅ് 53) പോലുള്ളവ ഉദാഹരണം.

എന്നാൽ ഈ വേർതിരിവിന്റെ മറവിൽ, അവരിലെ നല്ലവരെ കണ്ടെത്താനും അവരുമായി കൂട്ടുകൂടാനുമുള്ള ശ്രമം ആപത്ക്കരമാണ്. അതിലേക്കുള്ള വഴി ശർഅ് കൊട്ടിയടച്ചിരിക്കുന്നു. അത്തരം സാധ്യതകളെ കുറിച്ചുള്ള ഒരന്വേഷണത്തിനു പോലും നമുക്ക് മുൻമാതൃകയുമില്ല. സുലൈമാൻ നബി ﷺ ക്കുശേഷം വരാനുള്ള നബിമാർക്ക് നൽകപ്പെടുന്ന മുഅ്ജിസത്തിൽ പോലും അതിനുള്ള സാധ്യത ബാക്കിവെച്ചിട്ടുമില്ല. സുലൈമാൻ നബി ﷺ ന്റെ പ്രാർത്ഥന അല്ലാഹു ഉദ്ധരിക്കുന്നത് കാണുക:

﴿قَالَ رَبِّ اغْفِرْ لِي وَهَبْ لِي مُلْكًا لَّا يَنبَغِي لِأَحَدٍ مِّن بَعْدِي ۖ إِنَّكَ أَنتَ الْوَهَّابُ ﴿٣٥﴾﴾ [ص]

[അദ്ദേഹം പ്രാർത്ഥിച്ചു: എന്റെ റബ്ബേ, നീ എന്നോട് പൊറുക്കുകയും, എനിക്ക് ശേഷം ആർക്കും പാടില്ലാത്ത ഒരാധിപത്യം എനിക്ക് നീ നൽകുകയും ചെയ്യേണമേ. തീർച്ചയായും നീയാണ് ഏറ്റവും വലിയ ദാതാവ്] (സ്വാദ് 35)

ശിർക്കാകുന്ന കാര്യം എങ്ങനെയാണ് നബിമാർക്ക് മുഅ്ജിസത്തായി നൽകുക? വസ്‌വാസുണ്ടാക്കാനുദ്ദേശിച്ചു കൊണ്ട് ചില മുസ്ല്യാക്കന്മാർ ഉന്നയിക്കുന്ന ചോദ്യമാണെങ്കിലും അതുമായി ബന്ധപ്പെട്ട ചില വസ്തുതകൾ മനസ്സിലാക്കി വെക്കുന്നത് അനുവാചകർക്ക് വ്യക്തത ലഭിക്കാൻ ആവശ്യമാണെന്നതിനാൽ പരാമർശിച്ച് പോകാമെന്ന് കരുതുന്നു. ഒന്നാമതായി, സുലൈമാൻ നബി ﷺയോ അതുപോലുള്ള മറ്റു നബിമാരോ ജിന്നുകളോട് സഹായം തേടുകയല്ല, അവരോട് കല്പിക്കുകയാണ് ചെയ്തിരുന്നത്. അല്ലാഹു ജിന്നുകളെ അവർക്ക് കീഴ്പ്പെടുത്തി കൊടുക്കുകയും അവരുടെമേൽ ആധിപത്യം നൽകുകയുമാണുണ്ടായത്. നബിമാരുമായി അവർക്കുണ്ടായിരുന്ന ബന്ധത്തെ ജിന്നുകൾ ആസ്വദിക്കുകയോ, അവരുടെ ഗർവ്വ് വർദ്ധിക്കാൻ അത് കാരണമാകുകയോ ചെയ്തിട്ടില്ല. മറിച്ച്, നിന്ദാകരമായ ശിക്ഷയായിട്ടാണ് അവർ അതിനെ വിശേഷിപ്പിച്ചിട്ടുള്ളത്.

രണ്ടാമതായി, ഐഹിക ജീവിതത്തിൽ സാധാരണ മനുഷ്യർക്ക് അല്ലാഹു നിശ്ചയിച്ച കാര്യകാരണ ബന്ധങ്ങളല്ല നബിമാർക്ക് നൽകുന്ന മുഅ്ജിസത്തുകളിൽ അല്ലാഹു പ്രയോഗിക്കുന്നത്. അവ നിയതമായ പതിവു വ്യവസ്ഥകൾക്ക് അപ്പുറമുള്ള കാര്യങ്ങൾ (خَوَارِقُ الْعَادَاتِ) ആയിരിക്കും. മൂന്നാമതായി, നബിമാർ അല്ലാഹുവിന്റെ സവിശേഷമായ പരിരക്ഷയിലാണ്. മുഅ്ജിസത്തിലൂടെയോ അല്ലാതെയോ ഒരു ശിർക്കിൽ അകപ്പെടുന്നതിൽ നിന്ന് സുരക്ഷയുള്ളവരാണ് അവർ.

അവരിലെ നല്ലവരെ തേടിയുള്ള യാത്ര അടഞ്ഞ ഗുഹയുടെ ഇരുളിലേക്കും ഭയാനതകളിലേക്കുമായിരിക്കും നമ്മെ കൊണ്ടെത്തിക്കുക. തിരിച്ചുവരാനാവാത്ത അത്തരം ഒരു അത്യാഹിതത്തിലേക്കാണ് പലരും നടന്നുനീങ്ങുന്നത് എന്നോർക്കുമ്പോൾ പേടി തോന്നുന്നു.

നല്ലവനായ ഒരു മുസ്‌ലിം ജിന്നിനോട് സഹായം തേടുന്നത് ശിർക്കല്ല, ഇമാം അഹ്മദ് ﵀ അങ്ങനെ ചെയ്തിട്ടുണ്ട്, പണ്ഡിതന്മാർ അതിന് അനുകൂലമായി ഫത്‌വ നൽകിയിട്ടുണ്ട്... ഇത്തരത്തിലുള്ള പ്രചാരണങ്ങൾ സൃഷ്ടിക്കുന്ന സാമൂഹ്യവിപത്ത് ചെറുതല്ല. ജൂതന്മാരെ ചാണിനു ചാൺ, മുഴത്തിനു മുഴം പിന്തുടരുന്ന സ്ഥിതിയിലേക്കല്ലേ ഇവർ പോകുന്നത്? ജൂതന്മാർ പറഞ്ഞത് സുലൈമാൻ നബി ﵇ന് ലഭിച്ചത് സിഹ്ർ ആയിരുന്നു. കുറ്റകരമായ ലക്ഷ്യങ്ങൾക്ക് വേണ്ടി സിഹ്ർ ചെയ്യുന്നതാണ് തെറ്റ്. അപ്പോൾ അത് ക്ഷുദ്രവേല (black magic) ആയിത്തീരും. മറിച്ച്, അത് ജനോപകാരപ്രദമായ കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നത് ഒരു പരസഹായവും പുണ്യകർമ്മവുമാണ്. ഇത്തരം ഒരു കുറുന്യായത്തിന്റെ (pretext) മറവിലാണ് ഇന്നും ജൂതന്മാർ സിഹ്റിന്റെ സാമ്രാജ്യം അടക്കിഭരിക്കുന്നത്. ഇതേ ജൂത സങ്കൽപത്തിലേക്കു തന്നെയാണോ അറിഞ്ഞോ അറിയാതെയോ ജിന്നുവാദികൾ ജനങ്ങളെ നയിക്കുന്നത്? അല്ലെങ്കിൽ ജിന്നുകൾ ജി

ന്നുവാദികളെ വലിച്ചിഴക്കുന്നത്? വെളിച്ചത്ത് നിൽക്കുന്ന സാധാരണ മനുഷ്യരോടല്ല, നിഗൂഢ ലോകത്തെ മുഖ്യശത്രുവിനോടാണ് കളി എന്നോർക്കുന്നത് നന്നു.

ശർഅ് അനുവദിച്ച മന്ത്രത്തെ വലിച്ചു നീട്ടുന്നു, ബാധ ഒഴിപ്പിക്കൽ കേന്ദ്രങ്ങൾ നിലവിൽവരുന്നു. മന്ത്ര വിദഗ്ധരും കൈയാളുകളും രംഗം വാഴുന്നു, ജിന്നിനെ ഹാളിറാക്കി അവരോട് സംസാരിക്കുന്നു, രഹസ്യങ്ങളുടെയും അത്ഭുതങ്ങളുടെയും ഭൂതച്ചെപ്പുകൾ തുറക്കാമെന്ന് വ്യാമോഹം ജനിപ്പിക്കുന്നു... മുസ്‌ലിമായ നല്ല ജിന്നുകളുടെ പിന്നാലെയുള്ള അന്ധവും ഭ്രാന്തവുമായ ഈ ഓട്ടം കാണുമ്പോൾ മനസ്സ് പിടക്കുന്നു. അത് സൃഷ്ടിക്കുന്ന ആപത്ത് തടുക്കാൻ ഞാൻ മുവഹിദാണെന്ന അവകാശവാദം മാത്രം മതിയാവില്ല. പിശാച് അവരെ വ്യാമോഹിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യും. അവരറിയാത്ത നിലയിൽ അവരെ വലിച്ചിഴച്ച് പച്ചയായും അവനെ ആരാധിക്കുന്നതിലേക്കെത്തിക്കും. അതിന് അധിക നാൾ കാത്തിരിക്കേണ്ടി വരില്ല.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ഒരു കാര്യം ഉറപ്പിക്കാം. ജിന്നുകളോടുള്ള ഇടപാടുകൾ അത്യന്തം അപകടകരമാണ്. ആയതിനാൽ അവരോടുള്ള ഇടപാടുകളുടെ സ്വഭാവം നിർവ്വചിക്കപ്പെടേണ്ടിയിരിക്കുന്നു. തദ്‌വിഷയകമായി വന്ന ശർഇന്റെ വിധിവിലക്കുകൾ മനസ്സിലാക്കുകയും അത് കണിശമായി പാലിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അല്ലാത്ത പക്ഷം മനുഷ്യൻ അതിനു നൽകേണ്ടി വരുന്ന വില വളരെ വലുതായിരിക്കും.

## ജിന്നുകളോടുള്ള ഇടപാടുകൾ

പഠനത്തിനും വിശകലനത്തിനും വേണ്ടി ജിന്നുകളോടുള്ള ഇടപാടുകളെ നമുക്ക് മൂന്നായി തിരിക്കാം. (1) സഹായം തേടുക, (2) കാര്യസാധ്യത്തിന് നിമിത്തമാക്കുക, (3) മറ്റുവിധേനയുള്ള ബന്ധങ്ങളിൽ ഏർപ്പെടുക. ഇത് മൂന്നും വ്യത്യസ്തമായ കാര്യങ്ങളാണ്.

1- സഹായം തേടുക എന്നത് അല്ലാഹുവിനോട് മാത്രമേ പാടുള്ളു. തെളിഞ്ഞ ലോകത്തുള്ളവരോടായാലും മറഞ്ഞ ലോകത്തുള്ളവരോടായാലും അല്ലാഹു അല്ലാത്തവരോടുള്ള സഹായാർത്ഥന (دُعَاءٌ) ശിർക്കാണ്.

2- കാര്യസാധ്യത്തിന് നിമിത്തമാക്കുക. അല്ലാഹു കാരണമായി നിശ്ചയിച്ചു തന്നവയെ കാര്യസാധ്യത്തിന് നിമിത്തമായി സ്വീകരിക്കാം. അത് തെളിഞ്ഞ ലോകത്തുള്ള ജീവികളോ വസ്തുക്കളോ വസ്തുതകളോ ആയിരിക്കാം. എന്നാൽ അല്ലാഹു കാരണമായി നിശ്ചയിച്ചു തരാത്തവയെ കാര്യസാധ്യത്തിന് നിമിത്തമായി സ്വീകരിക്കാൻ പാടില്ല. മറഞ്ഞ ലോകത്തുള്ളവരെ കാര്യസാധ്യത്തിനുള്ള കാരണമായി അല്ലാഹു നമുക്ക് നിശ്ചയിച്ചു തന്നിട്ടില്ല. അവയെ നമ്മുടെ ആവശ്യങ്ങൾ നിവർത്തിക്കാനുള്ള നിമിത്തങ്ങളായി സ്വീകരിക്കാനും പാടില്ല. അത് ശിർക്കാണ് താനും.

3- മറ്റു തരത്തിലുള്ള ബന്ധങ്ങൾ. അവയുടെ കാര്യം അതുമായി ബന്ധപ്പെട്ട ശർഇന്റെ വിധിവിലക്കുകൾ പരിശോധിച്ചും അതതിന്റെ സ്വഭാവത്തിനനുസരിച്ചും തീരുമാനിക്കേണ്ടതാണ്. ഉദാഹരണമായി, പൈശാചികബാധയോ ഉപദ്രവങ്ങളോ അനുഭവിക്കുന്ന ഒരു വ്യക്തി സ്വന്തം നിലയിലോ, താൻ ആവശ്യപ്പെടാതെ മറ്റാരെങ്കിലും അവരുടെ ഇഷ്ടാനുസാരമോ ഖുർആൻ സൂക്തങ്ങളും നബിവചനങ്ങളിൽ വന്ന ദുആകളും ഉപയോഗിച്ച് മന്ത്രിക്കുന്നത് ശർഇൽ സ്ഥിരപ്പെട്ടതാണ്. അത്തരം വേളകളിൽ രോഗിയിലൂടെ പ്രകടിപ്പിക്കപ്പെടുന്ന പ്രതികരണങ്ങളെ എങ്ങനെ കാണണം? അത് സത്യപ്പെടുത്താനോ അതിലെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കാനോ പാടില്ല. നബി ﷺ അത്തരം സന്ദർഭങ്ങളിൽ എന്താണ് ചെയ്തതെന്ന് ഹദീസുകളിലുണ്ട്. അവിടുന്ന് അവരോട് സംവദിക്കുകയോ അവരുടെ നിർദ്ദേശങ്ങൾ സത്യപ്പെടുത്തുകയോ അതിനു

വഴങ്ങി മറ്റെന്തെങ്കിലും കാര്യങ്ങൾ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. അതിനെ ചിലർ നബി ﷺ ജിന്നിനോട് സഹായം തേടി എന്ന് ദുർവ്യാഖ്യാനിക്കാറുണ്ട്. അത് ജിന്നിനോടുള്ള അഭിനിവേശമാണോ അതോ ജിന്നുബാധ തന്നെയാണോ എന്ന് പരിശോധിക്കേണ്ടതാണ്. അവിടുന്ന് ചെയ്തതിനപ്പുറത്തേക്ക് പോകാൻ നമുക്കനുവാദമില്ല. അത് അത്യന്തം ആപത്ക്കരമായിരിക്കും എന്ന് മനസ്സിലാക്കുക.

## ജിന്ന് രൂപം മാറി വന്നാൽ

ജിന്ന് രൂപം മാറി വന്നാൽ, വന്ന രൂപം ആരുടേതാണോ അയാളാണെന്നു മനസ്സിലാക്കാനല്ലാതെ ജിന്നാണെന്നു മനസ്സിലാക്കാൻ ഒരു വഴിയുമില്ല. വ്യക്തമായ ഉദാഹരണങ്ങൾ ഹദീസുകളിൽ തന്നെയുണ്ട്. സകാത്തായി ശേഖരിച്ച ധാന്യം അപഹരിക്കാൻ അബൂ ഹുറയ്റഃ رضي الله عنه വിന്റെ അരികിൽ ജിന്ന് വന്നിട്ട് അദ്ദേഹത്തിന് പോലും അത് മനസ്സിലാക്കാനായില്ല. വഹ്യിന്റെ അടിസ്ഥാനത്തിൽ നബി ﷺ അറിയിച്ചപ്പോൾ മാത്രമാണ് അത് ജിന്നായിരുന്നു എന്ന് അദ്ദേഹം മനസ്സിലാക്കുന്നത്. ഇന്ന് അങ്ങനെ ജിന്ന് രൂപം മാറിവന്നാൽ അത് ജിന്നാണെന്ന് തീർച്ചപ്പെടുത്താൻ ആർക്കും വഹ്യ് ലഭിക്കുന്നില്ലല്ലോ.

ഇബ്റാഹീം, ലൂത്വ് عليهما السلام എന്നിവരുടെ അടുക്കൽ മലക്ക് രൂപം മാറി വന്നപ്പോൾ അത് മലക്കുകളാണെന്ന് അവർക്കും മനസ്സിലാക്കാനായില്ല. അതു കൊണ്ടാണല്ലോ കാളക്കുട്ടിയെ പാകം ചെയ്ത് അവരെ സൽക്കരിച്ചത്. അതിനാൽ മലക്കോ ജിന്നോ രൂപം മാറിവന്നാൽ അവരെ ജിന്നും മലക്കുമായിട്ടല്ല പരിഗണിക്കേണ്ടത്. അവർക്ക് ജിന്നിന്റെയും മലക്കിന്റെയും വിധിയുമില്ല. പ്രസ്തുത രൂപം ആരുടേതാണോ അവരായിട്ടാണ് പരിഗണിക്കേണ്ടത്; അവരുടെ വിധിയേ അവർക്ക് ഉണ്ടായിരിക്കുകയുമുള്ളു.

രൂപം മാറാത്ത നിലയിൽ ജിന്ന് ഹാളിറാവുക, ജിന്ന് വിളി

ച്ചാൽ കേൾക്കുന്ന പരിധിയിൽ വരുക എന്നെല്ലാം പറയുന്നതിന് ഒരു സാംഗത്യവുമില്ല. ജിന്ന് ഹാളിറാണെന്നോ, ജിന്നിന്റെ കേൾവിയുടെ പരിധി ഇത്രയാണെന്നോ ആർക്കും നിജപ്പെടുത്തുക സാധ്യമല്ല. ജ്യോത്സ്യന്മാരെ പോലെ ചിലർ പറയുന്ന ഊഹം മാത്രമാണ് അതിനടിസ്ഥാനം. അത് സത്യപ്പെടുത്താൻ പാടില്ലാത്തതാണ്. ബാധ ഒഴിപ്പിക്കുന്ന വേളയിൽ ജിന്ന് സംസാരിച്ചു, ജിന്ന് രോഗിയിലൂടെ ഇങ്ങനെ പറഞ്ഞു എന്നൊക്കെ പറയുന്നത് ഒരു മുസ്ലിമിന് സത്യപ്പെടുത്താനോ വിശ്വാസിക്കാനോ പാടില്ലാത്ത കാര്യങ്ങളാണ്. നന്നെ ചുരുങ്ങിയത് നാൽപ്പതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടാതിരിക്കാവുന്ന കുറ്റമാണ്.

കൂടാതെ, ജിന്ന് മഹാകള്ളനും ചതിയനും അക്രമിയുമാണെന്ന കാര്യം നാം മറക്കാൻ പാടില്ല. അവരെ വിശ്വസിക്കരുതെന്നാണ് നമ്മോട് പറഞ്ഞിരിക്കുന്നത്. അവർ നമ്മെ വീഴ്ത്തിക്കളയാൻ ഏത് കളവും ചതിയും പ്രയോഗിക്കും. എന്നിരിക്കെ അവരെ കുറിച്ച് അവർ പറയുന്നത് നമുക്ക് സ്വീകരിക്കാവതല്ല. അവരെ കുറിച്ച് മറ്റു വിധേന കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താനും നിർവ്വാഹമില്ല. കാരണം അവർ മറഞ്ഞ ലോകത്തെ ജീവികളാണ്. അതുകൊണ്ടു തന്നെ അവരിൽനിന്ന് ആരെങ്കിലും ഹാജരായാൽ തന്നെ അവരുടെ വിധി മറഞ്ഞവരെ പോലെയാണ്. അതിനാൽ അവരോട് സഹായാർത്ഥന നടത്താവതല്ല; അങ്ങനെ ചെയ്യുന്ന പക്ഷം അത് കൊടിയ ശിർക്കായിത്തീരുകയും ചെയ്യും.

## വൈയക്തികാനുഭവങ്ങൾ

ജിന്നുകളുമായി ബന്ധപ്പെട്ട് ആധുനികരും പൗരാണികരുമായ പണ്ഡിതന്മാർ വരെ വിചിത്രമായി തോന്നാവുന്ന പല കഥകളും അനുഭവങ്ങളും പങ്കുവെച്ചിട്ടുണ്ട്. അതുപോലെ നമ്മളിൽ പലർക്കും കൂടിയതോ കുറഞ്ഞതോ ആയ പല കഥകളും പറയാനുണ്ടാകും. അശരീരി കേൾക്കുക, അപരിചിത വ്യക്തികളും

രൂപങ്ങളും പൊടുന്നനെ പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്യുക, ഭീതിതമായ മാനസികാന്തരീക്ഷം സൃഷ്ടിക്കുക, ദുർബ്ബല മനസ്കരെ രാത്രികാലങ്ങളിൽ അജ്ഞാത കേന്ദ്രങ്ങളിലേക്ക് നയിക്കുക, കുട്ടികളുടെ സുന്നത്ത് കഴിക്കുക, ആൾമാറാട്ടം നടത്തുക, ദൂരസ്ഥലങ്ങളിലുള്ള വസ്തുക്കൾ എത്തിച്ചു കൊടുക്കുക, ഒളിപ്പിച്ചു വെച്ച വസ്തുക്കളെ കുറിച്ച് വിവരം നൽകുക, പുരുഷ ജിന്ന് മനുഷ്യസ്ത്രീയുമായി ലൈംഗികവേഴ്ച നടത്തുക (incubus), സ്ത്രീ ജിന്ന് പുരുഷനുമായി ലൈംഗികവേഴ്ച നടത്തുക(succubus)... ഇതുപോലുള്ള വൈയക്തികമായ അനുഭവങ്ങൾ ധാരാളമാണ്. അവയുടെ പൊരുളും ചുരുളുമഴിക്കാൻ നാം അശക്തരാണ്. നമുക്ക് അതിന്റെ ആവശ്യമില്ല താനും. പക്ഷെ, സലഫുകളുടെ മാർഗ്ഗം പിന്തുടരുന്ന ഒരു മുസ്‌ലിം ഇത്തരം വൈയക്തികമായ അനുഭവങ്ങളെ സമീപിക്കേണ്ടത് എങ്ങനെയാണ്, അവയോട് കൈക്കൊള്ളേണ്ട മതപരമായ നിലപാട് എന്താണ് എന്നതിനെ കുറിച്ച് ഒരു ലഘുവിവരണം നൽകാം.

വൈയക്തികമായ ഇത്തരം അനുഭവങ്ങളെ നിഷേധിക്കുകയും കളവാക്കുകയും ചെയ്യണമെന്ന് പറയുന്ന യാതൊന്നും പ്രമാണരേഖകളിലില്ല. അത് ആ വ്യക്തിയുടെ അനുഭവമാണ്; മറ്റാരുടേതുമല്ല. അതിനെ കളവാക്കാനോ നിഷേധിക്കാനോ മറ്റൊരാൾക്ക് നിർവ്വാഹവുമില്ല. പദാർത്ഥവത്ക്കരിക്കാൻ കഴിയാത്തതിനെയെല്ലാം നിഷേധിച്ചാൽ ഉയർന്ന ശാസ്ത്രബോധമുള്ളവരാകുമെന്ന് തെറ്റിദ്ധരിച്ച ചിലരാണ് ഇത്തരം അനുഭവങ്ങളെ ഇന്ന് കണ്ണടച്ച് നിഷേധിക്കുന്നത്. അവരുടെ നിലപാട് പക്വമോ വാസ്തവികമോ അല്ല. നന്നെ ചുരുങ്ങിയത് അത്തരം അനുഭവമുള്ള വ്യക്തി തന്റെ സത്യസന്ധമായ അനുഭവത്തെ നിഷേധിക്കുമ്പോൾ നിഷേധിക്കുന്നവന്റെ ഉദ്ദേശ്യശുദ്ധിയെയും മതബോധത്തെയും ചോദ്യം ചെയ്യാനിടവരും. അത് സത്യദീൻ കളവാക്കപ്പെടുന്ന സ്ഥിതിയിലേക്ക് വരെ നയിക്കും.

നബി ﷺയോട് ചിലർ ഇത്തരം അനുഭവങ്ങൾ വിശദീകരിച്ചപ്പോൾ അവിടുന്ന് അങ്ങനെ സംഭവിക്കില്ലെന്ന് നിഷേധിക്കുകയോ, അവർ പറയുന്നത് കളവാണെന്ന് പറയുകയോ ചെയ്തിട്ടില്ല. ഇതിനർത്ഥം അവിടുന്ന് അവരുടെ അനുഭവത്തിൽ വന്ന വൃത്താന്തം സത്യപ്പെടുത്തിയെന്നോ, അതനുസരിച്ച് ഒരു വിധി സ്ഥിരീകരിച്ചു എന്നോ അല്ല. മറിച്ച്, അവരുടെ അനുഭവത്തെ കളവാക്കാനോ നിഷേധിക്കാനോ പോയില്ലെന്നു മാത്രം.

എന്നാൽ, വഹ്‌യിന്റെ അടിസ്ഥാനത്തിൽ അവയിൽ ചിലതിന് നബി ﷺ വിശീദകരണം നൽകിയിട്ടുണ്ട്. അത്തരം വിശദീകരണങ്ങൾ അതിന്റെ ഉള്ളടക്കത്തെ സ്ഥിരീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നു. കൂടാതെ, നബി ﷺ തനിക്കുണ്ടായ ചില അനുഭവങ്ങൾ വേറെ വിശദീകരിച്ചിട്ടുമുണ്ട്.

ഇതിൽനിന്ന് നാം മനസ്സിലാക്കേണ്ടതും പിന്തുടരേണ്ടതുമായ കാര്യം ഇതാണ്: വഹ്‌യിന്റെ അടിസ്ഥാനത്തിൽ വിശദീകരണം നൽകാത്തിടത്തോളം ആരുടെയും അനുഭവങ്ങൾക്ക് ദീനിൽ ഒരു വിലയോ സ്വാധീനമോ ഇല്ല; സ്വഹാബികളുടേതിന് പോലും. വഹ്‌യിന്റെ അടിസ്ഥാനത്തിലല്ലാതെ, വ്യക്തിപരമായ അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ദീനിൽ ഒരു വസ്തുത സ്ഥിരീകരിക്കാനോ നിരാകരിക്കാനോ, ഒരു മതവിധി സ്ഥാപിക്കാനോ പറ്റില്ല. അത്തരം കാര്യങ്ങൾ അവരവരുടെ അനുഭവ സഞ്ചയത്തിൽ നിഷ്ക്രിയമായി അവശേഷിക്കട്ടെ. അതിലപ്പുറം അതിനു വൈജ്ഞാനികമോ മതപരമോ ആയ പ്രാധാന്യമില്ല. ആയതിനാൽ ആരെങ്കിലും അത്തരം അനുഭവങ്ങൾ വിശദീകരിച്ചാൽ അവയെ നിഷേധിക്കാനോ, ദീനിൽ അതിന് എന്തെങ്കിലും സ്വാധീനം വകവെച്ചുകൊടുക്കാനോ മുതിരേണ്ടതില്ലെന്നു സാരം.

ശ്രദ്ധിക്കുക! മുകളിൽ പറഞ്ഞ മൂന്നുതരം ഇടപാടുകളും ജിന്നുപോലുള്ള മറഞ്ഞലോകരോട് (عَالَمُ الْغَيْبِ) ആയിരിക്കുമ്പോൾ കൂടുതൽ അപകടകരമായിത്തീരുന്നു. അതുതന്നെ മനുഷ്യന്റെ

പ്രഖ്യാപിത ശത്രുവായ ഇബ്ലീസിനോടും അവന്റെ വർഗ്ഗത്തോടുമായിരിക്കുമ്പോൾ അതിന്റെ അവസ്ഥ പിന്നെയും രൂക്ഷമായി ത്തീരുന്നു. അതുകൊണ്ടാണ് ജിന്നുകളോടുള്ള ഏതൊരു വ്യവഹാരവും നടേ വിവരിച്ച വസ്തുതകൾ കൂടി പരിഗണിച്ചു കൊണ്ടായിരിക്കണം എന്ന് പറയുന്നത്. മാത്രമല്ല, അല്ലാഹു ജിന്നുകളെ കുറിച്ച് വ്യത്യസ്തവും സവിശേഷവുമായ വിധികളാണ് നൽകിയിട്ടുള്ളത്. മനുഷ്യരെ കുറിച്ച് പറഞ്ഞ വിധികൾ അവർക്കോ, അവരെ കുറിച്ച് പറഞ്ഞത് മനുഷ്യർക്കോ ബാധകവുമല്ല.

## മനുഷ്യരെയും ജിന്നുകളെയും സമീകരിക്കാനാവില്ല

മനുഷ്യരുടെ കഴിവിൽപെട്ടത് അവരോട് ചോദിക്കുന്നതു പോലെ ജിന്നുകളുടെ കഴിവിൽപെട്ടത് അവരോടും ചോദിക്കാം, മനുഷ്യരെ കാര്യസാധ്യത്തിനുള്ള കാരണമായി കാണുന്നതു പോലെ ജിന്നുകളെയും കാര്യസാധ്യത്തിനുള്ള കാരണമായി സ്വീകരിക്കാം, മനുഷ്യരും ജിന്നും സമമാണ്, മറഞ്ഞ ലോകവും തെളിഞ്ഞ ലോകവും (عَالَمُ الْغَيْبِ وَعَالَمُ الشَّهَادَةِ) ഒരു പോലെയാണ്, എന്നാണ് ഫലത്തിൽ ജിന്നുവാദികൾ സമർത്ഥിക്കാൻ ശ്രമിക്കുന്നത്. എന്നാൽ അതിന് ഖുർആനിൽനിന്നോ നബി ﷺ യുടെ ചര്യയിൽ നിന്നോ മുസ്ലിംകളുടെ ഇജ്മാഇൽ നിന്നോ ഒരു രേഖയും കൊണ്ടുവരാനാവില്ല. ജിന്നുകളെ മനുഷ്യരോട് قِيَاسٌ ആക്കാൻ മാത്രമേ അവർക്ക് സാധിക്കൂ. അവരുടെ ആ സമധർമ്മ പ്രയോഗം അടിസ്ഥാനപരമായി തന്നെ തെറ്റാണ്. സാധർമ്യമില്ലാത്ത വൈജാത്യ പൂർണ്ണമായ ഖിയാസാണ് (قِيَاسٌ مَعَ الْفَارِقِ) അത്. അത് അപ്പാടെ തള്ളപ്പെടേണ്ടതാണ്. ഇക്കാര്യം ശൈഖ് അബ്ദുല്ലാ അബ്ദുറഹീം അൽ ബുഖാരി -حَفِظَهُ اللهُ- ഒരു ചോദ്യത്തിനുള്ള ഉത്തരത്തിൽ വ്യക്തമാക്കുന്നത് കാണുക:

[പ്രിയനേ, അവധാനതയില്ലാതെ വിടുവാക്ക് പറയുന്നത് നീ സൂക്ഷിക്കുക. മുമ്പുള്ളവരും ഇപ്പോഴുള്ളവരുമായ പണ്ഡിതന്മാ

രിൽ അങ്ങനെ പറഞ്ഞിട്ടുള്ളവരുടെ പക്ഷം ദുർബ്ബലവും അപ്ര സക്തവുമാണ്. അങ്ങനെ വാദിക്കുന്നവർ ആരാണെന്ന് എനിക്കറിയാം. ആ വാദമുഖം ഉന്നയിച്ചവർ ഇജ്തിഹാദ് ചെയ്തു. അതിലവർക്ക് ശരി കണ്ടെത്താനായില്ല. അവർ മുസ്‌ലിം ജിന്നിനോട് സഹായം ചോദിക്കുന്നതിനെ മുസ്‌ലിമായ മനുഷ്യനോട് സഹായം ചോദിക്കുന്നതിനോട് താരതമ്യപ്പെടുത്തുകയാണ് ചെയ്തത്. അങ്ങനെയായിരുന്നു കാര്യമെങ്കിൽ നാം അത് അനുവദനീയമെന്ന് പറയുമായിരുന്നു. പക്ഷെ, അത് തമ്മിൽ പ്രകടമായ അന്തരമുണ്ട്. അവർ മറഞ്ഞ ലോകമാണ്. നിങ്ങൾ തെളിഞ്ഞ ലോകവും. അതു കൊണ്ടാണ് അല്ലാഹു രണ്ടും വേർതിരിച്ചു പറഞ്ഞത്:

«അവനും അവന്റെ വർഗ്ഗവും നിങ്ങളെ ഇങ്ങോട്ട് കാണുന്നു, നിങ്ങൾ അവരെ അങ്ങോട്ട് കാണുകയുമില്ല...» (അഅ്റാഫ് 27)

«ജിന്നിൽപെട്ട ഇഫ്രീത് പറഞ്ഞു: താങ്കൾ താങ്കളുടെ സ്ഥാനത്തു നിന്ന് എഴുന്നേൽക്കുന്നതിനു മുമ്പ് ഞാൻ അത് ഹാജരാക്കാം...» (നംല് 39)

അതെ, അങ്ങനെയാണ് കാര്യം.] (അവലംബം: മീറാഥുൽ അമ്പിയാ വെബ് സൈറ്റ്, ലേഖനം: മുസ്‌ലിം ജിന്നിനോട് സഹായാർത്ഥന നടത്തുന്നത് അനുവദനീയമാണെന്ന് പറയുന്നവരെ കുറിച്ച് കൊടിയ ശിർക്ക് ആരോപിക്കുന്നവർക്കുള്ള താങ്കളുടെ ഉപദേശം)

ആരെങ്കിലും ഇത്തരത്തിലുള്ള വല്ല കൃത്യവും ചെയ്തിട്ടുണ്ടെങ്കിൽ, വിവരമില്ലാത്തവനാണെങ്കിൽ അവൻ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങട്ടെ. ബോധപൂർവ്വമാണെങ്കിൽ അവൻ ശഹാദത്ത് ചൊല്ലി പുതുതായി ഇസ്‌ലാമിൽ പ്രവേശിക്കട്ടെ. ഇങ്ങനെയാണ് മഹാന്മാരായ പണ്ഡിതന്മാർ പ്രഖ്യാപിച്ചിട്ടുള്ളത്. ശൈഖ് സ്വാലിഹ് അൽ ഫൗസാൻ -حَفِظَهُ الله- ഒരു

**ചോദ്യത്തിന് നൽകിയ ഉത്തരമായി പറഞ്ഞ വാക്കുകൾ തന്നെ അതേ പടി ഇവിടെ ഉദ്ധരിക്കാം:**

يقول السائل: هناك مقولات مثل اخطفوه أو اكسروا رقبته أو خذوه، هل يعتبر ذلك من مناداة الجن؟

الجواب: نعم، مناداة الغائب من الجن أو من بني آدم وهو غائب يعتبر هذا ممنوعا لأنه من الاستغاثة بغير الله عز وجل والاستعانة بغير الله، نعم.

يقول تكملة للسؤال يا شيخ: وهل يجب عليه أن ينطق بالشهادة بعد ذلك؟

الجواب: عليه أن يتوب إلى الله، إذا كان جاهلا تكفي التوبة، أما إذا كان تعمد هذا الشيء فلا بد أن يدخل في الإسلام من جديد، نعم..) . [الشيخ صالح الفوزان في درسه لكتاب بلوغ المرام في ١٤٣٣/٧/٢٩هـ، شبكة السحاب]

**[ചോദ്യകർത്താവ് പറയുന്നു: അവനെ റാഞ്ചുക, അവന്റെ പിരടി തകർക്കുക, അവനെ പിടികൂടുക ഇങ്ങനെയുള്ള സംസാരങ്ങൾ ജിന്നിനെ വിളിക്കലായി പരിഗണിക്കുമോ?**

**ഉത്തരം: അതെ, മറഞ്ഞവരെ വിളിക്കൽ, ജിന്നുകളെയോ, മനുഷ്യരിൽനിന്നും ഹാജരില്ലാത്തവരെയോ വിളിക്കുന്നത്, വിലക്കപ്പെട്ടതായിട്ടാണ് പരിഗണിക്കുക. കാരണം അത് അല്ലാഹു അല്ലാത്തവരോടുള്ള സഹായാർത്ഥനയാണ്, അല്ലാഹു അല്ലാത്തവരോട് സഹായം ചോദിക്കലാണ്, അതെ.**

**അദ്ദേഹത്തിന്റെ ഉപചോദ്യം: അതിനു ശേഷം അദ്ദേഹം ശഹാദത്ത് ചൊല്ലൽ നിർബ്ബന്ധമാണോ?**

**ഉത്തരം: അവൻ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങണം. വിവരമില്ലാത്തവനാണെങ്കിൽ തൗബഃ മതിയാകും. മറിച്ച് ബോധപൂർവ്വം ചെയ്തതാണെങ്കിൽ അവൻ പുതുതായി ഇസ്‌ലാം**

സ്വീകരിക്കണം, അതെ.] (അവലംബം: സഹാബ് വെബ്സൈറ്റ്, ശൈഖ് സ്വാലിഹ് അൽ ഫൗസാൻ ബുലൂഗുൽ മറാം വിശദീകരിക്കുന്ന ക്ലാസിൽ നിന്ന്)

ഇതിൽനിന്നെല്ലാം കാര്യം വളരെ വ്യക്തമാണ്. ജിന്ന് മുസ്‌ലിമും നല്ലവനും ഹാജറുള്ളവനും ഉദ്ദിഷ്ടകാര്യം ചെയ്യാൻ കഴിവുള്ളവനും ആണെങ്കിൽ അവനോടുള്ള ചോദ്യം സഹായാർത്ഥന (دُعَاءٌ) അല്ല, അത് നാം ഒരു മനുഷ്യനോട് അവന്റെ കഴിവിൽപെട്ട കാര്യം ചോദിക്കുന്നതു പോലെ ഭൗതികമായ മാർഗ്ഗത്തിലുള്ള ചോദ്യം മാത്രമാണ് എന്ന വാദം ഒട്ടും ശരിയല്ല. അത് തീർത്തും അബദ്ധമാണ്. ആശയക്കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിക്കുന്നവർ തെറ്റായ ഒരു ഖിയാസിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ജൽപനം മാത്രമാണ്. അവർക്ക് അതിന് രേഖാപരമായ ഒരു തെളിവുമില്ല. അത് ശിർക്കാണ്. അത് തള്ളിക്കളയേണ്ടതുമാണ്.

## നിജപ്പെടുത്താനാവാത്ത വ്യവസ്ഥകളും വിശേഷണങ്ങളും

അതുപോലെ, ജിന്നുവാദികൾ ജിന്നിനു നൽകുന്ന വിശേഷണങ്ങൾ ഒന്നുപോലും നിജപ്പെടുത്താൻ കഴിയുന്ന കാര്യമല്ല. അവർ പറയാറുള്ള ജീവിച്ചിരിക്കുന്ന, ഹാജറുള്ള, മുസ്‌ലിമായ, ഉദ്ദിഷ്ടകാര്യം ചെയ്യാൻ പ്രാപ്തിയുള്ള എന്നീ ചമയങ്ങളൊന്നും ഉറപ്പുവരുത്തുക ഒരു നിലക്കും സാധ്യമല്ല തന്നെ. സുലൈമാൻ നബി ﷺ ഇരിക്കുന്ന ഇരിപ്പിടത്തിൽനിന്ന് എഴുന്നേൽക്കുന്നതിനു മുമ്പ് സബഇലെ രാജ്ഞിയുടെ സിംഹാസനം ഹാജരാക്കാൻ ജിന്നിനു കഴിയും. എന്നാൽ ജിന്നുകളുടെ മുമ്പാകെ സിംഹാസനത്തിൽ മരണപ്പെട്ടു കിടക്കുന്ന സുലൈമാൻ നബി ﷺ മരണപ്പെട്ട വിവരം അറിയാനുള്ള കഴിവ് അവർക്കില്ല താനും. അപ്പോൾ അവരുടെ കഴിവിന്റെ പരിധിയും മേഖലയും, എന്നല്ല അവരുമായി ബന്ധപ്പെട്ട സകലമാന കാര്യങ്ങളും മനുഷ്യർക്ക് ദുരൂഹമാണ്, അവരിൽനിന്ന് മറക്കപ്പെട്ടതാണ്.

## വസീലത്തുശ്ശിർക്ക് കൊണ്ടൊരു ശീർഷാസനം

സൂറത്തുൽ അൻആം 128-ാം സൂക്തവുമായി ബന്ധപ്പെടുത്തി ജിന്നുവാദികൾ നടത്താറുള്ള ഒരു ദുർവ്യാഖ്യാനം കൂടി ഇവിടെ പ്രതിപാദിക്കുന്നത് സാന്ദർഭികമായിരിക്കും.

മരിച്ചുപോയ മഹാത്മാക്കളോടും ഭൂതപ്രേത പിശാചുക്കളോടും ദുആ ചെയ്തിട്ട് അതൊന്നും ശിർക്കല്ല, ഇസ്തിഗാസഃ മാത്രമാണ്, ശിർക്കാകണമെങ്കിൽ അവർക്ക് സ്വമദിയ്യത്ത് കല്പിക്കണമെന്ന് വാദിക്കുന്ന ഖുറാഫികളിൽ ചിലർ വ്യക്തി താൽപര്യത്തിന്ന വേണ്ടി കൂട്ടത്തോടെയും അല്ലാതെയും ഇസ്വ്ലാഹീ പ്രസ്ഥാനത്തിലേക്ക് ചേക്കേറാറുണ്ട്. അവസരത്തിനനുസരിച്ച് അവരുടെ മനസ്സിലുള്ള പഴയ വിശ്വാസജീർണ്ണതകൾ തരാതരം അവർ പുറത്തെടുക്കും. അതിൽ ഒന്നാണ് മേൽ സൂക്തത്തിന് ഏതോ ഒരു ഖുറാഫി മുസ്ല്യാരുടെ കുത്സിത ബുദ്ധിയിൽ തോന്നിയ ദുർവ്യാഖ്യാനം - ഈ ആയത്തിൽ പറയുന്നത് ശിർക്കിനെ കുറിച്ചല്ല, വസീലത്തുശ്ശിർക്കിനെ കുറിച്ച് മാത്രമാണെന്നുള്ളത്. അതിന്റെ മർമ്മം ഇവിടെയാണ്: «നരകമാണ് നിങ്ങളുടെ പാർപ്പിടം; നിങ്ങളതിൽ നിത്യവാസികളായിരിക്കും. നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ» (അൻആം 128) എന്നതിലെ 'നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ' എന്ന ഭാഗം അർത്ഥമാക്കുന്നത് ജിന്നിനോട് സഹായം തേടൽ ശിർക്കല്ല, അത് വസീലത്തുശ്ശിർക്ക് മാത്രമേ ആവുകയുള്ളു. ശിർക്കാണെങ്കിൽ ശാശ്വതമായി നരകത്തിൽ വസിക്കേണ്ടി വരുമല്ലോ. ഇവിടെ ശാശ്വതമായി നരകത്തിൽ വസിക്കുന്ന കാര്യം പറയുന്നില്ലല്ലോ. പാമര ജനങ്ങളെ പറ്റിക്കാൻ പറയുന്ന പച്ചയായ ദുർവ്യാഖ്യാനമാണിത്. കാരണം:

1. മേൽ പറഞ്ഞ വാദം സാധൂകരിക്കുന്ന യാതൊന്നും ഖുർആനിലില്ല. നബി ﷺ അങ്ങനെ ഒരു വ്യാഖ്യാനം അതിന്ന നൽകുകയോ, രേഖപ്പെടുത്തപ്പെട്ട നബിവചനങ്ങളിൽ അങ്ങനെ ഒരു സൂചന പോലും ഉദ്ധരിക്കപ്പെടുകയോ ചെയ്തിട്ടില്ല. സ്വ

ഹാബികളിൽനിന്നോ ഉത്തമരായ മൂന്നു തലമുറക്കാരിൽനിന്നോ പരിഗണനീയരായ മറ്റു ഖുർആൻ വ്യാഖ്യാതക്കളിൽനിന്നോ അത്തരം ഒരു വ്യാഖ്യാനം വന്നിട്ടുമില്ല.

2. പ്രാമാണികരായ ഖുർആൻ വ്യാഖ്യാതാക്കൾ അതിനു നൽകിയ വിശദീകരണം ഇബ്നു ജരീർ ﵀ തന്റെ തഫ്സീറിൽ രേഖപ്പെടുത്തുന്നത് കാണുക:

يعني إلا ما شاء الله من قَدْر مُدَّة ما بين مبعثهم من قبورهم إلى مصيرهم إلى جهنم، فتلك المدة التي استثناها الله من خلودهم في النار. [ابن جرير الطبري في تفسيره جامع البيان]

[അവരുടെ പുനരുത്ഥാനം മുതൽ അവർ നരകത്തിൽ എത്തുന്നതുവരെയുള്ള കാലയളവ് എത്രയാണോ അതാണ് അല്ലാഹു ഉദ്ദേശിച്ചതൊഴികെ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അവരുടെ നരകത്തിലുള്ള ശാശ്വതവാസത്തിൽനിന്ന് അത്രയുമാണ് അല്ലാഹു ഒഴിവാക്കിയിരിക്കുന്നത്.] (ത്വബരി | ജാമിഉൽ ബയാൻ)

3. ഇവിടെ 'നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ' എന്നതിനെ ഇബ്നു അബ്ബാസ് ﵄ വ്യാഖ്യാനിക്കാറുള്ളതായി പറയപ്പെടാറുള്ളത് ഇപ്രകാരമാണ്:

وروي عن ابن عباس أنه كان يتأول في هذا الاستثناء: أنّ الله جعل أمرَ هؤلاء القوم في مبلغ عَذَابه إيّاهم إلى مشيئته. [ابن جرير فى جامع البيان]

[അവർക്കുള്ള അവന്റെ ശിക്ഷയുടെ അളവുമായി ബന്ധപ്പെട്ട് അവരുടെ കാര്യം അല്ലാഹു അവന്റെ ഹിതത്തിന് വിട്ടിരിക്കുന്നു.] (ത്വബരിയുടെ തഫ്സീർ ഉദ്ധരിച്ചത്)

ഇബ്നു അബ്ബാസ് ﵄ൽനിന്നുള്ള ഈ രിവായത്ത് സ്ഥിരപ്പെട്ടതല്ല. ഇബ്നു അത്വിയ്യഃ ﵀ മേൽ രിവായത്ത് പരിശോധനാ വിധേയമാക്കിയ ശേഷം രേഖപ്പെടുത്തിയത് ഇപ്രകാരമാണ്:

قال القاضي أبو محمد والإجماع على التخليد الأبدي في الكفار، ولا يصح هذا عن ابن عباس ﷺ. [خالد بن عبد الرحمن بن زكي المصري ا تفسير القرآن بما ثبت من الأحاديث والآثار]

[ഖാളി അബൂ മുഹമ്മദ് (ഇബ്ന അത്വിയ്യഃ) പറയുന്നു: അവിശ്വാസികളുടെ കാര്യത്തിൽ അവർ എന്നെന്നും ശാശ്വതമായി നരകത്തിൽ കഴിയേണ്ടിവരും എന്ന കാര്യത്തിൽ ഇജ്മാഉള്ളതാണ്. ഇബ്ന അബ്ബാസ് ﵁ൽനിന്നുള്ള ഈ രിവായത്ത് സ്വഹീഹായി വന്നതല്ല.] (ഉദ്ധരണം: ഖാലിദ് അബ്ദുറഹ്മാൻ അൽമിസ്വ്രിയുടെ ഖുർആൻ വ്യാഖ്യാനത്തിൽനിന്ന്)

കൂടാതെ, ഇബ്ന അബ്ബാസ് ﵁യുടെ വ്യാഖ്യാനം പലരും മനസ്സിലാക്കുന്നത് മറ്റൊരു വിധത്തിലാണ്. അതായത്, അവർ അനുഭവിക്കാനിരിക്കുന്ന ശിക്ഷയുടെ കാഠിന്യമാണ് യഥാർത്ഥത്തിൽ ഇതുകൊണ്ട് വിവക്ഷിക്കുന്നത്. നരക ശിക്ഷയല്ലാത്ത മറ്റു ശിക്ഷകളിലേക്കുള്ള സൂചനയാണ് അതു കൊണ്ട് ഉദ്ദേശിച്ചതെന്നും പറയപ്പെട്ടിരിക്കുന്നു. ഏതായാലും ഇതിൽ അവർ ചെയ്തത് ശിർക്കല്ല, ശിർക്കിലേക്കുള്ള മാർഗ്ഗം മാത്രമാണെന്നും, അതിനാൽ അവർ നരകത്തിൽ ശാശ്വതരാവില്ല എന്നും ഇബ്ന അബ്ബാസ് ﵁ വ്യക്തമായി പറയുകയോ സൂചിപ്പിക്കുകയോ ചെയ്യുന്നില്ല.

ഇബ്ന അബ്ബാസ് ﵁ മാത്രമല്ല, പരിഗണനീയനായ ഒരു ഖുർആൻ വ്യാഖ്യാതാവ് പോലും, ഈ ആയത്തിൽ സൂചിപ്പിക്കുന്നത് വസീലത്തുശ്ശിർക്കിനെയാണെന്നോ, 'നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ' എന്നതിന്റെ അർത്ഥം അവർ നരകത്തിൽ ശാശ്വതരാവില്ല എന്നാണെന്നോ പറഞ്ഞിട്ടില്ല.

4. വിഗ്രഹാരാധന നടത്തുന്ന മുശ്രിക്കുകളെയും ജിന്നുകളോട് സഹായം തേടുന്നവരെയും ഒരു പോലെ ഉൾപ്പെടുത്തിയാ

ണ് മുഫസ്സിറുകൾ ഈ സൂക്തം വ്യാഖ്യാനിച്ചിരിക്കുന്നത്. ഒന്നിനെ ശിർക്കും ഒന്നിനെ വസീലത്തുശ്ശിർക്കുമാക്കി ആരും തന്നെ വേർതിരിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

5. സൂറത്തു ഹൂദിലെ 106, 107 സൂക്തങ്ങൾ കൂടി കാണുക. മുസ്ല്യാക്കന്മാരുടെ കുത്സിതബുദ്ധി അവയിൽ തട്ടി ഉടഞ്ഞ് തകരുന്നത് കാണാം:

﴿فَأَمَّا الَّذِينَ شَقُوا فَفِي النَّارِ لَهُمْ فِيهَا زَفِيرٌ وَشَهِيقٌ ۝١٠٦ خَالِدِينَ فِيهَا مَا دَامَتِ السَّمَاوَاتُ وَالْأَرْضُ إِلَّا مَا شَاءَ رَبُّكَ ۚ إِنَّ رَبَّكَ فَعَّالٌ لِّمَا يُرِيدُ ۝١٠٧﴾ [هُودٌ]

[എന്നാൽ നിർഭാഗ്യവാന്മാർ നരകത്തിലായിരിക്കും. നെടുവീർപ്പും കോച്ചിവലിച്ചുള്ള തേങ്ങിക്കരച്ചിലുമായിരിക്കും അവിടെ അവർക്കുണ്ടായിരിക്കുക. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നിടത്തോളം അവരതിൽ നിത്യവാസികളായിരിക്കും. നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ. തീർച്ചയായും നിന്റെ റബ്ബ് താൻ ഉദ്ദേശിക്കുന്നത് തീർത്തും നടപ്പിലാക്കുന്നവനാണ്.] (ഹൂദ് 106, 107)

മനുഷ്യർ സൗഭാഗ്യവാന്മാരും ദൗർഭാഗ്യവാന്മാരുമായി വേർതിരിക്കപ്പെടും. സൗഭാഗ്യവാന്മാർ സ്വർഗ്ഗത്തിലും ദൗർഭാഗ്യവാന്മാർ നരകത്തിലുമായിരിക്കും. ഓരോ വിഭാഗവും അവരവരുടെ നിത്യ സങ്കേതങ്ങളിൽ ശാശ്വതരായി വസിക്കേണ്ടിവരും. ഇക്കാര്യം വിശദീകരിക്കുമ്പോഴും അല്ലാഹു പറയുന്നു: «നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ» (ഹൂദ് 107). നരകത്തിലെ നിത്യവാസികളായ മുശ്രിക്കുകളെയും കാഫിറുകളെയും സംബന്ധിച്ചാണ് ഈ പറയുന്നത്. ഈ പരാമർശം കൊണ്ട് അവരുടെ കുഫ്റും ശിർക്കും വെറും വസീലത്തുശ്ശിർക്കായി മാറുമോ? ഇല്ല, ഒരിക്കലുമില്ല. കാര്യം ഇത്രയും സ്പഷ്ടമാണെന്നിരിക്കെ, 'നിന്റെ റബ്ബ് ഉദ്ദേശിച്ചതൊഴികെ' എന്നു പറ

ഞ്ഞാൽ ശിർക്ക് വസീലത്തുശ്ശിർക്കാകും എന്ന വങ്കത്തം ഇനിയും ആരെങ്കിലും പറഞ്ഞു നടക്കും എന്നു തോന്നുന്നില്ല. മുസ്ല്യാക്കന്മാർക്ക് എന്തും ചേരുമായിരിക്കാം. പക്ഷെ, അറിവുള്ളവരുടെയും സത്യാന്വേഷികളുടെയും മുന്നിൽ അത് വിലപ്പോവുകില്ലെന്നു മാത്രം.

സൂറത്തു ഹൂദിലെ മേൽ സൂക്തങ്ങൾ മുൻനിർത്തി നരകം നശിക്കുമെന്ന് ഒരു വാദമുണ്ടായിരുന്നു. പക്ഷെ, അത് അടഞ്ഞ അധ്യായമാണ്. അങ്ങനെ വാദിച്ചവർ തന്നെ അതിൽ നിന്ന് പിൻമാറുകയാണുണ്ടായിട്ടുള്ളത്.

6. ജിന്നിനോട് സഹായം തേടൽ കൊടിയ ശിർക്കാണ്. കൊടിയ ശിർക്കിനെ സംബന്ധിച്ച് വന്ന ഏതു പ്രമാണരേഖ കൊണ്ടും അതിനെതിരിൽ താക്കീത് നൽകാവുന്നതുമാണ്. അതിരിക്കട്ടെ. ചെറിയ ശിർക്കിനെതിരിൽ താക്കീത് നൽകുമ്പോൾ പോലും കൊടിയ ശിർക്കിനെ കുറിച്ച് ഉണർത്തുകയും അതു സംബന്ധിച്ച് വന്ന പ്രമാണരേഖകൾ ഉദ്ധരിച്ച് താക്കീത് കടുപ്പിക്കുകയും ചെയ്യുക എന്നതാണ് നബി ﷺ യിൽനിന്നും സ്വഹാബത്തിൽനിന്നും ഉദ്ധരിക്കപ്പെട്ട മാതൃക. ഒരു ഉദാഹരണത്തിലൂടെ കാര്യം വ്യക്തമാക്കാം.

ഹുനൈനിലേക്കുള്ള യാത്രാ മധ്യെ നബി ﷺ മുശ്‌രിക്കുകൾ അനുഗ്രഹം തേടാറുണ്ടായിരുന്ന ദാതു അൻവാത്വ് എന്ന വൃക്ഷത്തിനരികിലൂടെ കടന്നു പോകാനിടയായി. അപ്പോൾ അടുത്തിടെ ഇസ്‌ലാമിലേക്ക് വന്ന ചിലർ നബി ﷺയെ സമീപിച്ചു കൊണ്ട്, തങ്ങൾക്കും അനുഗ്രഹം തേടാൻ ഒരു ദാതു അൻവാത്വ് നിശ്ചയിച്ചു തരണമെന്നാവശ്യപ്പെട്ടു. അവിടുന്ന് പറഞ്ഞു: സുബ്ഹാനല്ലാഹ്! «അവർക്ക് പല ദൈവങ്ങളും ഉള്ളതു പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നിശ്ചയിച്ചു തരൂ...» (അഅ്റാഫ് 138) എന്ന് മൂസാ നബി عليه السلام യുടെ ജനത പറഞ്ഞതു പോലെയാണിത്! (തിർമുദി)

ഇവിടെ, അനുഗ്രഹം തേടുന്നതിനെയാണ് ദൈവത്തെ നിശ്ച യിക്കാൻ ആവശ്യപ്പെടുന്നതു പോലെയാണെന്ന് നബി ﷺ പറഞ്ഞിരിക്കുന്നത്. ചെറിയ ശിർക്കിനെതിരിൽ വലിയ ശിർ ക്കിന്റെ കാര്യം ഉണർത്തിക്കൊണ്ടാണ് താക്കീത്. ഇക്കാര്യം കിതാബുത്തൗഹീദിൽ വിശദീകരിക്കുന്നത് കാണുക:

باب من تبرك بشجرة أو حجر ونحوهما:

[വൃക്ഷം, ശില പോലുള്ളവയോട് അനുഗ്രഹം തേടുന്നത് സം ബന്ധിച്ച അധ്യായം.]

ഈ അധ്യാത്തിനു കീഴിൽ മുകളിൽ സൂചിപ്പിച്ച ഹദീസും മറ്റു തെളിവുകളും ഉദ്ധരിക്കുകയും, പിന്നീട് അവയിൽനിന്ന് നിർ ദ്ധാരണം ചെയ്തെടുത്ത മസ്അലഃകൾ വിശദീകരിക്കുക യും ചെയ്തു കൊണ്ട് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് ؒ പറയുന്നത് കാണുക:

الثامنة: الأمر الكبير، وهو المقصود؛ أنه أخبر أن طلبتهم كطلبة بني إسرائيل لما قالوا لموسى ﴿اجْعَل لَّنَا إِلَٰهًا... ﴿١٣٨﴾﴾ (الْأَعْرَافُ) [محمد بن عبد الوهاب في كتاب التوحيد]

[എട്ടാമത്തേത് ആ വലിയ കാര്യം; അതാണ് ഉദ്ദേശ്യലക്ഷ്യം. അവിടുന്ന് അറിയിച്ചത് അവരുടെ ആവശ്യം മൂസാ നബി عليه السلام യോട് ഇസ്രാഈല്യർ ഉന്നയിച്ച ആവശ്യം പോലെയാണ്. ഞങ്ങൾക്ക് ഒരു ദൈവത്തെ നിശ്ചയിച്ച് തരൂ... (അഅ്റാഫ് 138)] (മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് | കിതാബുത്തൗ ഹീദ്)

നബി ﷺ കാണിച്ച അതേ മാതൃകയാണ് പിന്നീട് അവിടു ത്തെ അനുചരന്മാരും പിന്തുടർന്നത്. ആരെങ്കിലും അറിയാ തെ ചെറിയ ശിർക്കിലേക്ക് പോകുന്നത് കണ്ടാൽ അതിനെ തിരിൽ അവർ താക്കീത് ചെയ്യുന്നത് കൊടിയ ശിർക്കിനെ

കുറിച്ചുള്ള തെളിവുകൾ നിരത്തിയിട്ടായിരിക്കും. ഒരു ഉദാഹരണം കാണുക:

ولابن أبي حاتم عن حذيفة أنه رأي رجلا في يده خيط من الحمى فقطعه، وتلا قوله: ﴿وَمَا يُؤْمِنُ أَكْثَرُهُمْ بِاللَّهِ إِلاَّ وَهُمْ مُشْرِكُونَ ﴿١٠٦﴾﴾ (يوسف)

[ഹുദൈഫഃ ﵁ൽനിന്ന് ഇബ്ന അബീ ഹാതിം ﵀ ഉദ്ധരിക്കുന്നു: പനി മൂലം കൈയിൽ ചരടുകെട്ടിയ ഒരാളെ കണ്ടപ്പോൾ അദ്ദേഹം അത് പൊട്ടിച്ചെറിഞ്ഞു. എന്നിട്ട് അല്ലാഹുവിന്റെ വചനം ഓതിക്കേൾപ്പിച്ചു: «അവരിൽ അധികപേരും മുശ്രിക്കുകളായിക്കൊണ്ടല്ലാതെ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല.»] (യൂസുഫ് 106)

ഈ അധ്യാത്തിൽനിന്ന് നിർദ്ധാരണം ചെയ്തെടുത്ത മസ്അലഃകൾ വിശദീകരിച്ചു കൊണ്ട് ശൈഖുൽ ഇസ്ലാം മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് ﵀ പറയുന്നത് കാണുക:

التاسعة: تلاوة حذيفة الآية دليل على أن الصحابة يستدلون بالآيات التي في الشرك الأكبر على الأصغر، كما ذكر ابن عباس في آية البقرة.

[محمد بن عبد الوهاب كتاب التوحيد]

[ഒമ്പത്: ഹുദൈഫഃ ﵁ മേൽ വചനം പാരായണം ചെയ്തത്, ചെറിയ ശിർക്കിനെതിരിൽ സ്വഹാബിമാർ തെളിവ് പിടിക്കാറുണ്ടായിരുന്നത് കൊടിയ ശിർക്കിനെ സംബന്ധിച്ചു വന്ന സൂക്തങ്ങൾ കൊണ്ടായിരുന്നു എന്നതിനുള്ള രേഖയാണ്. ബഖറഃയിലെ ആയത്തിന്റെ കാര്യത്തിൽ ഇബ്ന അബ്ബാസ് ﵄ പറഞ്ഞതും അപ്രകാരമാണ്.] (മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് | കിതാബുത്തൗഹീദ്)

ഇങ്ങനെ, ചെറിയ ശിർക്കിനെ കുറിച്ചോ ശിർക്കിലേക്ക് എത്തിക്കുന്ന കാര്യങ്ങളെ കുറിച്ചോ താക്കീത് ചെയ്യുമ്പോൾ

കൊടിയ ശിർക്കിനെ കുറിച്ച് വന്ന രേഖാപരമായ തെളിവുകൾ ഉദ്ധരിക്കുകയും താക്കീത് കടുപ്പിക്കുകയും ചെയ്യുക എന്നതാണ് സച്ചരിതരായ സലഫുകളുടെ രീതി. ഒരു തൗഹീദ് പ്രബോധകൻ അതാണ് മാതൃകയാക്കേണ്ടത്. അതിനു പകരം, കൊടിയ ശിർക്കിനെ തന്നെ നിസ്സാരവത്ക്കരിക്കുകയും, 'അയാളുടെ മനസ്സിൽ പ്രാർത്ഥനയില്ലല്ലോ', അത് വസീലത്തുശ്ശിർക്കല്ലേ എന്നെല്ലാം മുടന്തൻ ന്യായം പറയുകയും ചെയ്യുന്നത് ഏതു ജിന്നിന്റെ ഉപദേശത്തിലാണ്? വസീലത്തുശ്ശിർക്കു കൊണ്ടുള്ള ഈ ശീർഷാസനം അല്ലാഹുവിനെ തൃപ്തിപ്പെടുത്താനാണോ, അതോ പിശാചിനെയോ?

അദ്ധ്യായം നാല്

# തൗഹീദിൽനിന്ന്
## ജിന്നുസേവയിലേക്കോ?!

ജിന്നിനോട് സഹായം തേടുന്നവർ ഖണ്ഡിതവും സ്വതഃസ്പഷ്ടവുമായ അടിസ്ഥാന വചനങ്ങളാണ് പിറകോട്ട് വലിച്ചെറിയുന്നത്. പകരം, ദുർബ്ബലമായ രിവായത്തുകളും അവയുടെ വ്യാഖ്യാന സാധ്യതകളും മനുഷ്യരുടെ അഭിപ്രായാന്തരങ്ങളുമാണ് അവലംബമാക്കുന്നത്.

അമ്പിയാക്കൾ പ്രബോധനം ചെയ്തത് തൗഹീദാണ്. ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിച്ചുകൊണ്ടാണ് അവർ തുടങ്ങിയതും അവസാനിപ്പിച്ചതും. തൗഹീദീ പ്രബോധനം നിർത്തിവെച്ച ഒരുഘട്ടം അവരുടെ ജീവിതത്തിലില്ല. ശിർക്കിനെതിരിലുള്ള പോരാട്ടവീര്യം ചോർന്നുപോയ ഒരു ചരിത്രവുമില്ല. തൗഹീദിന്റെ സംസ്ഥാപനവും ശിർക്കിന്റെ നിഷ്കാസനവും മാർഗ്ഗമല്ല; ലക്ഷ്യമാണ്. അത് മനുഷ്യന്റെ ജീവിത ദൗത്യമാണ്. അല്ലാഹുവിനുള്ള ഉബൂദിയ്യത്ത് വിടരുന്നത് ശിർക്കിന്റെ വിപാടനത്തിലൂടെയും തൗഹീദിന്റെ സാക്ഷാത്ക്കാരത്തിലൂടെയുമാണ്. ഇതാണ് മനുഷ്യരാശിയിൽ വന്നുപോയ മുഴുവൻ അമ്പിയാക്കളുടെയും ജീവിത സന്ദേശം. ഉദാഹരണത്തിനു വേണ്ടി മുഹമ്മദ് നബി ﷺ യുടെ

**ജീവിതം തന്നെ പരിശോധിക്കാം. അവിടുന്ന് തൗഹീദ് പ്രബോധനത്തിൽ എത്രത്തോളം ആമഗ്നനായിരുന്നു എന്ന് വരച്ചുകാണിക്കാൻ അൾജീരിയൻ പരിഷ്കർത്താവായ മുബാറക് അൽമീലിയുടെ വാക്കുകൾ കടമെടുക്കാം.**

فلا ترك النبي ﷺ التنديد بالأصنام وهو وحيد، ولا ذهل عنه وهو محصور بالشعب ثلاث سنوات شديدات، ولا نسيه وهو مختف في هجرته والعدو مشتد في طلبه، ولا قطع الحديث عنه وهو ظاهر بمدينته بين أنصاره، ولا غلق باب الخوض فيه بعد فتح مكة، ولا شغل عنه وهو يجاهد وينتصر ويكر ولا يفر، ولا اكتفى بطلب البيعة على القتال عن تكرير عرض البيعة على التوحيد ونبذ الشرك، وهذه سيرته المدونة وأحاديثه المصححة؛ فتتبعها، تجد تصديق ما ادعينا، وتفصيل ما أجملنا. [مبارك الميلي | الشرك ومظاهره]

**[പ്രബോധന വീഥിയിൽ ഏകാകിയായിരുന്നപ്പോൾ പോലും നബി ﷺ വിഗ്രഹങ്ങളെ കുറിച്ചുള്ള അധിക്ഷേപം ഉപേക്ഷിക്കുകയുണ്ടായില്ല. അബൂത്വാലിബിന്റെ മലഞ്ചെരുവിൽ കഠോരമായ മൂന്നാണ്ട് ഉപരോധത്തിൽ കഴിയുമ്പോഴും ശിർക്കിനെതിരെയുള്ള പോരാട്ടത്തിൽനിന്ന് അല്പം പോലും ശ്രദ്ധ തെറ്റിയില്ല. പലായന വേളയിൽ ശത്രുക്കളുടെ തീവ്രമായ അന്വേഷണ മധ്യേ ഒളിവിൽ കഴിയുമ്പോഴും അവിടുന്ന് അത് വിട്ടുകളഞ്ഞില്ല. പ്രവാചക പട്ടണത്തിൽ, തന്റെ അനുചരന്മാരായ അൻസ്വാറുകൾക്കിടയിൽ വിജയശ്രീലാളിതനായിരിക്കുമ്പോഴും അതിനെ കുറിച്ചുള്ള സംസാരത്തിന് വിരാമമിട്ടില്ല. മക്കാവിജയത്തിനു ശേഷവും ശിർക്കിനെതിരെയുള്ള പോരാട്ടത്തിൽ മുഴുകാനുള്ള വാതിൽ അവിടുന്ന് അടക്കുകയുണ്ടായില്ല. ജിഹാദിന്റെ യുദ്ധമുഖത്ത്, പിന്തിരിയാതെ ധീരമായി വിജയിച്ച് മുന്നേറുമ്പോഴും ശിർക്കിനെതിരിലുള്ള പോരാട്ടത്തിൽനിന്ന് അല്പം പോലും വ്യതിചലിച്ചില്ല. യുദ്ധത്തിനു വേണ്ടി ബൈഅത്ത് വാങ്ങുമ്പോൾ അതിൽ പരിമിത**

പ്പെടുത്താതെ, തൗഹീദ് ഉയർത്തിപ്പിടിക്കാം, ശിർക്ക് വർജ്ജിക്കാം എന്നുള്ള ബൈഅത്ത് ആവർത്തിക്കാതിരുന്നില്ല. ഇതാണ് നബി ﷺയുടെ രേഖപ്പെടുത്തപ്പെട്ട ചരിതം; ഇതാണ് സ്ഥിരപ്പെട്ട ഹദീസുകളിലുള്ളത്. നിനക്കത് പരതിനോക്കാവുന്നതാണ്. നാം പറഞ്ഞതിനുള്ള സാധൂകരണവും നാം സംഗ്രഹിച്ചതിന്റെ വിശദാംശങ്ങളും നിനക്കതിൽ അനായാസം കണ്ടെത്താൻ കഴിയും.] (മുബാറക് അൽമീലി | അശ്ശിർക്കു വ മളാഹിറുഹു)

## ശിർക്കിന്റെ കടന്നുകേറ്റം ഉറുമ്പരിക്കുന്നതിനെക്കാൾ രഹസ്യമായി

ശിർക്കിന്റെ കാര്യത്തിൽ അതീവജാഗ്രതയും ഉത്തിഷ്ഠതയും പുലർത്താനാണ് നാം കല്പിക്കപ്പെട്ടിരിക്കുന്നത്. അതിനെ കുറിച്ച് നിർഭയമായിരിക്കുക ഒരു വിശ്വാസിക്ക് ഭൂഷണമല്ല. കാരണം മുവഹിദുകളുടെ ഇമാമായ, അല്ലാഹുവിന്റെ വിശിഷ്ട സ്നേഹത്തിനു പാത്രീഭൂതനായ, ആകാശഭൂമികളുടെ മലകൂത്ത് കാണിക്കപ്പെട്ട ഇബ്റാഹീം عليه السلام ഉള്ളുരുകി താണുകേണ് പ്രാർത്ഥിച്ചത് ശിർക്കിൽനിന്ന് രക്ഷയേകാനല്ലാതെ മറ്റൊന്നിനുമായിരുന്നില്ല.

﴿وَإِذْ قَالَ إِبْرَاهِيمُ رَبِّ اجْعَلْ هَٰذَا الْبَلَدَ آمِنًا وَاجْنُبْنِي وَبَنِيَّ أَن نَّعْبُدَ الْأَصْنَامَ ﴿٣٥﴾ رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ النَّاسِ ۖ فَمَن تَبِعَنِي فَإِنَّهُ مِنِّي ۖ وَمَنْ عَصَانِي فَإِنَّكَ غَفُورٌ رَّحِيمٌ ﴿٣٦﴾﴾ (إِبْرَاهِيمُ)

[ഇബ്റാഹീം കേണപേക്ഷിച്ച സന്ദർഭം! എന്റെ റബ്ബേ, ഈ നാട് നീ നിർഭയത്വമുള്ളതാക്കണേ. എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹാരാധന നടത്തുന്നതിൽനിന്ന് അകറ്റിനിർത്തി രക്ഷിക്കണേ. (35) എന്റെ റബ്ബേ, തീർച്ചയായും ആ വിഗ്രഹങ്ങൾ അനേകം മനുഷ്യരെ പിഴപ്പിച്ചിരിക്കുന്നു. ആർ എന്നെ പിന്തുടർന്നുവോ അവൻ എന്നിൽ പെട്ടവനാകുന്നു. ആരെങ്കിലും എന്നെ ധിക്കരിക്കുന്ന പക്ഷം, നിശ്ചയമായും നീ ഏറെ പൊറുക്കുന്നവനും കാരുണ്യവാനുമാണ്.] (ഇബ്റാഹീം 35, 36)

പ്രശസ്ത താബിഈവര്യനായ ഇബ്റാഹീം അത്തയ്മി ﵀ പറയുന്നു:

من يأمن من البلاء بعد خليل الله إبراهيم، حين يقول: ربّ ﴿اجْنُبْنِي وَبَنِيَّ أَنْ نَعْبُدَ الأَصْنَامَ﴾ [الطبري في جامع البيان]

[റബ്ബേ, «എന്നെയും എന്റെ മക്കളെയും, ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റിനിർത്തി രക്ഷിക്കണേ» എന്ന് അല്ലാഹുവിന്റെ ഖലീലായ ഇബ്റാഹീം കേഴുമ്പോൾ പിന്നെ ആർക്കാണ് പരീക്ഷണങ്ങളിൽ നിന്ന് നിർഭയനായിരിക്കാനാവുക?!] (ത്വബരി തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയത്)

സജ്ജനങ്ങളായ അടിയാറുകളിലേക്ക് ശിർക്ക് ഇഴഞ്ഞുവരുന്നതിനെ കുറിച്ച് നബി ﷺയും മുൻകൂട്ടി താക്കീത് ചെയ്തിട്ടുണ്ട്. ഈ സമുദായത്തിലേക്ക് ശിർക്ക് കടന്നുകേറുക ഉറുമ്പരിക്കുന്നതിനെക്കാളും രഹസ്യമായിട്ടായിരിക്കും. അങ്ങനെ അവരിൽ പല വിഭാഗങ്ങളും മുശ്രിക്കുകളിലേക്ക് ചെന്നുചേരുകയും ചെയ്യും. അതിനെ കുറിച്ച് ഏറ്റവും ശക്തമായ ഭാഷയിലാണ് അവിടുന്ന് താക്കീത് നൽകിയിരിക്കുന്നത്. എന്നല്ല, ആ താക്കീത് അവിടുന്ന് അങ്ങേയറ്റം കടുപ്പിക്കുക കൂടിചെയ്തിരിക്കുന്നു. ഇമാം ബുഖാരി ﵀ തന്റെ അദബുൽ മുഫ്റദിൽ ഉദ്ധരിച്ചിരിക്കുന്ന ഒരു ഹദീസു തന്നെ ഇക്കാര്യം വ്യക്തമാക്കാൻ പര്യാപ്തമാണ്.

عَنْ معقلِ بن يسار ﵁، قال: انطلقت مع أبي بكر الصديق إلى النبي ﷺ فقال: «يا أبا بكر لَلشِّرْكُ فيكم أخفى من دبيب النمل» فقال أبو بكر: وهل الشرك إلا من جعل مع الله إلها آخر؟ فقال النبي ﷺ: «والذي نفسي بيده لَلشرك أخفى من دبيب النمل، ألا أدلك على شيء إذا قلته ذهب عنك قليلُه وكثيرُه؟» قال: «قل اللّٰهُمَّ إني أعوذ بك أن أُشرك بك وأنا أعلم، وأستغفرك لما لا أعلم» [البخاري في الأدب المفرد وصححه الألباني]

[മഅ്ഖിൽ ബിൻ യസാർ ﵁ നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ ഒരിക്കൽ അബൂ ബക്ർ ﵁ന്റെ കൂടെ നബി ﷺയുടെ അടുത്ത് ചെന്നു. അപ്പോൾ നബി ﷺ പറഞ്ഞു: അബൂ ബക്ർ, നിശ്ചയമായും ഉറുമ്പരിക്കുന്നതിനെക്കാളും ഗോപ്യമായിട്ടായിരിക്കും നിങ്ങളിലേക്ക് ശിർക്ക് വരുക. അബൂ ബക്ർ ചോദിച്ചു: അല്ലാഹുവിന്റെ കൂടെ മറ്റൊരു ആരാധ്യനെ നിശ്ചയിച്ചവനല്ലാതെ ശിർക്കിൽ അകപ്പെടുമോ? നബി ﷺ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെ സത്യം! ശിർക്ക് വരുക ഉറുമ്പരിക്കുന്നതിനെക്കാളും രഹസ്യമായിട്ടായിരിക്കും. ഞാൻ ഒരു കാര്യം നിനക്ക് അറിയിച്ചു തരട്ടെയോ? അത് നീ ഉരുവിടുകയാണെങ്കിൽ അതിലെ കുറഞ്ഞതും കൂടിയതും നിന്നിൽനിന്ന് ഒഴിവായിപ്പോകും. എന്നിട്ട് അവിടുന്ന് ഇങ്ങനെ ഉരുവിടാൻ പറഞ്ഞു: «അല്ലാഹുവേ, അറിഞ്ഞു കൊണ്ട് നിന്നിൽ പങ്കുചേർക്കുന്നതിൽനിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു. എനിക്ക് അറിയാത്തതിന് ഞാൻ നിന്നോട് മാപ്പിരക്കുകയും ചെയ്യുന്നു.»] (ബുഖാരി | അൽ അദബുൽ മുഫ്റദ്)

ഇബ്നു കഥീർ ബഖറഃ 22-ാം സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു അബ്ബാസ് ﵄ പറഞ്ഞതായി ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്: സമന്മാർ (أَنْدَادُ) എന്നു പറഞ്ഞത് കറുത്ത പാറയിൽ ഇരുണ്ട രാത്രിയിൽ ഉറുമ്പരിക്കുന്നതിനെക്കാളും രഹസ്യമായി വരുന്ന ശിർക്കിനെ കുറിച്ചാണ്. (ഇബ്നു കഥീർ തഫ്സീറിൽ ഉദ്ധരിച്ചത്)

ശ്രദ്ധിക്കുക! അന്ത്യനാളിനു മുമ്പായി ഈ സമുദായത്തിൽനിന്ന് ഏതാനും ഗോത്രങ്ങൾ മുശ്രിക്കുകളോടൊപ്പം ചേരുമെന്നും, അവർ വിഗ്രഹാരാധന നടത്തുമെന്നും നബി ﷺ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അവിടുന്ന് പറയുന്നു:

وعن ثوبان ﵁ عن النبي ﷺ : «ولا تقوم الساعة حتى تلحق قبائل من أمتي

بالمشركين، وحتى تعبد قبائل من أمتي الأوثان» [أبو داود في سننه وصححه الألباني]

[ഥൗബാൻ ﷺ നിവേദനം. നബി ﷺ പറയുന്നു: എന്റെ സമുദായത്തിൽപെട്ട ഏതാനും ഗോത്രങ്ങൾ മുശ്‌രിക്കുകളിലേക്ക് ചെന്നു ചേരുന്നതു വരെയും, എന്റെ സമുദായത്തിൽപെട്ട ഏതാനും ഗോത്രങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതുവരെയും അന്ത്യനാൾ സംഭവിക്കുകയില്ല.] (അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

ഇതാണ് അവസ്ഥ! അതിനാൽ തങ്ങൾ തൗഹീദിന്റെ തികവിലാണെന്ന ഇസ്‌ലാഹികളുടെ, വിശിഷ്യാ ജിന്നുവാദികളുടെ ഗർവിന് എന്തർത്ഥമാണുള്ളത്? ഖബ്ർ പൂജയിലും വീരാരാധനയിലും മൂക്കോളം മുങ്ങിയ ഖുറാഫികളല്ല, സാക്ഷാൽ ഇസ്‌ലാഹികൾ തന്നെ അടയിരുന്ന് വിരിയിച്ചെടുത്ത സ്വന്തം കുഞ്ഞുങ്ങളാണ് തർക്കിച്ചു തർക്കിച്ച് ഖുറാഫികളുടെ ശിർക്കൻ വാദം ഇവിടെ പുനരവതരിപ്പിച്ചത്. ആദമിനും നൂഹിനും ﷺ ഇടയിൽ പത്തു തലമുറകൾ. എല്ലാവരും തൗഹീദിൽ. പക്ഷെ, പിശാച് എത്ര ഗോപ്യമായും പിടിക്കപ്പെടാതെയുമാണ് അവരിലേക്ക് ശിർക്ക് കട്ടുകടത്തിയത്! അങ്ങനെ നോക്കുമ്പോൾ ഇവരുടെ വസീലത്തുശ്ശിർക്കും താർക്കിക വിശകലനവും മാത്രം മതി ഇരുട്ടിവെളുക്കുമ്പോഴേക്കും ഈ സമൂഹം ജിന്നുസേവയിൽ മുങ്ങിത്താഴാൻ. نَعُوذُ بِاللهِ مِنَ الْخِذْلَانِ

## ജിന്നുവാദികളുടെ താർക്കിക വിശകലനം

അഹ്‌ലുസ്സുന്നഃ ചലിക്കുക എപ്പോഴും രേഖാപരമായ തെളിവുകളോടൊപ്പമായിരിക്കും. അവ തിരിയുന്നിടത്തേക്ക് അവർ തിരിയും; അവ നിൽക്കുന്നിടത്ത് അവർ നിൽക്കും. ഏതൊരു കാര്യം സ്ഥിരീകരിക്കേണ്ടി വന്നാലും അതിനാവശ്യമായ തെളിവുകൾ അവർ പ്രമാണങ്ങളിൽ പരതും. ലഭ്യമായ തെളിവുകളുടെ സത്യത സ്ഥിരീകരിക്കുക, അവയുടെ ശരിയായ വിവക്ഷ സ്വഹാ

ബത്തിന്റെ ധാരണയുമായി ഒത്തുനോക്കി ഉറപ്പുവരുത്തുക, ശരിയെന്നു ബോധ്യപ്പെട്ട തെളിവുകളെ സത്യപ്പെടുത്തുക, അവയിൽ വിശ്വസിക്കുക, അവക്ക് കീഴ്പ്പെടുക, ഇങ്ങനെയാണ് ഇസ്‌ലാമിലെ തെളിവു നിയമം പുരോഗമിക്കുന്നത്. അതിന്റെ മൗലികതയും സുതാര്യതയും ലാളിത്യവും ഒന്നു വേറെതന്നെയാണ്. അതാണ് മുൻഗാമികൾ പിന്തുടരുകയും, നമുക്കു വേണ്ടി വിട്ടേച്ചു പോവുകയും ചെയ്ത സലഫീ മാർഗ്ഗം.

എന്നാൽ ബൗദ്ധികവും യുക്തിപരവും താർക്കികവുമായ സമീപനങ്ങളാണ് പ്രബോധന രംഗത്ത് ഇസ്വ്‌ലാഹികൾ സ്വീകരിച്ചു പോരുന്നത്. പ്രത്യക്ഷമായ വസ്തുതകളും വാദമുഖങ്ങളും നിരത്തി അപ്രത്യക്ഷവും അസ്ഥിരവുമായതിനെ അനുമാനിക്കുകയും ഊഹിക്കുകയും ചെയ്യുന്ന നിഗമനാത്മക രീതി. ദാർശനികരുടെയും വചനശാസ്ത്രപടുക്കളുടെയും മാർഗ്ഗമാണത്. സച്ചരിതരായ സലഫുകളുടെ മാർഗ്ഗവുമായി ഒരു നിലയിലും ഒത്തുപോകുന്നതല്ല ഇത്. തർക്കശാസ്ത്രത്തിലെ ഇതേ സങ്കേതങ്ങളാണ് കേരളത്തിലെ ജിന്നുവാദികളും അവരുടെ വിനാശകരമായ വാദമുഖങ്ങൾ സ്ഥാപിക്കാൻ ഉപയോഗിക്കുന്നത്. അല്ലാതെ, പ്രമാണരേഖകളോ സച്ചരിതരായ സലഫുകളുടെ മുൻമാതൃകകളോ ഇക്കാര്യത്തിൽ അവർക്ക് ഉദ്ധരിക്കാനില്ല.

വിശ്വാസപരമോ കർമ്മപരമോ ആയ ദീനീ വിഷയങ്ങൾ വ്യവഹരിക്കേണ്ടത് ശർഇയായ സംജ്ഞകളും ഭാഷകളും ഉപയോഗിച്ചുകൊണ്ടാണ്. അല്ലെങ്കിൽ അപരിഹാര്യമായ പലതരം വൈരുദ്ധ്യങ്ങളും പൊരുത്തക്കേടുകളുമാണ് കടന്നുകൂടുക. വിഷയങ്ങളിൽ വ്യക്തത നൽകുന്നതിനു പകരം, അവ ആശയക്കുഴപ്പങ്ങളുടെ നൂലാമാലകളും ബൗദ്ധികമായ പ്രതിസന്ധികളും സൃഷ്ടിക്കുകയാണ് ചെയ്യുക. അതിൽപെട്ടതാണ് സഹായം തേടുന്ന കാര്യത്തിൽ അവർ പ്രയോഗിക്കുന്ന ഭൗതിക-അഭൗതിക വേർതിരിവ്. ജിന്നിനോട് സഹായം തേടുന്നത് ഭൗതികമായ മാർഗ്ഗ

ത്തിലാണെങ്കിൽ അനുവദനീയവും അഭൗതികമായ മാർഗ്ഗത്തി ലാണെങ്കിൽ ശിർക്കും എന്ന് വേർതിരിക്കുന്നത് അടിസ്ഥാനപര മായി തന്നെ തെറ്റാണ്. ഈ പ്രയോഗം ഒട്ടുമേ സൂക്ഷ്മമല്ല. അത് ശർഇന്റെ ഭാഷയല്ല; പണ്ഡിതലോകത്ത് അറിയപ്പെട്ടതുമല്ല. മു സ്ലിംകൾക്കിടയിൽ കേട്ടുകേൾവി പോലുമില്ലാത്ത കാര്യമാണ ത്. ഇവരുടെ താർക്കിക സംജ്ഞകളും സങ്കേതങ്ങളും അവസാ നം അവരെ കൊണ്ടു ചാടിക്കുന്നത് വല്ലാത്തൊരു ബൗദ്ധിക പ്ര തിസന്ധിയിലാണ്. അല്ലാഹുവിനോട് സഹായം ചോദിക്കുന്ന ത് മാത്രം അഭൗതികം, മറ്റെല്ലാം ഭൗതികം എന്ന് സമ്മതിക്കേണ്ടി വരുന്ന ദുർഗതിയാണ് അവർക്ക് വന്നുപെട്ടിരിക്കുന്നത്. അല്ലാ ഹു അല്ലാത്തവരോട് സഹായം ചോദിക്കുന്ന ഏതൊരാൾക്കും തന്റെ തേട്ടം ഭൗതികമാണ്, അഭൗതികമല്ല എന്നു പറഞ്ഞാൽ ശിർക്ക് തൗഹീദായിക്കിട്ടുന്ന മായാജാലം!!

ജിന്നിനോടും മലക്കിനോടും സഹായം ചോദിച്ചിട്ട് അത് ഭൗ തികമാണ്, അഭൗതികമല്ല എന്നു പറഞ്ഞാൽ ശിർക്ക് തൗഹീ ദാകുന്ന ഈ മായാജാലം കാണിച്ചാണ് ഇന്നവർ പാമരജനങ്ങ ളെ പറ്റിക്കുന്നത്. സ്വമദിയ്യത്ത് കല്പിച്ചുകൊണ്ട് സഹായം തേ ടിയാൽ മാത്രമേ ശിർക്കാവുകയുള്ളു; സ്വമദിയ്യത്ത് കല്പിക്കുന്നി ല്ലെന്നു പറഞ്ഞാൽ പിന്നെ അതിനെ ഇസ്തിഗാസയെന്നോ ഇട തേട്ടമെന്നോ പറഞ്ഞ് വെളുപ്പിച്ചെടുക്കാം എന്ന് വാദിക്കുന്ന ഖു റാഫികളുടെ നിലവാരത്തിലേക്കാണ് കേരളത്തിലെ തൗഹീദ് പ്രബോധനത്തിന്റെ മൊത്തക്കുത്തകക്കാർ അധഃപതിച്ചതെന്ന് അവരറിയുന്നില്ല.

ഫലത്തിൽ ﴿إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ﴾ എന്ന സൂക്തം കേരളത്തി ലെ പാരമ്പര്യ ഖുറാഫികളും അഭിനവ ഖുറാഫികളായ ജിന്നുവാ ദികളും ഒരേവിധത്തിലാണ് വായിക്കുന്നതും വ്യാഖ്യാനിക്കുന്ന തും. അറബി മലയാളം നിഘണ്ടുവിൽ സ്വമദിയ്യത്ത് = അഭൗതി കം എന്നൊരു എൻട്രി കൂടി വരുത്തിയാൽ എല്ലാം കേമമായി.

സ്വന്തമായി തത്വങ്ങൾ ആവിഷ്കരിക്കുകയും അത് പ്രമാണങ്ങളിൽ പ്രയോഗിക്കുകയും അതിനനുസൃതമായി അവയിലെ മൂലവാക്യങ്ങളെ വ്യാഖ്യാനിക്കുകയും ചെയ്യുന്നവരുടെ പരിണതി ഇപ്രകാരമായിരിക്കും. ഇബ്ന റജബ് ﵀ പറയുന്നു:

ومن ذلك أعني محدثات العلوم ما أحدثه فقهاء أهل الرأي من ضوابط وقواعد عقلية ورد فروع الفقه إليها، وسواء خالفت السنن أم وافقتها طرداً لتلك القواعد المقررة وإن كان أصلها مما تأولوه على نصوص الكتاب والسنة .

[ابن رجب في مجموع الرسائل]

[അതിൽപെട്ടതാണ്, അഥവാ നൂതനമായി നിർമ്മിക്കപ്പെട്ട വിവരശാഖകളിൽപെട്ടതാണ്, യുക്തി അവലംബിക്കുന്ന ഫുഖഹാക്കൾ (فقهاء الرأي) പുതുതായുണ്ടാക്കിയ ബൗദ്ധിക വ്യവസ്ഥകളും സിദ്ധാന്തങ്ങളും. കർമ്മപരമായ കാര്യങ്ങളെ, സുന്നത്തിനോട് യോജിച്ചാലും വിയോജിച്ചാലും, അവർ മടക്കുക അവർ ആവിഷ്കരിച്ച സിദ്ധാന്തങ്ങൾക്ക് അനുരൂപമായിത്തീരും വിധമാണ്. ഖുർആനിലെയും സുന്നത്തിലെയും ചില വാക്യങ്ങളെ അവർ വ്യാഖ്യാനിച്ച് ഉണ്ടാക്കിയ അടിസ്ഥാനങ്ങൾ അവക്കുണ്ടായിരിക്കാമെങ്കിലും.] (ഇബ്ന റജബ് l മജ്മൂഉർ റസാഇൽ)

അതുപോലെ, അവർ ഉപയോഗിക്കുന്ന മറ്റൊരു താർക്കിക സംജ്ഞയാണ് കാര്യകാരണബന്ധത്തിന് അതീതവും അധീനവുമെന്നുള്ളത്. യഥാർത്ഥത്തിൽ കാരണങ്ങളെയും കാര്യങ്ങളെയും അവ തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ച് പ്രമാണങ്ങളിൽ സൂചനയുണ്ട്. പണ്ഡിതന്മാർ അതിനെ ഉപജീവിച്ചു കൊണ്ട് പലതും വിശദീകരിച്ചിട്ടുമുണ്ട്. വിശിഷ്യാ തൗഹീദ്, തഖ്ദീർ, തവക്കുൽ സംബന്ധിച്ചുള്ള അവരുടെ വിവരണങ്ങൾ ഗഹനവും മനോഹരവുമാണ്. കാര്യകാരണ ബന്ധത്തെ ശരിയായ വിവക്ഷയിൽ ഉപയോഗിച്ചാൽ വിഷയങ്ങൾ മനോഹരമായി ആവിഷ്കരിക്കുവാനും അനുവാചകർക്ക് അശയക്കുഴപ്പ

മില്ലാതെ മനസ്സിലാക്കി കൊടുക്കുവാനും സാധിക്കും. പക്ഷെ, ഇസ്വ്ലാഹികൾ പലപ്പോഴും അതിനെ നേരത്തെ പറഞ്ഞ അവരുടെ ഭൗതിക-അഭൗതിക മായാജാലവുമായി കൂട്ടിക്കെട്ടുന്നതുകൊണ്ട് അതും സങ്കീർണ്ണമായിത്തീർന്നിരിക്കുന്നു എന്ന് പറയാതെ വയ്യ. കാര്യകാരണബന്ധങ്ങൾ ശരിയാംവണ്ണം മനസ്സിലാക്കിയിരുന്നുവെങ്കിൽ ജിന്നിനോടോ മലക്കിനോടോ സഹായം തേടുക എന്നത്, ഭൗതിക-അഭൗതിക വേർതിരിവില്ലാതെയും മറ്റു ചമയങ്ങളൊന്നും വെച്ചുകെട്ടാതെയും ശിർക്കാണെന്ന് പറയാൻ ഒരു നിമിഷം പോലും അവർക്ക് അന്തിച്ചു നിൽക്കേണ്ടിവരുമായിരുന്നില്ല. എല്ലാം തർക്കമയമാക്കുമ്പോൾ കാര്യം കൈവിട്ടുപോവുകയാണ്. അങ്ങനെ തർക്കം അവരെ വീഴ്ത്തിയ ഗർത്തത്തിന്റെ ആഴമോർക്കുമ്പോൾ മനസ്സ് വല്ലാതെ അസ്വസ്ഥമാകുന്നു. ഇസ്വ്ലാഹ് മാസികയിൽ വന്ന ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. മറ്റൊന്നിനുമല്ല; തർക്കവും താർക്കിക ശൈലിയും എങ്ങനെയാണ് മനുഷ്യനെ വഴികേടിലേക്ക് തള്ളിവിടുന്നതെന്ന് മനസ്സിലാക്കാൻ വേണ്ടി മാത്രം.

[രാത്രിയുടെ ഇരുളിൽ തപ്പിത്തടഞ്ഞ് നീങ്ങുന്ന ഒരാൾ തന്റെ തൊട്ടടുത്ത് നിന്ന് ശബ്ദം കേൾക്കുന്നു. ആളെ കാണുന്നില്ല. തന്റെ മുമ്പിലുള്ള ഈ ശബ്ദത്തിന്റെ ഉടമ ജിന്നായിരിക്കാം എന്ന വിശ്വാസത്തിൽ എന്നെ ഒന്ന് സഹായിക്കാമോ, ഒരു വെളിച്ചം തരാമോ എന്നാവഷ്യപ്പെട്ടാൽ അത് അഭൗതികമോ കാര്യകാരണബന്ധത്തിന് അപ്പുറമുള്ളതോ അല്ലെങ്കിൽ സൃഷ്ടികളുടെ കഴിവിൽ പെടാത്തത് തേടുകയല്ല. ആ സഹായാർത്ഥന ശിർക്കുമല്ല.] (അബ്ദുൽ ജബ്ബാർ മൗലവി, ഇസ്വ്ലാഹ് മാസിക, ഏപ്രിൽ 2007)

മേൽ പറഞ്ഞ അതേ തർക്കവും താർക്കികതയുമാണ് സകരിയ്യാ സ്വലാഹിയുടെയും മൂലധനം. ജീവിച്ചിരിക്കുന്ന, ഹാജറുള്ള, കഴിവുള്ള (حَيٌّ - حَاضِرٌ - قَادِرٌ) മുസ്ലിം ജിന്നിനോട് സഹായം തേ

ടിയാൽ അത് അഭൗതിക മാർഗ്ഗത്തിലുള്ളതോ കാര്യകാരണബന്ധത്തിനപ്പുറത്തുള്ളതോ ആയ സഹായം തേടലല്ല. അതിനാൽ അത് ശിർക്കുമല്ല. ഇങ്ങനെയായിരുന്നു അദ്ദേഹവും വാദിച്ചിരുന്നത്. ഇതു തന്നെയാണ് വിവാദത്തിന്റെ മർമ്മവും. നേരിട്ടു പറഞ്ഞതും കേട്ടതും തെളിയിക്കാൻ തൽക്കാലം മുതിരുന്നില്ല. അദ്ദേഹത്തിനു വേണ്ടി കക്ഷിപിടിച്ച് വീരവാദം മുഴക്കുന്നവരുടെ നിലപാടുകൾ തന്നെ മതിയായ തെളിവും സാക്ഷ്യവുമായി ജീവിച്ചിരിക്കുന്നുണ്ടല്ലോ.

എന്നാൽ, അഭൗതിക മാർഗ്ഗത്തിലോ, കാര്യകാരണബന്ധത്തിനതീതമായോ, സൃഷ്ടികളുടെ കഴിവിൽപെടാത്തതോ, പരമമായ താഴ്മയോടും വണക്കത്തോടും കൂടിയോ (أَقْصَى غَايَةِ الْخُضُوعِ وَالتَّذَلُّلِ) ജിന്നിനോട് സഹായം തേടാമെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. പറഞ്ഞു എന്ന് ഈ ലേഖകൻ ആരോപിക്കുന്നുമില്ല.

ഭൗതികമായ മാർഗ്ഗത്തിൽ സഹായം തേടുന്നത് അനുവദനീയമാണ്. ജീവിച്ചിരിക്കുന്ന, ഹാജറുള്ള, കാര്യസാധ്യത്തിനു കഴിവുള്ള മുസ്‌ലിം ജിന്നിനോട് സഹായം ചോദിക്കുന്നത് ഭൗതികമായ സഹായം തേടൽ മാത്രമാണ്. ഇമാം അഹ്മദ് ﵀ അങ്ങനെ ചെയ്തിട്ടുണ്ട്. അതിന്റെ ഫലപ്രാപ്തി പരീക്ഷിച്ച് തെളിയിക്കപ്പെട്ടിട്ടുണ്ട്. നിരവധി പണ്ഡിതന്മാർ അതിനെ അനുകൂലിച്ചിട്ടുണ്ട് എന്നെല്ലാം പറഞ്ഞ് ജനങ്ങളെ പുഴയിൽ ചാടിക്കുകയും അവസാനം തർക്കിച്ച് തർക്കിച്ച് പുഴക്കരയിലേക്ക് കേറി, പുഴക്കരയിലെ ജിന്നിനോട് ചോദിക്കാൻ പാടില്ലെന്നുമാണ് പറയുന്നത്. "പുഴക്കരയിൽ ജിന്നുണ്ടെന്ന് നബി ﷺ പറഞ്ഞിട്ടില്ല, അത് പാടില്ല, ഹറാമാണ്, അത് വസീലത്തുശ്ശിർക്കാണ്. പ്രാർത്ഥനയില്ലല്ലോ അയാളുടെ മനസ്സിൽ, ഇസ്‌ലാമിൽനിന്ന് പുറത്തു പോകുന്ന ശിർക്ക് ചെയ്തു എന്ന് പറയാൻ പറ്റില്ല." (കെ.കെ. സകരിയ്യ സ്വലാഹിയുടെ പ്രഭാഷണത്തിൽനിന്ന്) ഇമാം അഹ്മദ് ﵀ ചെയ്തു, ഫലപ്രാപ്തി തെളിഞ്ഞു, നിരവധി പണ്ഡിതന്മാർ അനുകൂലിച്ചു, സു

ലൈമാൻ നബി ﷺ ജിന്നുകളോട് സഹായം തേടി. ശിർക്കാകുന്ന കാര്യം മുഅ്ജിസത്തായി നൽകുമോ? ഇതെല്ലാം ചോദിക്കുന്ന അതേ വായ കൊണ്ടാണ് തിരിച്ചു പറയുന്നത്: എന്നാൽ പാടില്ലാത്തതാണ്! ഹറാമാണ്!! വസീലത്തുശ്ശിർക്കാണ്!!! ഇതിനു വൈരുദ്ധ്യാത്മക ഭൗതികവാദമെന്നോ മന്ദബുദ്ധികളുടെ ജിന്നു സംവ വാദമെന്നോ എന്താണ് പറയേണ്ടത്?

ഇതു തന്നെയാണ് ദീനിനെ സംവാദ വിഷയമാക്കുന്നവന്റെ പരിണതി. അത്തരക്കാർക്ക് ഒരിടത്തും നിൽപ് ഉറക്കില്ല. അവർ വൈരുദ്ധ്യങ്ങളിൽ മുങ്ങിത്താഴുകയും മാറികളിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഈ തെറ്റായ രീതി മതവിഷയങ്ങളിൽ അവലംബിക്കുന്നത് ഇബ്നു തൈമിയ്യഃ, ഇബ്നു റജബ് ﷺ പോലെയുള്ള നിരവധി പണ്ഡിതന്മാർ നിശിതമായി വിമർശിച്ചിട്ടുണ്ട്. ഇബ്നു റജബ് ﷺ ഉദ്ധരിക്കുന്നത് കാണുക:

وكان عمر بن عبد العزيز يقول إذا سمعت المراء فاقصر وقال من جعل دينه عرضاً للخصومات أكثر التنقل. [ابن رجب | بيان فضل علم السلف على علم الخلف]

[ഉമർ ബിൻ അബ്ദിൽ അസീസ് ﷺ പറയാറുണ്ടായിരുന്നു: നീ തർക്കം കേട്ടാൽ അത് അവസാനിപ്പിക്കുക. അദ്ദേഹം തുടരുന്നു: ആർ തന്റെ ദീൻ തർക്കങ്ങൾക്ക് പാത്രമാക്കുന്നുവോ അവൻ ഏറെ മാറിക്കളിക്കേണ്ടി വരും.] (ഇബ്നു റജബ്| ബയാനു ഫദ്‌ലി ഇൽമിസ്സലഫ് അലാ ഇൽമിൽ ഖലഫ്)

അവരുടെ താർക്കിക വിശകലനം പുരോഗമിക്കുന്ന രീതി കാണുക: ജിന്നിനോടുള്ള സഹായാർത്ഥന ശിർക്കാണ്. തദ്വിഷയകമായി വന്നിട്ടുള്ള ഹദീസുകൾ ദുർബ്ബലമാണ്. അതനുസരിച്ച് പ്രവർത്തിക്കൽ നിഷിദ്ധവുമാണ്. എന്നാൽ ഇമാം അഹ്മദ് ﷺ ഒരിക്കൽ അതനുസരിച്ച് പ്രവർത്തിച്ചിട്ടുണ്ട്. നവവി ﷺ അദ്ദേഹത്തിന്റെ അൽ അദ്കാർ എന്ന ഗ്രന്ഥത്തിൽ അത് ഉദ്ധരിച്ചിട്ടുണ്ട്. ശൗക്കാനി ﷺ അത് അനുവദനീയമാണെന്ന് പറഞ്ഞിട്ടുണ്ട്.

അതിന്റെ ഫലപ്രാപ്തി തെളിയിക്കപ്പെട്ടതാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഹാജറുള്ള നല്ലവരായ ജിന്നുകളോട് അവരുടെ കഴിവിൽപെട്ട കാര്യങ്ങളിൽ സഹായം ചോദിക്കുന്നത് മനുഷ്യരോട് അവരുടെ കഴിവിൽപെട്ട കാര്യങ്ങളിൽ സഹായം ചോദിക്കുന്നതു പോലെ തന്നെയാണ്. അത് ശിർക്കായിരുന്നുവെങ്കിൽ ഇമാമുകൾ അപ്രകാരം പ്രവർത്തിക്കുകയോ പറയുകയോ ചെയ്യുമായിരുന്നില്ല. ആകയാൽ ആ ഉദ്ധരണികളുടെ നിവേദക പരമ്പരയിൽ ചില ദൗർബ്ബല്യങ്ങളുണ്ടെങ്കിലും അതിന്റെ ഉള്ളടക്കത്തിൽ ശിർക്കില്ല, ശിർക്കുണ്ടെന്ന് ആരും പറഞ്ഞിട്ടുമില്ല.

ഇവരുടെ ഇത്തരം താർക്കികമായ അവതരണം സാധാരണക്കാരെ വീഴ്ത്തിക്കളയാൻ പര്യാപ്തമാണ്. ഒടുവിൽ അവരുടെ വിശ്വാസം ചെന്നെത്തുക ജിന്നിനോട് സഹായം ചോദിക്കുന്നത് ശിർക്കല്ല; ഇമാമുകൾ അത് വാചികമായി അംഗീകരിക്കുകയും കർമ്മപരമായി ചെയ്തു കാണിക്കുകയും ചെയ്തിട്ടുണ്ട് എന്നിടത്താണ്.

ശ്രദ്ധിക്കുക! ഇസ്വ്‌ലാഹികൾക്കിടയിലേക്ക് എങ്ങനെയാണ് കറുത്ത പാറയിൽ ഇരുണ്ട രാത്രിയിൽ ഉറുമ്പരിക്കുന്നതിനെക്കാളും രഹസ്യമായി ശിർക്ക് കടന്നു കേറിയതെന്ന്. തർക്കത്തിന്റെയും സംവാദത്തിന്റെയും വഴികളിലൂടെയാണ് ശിർക്ക് അവരിലേക്ക് ഇഴഞ്ഞു കേറിയത്. ഇതു തന്നെയാണ് തർക്കത്തിലും സംവാദത്തിലും ഏർപ്പെടുന്നവരുടെ പരിണതിയും. ഞങ്ങളാണ് തൗഹീദിന്റെയും സുന്നത്തിന്റെയും കുത്തകകളും കുലപതികളുമെന്ന് അവകാശപ്പെടുന്നവരുടെ കോട്ടകൊത്തളങ്ങളിലാണ് ഇന്ന് ശിർക്കിന്റെ ഉറുമ്പ് ഇഴഞ്ഞുനടക്കുന്നത്.

## മൂന്ന് ദുർബ്ബല രിവായത്തുകൾ

ജിന്നിനോട് സഹായം തേടുന്നതിന് തെളിവായി ജിന്നുവാദികൾ ഉദ്ധരിക്കാറുള്ള ദുർബ്ബലമായ മൂന്ന് രിവായത്തുകളുണ്ട്. അവയെ കുറിച്ച് ലഘുവായി ഒരു വിശകലനം നടത്താം.

ഒന്നാമത്തേത് ത്വബറാനി, അബൂ യഅ്ലാ, ഇബ്നുസ്സിന്നി എന്നിവർ ഉദ്ധരിക്കുന്ന രിവായത്താണ്. അതിന്റെ നിവേദക പരമ്പര താഴെ കൊടുക്കുന്നു:

മഅ്റൂഫ് ബിൻ ഹസ്സാൻ അസ്സമർഖന്ദി → സഈദ് ബിൻ അബീ അറൂബഃ → ഖതാദഃ → അബ്ദുല്ലാ ബിൻ ബുറൈദഃ → ഇബ്നു മസ്ഊദ് → നബി ﷺ യിലേക്ക് ചേർത്ത് പറഞ്ഞത് (مَرْفُوعٌ)

അതിൽ ഉദ്ധരിക്കപ്പെടുന്ന വാക്യം (مَتْنٌ) ഇപ്രകാരമാണ്: «നിങ്ങളിൽ ഒരാളുടെ വാഹനം വിജനമായ മരുഭൂമിയിൽ വെച്ച് ഓടി രക്ഷപ്പെട്ടാൽ അവൻ വിളിക്കട്ടെ: അല്ലാഹുവിന്റെ അടിമകളേ, നിങ്ങൾ എനിക്കു വേണ്ടി തടഞ്ഞു വെക്കൂ... അല്ലാഹുവിന്റെ അടിമകളേ, നിങ്ങൾ എനിക്കു വേണ്ടി തടഞ്ഞു വെക്കൂ... നിശ്ചയമായും അല്ലാഹുവിന് ഭൂമിയിൽ ഹാജറുള്ള ഒരുവനുണ്ട്, അതിനെ നിങ്ങൾക്ക് വേണ്ടി അവൻ തടഞ്ഞുവെക്കും.»

ഇമാം അൽബാനി ؒ തന്റെ സിൽസിലത്തുൽ അഹാദീസിളഈഫഃയിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു: ഇത് ദുർബ്ബലമായ നിവേദക പരമ്പരയാണ്. അതിന് രണ്ട് ന്യൂനതകളുണ്ട്.

ഒന്ന്: അതിലെ മഅ്റൂഫ് എന്ന നിവേദകൻ അറിയപ്പെടാത്ത വ്യക്തിയാണ്. ഇബ്നു അബീ ഹാതിം തന്റെ പിതാവിനെ ഉദ്ധരിച്ചുകൊണ്ട് പറയുന്നത് അദ്ദേഹം അറിയപ്പെടാത്ത കഥാപാത്രമാണ്. എന്നാൽ ഇബ്നു അദിയ്യ് പറഞ്ഞത് അദ്ദേഹം ഹദീസ് വിഷയത്തിൽ സ്ഥിരീകരിക്കപ്പെടാത്തവനാണ്. ഇതാണ് ഹൈഥമി അതിന് ന്യൂനതയായി പറഞ്ഞിട്ടുള്ളത്. അദ്ദേഹം അത് അബൂ യഅ്ലയിലേക്കും ത്വബറാനിയിലേക്കും ചേർത്തതിനു ശേഷം പറഞ്ഞു. അതിൽ മഅ്റൂഫ് ബിൻ ഹസ്സാനുണ്ട്. അയാൾ ദുർബ്ബലനാണ്.

രണ്ട്: അതിന്റെ നിവേദക പരമ്പര മുറിഞ്ഞു പോയിരിക്കുന്നു. അതാണ് ഇബ്നു ഹജർ അതിനു പറഞ്ഞ ന്യൂനത. അദ്ദേ

ഹം പറയുന്നു: ഒരു പരമ്പരയിലൂടെ മാത്രം ഉദ്ധരിക്കപ്പെട്ട ഹദീസാണിത്. ഇബ്നുസ്സിന്നിയും ത്വബറാനിയും അത് ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ നിവേദക പരമ്പര ഇബ്നു ബുറൈദഃക്കും ഇബ്നു മസ്ഊദിനും ഇടയിൽ മുറിഞ്ഞു പോയിരിക്കുന്നു. (അൽബാനി | സിൽസിത്തുൽ അഹാദീസി ളഈഫഃ)

രണ്ടാമത്തേത് ത്വബറാനി അൽ മുഅ്ജമുൽ കബീറിൽ ഉദ്ധരിച്ച രിവായത്താണ്. അതിന്റെ സനദ് താഴെ കൊടുക്കാം.

ഹുസൈൻ ബിൻ ഇസ്ഹാഖ് → അഹ്മദ് ബിൻ യഹ്യാ അസ്സ്വൂഫി → അബ്ദുറഹ്മാൻ ബിൻ ശുറൈക് → തന്റെ പിതാവായ ശുറൈക് → അബ്ദുല്ലാ ബിൻ ഈസാ → ഇബ്നു അലി → ഉത്ബഃ ബിൻ ഗസ്വാൻ → നബി ﷺ പറയുന്നു:

മേൽ നിവേദക പരമ്പരയിലൂടെ ഉദ്ധരിക്കപ്പെടുന്നത് നബി ﷺ യുടേതെന്ന് പറയപ്പെടുന്ന ഒരു വാക്യമാണ്. അത് ഇപ്രകാരം വായിക്കാം:

«നിങ്ങളിലൊരാൾ വഴിതെറ്റിയാൽ, അല്ലെങ്കിൽ നിങ്ങളിൽ ആർക്കെങ്കിലും ഒരു സഹായം വേണ്ടിവന്നാൽ അവൻ തന്റെ കൂടെ നിൽക്കാൻ ആരുമില്ലാത്ത ഒരു സ്ഥലത്താണെങ്കിൽ അവൻ പറയട്ടെ: അല്ലാഹുവിന്റെ അടിയാറുകളേ, എന്നെ സഹായിക്കുവീൻ. അല്ലാഹുവിന്റെ അടിയാറുകളേ, എന്നെ സഹായിക്കുവീൻ. തീർച്ചയായും അല്ലാഹുവിന് നാം കാണാത്ത ചില അടിയാറുകളുണ്ട്.»

ഇമാം അൽബാനി ؒ തന്റെ സിൽസിലത്തുൽ അഹാദിസി ളഈഫഃയിൽ പറയുന്നു: ഇത് ഒരു ദുർബ്ബലമായ നിവേദക പരമ്പരയാണ്. അതിൽ കുറച്ച് ന്യൂനതകളുണ്ട്. അതിൽ ഒന്നാമത്തെതും രണ്ടാമത്തെതും അബ്ദുറഹ്മാൻ ബിൻ ശുറൈകും (ശുറൈക് ന്യായാധിപനായിരുന്ന അബ്ദുല്ലയുടെ പുത്രനാണ്) അദ്ദേഹത്തിന്റെ പിതാവായ ശുറൈകും രണ്ടു പേരും ദുർബ്ബലരാ

ണ് എന്നുള്ളതാണ്. അതിൽ മകനായ അബ്ദുറഹ്മാനെ കുറിച്ച് ഹാഫിള് ഇബ്നു ഹജർ ﷺ പറഞ്ഞത് സത്യസന്ധനാണ്, പക്ഷെ അബദ്ധങ്ങൾ വരുത്തും എന്നാണ്. അദ്ദേഹത്തിന്റെ പിതാവ് ശുറൈകിനെ കുറിച്ച് പറഞ്ഞത്, സത്യസന്ധനാണ്, എങ്കിലും ധാരാളം അബദ്ധങ്ങൾ വരുത്തും എന്നാണ്. കൂഫഃയിലെ ന്യായാധിപസ്ഥാനം ഏറ്റെടുത്തതിനു ശേഷം തന്റെ മനഃപാഠം ആകെ തെറ്റിപ്പോയി.

ഇക്കാര്യം ഹൈഥമി ﷺ തന്റെ മജ്മഉസ്സവാഇദിൽ സൂചിപ്പിച്ചിട്ടുള്ളത് ഇപ്രകാരമാണ്: ഈ ഹദീസ് ത്വബറാനി ഉദ്ധരിച്ചതാണ്. അതിലെ നിവേദകന്മാരിൽ ചിലർക്ക് ദുർബ്ബലതയുണ്ടെങ്കിലും അവരുടെ വിശ്വസ്തത ത്വബറാനി സ്ഥിരപ്പെടുത്തി. കൂടാതെ, യസീദ് (അങ്ങനെയാണ് അദ്ദേഹം പറയുന്നത്) ബിൻ അലി എന്ന നിവേദകൻ ഉത്ബഃയെ കണ്ടിട്ടില്ല എന്ന പ്രശ്നവും അതിലുണ്ട്.

മൂന്നാമത്തേത്, ഉത്ബഃക്കും ഇബ്നു അലിക്കും ഇടയിൽ പരമ്പര മുറിഞ്ഞിരിക്കുന്നു. നാം ഹദീസ് ഉദ്ധരിച്ച അടിസ്ഥാന ഗ്രന്ഥത്തിൽ ഇപ്രകാരം പേരു പറയാതെ (ഇബ്നു അലി) എന്നാണുള്ളത്. നടേ സൂചിപ്പിച്ച പ്രകാരം ഹൈഥമി ﷺ അദ്ദേഹത്തിന്റെ പേര് പറഞ്ഞിരിക്കുന്നത് യസീദ് എന്നാണ്. അതിനെ കുറിച്ച് ഞാൻ കരുതുന്നത് അത് പകർപ്പെടുത്തയാൾക്കോ പ്രിന്റെടുത്തയാൾക്കോ സംഭവിച്ച അബദ്ധമാണ്. കാരണം ഹദീസ് നിവേദകന്മാരിൽ യസീദ് ബിൻ അലി എന്ന ഒരാളില്ല. സൈദ് ബിൻ അലി എന്നതാണ് ശരി. അത് അലി ബിൻ അബീ ത്വാലിബിന്റെ മകൻ ഹുസൈന്റെ മകൻ അലിയുടെ മകൻ സൈദ് ആണ്. ഹിജ്റഃ 80 ലാണ് അദ്ദേഹത്തിന്റെ ജനനം. ഉത്ബഃ മരണപ്പെടുന്നത് വിശാലമായ അഭിപ്രായം സ്വീകരിച്ചാൽ തന്നെ ഹിജ്റഃ 20 ലാണ്. അദ്ദേഹത്തിന്റെ മരണത്തിനും സൈദ് ബിൻ അലിയുടെ ജനനത്തിനും ഇടക്ക് നീണ്ട കാലയളവ് കിടക്കുന്നു.] (അൽബാനി | സിൽസിത്തുൽ അഹാദീസി ളഈഫഃ)

മൂന്നാമത്തേത് ബസ്സാർ തന്റെ സവാഇദിലും ബൈഹഖി തന്റെ ശുഅബിലും ഉദ്ധരിച്ച രിവായത്താണ്. അതിന്റെ നിവേദക പരമ്പര താഴെ കൊടുക്കുന്നു:

മൂസാ ബിൻ ഇസ്ഹാഖ് → മൻജാബ് ബിൻ അൽ ഹാരിസ് → ഹാതിം ബിൻ ഇസ്മാഈൽ → ഉസാമതു ബിൻ സൈദ് → അബാൻ ബിൻ സ്വാലിഹ് → മുജാഹിദ് → ഇബ്ന അബ്ബാസ് → നബി ﷺ പറയുന്നു:

മേൽ നിവേദക പരമ്പരയിലൂടെ ഉദ്ധരിക്കപ്പെടുന്നത് നബി ﷺയുടേതെന്ന് പറയുന്ന ഒരു വാക്യമാണ്. അത് ഇപ്രകാരം വായിക്കാം:

«അല്ലാഹുവിന് ഭൂമിയിൽ കാവൽ ഏൽപിക്കപ്പെട്ടവരല്ലാത്ത മറ്റു ചില മലക്കുകളുണ്ട്. വൃക്ഷങ്ങളിൽനിന്ന് പൊഴിയുന്ന ഇലകൾ പോലും അവർ രേഖപ്പെടുത്തുന്നു. നിങ്ങളിൽ ആർക്കെങ്കിലും വിജനമായ ഒരു മരുഭൂമിയിൽ വെച്ച വല്ല മുടക്കവും സംഭവിച്ചാൽ  അവൻ വിളിക്കട്ടെ: അല്ലാഹുവിന്റെ അടിയാറുകളേ, എന്നെ സഹായിക്കുവീൻ...»

ഇമാം അൽബാനി ؒ പറയുന്നു: എന്റെയടുക്കൽ ഈ ഹദീസ് ന്യൂനതയുള്ളതാണ്, അതിന്ന പകർച്ച സംഭവിച്ചിട്ടുണ്ട്. ഏറ്റവും പ്രമുഖമായ പക്ഷം അത് ഹദീസല്ല; മൗഖൂഫ് അഥവാ സ്വഹാബിയുടെ വാക്ക് മാത്രമാണ്. (അൽബാനി | സിൽസിത്തുൽ അഹാദീസി ളഈഫഃ)

## ദുർബ്ബല രിവായത്തുകളോടുള്ള അഹ്ലുസ്സുന്നഃയുടെ നിലപാട്

മുകളിൽ പറഞ്ഞത് പോലുള്ള ഉദ്ധരണികളെ അഹ്ലുസ്സുന്നഃ എങ്ങനെ സമീപിക്കണം? അറബിയിൽ ഒരു വാക്യം കിട്ടിയാൽ അത് തെളിവാകുമോ? നീട്ടി ഉപന്യസിക്കുന്നതിന്ന പകരം ഒരു സംഭവത്തിലൂടെ അതിന്ന പ്രായോഗിക വിശദീകരണം നൽകുന്നതായിരിക്കും ഉചിതം.

ഇബ്നുൽ മുബാറക് ﷺയെ കുറിച്ച് കേരളക്കാർക്ക് കൂടുതൽ അറിയില്ലായിരിക്കാം. എന്നാൽ സുന്നത്തിന്റെ അവകാശികൾക്ക് അദ്ദേഹത്തെ പരിചയപ്പെടുത്തേണ്ട കാര്യമില്ല. അഗ്രേസരനായ പണ്ഡിതൻ, മഹാരഥന്മാരിൽപെട്ട ഇമാം, അറിവിന്റെയും സൂക്ഷ്മതയുടെയും കലവറ, ഖുറാസാനിലെ അഹ്ലുസ്സുന്നഃയുടെ അനിഷേധ്യനായ ഗുരുഭൂതൻ. അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ ഒരു സംഭവം ഇമാം ഹർവി ﷺ തന്റെ ദമ്മുൽ കലാമിൽ ഉദ്ധരിച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്: അദ്ദേഹം നടത്തിയ യാത്രകളിലൊന്നിൽ അദ്ദേഹത്തിനു വഴിതെറ്റി. 'വിജനമായ ഭൂമിയിൽ ആരെങ്കിലും വഴിമുട്ടിയാൽ അയാൾ അല്ലാഹുവിന്റെ അടിയാറുകളേ, എന്നെ സഹായിക്കൂ... എന്ന് വിളിക്കണം, എങ്കിൽ അയാൾക്ക് സഹായം ലഭിക്കുക തന്നെ ചെയ്യും' എന്ന ഉദ്ധരണിയെ കുറിച്ച് അദ്ദേഹവും കേട്ടിട്ടുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: അങ്ങനെ ഞാൻ അതിന്റെ നിവേദക പരമ്പര പരിശോധിക്കാനായി അത് രേഖപ്പെടുത്തിയ ഭാഗം പരതിക്കൊണ്ടിരുന്നു. ഹർവി ﷺ പറയുന്നു: നിവേദക പരമ്പര കാണാതെ അങ്ങനെയുള്ള ഒരു ദുആ കൊണ്ടും പ്രാർത്ഥിക്കുന്നത് അദ്ദേഹം അനുവദനീയമായി കണ്ടില്ല.

ഇമാം അൽബാനി ﷺ ഈ സംഭവത്തിന് അടിക്കുറിപ്പായി തന്റെ ളഈഫഃയിൽ ഇപ്രകാരം രേഖപ്പെടുത്തി:

[സുന്നത്ത് പിന്തുടരുക എന്നത് ഇങ്ങനെയായിരിക്കട്ടെ.] (അൽബാനി | സിൽസിത്തുൽ അഹാദീസി ളഈഫഃ)

സുന്നത്തിനെയും സുന്നത്തിന്റെ ഇമാമുകളെയും മനസ്സിലാക്കാൻ കഴിയണമെങ്കിൽ അതിനും വേണം ഒരു ഹൃദയ വിശുദ്ധി. ജിന്നുകളോടുള്ള ആഭിമുഖ്യം കാരണം ഹൃദയ ലാവണ്യവും നൈർമല്യവും നഷ്ടപ്പെട്ടുപോയവർക്ക് ഇബ്നുൽ മുബാറക് ﷺ കൈകൊണ്ട നിലപാട് ദഹിക്കുകയില്ല. മറിച്ച് അവർ പറയുക

ഈ ഹദീസുകളുടെ മത്നിൽ ശിർക്കില്ല എന്നാണ്. ഹദീസിന്റെ മത്നിലല്ല, ജിന്നുവാദികളുടെ മനസ്സിലാണ് ശിർക്ക് കൂടുവെക്കുക. ഒരു രിവായത്തിന്റെ നിവേദക പരമ്പര ദുർബ്ബലമാണെങ്കിൽ പിന്നെ അതിന്റെ മത്നിനെ കുറിച്ച് പര്യാലോചന നടത്തുന്നതിലും അതിനു വ്യാഖ്യാനം നൽകുന്നതിലും ഒട്ടും സാംഗത്യമില്ല. ഹദീസ് വിജ്ഞാനീയങ്ങളുടെ നിദാന തത്വങ്ങളിൽപെട്ടതാണ് التأويل فرع التصحيح അഥവാ വ്യാഖ്യാനം സ്വീകാര്യതയുടെ അനുബന്ധമാണെന്നത്. ഒരു ഹദീസിന്റെ നിവേദക പരമ്പര സ്വീകാര്യയോഗ്യമല്ലെങ്കിൽ പിന്നെ അതിന്റെ മത്നിനെ കുറിച്ച് ആലോചിക്കേണ്ട കാര്യമില്ലെന്നു സാരം.

ഹദീസ് വിജ്ഞാനീയങ്ങളിൽ അവഗാഹമോ, അവയുടെ സാങ്കേതികതകൾ മനസ്സിലാക്കാനുള്ള കഴിവോ ഇല്ലാത്ത ശരാശരിക്കാർക്ക് സ്വീകരിക്കാവുന്ന ഒരു നിലപാടുണ്ട്. അഹ്ലുസ്സുന്നഃയുടെ പണ്ഡിതന്മാർ അക്കാര്യവും വിശദീകരിച്ചിട്ടുണ്ട്. ശൈഖ് സ്വാലിഹ് അൽ ഫൗസാൻ -حَفِظَهُ اللهُ- ഒരു ചോദ്യത്തിനു നൽകിയ ഉത്തരം അതിനുള്ള ഉത്തമ ഉദാഹരണമാണ്.

السؤال: جاء في الحديث ان الانسان إذا كان في صحراء و ضاعت إبله أنه ينادي يا عباد الله أعينوني؟

الجواب: يا عباد الله إحبسوا، هذا الذي ورد، يا عباد الله إحبسوا، فإن لله ملائكة، يعني يمسكون الضالة له ، هذا ورد نعم، و لكن هذا من المتشابه، هذا يعتبر من المتشابه الذي يرد إلى المحكم، و المحكم يدل على أنه لا يستعان بالغائب.

لا يستعان بالغائب، ولا بالميت، و لا بالعاجز الذي لا يقدر على ما تطلبه منه، فيرد المتشابه إلى المحكم، يا أخوان خذوها قاعدة: إن المتشابه ما يؤخذ به حتى يرد إلى ما يفسره ويبينه من المحكم، ﴿فَأَمَّا الَّذِينَ فِي قُلُوبِهِمْ زَيْغٌ

فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ وَابْتِغَاءَ تَأْوِيلِهِ.. وَالرَّاسِخُونَ فِي الْعِلْمِ يَقُولُونَ آمَنَّا بِهِ كُلٌّ مِنْ عِنْدِ رَبِّنَا ﴿٧﴾ (آل عمران) المحكم والمتشابه، ويردون المتشابه إلى المحكم و يفسره، و يقولون كل من عند ربنا، هذا وهذا، أما أنك تأخذ بعض و تخلي البعض الآخر هذا لا يجوز، هذه طريقة أهل الزيغ، نعم.

و يقول في سؤاله: هل طلب العون من الجن أو الملائكة صحيح أم أنه و سيلة للشرك؟

الشيخ : الغائب لا يطلب منه شيء سمعتم هذا، الغائب لا يطلب منه شيء، من الملائكة، من الجن، من الأموات، لا يطلب من الغائب شيء، نعم.

[صالح الفوزان درس في أحاديث الفتن بتاريخ ١٤٣٥/٠٨/١٩هـ]

**[ചോദ്യം: മരുഭൂമയിൽ വെച്ച് ഒരാളുടെ ഒട്ടകം നഷ്ടപ്പെട്ടാൽ അയാൾ 'അല്ലാഹുവിന്റെ അടിയാറുകളേ സഹായിക്കുവീൻ' എന്ന് വിളിച്ചു പറയട്ടെ ഇങ്ങനെ ഹദീസിൽ വന്നിട്ടുണ്ടോ?**

**ഉത്തരം: 'അല്ലാഹുവിന്റെ അടിയാറുകളേ, അതിനെ തടഞ്ഞ് വെക്കൂ', ഇങ്ങനെയാണ് വന്നിട്ടുള്ളത്. 'അല്ലാഹുവിന്റെ അടിയാറുകളേ, അതിനെ തടയുവീൻ. നിശ്ചയമായും അല്ലാഹുവിന് ചില മലക്കുകളുണ്ട്,' അതായത് തെറ്റിപ്പോകുന്നവയെ അവന്ന വേണ്ടി പിടിച്ചുവെക്കുന്നവർ. അതെ, ഇങ്ങനെ വന്നിട്ടുണ്ട്. പക്ഷെ, ഇത് ഖണ്ഡിതമായ വചനങ്ങളിലേക്ക് മടക്കേണ്ട സംശയാസ്പദമായ (مُتَشَابِهٌ) പരാമർശമാണ്. മറഞ്ഞവരോട് സഹായം ചോദിക്കാൻ പാടില്ലെന്നാണ് ഖണ്ഡിതമായ വചനങ്ങളിലുള്ളത്.**

**മറഞ്ഞവനോടോ മരിച്ചവനോടോ ഉദ്ദിഷ്ടകാര്യം നിവർത്തിക്കാൻ കഴിവില്ലാത്തവനോടോ സഹായം തേടാവതല്ല. അപ്പോൾ സംശയാസ്പദമായ പരാമർശങ്ങൾ ഖണ്ഡിതമായതിലേക്ക് മടക്കണം. സഹോദരന്മാരെ, ഒരു തത്വം എന്ന നിലയിൽ ഇത് നി**

ങ്ങൾ സ്വീകരിക്കുക. സംശയാസ്പദമായ പരാമർശം, അതിനെ വ്യക്തമാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഖണ്ഡിതമായ വചനങ്ങളിലേക്ക് മടക്കിയിട്ടല്ലാതെ അത് സ്വീകരിക്കപ്പെടാവതല്ല. «ഹൃദയങ്ങളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിച്ചും ദുർവ്യാഖ്യാനം നടത്താൻ ആഗ്രഹിച്ചും സംശയാസ്പദമായ വചനങ്ങൾ പിന്തുടരുന്നു... എന്നാൽ പരിണതപ്രജ്ഞർ പറയുക ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു, എല്ലാം ഞങ്ങളുടെ റബ്ബിൽ നിന്നുള്ളതാകുന്നു എന്നാണ്» (ആലു ഇംറാൻ 7). അവർ ഖണ്ഡിതമായതിനെയും സംശയാസ്പദമായതിനെയും സ്വീകരിക്കും. സംശയാസ്പദമായതിനെ ഖണ്ഡിതമായതിലേക്ക് മടക്കി അതു പ്രകാരം അതിനെ വിശദീകരിക്കും. അവർ പറയുക, അതും ഇതും എല്ലാം നമ്മുടെ റബ്ബിൽനിന്നുള്ളവയാണ്. എന്നാൽ അവയിൽ ചിലത് സ്വീകരിക്കുകയും ചിലത് ഒഴിവാക്കുകയും ചെയ്യുക എന്നത് പാടില്ല. അത് പിഴച്ചവരുടെ മാർഗ്ഗമാണ്; അതെ.

ചോദ്യകർത്താവ് തുടരുന്നു: ജിന്നിനോടോ മലക്കിനോടോ സഹായം തേടുന്നത് ശരിയാണോ അതോ അത് ശിർക്കിലേക്കുള്ള മാർഗ്ഗമോ?

ശൈഖ്: മറഞ്ഞവനോട് ഒന്നും ചോദിക്കാൻ പാടില്ല. നിങ്ങൾ അത് കേട്ടില്ലേ. മറഞ്ഞവൻ മലക്കിൽപെട്ടവനോ ജിന്നിൽപെട്ടവനോ മരിച്ചവരിൽപെട്ടവനോ ആരുമാകട്ടെ അവനോട് ഒന്നും ചോദിക്കാൻ പാടില്ല. അതെ, മറഞ്ഞവനോട് ഒന്നും ചോദിക്കാവതല്ല.] (സ്വാലിഹ് അൽ ഫൗസാൻ 19/08/1435 ന് ഫിത്നഃയെ കുറിച്ചുള്ള ഹദീസുകൾ വിശദീകരിച്ച ദർസിൽനിന്ന്)

അതേപോലെ, ജിന്നുവാദികൾക്ക് ഒരിക്കലും മനസ്സിലാകാത്ത കാര്യമാണ് എതിർവാദം ഉയർന്നു വരുമ്പോൾ പ്രതിയോഗികളുടെ വാദമുഖങ്ങളെ അതേ നാണയത്തിൽ ഖണ്ഡിക്കുന്നതിനു വേണ്ടി പണ്ഡിതന്മാർ ഉപയോഗിക്കാറുള്ള സാങ്കേതികവും സാങ്കല്പികവുമായ ഖണ്ഡന രീതികൾ. അത്തരം പ്രസ്താവനകളെ

മൗലിക സത്യങ്ങളായും അടിസ്ഥാന ആശയങ്ങളായും തെറ്റിദ്ധരിക്കുക പക്വതയില്ലാത്ത അവിവേകികൾ മാത്രമായിരിക്കും.

മേൽ പറഞ്ഞ രണ്ടു വിഷയങ്ങളെക്കാളും പരിതാപകരമായ കാര്യം വിശ്വാസപരമായ കാര്യങ്ങളിൽ ജിന്നുവാദികൾ അവലംബിക്കുന്ന തെളിവുകളുടെ സ്വഭാവമാണ്. ഇത് ഈമാനും കുഫ്റും, തൗഹീദും ശിർക്കും, ദീനും മതപരിത്യാഗവും, സ്വർഗ്ഗവും നരകവും പരസ്പരം വഴിപിരിയുന്ന വിശ്വാസപരമായ വിഷയമാണ്. അതിന് ഖണ്ഡിതവും പ്രബലവുമായ, ആശയ വ്യക്തതയും ഭദ്രതയുമുള്ള പ്രമാണങ്ങളിൽനിന്നുള്ള രേഖാപരമായ തെളിവു തന്നെ വേണം. അതിന് ഒരു വ്യാഖ്യാനമോ വ്യാഖ്യാന സാധ്യതയോ പോരാ. അതിന് പണ്ഡിതാഭിപ്രായങ്ങളോ പാളകിതാബുകളിലെ ഇബാറത്തുകളോ ഖാലഖീലകളോ മതിയാവില്ല. എന്നാൽ ജിന്നിനോട് സഹായാർത്ഥന നടത്താൻ ഇവർക്ക് ദുർബ്ബലമായ രിവായത്തു മതി. ആശയ വ്യക്തതയില്ലാത്ത 'അല്ലാഹുവിന്റെ അടിയാറുകളേ' എന്ന വിളി മതി. ഫലപ്രാപ്തി പരീക്ഷിച്ചു തെളിഞ്ഞതാണെന്ന അഭ്യൂഹം മതി, ഇമാം അഹ്മദ് ﵀ ചെയ്തിരിക്കുന്നു എന്ന കേട്ടുകേൾവി മതി. ഇതാണോ ഇസ്വ്ലാഹികൾ വിശ്വാസകാര്യങ്ങളിലെടുക്കുന്ന നിലപാട്? ഇതിനാണോ മുജാഹിദ് സംഘടനകൾ നിലനിൽക്കുന്നത്? ഇതാണോ ആഗോള വിസ്ഡത്തിന്റെ സ്ഥാപനോദ്ദേശ്യം? ഇതാണോ ജിന്നു സലഫിസത്തിന്റെ പൊരുൾ?

## മേൽ രിവായത്തുകളിലെ 'അല്ലാഹുവിന്റെ അടിയാറുകൾ' കൊണ്ടുള്ള വിവക്ഷ ജിന്നുകളല്ല

മുകളിൽ പറഞ്ഞ രിവായത്തുകളിലെ 'അല്ലാഹുവിന്റെ അടിയാറുകൾ' എന്നതുകൊണ്ട് വിവക്ഷിക്കുന്നത് പല കാരണങ്ങളാലും ജിന്നുകളായിരിക്കാൻ നിർവ്വാഹമില്ല.

1- മേൽ ഉദ്ധരണികളെല്ലാം ദുർബ്ബലങ്ങളോ ന്യൂനതകളുള്ളവയോ ആണ്. വിധികളും ആശയങ്ങളും നിർദ്ധാരണം ചെയ്യാ

നായി അവയിലേക്ക് തിരിഞ്ഞു നോക്കാവതല്ല. ഇബ്നൽ മുബാറക് ﵀ ചെയ്തതാണ് അതിലെ മാതൃകാപരമായ സമീപനം.

2- ആ രിവായത്തുകളിലോ മറ്റു ഉദ്ധരണികളിലോ അതുകൊണ്ട് വിവക്ഷിക്കുന്നത് ജിന്നുകളെയാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

3- നബി ﷺ യോ അവിടുത്തെ അനുചരന്മാരോ ഏതെങ്കിലും ഒരു ഘട്ടത്തിൽ ജിന്നുകളോട് സഹായം ചോദിച്ചിട്ടില്ല.

4- അവരോട് സഹായം ചോദിക്കുന്നത് ശിർക്ക് വിലക്കുകയും താക്കീത് പരമാവധി കടുപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

5- അതിൽ സൂചിപ്പിക്കപ്പെട്ടതു പോലുള്ള നിർബ്ബന്ധിതാവസ്ഥകളിൽ ഒരു അടിയൻ തന്റെ ഹൃദയം അല്ലാഹുവിലേക്കല്ലാതെ തിരിക്കാൻ പാടില്ല. അല്ലാഹു പറയുന്നു:

﴿أَمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ ۗ أَإِلَٰهٌ مَّعَ اللَّهِ ۚ قَلِيلًا مَّا تَذَكَّرُونَ ﴿٦٢﴾﴾ (النمل)

[വിപൽസന്ധിയിൽ അകപ്പെട്ടവൻ അവനോട് പ്രാർത്ഥിച്ചാൽ അവനുത്തരമേകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിലെ അധിപന്മാരാക്കുകയും ചെയ്യുന്നവനോ അതോ മറ്റാരെങ്കിലുമോ? അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമല്ലേ നിങ്ങൾ ചിന്തിക്കുന്നുള്ളൂ.] (നംല് 62)

6- ജിന്നിൽപെട്ട തന്റെ കൂട്ടാളി (قَرِينٌ) മുസ്ലിമാണ്, നല്ലവനാണ് എന്നത് നബി ﷺക്ക് പുർണ്ണമായ അറിവും ബോധ്യവുമുള്ള കാര്യമാണ്. എന്നിട്ടും അവിടുന്ന് ഒരിക്കലെങ്കിലും തന്റെ ദീനിന്റെയോ ദുനിയാവിന്റെയോ കാര്യത്തിന്, അനുവദനീയമായ ഏതെങ്കിലും ഒരു വിഷയത്തിൽ ആ ജീവിച്ചിരിക്കുന്ന, ഹാജറുള്ള, മുസ്ലിമായ, കാര്യപ്രാപ്തിയുള്ള ജിന്നിനോട്

യാതൊരു സഹായവും ചോദിക്കുകയുണ്ടായില്ല. അങ്ങനെ ഒരു സാധ്യത ഉണ്ടെങ്കിൽ അക്കാര്യം സ്ഥിരീകരിക്കാൻ വേണ്ടിയെങ്കിലും അവിടുന്ന് അങ്ങനെ ചെയ്ത് കാണിക്കണമായിരുന്നു. താഴെ പറയുന്ന നബിവചനം കാണുക:

عن عبد الله بن مسعود عن النبي ﷺ قال: «ما منكم من أحد إلا وقد وكل به قرينه من الجن، قالوا وإياك يا رسول الله؟ قال: وإياي إلا أن الله أعانني عليه فأسلم فلا يأمرني إلا بخير» [مسلم في صحيحه]

[അബ്ദുല്ലാ ബിൻ മസ്ഊദ് നിവേദനം. നബി ﷺ പറയുന്നു: ജിന്നുകളിൽപെട്ട തന്റെ കൂട്ടാളിക്ക് ഏൽപിക്കപ്പെടാത്ത ഒരാൾ പോലും നിങ്ങളിലില്ല. അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, താങ്കളെ പോലും? അവിടുന്ന് പറഞ്ഞു: എന്നെപ്പോലും. പക്ഷെ, അവനമേൽ അല്ലാഹു എന്നെ സഹായിച്ചു. അങ്ങനെ അവൻ മുസ്ലിമായി. എന്നോട് നല്ലതല്ലാതൊന്നും അവൻ കല്പിക്കുകയില്ല.] (മുസ്ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

7- നബി ﷺയുടെ ജീവിതത്തിൽ സ്തോഭജനകമായ പലസന്ദർഭങ്ങളും കഴിഞ്ഞുപോയിട്ടുണ്ട്. അവയിലൊന്നാണ് അഹ്സാബ് യുദ്ധദിനങ്ങൾ. സഖ്യകക്ഷികൾ മദീനഃ വളയുകയും, നബി ﷺയും അനുയായികളും മദീനഃ സംരക്ഷിക്കാൻ വേണ്ടി ചുറ്റും കിടങ്ങുകൾ നിർമ്മിച്ച് കാവലിരിക്കുകയും ചെയ്ത സമയം. ഏതു നിമിഷവും എന്തും സംഭവിക്കാവുന്ന സ്ഫോടനാത്മകമായ അന്തരീക്ഷം. ആ ഘട്ടത്തെ കുറിച്ച് അല്ലാഹു തന്നെ പറയുന്നത് കാണുക:

﴿إِذْ جَاءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ وَإِذْ زَاغَتِ الْأَبْصَارُ وَبَلَغَتِ الْقُلُوبُ الْحَنَاجِرَ وَتَظُنُّونَ بِاللَّهِ الظُّنُونَا ﴿١٠﴾ هُنَالِكَ ابْتُلِيَ الْمُؤْمِنُونَ وَزُلْزِلُوا زِلْزَالًا شَدِيدًا ﴿١١﴾ وَإِذْ يَقُولُ الْمُنَافِقُونَ وَالَّذِينَ فِي قُلُوبِهِم مَّرَضٌ مَّا وَعَدَنَا اللَّهُ وَرَسُولُهُ إِلَّا غُرُورًا ﴿١٢﴾﴾ [الْأَحْزَابُ]

[നിങ്ങളുടെ മുകൾ ഭാഗത്തു കൂടിയും താഴ്ഭാഗത്തു കൂടിയും അവർ നിങ്ങളുടെ നേരെ വന്ന സന്ദർഭം. ദൃഷ്ടികൾ തെന്നി പ്പോകുകയും, ഹൃദയങ്ങൾ തൊണ്ടക്കുഴിയിലെത്തുകയും, നി ങ്ങൾ അല്ലാഹുവിനെ കുറിച്ച് പലതും ധരിച്ചുവശാകുകയും ചെയ്ത സന്ദർഭം. അവിടെ വെച്ച് വിശ്വാസികൾ പരീക്ഷിക്ക പ്പെടുകയും, അവർ കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു. അല്ലാഹുവും അവന്റെ ദൂതനും നമ്മോട് വാഗ്ദാനം ചെയ്തത് വഞ്ചന മാത്രമാണെന്ന് കപടന്മാരും ഹൃദയങ്ങളിൽ രോഗമു ള്ളവരും പറയുകയും ചെയ്ത സന്ദർഭം.] (അഹ്സാബ് 10 - 12)

എല്ല് കോച്ചുന്ന കൊടും തണുപ്പ്. ശക്തമായടിച്ചു വീശു ന്ന ശീതക്കാറ്റിന്റെ സീൽക്കാരം. അതിനിടെ ശത്രുപാളയ ത്തിൽ എന്തോ തകൃതിയായ നീക്കങ്ങൾ. അത് എന്താണെ ന്ന് യഥാസമയം മനസ്സിലാക്കാതെ പോയാൽ നിലനിൽപു തന്നെ അപകടപ്പെടാം. ആ കാളരാത്രിയുടെ ചുരുളിൽ ശത്രു പാളയത്ത് പോയി വിവരം ശേഖരിച്ചു വരുന്നവന് അന്ത്യനാ ളിൽ നബി ﷺ യോടൊപ്പം സഹവസിക്കാനുള്ള അവസരമാ ണ് അവിടുന്ന് മൂന്നു തവണ വാഗ്ദാനം ചെയ്തത്. എന്നിട്ടും ആരും ധൈര്യപ്പെടുന്നില്ല. ഇമാം മുസ്‌ലിം ؒ തന്നെ ഇക്കാ ര്യം ഉദ്ധരിക്കുന്നുണ്ട്. അത് ഇപ്രകാരം വായിക്കാം.

عَنْ إِبْرَاهِيمَ التَّيْمِيِّ، عَنْ أَبِيهِ، قَالَ: كُنَّا عِنْدَ حُذَيْفَةَ، فَقَالَ رَجُلٌ: لَوْ أَدْرَكْتُ رَسُولَ اللهِ ﷺ قَاتَلْتُ مَعَهُ وَأَبْلَيْتُ، فَقَالَ حُذَيْفَةُ: أَنْتَ كُنْتَ تَفْعَلُ ذَلِكَ؟ لَقَدْ رَأَيْتُنَا مَعَ رَسُولِ اللهِ ﷺ لَيْلَةَ الْأَحْزَابِ، وَأَخَذَتْنَا رِيحٌ شَدِيدَةٌ وَقُرٌّ، فَقَالَ رَسُولُ اللهِ ﷺ: «أَلَا رَجُلٌ يَأْتِينِي بِخَبَرِ الْقَوْمِ جَعَلَهُ اللهُ مَعِي يَوْمَ الْقِيَامَةِ؟» فَسَكَتْنَا فَلَمْ يُجِبْهُ مِنَّا أَحَدٌ، ثُمَّ قَالَ: «أَلَا رَجُلٌ يَأْتِينَا بِخَبَرِ الْقَوْمِ جَعَلَهُ اللهُ مَعِي يَوْمَ الْقِيَامَةِ؟» فَسَكَتْنَا فَلَمْ يُجِبْهُ مِنَّا أَحَدٌ، ثُمَّ قَالَ: «أَلَا رَجُلٌ يَأْتِينَا بِخَبَرِ الْقَوْمِ جَعَلَهُ اللهُ مَعِي يَوْمَ الْقِيَامَةِ؟»، فَسَكَتْنَا

فَلَمْ يُجِبْهُ مِنَّا أَحَدٌ، فَقَالَ: «قُمْ يَا حُذَيْفَةُ، فَأْتِنَا بِخَبَرِ الْقَوْمِ»، فَلَمْ أَجِدْ بُدًّا إِذْ دَعَانِي بِاسْمِي أَنْ أَقُومَ، قَالَ: «اذْهَبْ فَأْتِنِي بِخَبَرِ الْقَوْمِ، وَلَا تَذْعَرْهُمْ عَلَيَّ»، فَلَمَّا وَلَّيْتُ مِنْ عِنْدِهِ جَعَلْتُ كَأَنَّمَا أَمْشِي فِي حَمَّامٍ حَتَّى أَتَيْتُهُمْ، فَرَأَيْتُ أَبَا سُفْيَانَ يَصْلِي ظَهْرَهُ بِالنَّارِ، فَوَضَعْتُ سَهْمًا فِي كَبِدِ الْقَوْسِ فَأَرَدْتُ أَنْ أَرْمِيَهُ، فَذَكَرْتُ قَوْلَ رَسُولِ اللهِ ﷺ: «وَلَا تَذْعَرْهُمْ عَلَيَّ»، وَلَوْ رَمَيْتُهُ لَأَصَبْتُهُ فَرَجَعْتُ وَأَنَا أَمْشِي فِي مِثْلِ الْحَمَّامِ، فَلَمَّا أَتَيْتُهُ فَأَخْبَرْتُهُ بِخَبَرِ الْقَوْمِ، وَفَرَغْتُ قُرِرْتُ، فَأَلْبَسَنِي رَسُولُ اللهِ ﷺ مِنْ فَضْلِ عَبَاءَةٍ كَانَتْ عَلَيْهِ يُصَلِّي فِيهَا، فَلَمْ أَزَلْ نَائِمًا حَتَّى أَصْبَحْتُ، فَلَمَّا أَصْبَحْتُ قَالَ: «قُمْ يَا نَوْمَانُ» [مُسْلِمٌ فِي صَحِيحِهِ]

[ഇബ്റാഹീം അത്തയ്മി പിതാവായ യസീദിൽനിന്ന് رضي الله عنهما നിവേദനം. അദ്ദേഹം പറയുന്നു: ഞങ്ങൾ ഹുദൈഫഃ رضي الله عنه വിന്റെ കൂടെയായിരുന്നപ്പോൾ ഒരാൾ ഇപ്രകാരം പറഞ്ഞു: ഞാൻ റസൂലിന്റെ കാലത്താണ് ജീവിച്ചിരുന്നതെങ്കിൽ അദ്ദേഹത്തോടൊപ്പം യുദ്ധം ചെയ്യുകയും നിസ്തുലമായ ത്യാഗം വരിക്കുകയും ചെയ്യുമായിരുന്നു. അപ്പോൾ ഹുദൈഫഃ رضي الله عنه പ്രതിവചിച്ചു: നീ അങ്ങനെ ചെയ്യുമായിരുന്നുവോ? അഹ്സാബ് യുദ്ധത്തിന്റെ രാവിൽ നബി ﷺ യുടെ കൂടെ ഞങ്ങളുണ്ടായിരുന്നു. ശക്തിയേറിയ കാറ്റും കഠിനമായ തണുപ്പും ഞങ്ങളെ പിടികൂടി. അങ്ങനെ നബി ﷺ ചോദിച്ചു: ആരാണ് ശത്രുപാളയത്തിൽ പോയി വിവരം കൊണ്ടുവരുക? അല്ലാഹു അവന് നൽകുന്നത് അന്ത്യനാളിൽ എന്നോടൊപ്പമുള്ള സഹവാസമായിരിക്കും. എല്ലാവരും മൗനമായി. ഞങ്ങളിൽ ഒരാളും ഉത്തരം പറഞ്ഞില്ല. അവിടുന്ന് വീണ്ടും ചോദിച്ചു: ആരാണ് ശത്രുപാളയത്തിൽ പോയി വിവരം കൊണ്ടുവരാനുള്ളത്? അല്ലാഹു അവന് നൽകുക അന്ത്യനാളിൽ എന്നോടൊപ്പമുള്ള സഹവാ

സമായിരിക്കും. ഞങ്ങൾ എല്ലാവരും മൗനം പാലിച്ചു. ഞങ്ങളിൽ ഒരാളും ഉത്തരം പറഞ്ഞില്ല. പിന്നെയും അവിടുന്ന് ചോദിച്ചു: ശത്രുപാളയത്തിൽ പോയി വിവരം കൊണ്ടുവരാനുള്ളതാരാണ്? അല്ലാഹു അവന് അന്ത്യനാളിൽ എന്നോടൊപ്പമായിരിക്കും സഹവാസം നൽകുക. എല്ലാവരും മൗനം പാലിച്ചു. ഒരാളും ഉത്തരം പറഞ്ഞില്ല. അപ്പോൾ അവിടുന്ന് പറഞ്ഞു: ഹുദൈഫഃ, നീ എഴുന്നേൽക്കൂ, ശത്രുപാളയത്തിലെ വിവരം നമുക്ക് കൊണ്ടുവന്ന് തരൂ. എന്നെ പേരെടുത്ത് വിളിച്ച നിലയിൽ എനിക്ക് എഴുന്നേൽക്കുകയല്ലാതെ മറ്റു വഴിയില്ലാതായി. അവിടുന്ന് പറഞ്ഞു: നീ പോയി നമുക്ക് ശത്രുപാളയത്തിലെ വിവരം കൊണ്ടുതരൂ. നീ അവരെ എനിക്കെതിരിൽ പ്രകോപിപ്പിച്ച് ഇളക്കിവിടരുത്. അങ്ങനെ, നബി ﷺ യുടെ അരികിൽനിന്ന് പിരിഞ്ഞ ശേഷം, ചൂടുള്ള കുളിമുറിക്കകത്തെന്ന പോലെ ഞാൻ നടന്നുപോയി അവരുടെ അടുക്കലെത്തി. അപ്പോൾ അബൂ സുഫ്യാൻ തന്റെ മുതുക് തീ കൊണ്ട് ചൂടാക്കിക്കൊണ്ടിരിക്കുന്നത് ഞാൻ കണ്ടു. ഞാൻ ഒരു അസ്ത്രം വില്ലിന്റെ മധ്യത്തിൽ വെച്ച് അത് അദ്ദേഹത്തിന്റെ നേരെ പ്രയോഗിക്കാനൊരുങ്ങി. അപ്പോൾ നബി ﷺ യുടെ വചനം ഓർമ്മവന്നു. «നീ അവരെ എനിക്കെതിരിൽ പ്രകോപിപ്പിച്ച് ഇളക്കിവിടരുത്». ഞാൻ അത് പ്രയോഗിച്ചിരുന്നുവെങ്കിൽ അത് അദ്ദേഹത്തിന് കൊള്ളുക തന്നെ ചെയ്യുമായിരുന്നു. ശേഷം ചൂടുള്ള ഒരു കുളിമുറിക്കകത്ത് നടക്കുന്ന പോലെ തന്നെ ഞാൻ തിരിച്ചുപോരുകയും ചെയ്തു. ഞാൻ നബി ﷺ യുടെ അരികിൽ വരുകയും ശത്രുപാളയത്തെ കുറിച്ചുള്ള വിവരം കൈമാറുകയും ചെയ്തു. അതിൽനിന്ന് വിരമിച്ചപ്പോൾ എനിക്ക് തണുക്കാൻ തുടങ്ങി. അപ്പോൾ നബി ﷺ ഉടുക്കാനും നമസ്കരിക്കാനും ഉപയോഗിക്കുന്ന ഒരു പുതപ്പിന്റെ മിച്ചഭാഗം എന്നെ ധരിപ്പിച്ചു. അങ്ങനെ ഞാൻ പുലരുവോളം ഉറങ്ങി. നേരം വെളുത്തപ്പോൾ അവിടുന്ന് പറഞ്ഞു: നിദ്ര

യിലാണ്ടവനേ, എഴുന്നേൽക്കൂ.] (മുസ്ലിം സ്വഹീഹിൽ ഉദ്ധ രിച്ചത്)

മുസ്ലിം ജിന്നിനോട് അനുവദനീയമായ കാര്യങ്ങളിൽ സഹായം ചോദിക്കാമായിരുന്നുവെങ്കിൽ, അതിന് ഒരു ചെറിയ സാധ്യതയെങ്കിലും ദീനിലുണ്ടായിരുന്നുവെങ്കിൽ അവിടുന്ന് തന്റെ കൂട്ടാളിയായ മുസ്ലിമായ ഹാജറുള്ള കാര്യപ്രാപ്തിയു ള്ള ജിന്നിനെ ഇക്കാര്യത്തിന് ഉപയോഗിക്കുമായിരുന്നില്ലേ?

8- വിജനമായ മരുഭൂമിയിലോ മറ്റോ അകപ്പെട്ട് വഴിമുട്ടിപ്പോയ ഒരാൾ ചെയ്യേണ്ടത് എന്താണെന്ന് കൃത്യമായും പ്രമാണങ്ങ ളിൽ വന്നിട്ടുണ്ട്. പ്രമാണ വചനങ്ങളിൽ സ്ഥിരപ്പെട്ടത് സ്വീക രിക്കുകയും സ്ഥിരപ്പെടാത്തത് തള്ളിക്കളയുകയുമാണല്ലോ ചെയ്യേണ്ടത്. താഴെ കൊടുക്കുന്ന ഹദീസ് ശ്രദ്ധിക്കുക:

عن أبي جري جابر بن سليم قال: رأيت رجلا يصدر الناس عن رأيه لا يقول شيئا إلا صدروا عنه، قلت من هذا؟ قالوا هذا رسول الله ﷺ، قلت عليك السلام يا رسول الله مرتين، قال: «لا تقل عليك السلام، فإن عليك السلام تحية الميت، قل السلام عليك» قال: قلت أنت رسول الله؟ قال: «أنا رسول الله الذي إذا أصابك ضر فدعوته كشفه عنك، وإن أصابك عام سنة فدعوته أنبتها لك، وإذا كنت بأرض قفراء أو فلاة فضلت راحلتك فدعوته ردها عليك» قال: قلت: اعهد إلي، قال: «لا تسبن أحدا» قال: فما سببت بعده حرا ولا عبدا ولا بعيرا ولا شاة، قال: «ولا تحقرن شيئا من المعروف، وأن تكلم أخاك وأنت منبسط إليه وجهك، إن ذلك من المعروف، وارفع إزارك إلى نصف الساق، فإن أبيت فإلى الكعبين، وإياك وإسبال الإزار فإنها من المخيلة، وإن الله لا يحب المخيلة، وإن امرؤ شتمك وعيرك بما يعلم فيك فلا تعيره بما تعلم فيه،

فإنما وبال ذلك عليه» [أبو داود في سننه وصححه الألباني]

[അബൂ ജുറയ് ജാബിർ ബിൻ സുലൈം ﷺ നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ ഒരു വ്യക്തിയെ കണ്ടു. ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ അഭിപ്രായമാണ് സ്വീകരിക്കുന്നത്. അദ്ദേഹം എന്ത് പറഞ്ഞാലും ജനം അത് കൈകൊള്ളാതിരിക്കില്ല. ഞാൻ ചോദിച്ചു: ആരാണ് ഇദ്ദേഹം? അവർ പറഞ്ഞു: ഇത് അല്ലാഹുവിന്റെ ദൂതനാണ്. ഞാൻ അദ്ദേഹത്തോട് രണ്ടു തവണ عَلَيْكَ السَّلَامُ എന്ന് പറഞ്ഞു. അവിടുന്ന് പറഞ്ഞു: നീ عَلَيْكَ السَّلَامُ എന്ന് പറയല്ലേ. عَلَيْكَ السَّلَامُ എന്നത് മരിച്ചവർക്കുള്ള അഭിവാദ്യമാണ്. നീ السَّلَامُ عَلَيْكَ എന്നു പറയുക. ഞാൻ ചോദിച്ചു: താങ്കൾ അല്ലാഹുവിന്റെ റസൂലാണോ? അവിടുന്ന് പറഞ്ഞു: നിനക്കൊരു ബുദ്ധിമുട്ട് ബാധിച്ച് നീ പ്രാർത്ഥിക്കുമ്പോൾ നിനക്കത് ഒഴിവാക്കിത്തരുന്നത് യാതൊരുവനാണോ, നിനക്ക് വരൾച്ചയുടെ ഒരാണ്ട് ബാധിക്കുമ്പോൾ നീ പ്രാർത്ഥിച്ചാൽ നിനക്ക് സസ്യലതാതികൾ മുളപ്പിച്ച് തരുന്നത് യാതൊരുവനാണോ, നീ ഒരു വിജനമായ സ്ഥലത്ത്, അല്ലെങ്കിൽ ഒരു മരുഭൂമിയിൽ ആയിരിക്കെ നിന്റെ വാഹനം ഓടിപ്പോയാൽ നീ പ്രാർത്ഥിക്കുമ്പോൾ നിനക്ക് അതിനെ തിരിച്ചു തരുന്നത് യാതൊരുവനാണോ, അവൻ നിയോഗിച്ചിട്ടുള്ള ദൂതനാണു ഞാൻ. അദ്ദേഹം പറയുന്നു: എനിക്ക് ഒരു വസ്വിയ്യത്ത് നൽകൂ എന്ന് ഞാൻ ആവശ്യപ്പെട്ടു. അവിടുന്ന് പറഞ്ഞു: നീ ഒരാളെയും ചീത്ത വിളിക്കരുത്. അദ്ദേഹം പറയുന്നു: പിന്നീടൊരിക്കലും ഞാൻ ഒരു സ്വതന്ത്രനെയോ അടിമയെയോ ഒട്ടകത്തെയോ ആടിനെയോ ചീത്ത വിളിക്കുകയുണ്ടായിട്ടില്ല. അവിടുന്ന് പറഞ്ഞു: യാതൊരു നന്മയെയും നീ നിസ്സാരമായി കാണരുത്; പ്രസന്നമായ മുഖത്തോടെ നീ നിന്റെ സഹോദരനോട് സംസാരിക്കുന്നതു പോലും. തീർച്ചയായും അത് പോലും നന്മയിൽ പെട്ടതാ

ണ്. നീ നിന്റെ ഉടുമുണ്ട് കണങ്കാലിന്റെ പാതി വരെ ഉയർത്തുക. അതിന് സമ്മതമല്ലെങ്കിൽ ഞെരിയാണി വരെയെങ്കിലും. തുണി വലിച്ചിഴക്കുന്നത് നീ സൂക്ഷിക്കണം. തീർച്ചയായും അത് അഹങ്കാരമാണ്. അല്ലാഹു അഹങ്കാരം ഇഷ്ടപ്പെടുന്നില്ല. ആരെങ്കിലും നിന്നെ ചീത്തവിളിക്കുകയോ നിന്നെ കുറിച്ച് അവന് അറിയാവുന്ന കാര്യം പറഞ്ഞ് നിന്നെ അധിക്ഷേപിക്കുകയോ ചെയ്താൽ തന്നെ അവനെ കുറിച്ച് നിനക്കറിയാവുന്നതു വെച്ച് നീ അവനെ അങ്ങോട്ട് അധിക്ഷേപിക്കരുത്. കാരണം, അവൻ ചെയ്തതിന്റെ ഭവിഷ്യത്ത് അവന്റെമേലായിരിക്കട്ടെ.](അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

ഇവിടെ, ഗൗരവമേറിയ രണ്ടു കാര്യങ്ങൾ വായനക്കാർ ശ്രദ്ധിക്കുമല്ലോ.

ഒന്ന്: ചർച്ചയിലിരിക്കുന്ന വിഷയം ഇജ്തിഹാദിന്റെ മേഖലയിൽപെട്ടതോ ഭിന്നാഭിപ്രായം ഉണ്ടാകാവുന്ന കർമ്മപരമായ കാര്യമോ അല്ല. തൗഹീദും ശിർക്കും തമ്മിൽ വേർതിരിയുന്ന, സ്വർഗ്ഗനരകങ്ങൾ തീരുമാനിക്കുന്ന വിഷയമാണിത്. അതിനുള്ള തെളിവുകൾ ഖണ്ഡിതവും സ്വതഃസ്പഷ്ടവുമായിരിക്കണം. ജിന്നിനോട് സഹായം ചോദിക്കാൻ പാടില്ല, അത് ശിർക്കാണെന്നതിന് ഉദ്ധരിക്കുന്ന തെളിവുകൾ സൂറത്തുൽ ഫാതിഹഃയിലെ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ പോലുള്ള സൂക്തങ്ങളും സ്ഥിരപ്പെട്ട നബിവചനങ്ങളുമാണെന്ന കാര്യം അനുവാചകർക്ക് ഇതിനകം ബോധ്യപ്പെട്ടതാണ്. അവയെല്ലാം ഖണ്ഡിതവും സ്വതഃസ്പഷ്ടവുമായ അടിസ്ഥാന വചനങ്ങളാണ്. എന്നാൽ ജിന്നുവാദികൾക്ക് പറയാനുള്ളതോ? കെട്ടുകഥൾ, ദുർബ്ബല രിവായത്തുകൾ, വ്യക്തികളുടെ അഭിപ്രായങ്ങൾ പോലുള്ള തെളിവിന് കൊള്ളാത്ത കാര്യങ്ങൾ മാത്രം! ഇത്തരം മൗലിക വിഷയങ്ങളിൽ തെളിവ് പിടിക്കേണ്ടതും കാര്യം തീരുമാനിക്കേണ്ടതും ഇങ്ങനെയാണോ?

രണ്ട്: നടേ ഉദ്ധരിച്ച സുറത്തുന്നംലിലെ 62-ാം സൂക്തവും അബൂ ജുറയ് ജാബിർ ബിൻ സുലൈം ﵁ നിവേദനം ചെയ്യുന്ന ഹദീസും മുന്നിൽ വെച്ചുകൊണ്ട് ജിന്നുവാദികളെ ഉണർത്താനുള്ളത് താഴെ പറയുന്ന കാര്യമാണ്:

وقال ابن عباس: يوشك أن تنزل عليكم حجارة من السماء، أقول: قال رسول الله، وتقولون: قال أبو بكر وعمر؟ [محمد بن عبد الوهاب | كتاب التوحيد]

[ഇബ്നു അബ്ബാസ് ﵁ പറയുന്നു: നിങ്ങളുടെമേൽ ആകാശത്തുനിന്ന് വല്ല ചരൽവർഷവും വന്നുപതിച്ചേക്കാം. ഞാൻ പറയുന്നു, അല്ലാഹുവിന്റെ റസൂൽ പറഞ്ഞിരിക്കുന്നു എന്ന്. നിങ്ങൾ പറയുന്നു, അബൂ ബക്ർ പറഞ്ഞു, ഉമർ പറഞ്ഞു എന്ന്.] (മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് | കിതാബുത്തൗഹീദ്)

ഇബ്നു അബ്ബാസ് ﵄യുടെ താക്കീത് ഹജ്ജിലെ കർമ്മപരമായ ഒരു കാര്യത്തിലാണ്; അതു തന്നെയും അബൂ ബക്ർ, ഉമർ ﵄ എന്നിവരുടെ അഭിപ്രായങ്ങൾ ഉന്നയിച്ചവരോടും. അദ്ദേഹം ജീവിച്ചിരിപ്പുണ്ടെങ്കിൽ ഈ ജിന്നുവാദികളോട് എന്തായിരിക്കും പറയുക?!

## 'അല്ലാഹുവിന്റെ അടിയാറുകൾ' പണ്ഡിതന്മാർ വിവക്ഷ വ്യക്തമാക്കിയില്ല

മുൻഗാമികളായ ഇമാമുകളും ഹദീസ് പണ്ഡിതന്മാരും നാം ചർച്ച ചെയ്ത മൂന്ന് ദുർബ്ബല രിവായത്തുകളിൽ പരാമർശിക്കപ്പെട്ട 'അല്ലാഹുവിന്റെ അടിയാറുകൾ' കൊണ്ട് വിവക്ഷിക്കുന്നത് ആരെയാണെന്ന് വിശദീകരിച്ചിട്ടില്ല. അതേ പ്രകാരം അവയിലുള്ള ആശയാവലികളോ വിധിവിലക്കുകളോ നിർദ്ധാരണം ചെയ്യാനും അവർ മുതിർന്നിട്ടില്ല. കാരണം അവ ദുർബ്ബലമോ ന്യൂന

തകളുള്ളതോ ആയ രിവായത്തുകളാണ്; അവ തെളിവിന് കൊള്ളാത്തവയാണ്. ഹദീസ് നിദാന വിജ്ഞാനീയങ്ങളുമായി ബന്ധമുള്ളവർക്കറിയാം ഒരു ഉദ്ധരണി സ്വീകാര്യയോഗ്യമാണെങ്കിൽ മാത്രമാണ് അതിന്റെ വ്യാഖ്യാനങ്ങളിലേക്ക് പ്രവേശിക്കുക. സ്വീകാര്യത ഉറപ്പിച്ചതിനു ശേഷം അതിനനുബന്ധമായി വരുന്ന കാര്യമാണ് വ്യാഖ്യാനം. (التَّأْوِيلُ فَرْعُ التَّصْحِيحِ). രിവായത്ത് ദുർബ്ബലമോ സ്വീകാര്യയോഗ്യമോ അല്ലെങ്കിൽ പിന്നെ അതിനു പിന്നാലെ പോകുന്നതിൽ കാര്യമില്ലല്ലോ. ഇമാം അബ്ദുല്ലാഹി ബ്നുൽ മുബാറക് ﷺ കൈക്കൊണ്ട നടപടി നാം കണ്ടുവല്ലോ. അതാണ് ഇത്തരം കാര്യങ്ങളോടുള്ള പണ്ഡിതോചിതമായ സമീപനം.

## എതിർവാദവും പ്രതിരോധവും

പിൽക്കാലത്ത് പിഴച്ച കക്ഷികൾ എതിർവാദം ഉന്നയിക്കുകയും മേൽ രിവായത്തുകളെ അതിനായി ദുരുപയോഗിക്കുകയും ചെയ്തപ്പോൾ മാത്രമാണ് അവ പരിശോധിക്കേണ്ടി വന്നത്. അതുവരെയും ഗ്രന്ഥത്താളുകളിൽ മൂടപ്പെട്ടു കിടക്കുകയായിരുന്നു അവ. ശ്രദ്ധിക്കപ്പെടാത്ത ഇത്തരം ദുർബ്ബല രിവായത്തുകളോ തെറ്റായ വാദഗതികളോ പണ്ഡിതന്മാർ ചർച്ചക്കെടുക്കാറില്ല. മറിച്ച്, അവ തെറ്റായ കാര്യങ്ങൾ സ്ഥാപിക്കാൻ വേണ്ടി തൽപര കക്ഷികൾ ദുരുപയോഗം ചെയ്യുമ്പോൾ അതിന്റെ നിജസ്ഥിതി ജനങ്ങൾക്ക് വ്യക്തമാക്കി കൊടുക്കേണ്ടിവരും. അപ്പോൾ അവരുടെ വാദമുഖങ്ങൾ വിശകലനം ചെയ്യുകയും ആവശ്യാനുസരണം മറുപടി പറയുകയും ചെയ്യും.

ഈ അടിസ്ഥാനത്തിലാണ് മുകളിൽ പറഞ്ഞ രിവായത്തുകളെ കുറിച്ച് ആദ്യകാലങ്ങളിൽ പണ്ഡിതന്മാർ അവയുടെ ദുർബ്ബലത മാത്രം വ്യക്തമാക്കുകയും മറ്റു കാര്യങ്ങളെ കുറിച്ച് മൗനമവലംബിക്കുകയും ചെയ്തിരുന്നത്.

പിന്നീട് ഒരു കാലം വന്നു. ജനം നബിമാരുടെ പ്രബോധന

ത്തിൽനിന്ന് ബഹുദൂരം അകന്നുപോയി. അവർ മരണപ്പെട്ടവരോടും മറഞ്ഞവരോടും സഹായാർത്ഥന നടത്താൻ തുടങ്ങി. ഖബ്റുകളിലും ജാറങ്ങളിലും നേർച്ചവഴിപാടുകൾ സമർപ്പിച്ചു. അവർ ജല്പിച്ചുണ്ടാക്കുന്ന അഖ്ത്വാബുകളോടും അബ്ദാലുകളോടും മൺമറഞ്ഞ മഹാന്മാരോടും സഹായാർത്ഥന നടത്തി. അതിന് തെളിവായി ഇത്തരം ദുർബ്ബല രിവായത്തുകൾ പൊടിതട്ടിയെടുത്ത് കൊണ്ടുവന്നു. അതിലെ വാക്കുകൾ ഉൾക്കൊള്ളാത്ത നൂതനമായ പല ആശയങ്ങളും അവർ കണ്ടുപിടിച്ചു. അവരുടെ വ്യാജവാദങ്ങൾ സമൂഹത്തിൽ പ്രചരിച്ചു. ഇങ്ങനെ എതിർവാദം ഉടലെടുത്തപ്പോൾ പണ്ഡിതന്മാർ അതിനെ ഖണ്ഡിക്കാൻ മുതിരേണ്ടിവന്നു. അവരുടെ ദുർവ്യാഖ്യാനങ്ങൾക്കും തെറ്റായ സങ്കൽപനങ്ങൾക്കും കണക്കു കൂട്ടലുകൾക്കും അതേ നാണയത്തിൽ മറുപടി നൽകി.

സങ്കൽപനങ്ങൾക്കും ജൽപനങ്ങൾക്കും മറുപടി പറയേണ്ടി വരുമ്പോൾ വാദത്തിനു വേണ്ടി സാങ്കേതികമായി അവയെ അംഗീകരിച്ചു കൊടുത്തുകൊണ്ടാണ് മറുപടി പറയുക. എന്നിട്ടാണ് അവർ തരാതരം എടുത്തുപയോഗിക്കുന്ന നുണക്കെട്ടുകൾ കെട്ടഴിക്കുക. ഇത്തരം സാങ്കേതികമായ വിശകലനങ്ങൾ കടലാസു പശുക്കളെ വല്ലാതെ വലക്കും. യഥാർത്ഥമായ വാദമുഖങ്ങളും സാങ്കേതികമായ വിശകലനങ്ങളും വേർതിരിക്കാനുള്ള പക്വതയില്ലാത്തതിനാൽ അവർ കാലിടറി വീഴും. ഒന്നുകിൽ അവ വ്യവഛേദിച്ചു മനസ്സിലാക്കാനുള്ള പക്വത വേണം. അല്ലെങ്കിൽ, ആരെങ്കിലും അത് പറഞ്ഞു കൊടുത്താൽ അംഗീകരിക്കാനുള്ള വിനയം വേണം. രണ്ടുമില്ലാത്തവർ മൗനം പാലിക്കുകയെങ്കിലും ചെയ്തിരുന്നുവെങ്കിൽ ഭിന്നതക്ക് അൽപം ശമനമെങ്കിലും ഉണ്ടാകുമായിരുന്നു.

മുകളിൽ പറഞ്ഞതു പ്രകാരമുള്ള സാങ്കേതികമായ ചർച്ചകൾ എങ്ങനെ വരുന്നു എന്നത് ഒരുദാഹരണത്തിലൂടെ വ്യക്തമാക്കാം. ശിർക്കിന്റെ പ്രചാരകർക്ക് അഖ്ത്വാബുകൾ, അബ്ദാ

ലുകൾ പോലുള്ള ചില അദൃശ്യ വ്യക്തികളുണ്ട്. അവർക്ക് പ്രാപഞ്ചിക കാര്യങ്ങളിൽ സ്വാധീനമുണ്ടെന്നാണ് അവർ വിശ്വസിക്കുന്നത്. മരുഭൂമിയിലോ വിജനമായ മറ്റിടങ്ങളിലോ ഒരാൾ കുടുങ്ങിപ്പോയാൽ അവരോടാണ് സഹായാർത്ഥന നടത്തേണ്ടത് എന്നാണവർ പറയുക. അല്ലാഹുവിന്റെ അടിയാറുകളേ എന്നെ സഹായിക്കൂവീൻ എന്നു തേടിയാൽ അവർ വന്ന് രക്ഷപ്പെടുത്തുമെന്ന് അവർ പ്രചരിപ്പിക്കുന്നു. അതിനു തെളിവായി ചർച്ചയിലിരിക്കുന്ന ദുർബ്ബല രിവായത്തുകൾ അവർ ഉന്നയിക്കുകയും ചെയ്യുന്നു.

മുകളിൽ പറഞ്ഞതു പോലുള്ള ശിർക്കൻ വാദങ്ങൾ ഉന്നയിക്കപ്പെടുകയും, അതിനു തെളിവായി ചർച്ചയിലിരിക്കുന്ന ദുർബ്ബല രിവായത്തുകൾ ഉദ്ധരിക്കുകയും ചെയ്യുന്നതു വരെ പണ്ഡിതന്മാർ അവയുടെ ബലഹീനത ചൂണ്ടിക്കാണിക്കുകയല്ലാതെ മറ്റു വിശദാംശങ്ങൾ ചർച്ച ചെയ്തിരുന്നില്ല; ചർച്ച ചെയ്യേണ്ട ആവശ്യം ഉണ്ടായിരുന്നില്ല താനും. എന്നാൽ എതിർവാദങ്ങൾ ഉയർത്തപ്പെടുകയും അതിനായി ഈ ദുർബ്ബല ഹദീസുകൾ ഉന്നയിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ അവയുടെ ബലഹീനതകൾ മാത്രമല്ല എതിരാളികളുടെ വാദമുഖവുമായി അവ ഏതെല്ലാം തലങ്ങളിൽ വിയോജിക്കുന്നു എന്നതു കൂടി വിശകലനം ചെയ്യേണ്ടതായി വന്നു. ചിലപ്പോൾ പിഴച്ച കക്ഷികൾ പ്രചരിപ്പിക്കുന്ന വ്യാജവാദങ്ങൾക്ക് അതേ നാണയത്തിൽ മറുപടി നൽകേണ്ടതായും വരും. അപ്പോൾ അവരുടെ വാദമുഖങ്ങൾ വാദത്തിനു വേണ്ടി അംഗീകരിച്ചു കൊണ്ടായിരിക്കും ഖണ്ഡിക്കുക. ചിലപ്പോൾ ചില കാര്യങ്ങൾക്ക് സാങ്കൽപികമായ പരിഗണന നൽകിക്കൊണ്ട് വിശകലനം ചെയ്യേണ്ടതായും വരും. ഇത് ഖണ്ഡനങ്ങളുടെ സാങ്കേതികതയാണ്. ഉദാഹണമായി ഒരു ഖുർആൻ സൂക്തം ഉദ്ധരിക്കാം:

﴿إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ ۖ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾﴾ (فاطر)

[നിങ്ങൾ അവരോട് പ്രാർത്ഥിച്ചാലും അവർ നിങ്ങളുടെ പ്രാ ർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തര മേകുകയില്ല. ഉയിർത്തെഴുന്നേൽപ്പുനാളിൽ നിങ്ങളവരെ പങ്കാ ളികളാക്കിയതിനെ അവർ നിഷേധിക്കുകുയും ചെയ്യും. അഭി ജ്ഞനായ അല്ലാഹുവിനെ പോലെ നിനക്ക് വിവരം തരാൻ ആരു മില്ല.] (ഫാത്വിർ 14)

ഇവിടെ «അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരമേകുകയില്ല» എന്ന വചനം മരിച്ചു മൺമറഞ്ഞവർ കേൾക്കും എന്നതിനുള്ള തെ ളിവല്ല. മറിച്ച് വാദത്തിനു വേണ്ടി അത് അംഗീകരിച്ചാൽ പോലും അവരുദ്ദേശിക്കുന്ന കാര്യം നടക്കില്ല എന്നാണല്ലോ അതു കൊണ്ട് വിവക്ഷിക്കുന്നത്.

ശിർക്ക് സ്ഥാപിക്കാൻ വേണ്ടി ഈ ദുർബ്ബല രിവായത്തുകൾ ഉദ്ധരിക്കപ്പെടുന്ന മാറിയ സാഹചര്യത്തിൽ, മുകളിൽ സൂചിപ്പിച്ച തു പോലുള്ള ഖണ്ഡനത്തിലെ സാങ്കേതികതകൾ ഈ ദുർബ്ബല രിവായത്തുകളെ കുറിച്ചുള്ള പിൽക്കാല ചർച്ചകളിൽ ഇടംപിടി ച്ചിട്ടുണ്ട്. അങ്ങനെയാണ് അവയിൽ പറയപ്പെട്ട يَا عِبَادَ اللهِ (അല്ലാ ഹുവിന്റെ അടിയാറുകളേ) എന്നതിന്റെ വിവക്ഷ, ഒരു പക്ഷെ ജി ന്നുകളും മലക്കുകളുമായാലും, ഒരു തരത്തിലും അവർ ജൽപി ക്കുന്ന അഖ്താബുകളും അബ്ദാലുകളും പോലെയുള്ള അദൃ ശ്യ വ്യക്തികളാകാൻ ഇടയില്ല; മരിച്ചു മൺമറഞ്ഞ മഹാത്മാ ക്കളാകാനും തരമില്ല എന്നിങ്ങനെയുള്ള പരാമർശങ്ങൾ കടന്നു വന്നത്. മുഹമ്മദ് ബശീർ സഹ്സവാനി, അല്ലാമഃ സുലൈമാൻ ബിൻ സഹ്മാൻ, സൈദ് ബിൻ മുഹമ്മദ് ആലു സുലൈമാൻ, അബ്ദുല്ലാഹ് ബിൻ അബ്ദിറഹ്മാൻ അബാ ബത്വീൻ, അല്ലാമഃ അഹ്മദ് ബിൻ ഈസാ, അല്ലാമഃ അബ്ദുൽ അസീസ് അൽ ഹു സൈ്വൻ, ഇമാം ഇബ്നു ബാസ് ﷬ പോലുള്ളവരുടെ രചനകൾ ഉദാഹരണം.

മരിച്ച് മൺമറഞ്ഞുപോയ മഹാത്മാക്കളോടോ, അഖ്താബു

കളും അബ്ദാലുകളും പോലെയുള്ള അദൃശ്യ വ്യക്തികളോടോ സഹായം തേടാം എന്നതിന് ഈ ദുർബ്ബല രിവായത്തുകൾ തെളിവാക്കുന്നവരെ ഖണ്ഡിക്കുന്ന സന്ദർഭത്തിലല്ലാതെ, അതിലെ يَا عِبَادَ اللهِ (അല്ലാഹുവിന്റെ അടിയാറുകളേ) എന്നതിന്റെ വിവക്ഷ വിശദീകരിക്കാൻ പണ്ഡിതന്മാരാരും മുതിർന്നിട്ടില്ല എന്നത് നാം മുകളിൽ പറഞ്ഞ വസ്തുതക്ക് അടിവരയിടുന്നു. ഈ രിവായത്തുകളിൽ വന്ന 'അല്ലാഹുവിന്റെ അടിയാറുകളേ' എന്ന പരാമർശം കൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണെന്ന് ചർച്ച ചെയ്തവരെല്ലാം തന്നെ എതിർവാദം ഉന്നയിക്കപ്പെട്ട കാലക്കാരും അതിന്റെ നിജസ്ഥിതി തുറന്നു കാണിക്കേണ്ടി വന്നവരും മാത്രമാണ്. അല്ലാതെ ഈ വാദഗതി ഉടലെടുക്കുന്നതിന് മുമ്പ് ജീവിച്ചു മരിച്ചുപോയ പൗരാണിക പണ്ഡിതന്മാരിൽ ഒരാളും അക്കൂട്ടത്തിലില്ല എന്നത് വളരെ ശ്രദ്ധേയമാണ്.

അവരുടെ തെറ്റായ ജൽപനങ്ങൾക്ക് അതേ നാണയത്തിൽ മറുപടി പറയുന്നതിനായി, അവിടെ പറഞ്ഞ 'അല്ലാഹുവിന്റെ അടിയാറുകൾ' മലക്കോ ജിന്നോ ആയാലും, ഒരിക്കലും മൺമറഞ്ഞുപോയ മഹാത്മാക്കളോ അദൃശ്യവ്യക്തികളോ അല്ലെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം നല്ല മുസ്‌ലിം ജിന്നിനോടും മലക്കിനോടും സഹായം തേടാം എന്നല്ല. 'ജിന്നോ മലക്കോ ആയാലും' എന്നത് വാദത്തിനു വേണ്ടി പറയുന്ന സങ്കൽപനം മാത്രമാണ്.

മൂന്നാമതു പറഞ്ഞ ഇബ്നു അബ്ബാസ് ﵄ യിൽനിന്നുള്ള രിവായത്ത്, ഇത് വാദത്തിനു വേണ്ടിയുള്ള സങ്കൽപനമാണെന്ന പരാമർശത്തിന് എതിരല്ലേ എന്ന് ചിലർക്ക് തോന്നാം. ആ രിവായത്ത് ഇവിടെ ആവർത്തിക്കാം:

«അല്ലാഹുവിന് ഭൂമിയിൽ കാവൽ ഏൽപിക്കപ്പെട്ടവരല്ലാത്ത ചില മലക്കുകളുണ്ട്. വൃക്ഷങ്ങളിൽനിന്ന് പൊഴിയുന്ന ഇലകൾ പോലും അവർ രേഖപ്പെടുത്തുന്നു. നിങ്ങളിൽ ആർക്കെങ്കിലും വി

ജനമായ ഒരു മരുഭൂമിയിൽ വെച്ച് വല്ല മുടക്കവും സംഭവിച്ചാൽ അവൻ വിളിക്കട്ടെ: അല്ലാഹുവിന്റെ അടിയാറുകളേ, എന്നെ സഹായിക്കുവീൻ...»

ഇവിടെ ഒരു കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഈ രിവായത്ത് വേണ്ട പോലെ വിശകലനം ചെയ്യാത്ത ചിലർ അതിനെ കുറിച്ച് കാര്യമായ വിമർശനങ്ങൾ ഉന്നിയിച്ചിട്ടില്ല. എന്നാൽ, അതിനെ കുറിച്ച് ആഴത്തിൽ പഠിക്കുകയും വിശകലനം നടത്തുകയും ചെയ്ത നിരൂപകന്മാർ അതിനെ കുറിച്ച് ഗൗരവതരമായ ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുമുണ്ട്. അത് ഇപ്രകാരം സംഗ്രഹിക്കാം:

1. നിരൂപകന്മാർ അവരുടെ സൂക്ഷ്മ വിശകലനത്തിൽ ഇത് ന്യൂനതയുള്ള രിവായത്താണെന്ന് (مَعْلُولٌ) കണ്ടെത്തിയിരിക്കുന്നു.

2. ഈ രിവായത്തിന്റെ സനദും മത്നും യഥാസ്ഥിതിയിലല്ല ഉള്ളതെന്ന് നിരൂപക പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. അതിന് പകർച്ച സംഭവിച്ചിട്ടുണ്ടെന്നത് അവരുടെ വിശകലനത്തിൽ സ്പഷ്ടമാണ്.

3. ഇത് مَرْفُوعٌ അഥവാ നബി ﷺയിലേക്ക് ചേർത്തു പറയാവുന്ന രിവായത്തല്ല. മറിച്ച്, مَوْقُوفٌ അഥവാ സ്വഹാബിയുടെ വാക്ക് മാത്രമാണ്. ഇതാണ് നിരൂപകന്മാർ രേഖപ്പെടുത്തിയ വസ്തുതാപരമായ നിരീക്ഷണം.

4. കൂടുതൽ യോഗ്യരായ നിവേദകന്മാരുടെ റിപ്പോർട്ടിന് എതിരായി താരതമ്യേന യോഗ്യത കുറവുള്ളവർ ഉദ്ധരിച്ചിട്ടുള്ള റിപ്പോർട്ടാണിത്.

5. ഈ വക ന്യൂനതകൾ എല്ലാം കണ്ണടച്ചു മറികടന്നാൽ തന്നെ ജിന്നുവാദികളുടെ വാദത്തെ പിന്തുണക്കുന്നതല്ല ഈ രിവായത്ത്. ഇത് സ്വീകാര്യമാണെന്നു വന്നാൽ മുസ്‌ലിം ജിന്നും അവനോടുള്ള സഹായം ചോദിക്കലും പൂർണ്ണമായും പടിക്ക്

പുറത്തുകടക്കും. കാരണം ഈ രിവായത്തു പ്രകാരം يَا عِبَادَ اللهِ (അല്ലാഹുവിന്റെ അടിയാറുകളേ) എന്നതിന്റെ പരിധിയിൽ മലക്കുകൾ മാത്രമേ പെടുകയുള്ളു. ജിന്ന് ഏതു തരക്കാരനായാലും അവൻ അതിൽ ഉൾപ്പെടുകയില്ല. ഇത് ജിന്നുവാദികളെ കൂടുതൽ നിരാശരാക്കാനേ ഉതകുകയുള്ളു. ഇമാം അൽബാനി ﷺ പറയുന്നത് കാണുക:

فهذا الحديث - إذا صح - يعين أن المراد بقوله في الحديث الأول «يا عباد الله» إنما هم الملائكة، فلا يجوز أن يلحق بهم المسلمون من الجن أو الإنس ممن يسمونهم برجال الغيب من الأولياء والصالحين، سواء كانوا أحياء أو أمواتا، فإن الاستغاثة بهم وطلب العون منهم شرك بين لأنهم لا يسمعون الدعاء، ولوسمعوا لما استطاعوا الاستجابة وتحقيق الرغبة، وهذا صريح في آيات كثيرة. [الألباني في سلسلة الأحاديث الضعيفة]

[ഈ ഹദീസ് സ്വഹീഹാണെന്നു വന്നാൽ ഒന്നാമത്തെ ഹദീസിൽ പറഞ്ഞ 'അല്ലാഹുവിന്റെ അടിയാറുകളേ' എന്നതിന്റെ വിവക്ഷ മലക്കുകൾ മാത്രമാണെന്ന് നിജപ്പെടും. അദൃശ്യ വ്യക്തികൾ (رِجَالُ الْغَيْبِ) എന്നവർ പറയുന്ന, ഔലിയാക്കളോ മഹാത്മാക്കളോ, മുസ്‌ലിമായ ജിന്നുകളോ മനുഷ്യരോ, ജീവിച്ചിരിക്കുന്നവരോ മരിച്ചുപോയവരോ, ആരെയും അതിലേക്ക് ചേർക്കാനാവില്ല. അവരോട് ഇസ്തിഗാസഃ നടത്തുന്നതും സഹായം ചോദിക്കുന്നതും വ്യക്തമായ ശിർക്കാണ്. കാരണം അവർ പ്രാർത്ഥന കേൾക്കുന്നവരല്ല; കേട്ടാലും ഉത്തരം നൽകാനും ആഗ്രഹം സഫലീകരിക്കാനും അവർക്ക് കഴിയുകയുമില്ല. ഇത് നിരവധി ആയത്തുകളിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതുമാണ്.] (അൽബാനി | സിൽസിലത്തുൽ അഹാദീസി ളഈഫഃ)

ചുരുക്കത്തിൽ, മേൽ രിവായത്തുകളിൽ 'അല്ലാഹുവിന്റെ

അടിയാറുകളേ' എന്നു പറഞ്ഞതിന്റെ വിവക്ഷ ജിന്നുകളോ മലക്കുകളോ ആയിരുന്നാലും ശിർക്കിന്റെ വക്താക്കൾ പറയുന്ന അദൃശ്യ വ്യക്തികളോ മരിച്ചുപോയ മഹാത്മാക്കളോ ആവാൻ തരമില്ല എന്ന് ചില പണ്ഡിതന്മാർ നടത്തിയ പരാമർശങ്ങൾ എതിരാളികൾക്ക് അതേ നാണയത്തിൽ മറുപടി പറയാനായി കൊണ്ടുവന്ന സാങ്കൽപിക പ്രയോഗങ്ങളാണ്. അത് തികച്ചും സാങ്കേതികമാണ്. അല്ലാതെ യഥാതഥമായ ഒരു അടിസ്ഥാന പ്രസ്താവനയല്ല.

ഇവിടെ അനുവാചകരുടെ സവിശേഷ ശ്രദ്ധ പതിയേണ്ട ഒരു പ്രശ്നം കൂടിയുണ്ട്. ജിന്ന് ഹാജറുള്ളവനാണ്, മുസ്‌ലിമാണ്, നല്ലവനാണ്, ഉദ്ദിഷ്ടകാര്യത്തിന് പ്രാപ്തിയുള്ളവനാണ് എങ്കിൽ അവനോട് സഹായം ചോദിക്കാം എന്നാണല്ലോ ജിന്നുവാദികൾ ജൽപിക്കുന്നത്. ഈ പറയുന്ന കാര്യങ്ങളിൽ ഒന്നുപോലും ഉറപ്പുവരുത്താൻ വഴിയില്ലാത്ത കാര്യങ്ങളാണ്. അവയൊക്കെ എങ്ങനെ ഉറപ്പിക്കും? ജിന്ന് തന്നെ പറഞ്ഞു എന്നായിരിക്കും പലരും പറയുന്നത്. അവൻ ഏറ്റവും വലിയ കള്ളനും ചതിയനുമാണ്. അവൻ നമ്മുടെ പ്രഖ്യാപിത ശത്രുവുമാണ്. മനുഷ്യരെ പിഴപ്പിക്കാൻ വേണ്ടി അവൻ കളവ് പറയുന്നതായിരിക്കും. അതിനാൽ അതൊന്നും നാം വിശ്വസിക്കാൻ പാടില്ലാത്തതാണ്. അപ്പോൾ ജിന്നുവാദികൾ പറയുന്ന ഇത്തരം വിശേഷണങ്ങൾ എല്ലാം തന്നെ ഊഹത്തിൽ അധിഷ്ഠിതമാണെന്നു സാരം. ജിന്നുസേവയുടെ അടിസ്ഥാന സ്വഭാവം തന്നെ ഈ ഊഹമാണല്ലോ. അല്ലാഹു പറയുന്നു:

﴿إِن يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ﴿٦٦﴾﴾ (يونس)

[അവർ ഊഹത്തെയല്ലാതെ പിന്തുടരുന്നില്ല; അവർ അനുമാനിക്കുകയല്ലാതെ മറ്റൊന്നുമല്ല ചെയ്യുന്നത്.] (യൂനുസ് 66)

ജിന്നിൽപെട്ട തന്റെ കൂട്ടാളി മുസ്‌ലിമാണ്, തന്നോട് നല്ല

തല്ലാതെ മറ്റൊന്നും കല്പിക്കുകയില്ല എന്ന് നബി ﷺക്ക് പൂർണ്ണമായ അറിവും ബോധ്യവുമുണ്ടായിരുന്നു. എന്നിട്ടും അവിടുന്ന് തന്റെ ലൗകികമോ ലൗകികേതരമോ ആയ കാര്യങ്ങളിൽ അനുവദനീയമായ ഒന്നിനും തന്റെ ജിന്നിലെ കൂട്ടാളിയോട് സഹായം ചോദിക്കുകയുണ്ടായില്ല. ആകയാൽ നമ്മുടെ നിലപാട് അവിടുന്ന് കാണിച്ചു തന്നതായിരിക്കട്ടെ. ഇബ്നുൽ മുബാറക്, അൽബാനി رحمهما الله പോലെയുള്ള ഇമാമുകൾ വിശദീകരിച്ചു തന്നതായിരിക്കട്ടെ.

അദ്ധ്യായം അഞ്ച്

# സലഫുകളാരും
## ജിന്നിനോട് സഹായം തേടിയിട്ടില്ല

> സലഫുകൾ ഹൃദയം അല്ലാഹുവിനോട് ബന്ധിച്ചവരും, സ്വത്വം അവനിലേക്ക് തിരിച്ചവരുമാണ്. ജീവിതത്തിന്റെ ഒരു ഘട്ടത്തിലും അവർ അല്ലാഹു അല്ലാത്തവരിലേക്ക് തിരിഞ്ഞിട്ടില്ല. ഭൗതികമോ ഭൗതികേതരമോ ആയ ഒരു കാര്യത്തിലും അപരരോട് അവർ സഹായം തേടിയിട്ടുമില്ല.

### ഇമാം അഹ്മദ് ﵀ ജിന്നിനോട് സഹായം തേടിയിട്ടില്ല

ഇമാം അഹ്മദ് ﵀ തന്റെ ഒരു ഹജ്ജ് യാത്രയിൽ വഴിതെറ്റിപ്പോയി. അപ്പോൾ അദ്ദേഹം ജിന്നിനോട് സഹായം ചോദിച്ചു. അങ്ങനെ അദ്ദേഹത്തിന് ശരിയായ വഴി കണ്ടെത്താൻ കഴിഞ്ഞു. ഇങ്ങനെ ഒരു കഥ പ്രചാരത്തിലുണ്ട്. എന്താണ് ആ സംഭവത്തിന്റെ നിജസ്ഥിതി? നമുക്ക് പരിശോധിക്കാം.

മസാഇലുൽ ഇമാം അഹ്മദിൽ അദ്ദേഹത്തിന്റെ പുത്രനായ അബ്ദുല്ല ﵀ ഒരു സംഭവം ഉദ്ധരിക്കുന്നുണ്ട്. അതിൽ അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്:

[എന്റെ പിതാവ് ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: ഞാൻ അഞ്ചു തവണ ഹ

ജ്ജ് നിർവ്വഹിച്ചിട്ടുണ്ട്. അതിൽ രണ്ടെണ്ണം വാഹനപ്പുറത്തും മൂന്നെണ്ണം കാൽനടയായും; അല്ലെങ്കിൽ രണ്ടെണ്ണം കാൽനടയായും മൂന്നെണ്ണം വാഹനപ്പുറത്തും. അങ്ങനെ ഒരു ഹജ്ജ് യാത്രയിൽ കാൽനടയായി പോകുമ്പോൾ എനിക്ക് വഴിതെറ്റി. അപ്പോൾ ഞാൻ പറയാൻ തുടങ്ങി: അല്ലാഹുവിന്റെ അടിയാറുകളേ നമുക്ക് വഴി കാണിച്ചു തരൂ. അങ്ങനെ ഞാൻ അതു തന്നെ പറഞ്ഞു കൊണ്ടിരുന്നു. അപ്പോൾ എനിക്ക് ശരിയായ വഴിയിലെത്താൻ കഴിഞ്ഞു. അല്ലെങ്കിൽ എന്റെ പിതാവ് പറഞ്ഞ പോലെ.] (മസാഇലുൽ ഇമാം അഹ്മദ് | പുത്രനായ അബ്ദുല്ലയുടെ രിവായത്ത്)

ഈ കഥയിൽ ഇമാം അഹ്മദ് ﵀ ജിന്നിനോട് സഹായം തേടി എന്ന് പറയുന്നില്ല. മറിച്ച് നേരെ ചൊവ്വെ അതിൽനിന്ന് ലഭിക്കുക അദ്ദേഹം ആ വഴിയിൽ ഉണ്ടായിരുന്ന മുസ്ലിം സഹോദരന്മാരെയോ അതുവഴി കടന്നുപോകുന്ന യാത്രക്കാരെയോ ആണ് വിളിച്ചത്. അദ്ദേഹം അപ്രകാരം വിളിക്കാൻ കാരണം അവർ വിദൂരത്തായതിനാലോ അല്ലെങ്കിൽ അവരെ കാണാത്തതിനാലോ ആയിരിക്കാം. അപ്പോൾ അദ്ദേഹത്തിന്റെ ശബ്ദം കേൾക്കുന്ന അവിടെയുള്ള ആരെങ്കിലും അദ്ദേഹത്തിന് വഴികാണിച്ചു കൊടുത്തേക്കാമല്ലോ.

ഇക്കാര്യം ഉറപ്പിക്കുന്ന നിലപാടാണ് ഇമാം അഹ്മദ് ﵀ ൽനിന്നും മറ്റു സലഫുകളിൽനിന്നും അറിയപ്പെട്ടിട്ടുള്ളത്.

ഈ കഥ ജിന്നിനോട് സഹായം തേടാം എന്നതിന് തെളിവാക്കുന്നത് വളരെ വിദൂരമായ നടപടിയാണ്. പ്രത്യേകിച്ച് ഇമാം അഹ്മദ് ﵀ അല്ലാഹുവിലേക്ക് തിരിയുന്നതിനു പകരം ജിന്നുകളിലേക്ക് തിരിഞ്ഞു എന്ന് പറയുന്നത് അവിശ്വസനീയമാണ്.

എന്നാൽ ഇമാം അഹ്മദ് ﵀ ജിന്നുകളെ ഉദ്ദേശിച്ചിരിക്കാം എന്നാരെങ്കിലും വാദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി പലതാണ്.

<u>ഒന്ന്</u>: ഇത് ഒരു വ്യക്തിക്കുണ്ടായ അനുഭവമാണ്. അതിന്റെ സാഹചര്യങ്ങൾ നമുക്ക് അറിയില്ല. അതിനാൽ അതിനെ ഒരു

പൊതു തെളിവായി സ്വീകരിക്കാൻ കഴിയില്ല. കാരണം, വ്യക്തി ഗതമായ സംഭവങ്ങളിൽ പലവിധ സാധ്യതകളും കടന്നുവരാവുന്നതാണ്. ബഹുമുഖ സാധ്യതകൾക്ക് ഇടമുള്ള ഒരു സംഭവത്തെയും സാമാന്യമായ തെളിവായി കണക്കാക്കാവതല്ല. അപ്പോൾ വിശ്വാസ കാര്യങ്ങളിൽ എങ്ങനെയാണ് അതിനെ തെളിവാക്കുക? വിശിഷ്യാ അതിനെതിരിൽ അനിഷേധ്യമായ തെളിവുകൾ നില നിൽക്കുക കൂടി ചെയ്യുമ്പോൾ?

<u>രണ്ട്</u>: 'അല്ലാഹുവിന്റെ അടിയാറുകളേ, നമുക്ക് വഴി കാണിച്ചു തരൂ...' എന്ന പരാമർശം ഇമാം അഹ്മദ് ﵀ യുടെ പേരിൽ ഏതോ ദുഷ്ടന്മാർ ചമച്ചുണ്ടാക്കി ഈ രിവായത്തിലേക്ക് കടത്തിക്കൂട്ടിയതാണ്. അദ്ദേഹം അപ്രകാരം ചെയ്തു എന്നത് സംശയ രഹിതായി തെളിയിക്കാവുന്ന കാര്യമല്ല. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ അറബിയിൽ തയ്യാറാക്കിയ ഇതിന്റെ മൂല പതിപ്പ് അല്ലാമഃ റബീഅ് ബിൻ ഹാദീ ഉമൈർ അൽ മദ്ഖലി -حَفِظَهُ اللهُ- യെയും മറ്റു ചില മുതിർന്ന പണ്ഡിതന്മാരെയും കാണിക്കാനുള്ള തൗഫീഖ് എനിക്ക് ലഭിച്ചു. മക്കയിലെ അവാലിയിൽ സ്ഥിതി ചെയ്തിരുന്ന അദ്ദേഹത്തിന്റെ വീട്ടു ലൈബ്രറിയിൽ വെച്ചാണ് അത് അദ്ദേഹത്തെ വായിച്ചു കേൾപ്പിച്ചത്. അന്ന് അത് കേവലം ഒരു വീട്ടു ലൈബ്രറിയായിരുന്നില്ല. അറിവിന്റെയും പഠനത്തിന്റെയും കേന്ദ്രമായിട്ടാണ് അത് പരിലസിച്ചിരുന്നത്. ശൈഖുമാരായ അഹ്മദ് ബിൻ ഉമർ ബാസ്മൂൽ, ഖാലിദ് അബ്ദുറഹ്മാൻ അൽ മിസ്‌്വ്രി, അബുൽ അബ്ബാസ് ആദിൽ മൻസ്വൂർ, അബു അബ്ദില്ലാ ഖാലിദ് അൽ മിസ്‌്വ്രി, അഹ്മദ് യഹ്‌യാ അൽ സഹ്‌റാനി -حَفِظَهُمُ اللهُ جَمِيعًا- പോലുള്ളവരുടെ സാന്നിധ്യത്തിലായിരുന്നു അത് വായിച്ചു ചർച്ച ചെയ്തത്. ഹിജ്‌റഃ വർഷം 1434 ജുമാദാ-II 19ന് തിങ്കളാഴ്ച രാവിലായിരുന്നു അവിസ്മരണീയമായ ആ വൈജ്ഞാനിക ചർച്ച. അദ്ദേഹം അത് പൂർണ്ണമായി വായിച്ചു കേൾക്കുകയും കൂടെയുള്ളവരോടും എന്നോടും ഓരോ വിഷയവും പ്രത്യേകം ചർച്ച നടത്തുകയും ചെയ്തു. അങ്ങനെ

ഏതാനും ചില കാര്യങ്ങളിൽ എനിക്ക് അർത്ഥപൂർണ്ണമായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു. അതിൽപെട്ടതാണ് താഴെ പറയുന്ന കാര്യങ്ങൾ:

ജിന്നിനോട് സഹായം തേടുക എന്നത് മാരണക്കാരുടെയും ജ്യോത്സ്യന്മാരുടെയും പ്രവൃത്തിയാണ്. അവരോട് സഹായം തേടൽ ശിർക്കാണ്. പ്രസ്തുത രിവായത്തിൽ വന്ന 'അല്ലാഹുവിന്റെ അടിയാറുകളേ, നമുക്ക് വഴി കാണിക്കൂ...' എന്നതു കൊണ്ട് വിവക്ഷിക്കുന്നത് ജിന്നുകളെയാണെന്ന് നിജപ്പെടുത്താവതല്ല. ഇമാം അഹ്മദിന്റെ പുത്രനായ അബ്ദുല്ലയുടെ രിവായത്ത് പ്രകാരമുള്ള മസാഇലിൽ 'അല്ലാഹുവിന്റെ അടിയാറുകളേ, നമുക്ക് വഴി കാണിക്കൂ...' എന്നത് കടത്തിക്കൂട്ടിയതായിരിക്കാം. ഇമാം അഹ്മദ് ﷬യെ സംബന്ധിച്ചിടത്തോളം അദ്ദേഹം വഴിതെറ്റിയപ്പോൾ അല്ലാഹു അല്ലാത്തവരോട്, ജിന്നുകളോ അല്ലാത്തവരോ ആകട്ടെ, സഹായം തേടി എന്ന് കരുതാൻ ഒരു നിവൃത്തിയുമില്ല. അങ്ങനെ വഴി തെറ്റിയെങ്കിൽ തന്നെ അദ്ദേഹം ചോദിച്ചിട്ടുണ്ടാവുക തന്റെ ശബ്ദം കേൾക്കുന്ന ഹാജിമാരോ അല്ലാത്തവരോ ആയ മനുഷ്യരോട് മാത്രമായിരിക്കും.

- 'അല്ലാഹുവിന്റെ അടിയാറുകളേ, നമുക്ക് വഴി കാണിക്കൂ...' എന്നത് അദ്ദേഹത്തിന്റെ പേരിൽ ചമച്ചുണ്ടാക്കിയതും ഈ രിവായത്തിലേക്ക് കടത്തിക്കൂട്ടിയതുമാകാം എന്നത് സാധൂകരിക്കുന്ന സാഹചര്യ തെളിവുകളിൽപെട്ടതാണ്, ഇമാം അഹ്മദിന്റെ പുത്രൻ സ്വാലിഹിന്റെ രിവായത്ത് പ്രകാരമുള്ള മസാഇലിൽ ഇങ്ങനെ ഒരു രിവായത്ത് ഇല്ല എന്നുള്ളത്.
- അതിൽ പെട്ടതാണ്, ഈ സംഭവം ഇമാം ഇബ്നു അബീ ഹാതിം അൽ റാസി ﷬ തന്റെ അൽ ജർഹു വ തഅ്ദീലിൽ ഉദ്ധരിച്ചപ്പോൾ അതിലും ഇങ്ങനെ സഹായം തേടിയ ഒരു കഥയില്ല എന്നത്.

- അതിൽപെട്ടതാണ്, ഇബ്നൽ ജൗസി ﵀ തന്റെ മനാഖിബുൽ ഇമാം അഹ്മദ് ബിൻ ഹമ്പൽ എന്ന കൃതിയിൽ ഈ സംഭവം ഉദ്ധരിച്ചപ്പോൾ അതിലും ഇങ്ങനെ സഹായം തേടിയ ഒരു കഥ യില്ല എന്നത്.
- അതിൽപെട്ടതാണ്, ഇമാം അഹ്മദിന്റെ പുത്രനായ അബ്ദു ല്ലയിൽനിന്ന് ഈ സംഭവം റിപ്പോർട്ട് ചെയ്യുന്ന വ്യക്തി ആരാ ണെന്ന് തീർത്തു പറയുക സാധ്യമല്ല എന്നുള്ളത്.
- മസാഇലുൽ ഇമാം അഹ്മദ് സംശോധന നടത്തിയ ഡോ. അലി സുലൈമാൻ അൽ മുഹന്നാ ഇമാം അഹ്മദ് ﵀ യുടെ പുത്രൻ അബ്ദുല്ലയിൽനിന്ന് ഇത് റിപ്പോർട്ട് ചെയ്തത് ആരാ ണെന്നതു സംബന്ധിച്ച് സ്വതന്ത്രമായ ഒരു ചർച്ച തന്നെ അതിൽ ചേർത്തിട്ടുണ്ട്. അദ്ദേഹത്തിനും അത് ആരാണെന്ന് തീർപ്പു പറയാൻ കഴിഞ്ഞിട്ടില്ല. മറിച്ച് അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: "ഇതിന്റെ അടിസ്ഥാനത്തിൽ പറയാവുന്ന ഏറ്റവും മികച്ച അനുമാനം ഈ ഗ്രന്ഥം അബ്ദുല്ലയിൽ നിന്ന് റിപ്പോർട്ട് ചെയ്തത് അഹ്മദ് ബിൻ ജഅ്ഫർ ബിൻ ഹംദാൻ ബിൻ മാലിക് അബൂ ബക്ർ അൽ ഖത്വീഈ ആയിരിക്കാം എന്നു മാത്രമാണ്." (മസാഇലുൽ ഇമാം അഹ്മദ്, അദ്ദേഹ ത്തിന്റെ പുത്രനായ അബ്ദുല്ലായുടെ രിവായത്ത്, പഠനവും പരിശോധനയും: ഡോ. അലി സുലൈമാൻ അൽ മുഹന്നാ)

ശൈഖ് റബീഅ് -حَفِظَهُ اللهُ- ഞാൻ എഴുതിയ വിശദീകരണ ത്തിന് വിലപ്പെട്ട ഒരു പൂരകവചനം തന്നെ എഴുതി നൽകി. അത് ഇപ്രകാരം വായിക്കാം:

ولا أرى أن القطيعي يروي هذه القصة، بل أكاد أقطع أنها مدسوسة من بعض أهل الضلال.

[അബൂ ബക്ർ അൽ ഖത്വീഈ ഈ കഥ റിപ്പോർട്ട് ചെയ്യുമെന്ന്

ഞാൻ കരുതുന്നില്ല. എന്നല്ല, ഞാൻ ഉറപ്പിച്ചു പറയുന്നു, അത് ഏതോ വഴികെട്ട ചിലർ കടത്തിക്കൂട്ടിയതാണ്.]

മൂന്ന്: മേൽ സംഭവം ശരിയാണെന്ന് സങ്കൽപിച്ചാൽ തന്നെ അഹ്ലുസ്സുന്നഃയുടെ അടുക്കൽ സ്ഥിരപ്പെട്ട സർവ്വാംഗീകൃതമായ തത്വങ്ങളിൽപെട്ടതാണ് സത്യത്തോട് നിരക്കാത്ത ഏതൊരു വാക്കും പ്രവൃത്തിയും ആരിൽനിന്ന് വന്നാലും സ്വീകരിക്കപ്പെടാവതല്ല, തള്ളപ്പെടേണ്ടതാണ് എന്നുള്ളത്.

കേരളത്തിലെ ഇസ്വ്ലാഹികൾ തന്നെ ഇക്കാര്യം ഉറക്കെ പറയുകയും തദനുസാരം പല കാര്യങ്ങളിലും നിലപാട് സ്വീകരിക്കുകയും ചെയ്തവരാണ്. ഖുനൂത്ത്, കൂട്ടപ്രാർത്ഥന പോലുള്ള കർമ്മപരമായ പ്രശ്നങ്ങളിൽ പോലും മഹാന്മാരായ ഇമാമുകളുടെ അഭിപ്രായം തള്ളിയവരാണവർ. എന്നിരിക്കെ അവരുടെ അഞ്ചാം പത്തിക്കാരിൽപെട്ട ചിലർ ഇമാം അഹ്മദ് ﵀യുടെ പേരിൽ ആരോപിക്കപ്പെടുന്ന, തെളിയിക്കപ്പെടാനാവാത്ത ഒരു കെട്ടുകഥയെ തെളിവായിക്കാണുന്നത് എങ്ങനെയാണ്? അതും നാളിതുവരെ അവർ പ്രബോധനം ചെയ്ത അടിസ്ഥാന വിഷയത്തെ റദ്ദുചെയ്യുന്നതിനു വേണ്ടി? അല്ലാഹുവിനോട് മാത്രമേ സഹായം തേടാവൂ എന്നത് സകലമാന അമ്പിയാക്കളുടെയും പ്രബോധനത്തിന്റെ കാതലാണ്. അതിൽ മായം ചേർക്കാനാണ് ഇത്തരം ദുർബ്ബലമായ കള്ളക്കഥകളെ അവലംബമാക്കുന്നത്. അതു തന്നെ ഇസ്വ്ലാഹിയ്യത്തിന്റെ മടിത്തട്ടിൽ വളർന്നവർ. വല്ലാത്തൊരു വൈപരീത്യം തന്നെ!!

മുകളിൽ പറഞ്ഞ കാര്യം ഒന്നു കൂടി വ്യക്തമാക്കാൻ വേണ്ടി പറയട്ടെ, ഇമാം അഹ്മദ് ﵀യെ കുറിച്ച് ആരോപിക്കപ്പെടുന്ന സംഭവം, അഥവാ തന്റെ ഹജ്ജ് യാത്രകളിലൊന്നിൽ വഴിതെറ്റിയപ്പോൾ അദ്ദേഹം 'അല്ലാഹുവിന്റെ അടിയാറുകളേ, നമുക്ക് വഴി കാണിച്ച് തരൂ...' എന്ന് പറഞ്ഞു കൊണ്ടിരുന്നു എന്നത് കടത്തിക്കൂട്ടിയ കാര്യമാണ്. ശൈഖ് റബീഅ് -حَفِظَهُ اللهُ- യെ പോലെ അല്ലാഹു തൗഫീഖ് നൽകിയ കുശാഗ്ര ബുദ്ധിയുള്ള ഒരു നിരൂ

പകനു മാത്രമേ അത് കണ്ടെത്താൻ കഴിയുകയുള്ളു. അദ്ദേഹ ത്തിന്റെ ആയുസ്സിലും അറിവിലും അല്ലാഹു വർദ്ധനവ് നൽകട്ടെ, ആമീൻ.

എങ്കിലും ഏതൊരാൾക്കും യാതൊരുവിധ ശങ്കക്കും ഇടം നൽ കാത്ത കാര്യമാണ് മേൽ രിവായത്തിലെ 'അല്ലാഹുവിന്റെ അടി യാറുകളേ,' എന്നതു കൊണ്ട് വിവക്ഷിക്കുന്നത് നല്ല ജിന്നുകളെ യല്ല എന്നത്. ഇമാം അഹ്മദോ, പുത്രൻ അബ്ദുല്ലയോ ﷺ അങ്ങ നെ വ്യക്തമാക്കിയിട്ടില്ല. അല്ലെങ്കിൽ ഇമാമുകളിൽപെട്ട മറ്റാരെ ങ്കിലും ഇമാം അഹ്മദ് ﷺ അതുകൊണ്ട് ഉദ്ദേശിച്ചത് നല്ലവരായ മുസ്ലിം ജിന്നുകളെയാണെന്ന് വ്യക്തമാക്കിയിട്ടില്ല. അതുമല്ലെ ങ്കിൽ അദ്ദേഹം മുസ്ലിം ജിന്നുകളോട് സഹായം തേടിയെന്ന് ആരും പറഞ്ഞിട്ടില്ല. അതേപ്രകാരം ആ രിവായത്തിന്റെ മൂലവാ ക്യങ്ങൾ പരിശോധിച്ചാൽ അതിൽ എവിടെയും അദ്ദേഹം വിജന മായ ഒരു സ്ഥലത്ത് വെച്ച്, വഴിയോരത്തുള്ള മുസ്ലിം സഹോദ രന്മാരോടോ അതുവഴി കടന്നുപോകുന്നവരോടോ ചോദിക്കാൻ പറ്റാത്ത വിധം ബഹുദൂരം വഴിതെറ്റി എന്ന് പറയുന്നില്ല. അതെ ല്ലാം ആശയക്കുഴപ്പം സൃഷ്ടിക്കാനുദ്ദേശിക്കുന്നവരുടെ മിഥ്യാധാര ണകൾ മാത്രമാണ്. അല്ല, അദ്ദേഹം അപ്രകാരം ബഹുദൂരം വഴി തെറ്റി എന്നും, എന്നിട്ട് ജിന്നുകളോട് സഹായം തേടി എന്നും ആരെങ്കിലും വാദിക്കുകയാണെങ്കിൽ അവൻ അതിനു തെളിവ് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവന്റെ വാദം അത്ര മേൽ ദുരുപദിഷ്ടവും, ഇമാം അഹ്മദ് ﷺയെ കുറിച്ചുള്ള ദുരാരോ പണവുമാണ് എന്ന് പറയേണ്ടിവരും. അദ്ദേഹം ചെയ്തിട്ടില്ലാ ത്ത ഒരു കാര്യം അദ്ദേഹത്തിന്റെ മേൽ വെച്ചുകെട്ടി ശിർക്കിനും കുഫ്റിനും അദ്ദേഹത്തെ കരുവാക്കുന്ന നടപടി അത്യന്തം അധി ക്ഷേപാർഹമാണ്. ഇമാം അഹ്മദ് ﷺയും അദ്ദേഹത്തെ പോലു ള്ള അഹ്ലുസ്സുന്നഃയുടെ ഇമാമുകളും അവരുടെ ജീവിതത്തിൽ ഉയർത്തിപ്പിടിച്ച ഏറ്റവും മഹത്തായ ആദർശമൂല്യമാണ് ഇതിലൂ ടെ റദ്ദുചെയ്യാൻ ശ്രമിക്കുന്നത്.

## ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀ അനുവദനീയമായ കാര്യങ്ങളിൽ ജിന്നിനോട് സഹായം തേടാമെന്ന് പറഞ്ഞിട്ടില്ല

**മരിച്ചവരോടും മറഞ്ഞവരോടും ഇസ്തിഗാസഃ നടത്താമെന്ന് ഇബ്ന തൈമിയ്യഃ ﵀ പറഞ്ഞതായി ഖുബൂരികൾ ആരോപിക്കാറുണ്ട്. അതിനായി അദ്ദേഹത്തിന്റെ ചില വാക്കുകളെ അവർ സന്ദർഭത്തിൽനിന്ന് അടർത്തിയെടുക്കുകയും ദുർവ്യാഖ്യാനിക്കുകയുമാണ് ചെയ്യാറുള്ളത്. അതുപോലെ തന്നെയാണ് അനുവദനീയമായ കാര്യങ്ങളിൽ ജിന്നുകളോട് സഹായം തേടാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടെന്ന ആരോപണവും. ഇത് പലരിലും സംശയങ്ങളും ആശയക്കുഴപ്പങ്ങളുമുണ്ടാക്കിയിട്ടുമുണ്ട്. ആയതിനാൽ ജിന്നുവാദികളും മറ്റു അതിനു വേണ്ടി ദുർവ്യാഖ്യാനിക്കാറുള്ള ഭാഗം അതേപടി താഴെ ഉദ്ധരിക്കാം:**

والمقصود هنا أن الجن مع الإنس على أحوال: فمن كان من الإنس يأمر الجن بما أمر الله به ورسوله من عبادة الله وحده وطاعة نبيه، ويأمر الإنس بذلك، فهذا من أفضل أولياء الله تعالى، وهو في ذلك من خلفاء الرسول ونوابه. ومن كان يستعمل الجن في أمور مباحة له فهو كمن استعمل الإنس في أمور مباحة له، وهذا كأن يأمرهم بما يجب عليهم وينهاهم عما حرم عليهم، ويستعملهم في مباحات له، فيكون بمنزلة الملوك الذين يفعلون مثل ذلك، وهذا إذا قدر أنه من أولياء الله تعالى فغايته أن يكون في عموم أولياء الله مثل النبي الملك مع العبد الرسول: كسليمان ويوسف مع إبراهيم وموسى وعيسى ومحمد صلوات الله وسلامه عليهم أجمعين.

ومن كان يستعمل الجن فيما ينهى الله عنه ورسوله إما في الشرك وإما في قتل معصوم الدم أو في العدوان عليهم بغير القتل، كتمريضه وإنسائه العلم

وغير ذلك من الظلم، وإما في فاحشة كجلب من يطلب منه الفاحشة، فهذا قد استعان بهم على الإثم والعدوان، ثم إن استعان بهم على الكفر فهو كافر، وإن استعان بهم على المعاصي فهو عاص: إما فاسق وإما مذنب غير فاسق، وإن لم يكن تام العلم بالشريعة فاستعان بهم فيما يظن أنه من الكرامات: مثل أن يستعين بهم على الحج، أو أن يطيروا به عند السماع البدعي، أو أن يحملوه إلى عرفات ولا يحج الحج الشرعي الذي أمره الله به ورسوله، وأن يحملوه من مدينة إلى مدينة، ونحو ذلك فهذا مغرور قد مكروا به.

وكثير من هؤلاء قد لا يعرف أن ذلك من الجن، بل قد سمع أن أولياء الله لهم كرامات وخوارق للعادات، وليس عنده من حقائق الإيمان ومعرفة القرآن ما يفرق به بين الكرامات الرحمانية وبين التلبيسات الشيطانية، فيمكرون به بحسب اعتقاده، فإن كان مشركا يعبد الكواكب والأوثان أوهموه أنه ينتفع بتلك العبادة، ويكون قصده الاستشفاع والتوسل ممن صور ذلك الصنم على صورته من ملك أو نبي أو شيخ صالح، فيظن أنه صالح، فتكون عبادته في الحقيقة للشيطان، قال الله تعالى: ﴿وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَائِكَةِ أَهَٰؤُلَاءِ إِيَّاكُمْ كَانُوا يَعْبُدُونَ ﴿٤٠﴾ قَالُوا سُبْحَانَكَ أَنتَ وَلِيُّنَا مِن دُونِهِم ۖ بَلْ كَانُوا يَعْبُدُونَ الْجِنَّ ۖ أَكْثَرُهُم بِهِم مُّؤْمِنُونَ ﴿٤١﴾﴾ (سبأ) [ابن تيمية في مجموع فتاويه]

**[ജിന്നിന് മനുഷ്യനോടുള്ള ബന്ധം വ്യത്യസ്തമായ അവസ്ഥക ളിലായിരിക്കും എന്നതാണ് ഇവിടെ വിവക്ഷിക്കുന്നത്. മനുഷ്യ രിൽപെട്ട ഏതൊരാൾ ജിന്നിനോട് കല്പിക്കുന്നത് അല്ലാഹുവി നെ മാത്രം ആരാധിക്കുക, നബി ﷺയെ അനുസരിക്കുക പോലു ള്ള അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകളാണ്; അവൻ**

മനുഷ്യനോടും അതു തന്നെയാണ് കല്പിക്കുന്നത്; എങ്കിൽ അവൻ അല്ലാഹുവിന്റെ ശ്രേഷ്ഠരായ വലിയ്യുകളിൽപെടുന്നു. ഇക്കാര്യത്തിൽ അവൻ റസൂലിന്റെ പിൻഗാമികളിലും പ്രതിനിധി കളിലും ഉൾപ്പെടുന്നു.

ആരെങ്കിലും മനുഷ്യനെ അവന് അനുവദനീയമായ കാര്യങ്ങ ളിൽ ഉപയോഗപ്പെടുത്തുന്നതു പോലെ, ജിന്നിനെയും അവന് അനുവദനീയമായ കാര്യങ്ങളിൽ ഉപയോഗപ്പെടുത്തുന്നു; അഥവാ അവരുടെമേൽ നിർബ്ബന്ധമായ കാര്യങ്ങൾ അവരോട് കല്പിക്കു ന്നു, അവർക്ക് നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങൾ അവരോട് വില ക്കുന്നു, അവർക്ക് അനുവദനീയമായ കാര്യങ്ങളിൽ അവരെ ഉപ യോഗിക്കുന്നു; എങ്കിൽ അവൻ സമാനമായ കാര്യങ്ങൾ ചെയ്യു ന്ന രാജാക്കന്മാരുടെ സ്ഥാനത്താണ്. താൻ അല്ലാഹുവിന്റെ വലി യ്യുകളിൽപെട്ടവനാണ് എന്നാണവൻ കണക്കാക്കുന്നത് എങ്കിൽ അത് എത്തുന്നത് സാമാന്യമായ അർത്ഥത്തിൽ അവൻ അല്ലാ ഹുവിന്റെ വലിയ്യുകളിൽ ഉൾപ്പെടും എന്നതിലേക്കാണ്. രാജാ വായ നബി, റസൂലായ അടിമയുടെ കൂടെ എന്നതു പോലെ, അഥവാ സുലൈമാൻ, യൂസുഫ് എന്നിവർ ഇബ്റാഹീം, മൂസാ, ഈസാ, മുഹമ്മദ് ﷺ പോലുള്ളവരോടൊപ്പം എന്നതു പോലെ യിരിക്കും കാര്യം.

ആരെങ്കിലും ജിന്നിനെ അല്ലാഹുവും അവന്റെ ദൂതനും വില ക്കിയ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു. അത് ഒന്നുകിൽ ശിർ ക്കിലാകാം, അല്ലെങ്കിൽ പവിത്രമായ രക്തം ചിന്തുന്നതിലാവാം, അല്ലെങ്കിൽ കൊലയല്ലാത്ത മറ്റു അതിക്രമങ്ങളിലാകാം. ഒരുവനെ രോഗിയാക്കുക, അവൻ ഓർത്തുവെക്കുന്ന വിവരങ്ങൾ മറപ്പിച്ചുക ളയുക പോലുള്ള ഇതര അതിക്രമങ്ങൾ ഉദാഹരണം. അല്ലെങ്കിൽ നീചവൃത്തികളുടെ കാര്യത്തിലാവാം. നീചവൃത്തിക്ക് ഉദ്ദേശിക്കു ന്ന വ്യക്തിയെ എത്തിച്ചു കൊടുക്കുന്നത് ഉദാഹരണം. ഇങ്ങ നെ ചെയ്യുന്നവൻ അവരോട് കുറ്റകൃത്യങ്ങൾക്കും ശത്രുതക്കും

സഹായം തേടിയവനായി. എങ്കിൽ പിന്നെ, അവൻ സഹായം തേടിയത് കുഫ്റിനാണെങ്കിൽ അവൻ കാഫിറായി; തെറ്റുകൾക്കാണെങ്കിൽ അവൻ ധിക്കാരിയോ, അധർമ്മകാരിയോ അല്ലെങ്കിൽ അധർമ്മകാരിയല്ലാത്ത തെറ്റുകാരനോ ആയി.

ഒരാൾ ശരീഅത്തിനെ കുറിച്ച് മതിയായ അറിവില്ലാത്തവനാണെങ്കിൽ കറാമത്തുകളിൽ പെട്ടതാണെന്ന് താൻ തെറ്റിദ്ധരിക്കുന്ന വിഷയങ്ങളിൽ അവരോട് സഹായം തേടിയെന്നുവരാം. ഉദാഹരണമായി ഹജ്ജിനു വേണ്ടി, അല്ലെങ്കിൽ ബിദ്ഇയായ കാര്യങ്ങൾ കേൾക്കുമ്പോൾ തന്നെയും കൊണ്ട് പറക്കുന്നതിനു വേണ്ടി, അതുപോലെ ഒരു പട്ടണത്തിൽനിന്ന് മറ്റൊരു പട്ടണത്തിലേക്ക് തന്നെ വഹിച്ചുകൊണ്ടു പോകുന്നതിനു വേണ്ടി, അല്ലെങ്കിൽ തന്നെ അറഫയിലേക്ക് എത്തിക്കാൻ വേണ്ടി, ഇതുപോലുള്ള മറ്റു കാര്യങ്ങൾക്കു വേണ്ടി അവരോട് സഹായം ചോദിക്കാം. അങ്ങനെയുള്ളവൻ അല്ലാഹുവും അവന്റെ ദൂതനും കല്പിച്ച വിധത്തിൽ ശർഅ് പ്രകാരമുള്ള ഹജ്ജ് നിർവ്വഹിച്ചവനാവില്ല. അവൻ വഞ്ചിതനാണ്; അവർ അവനെ കബളിപ്പിച്ചിരിക്കുന്നു.

ഇത്തരക്കാരിൽ അധികപേരും അത് ജിന്നിൽനിന്നുള്ളതാണെന്ന് പോലും അറിയില്ല. മറിച്ച് അവർ കേട്ടിട്ടുണ്ടായിരിക്കുക അല്ലാഹുവിന്റെ വലിയ്യുകൾക്ക് കറാമത്തുകളും അസാധാരണ സിദ്ധികളും ഉണ്ടായിരിക്കും എന്നു മാത്രമാണ്. റഹ്മാനായ അല്ലാഹുവിന്റെ കറാമത്തുകളും പിശാച്ചിന്റെ മിഥ്യാവിലാസങ്ങളും തമ്മിൽ വ്യവഛേദിക്കാൻ അവനെ പ്രാപ്തനാക്കുന്ന വിശ്വാസത്തിന്റെ യാഥാർത്ഥ്യമോ ഖുർആനികമായ വിജ്ഞാനമോ അവനുണ്ടാവില്ല. അപ്പോൾ അവന്റെ വിശ്വാസത്തിനനുരൂപമായി ചില സൂത്രവേലകൾ അവർ കാണിക്കും. അവൻ നക്ഷത്രങ്ങളെയും വിഗ്രഹങ്ങളെയും ആരാധിക്കുന്ന മുശ്രിക്കാണെങ്കിൽ അവയെ ആരാധിക്കുന്നതിലൂടെ അവന് പ്രയോജനം ലഭിക്കുന്നു എന്ന മിഥ്യാധാരണ അവനിലുണ്ടാക്കും. അങ്ങനെ അവ

ന്റെ ലക്ഷ്യം ആ പ്രതിമ ആരുടേതാണോ അവരുടെ ശിപാർശ തേടലും, അവരെക്കൊണ്ട് ഇടതേട്ടം നടത്തലുമായിത്തീരുന്നു. അത് ഒരു പക്ഷെ, മലക്കിന്റെയോ നബിയുടെയോ പുണ്യവാളനായ ഗുരുഭൂതന്റെയോ പ്രതിമയായിരിക്കാം. അതേ സമയം അവൻ കരുതുന്നത് താൻ സജ്ജനങ്ങളിൽ പെട്ടവനാണ് എന്നായിരിക്കും. യഥാർത്ഥത്തിൽ അവൻ ആരാധിക്കുന്നത് പിശാചിനെയുമായിരിക്കും. അല്ലാഹു പറയുന്നു:

«അവരെ ഒന്നടങ്കം അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം! അങ്ങനെ അവൻ മലക്കുകളോട് ചോദിക്കും: നിങ്ങളെയാണോ ഇക്കൂട്ടർ ആരാധിച്ചിരുന്നത്? അവർ പറയും: നീ എത്ര പരിശുദ്ധൻ! നീയാണ്, അവരാരുമല്ല ഞങ്ങളുടെ രക്ഷാധികാരി. യഥാർത്ഥത്തിൽ അവർ ജിന്നുകളെയായിരുന്നു ആരാധിച്ചിരുന്നത്. അവരിൽ അധികപേരും അവരിൽ വിശ്വസിക്കുന്നവരാണ്.» (സബഅ് 40, 41)] (ഇബ്ന തൈമിയ്യഃ | മജ്മൂഉൽ ഫതാവാ)

## ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀ യുടെ മേൽ പരാമർശങ്ങൾക്ക് ഒരു വിശദീകരണം

മേൽ വാക്യങ്ങളുടെ വിശകലനത്തിലേക്ക് പ്രവേശിക്കുന്നതിന മുമ്പ് അടിസ്ഥാനപരമായ ചില വസ്തുതകൾ നാം ഓർത്തിരിക്കേണ്ടതുണ്ട്. അവയുടെ വെളിച്ചത്തിലല്ലാതെ അതിന്റെ ഉള്ളടക്കത്തെ അനുകൂലിക്കുന്നതും പ്രതികൂലിക്കുന്നതും സത്യത്തിന്റെ അവകാശികൾക്ക് ഭൂഷണമാവില്ല. അതിനാൽ നാം അവശ്യം ഓർത്തിരിക്കേണ്ട കാര്യങ്ങൾ ആദ്യമായി താഴെ കുറിക്കാം:

- സത്യം മാത്രമാണ് ഒരു മുസ്‌ലിം പിന്തുടരേണ്ടത്. അബദ്ധം ആരുടേതായിരുന്നാലും അത് പിന്തുടരപ്പെടാവതല്ല. ശൈഖുൽ ഇസ്‌ലാം ഇബ്ന തൈമിയ്യഃ ﵀ ആയാലും അദ്ദേഹത്തെക്കാൾ ഉന്നതരായ മറ്റു ഇമാമുകളായിരുന്നാലും വീഴ്ചകൾ വീഴ്ചകളാണ്. ആരും അത് പിന്തുടരാൻ പാടില്ല. സത്യത്തിന്റെ അവകാശികൾ അത് പിന്തുടരുകയുമില്ല.

- പാപസുരക്ഷിതനായി നബി ﷺ ഒഴികെ ഈ സമുദായത്തിൽ ആരുമില്ല. ഇക്കാര്യത്തിൽ മദീനയിലെ ഇമാമായിരുന്ന മാലിക് ബിൻ അനസ് رحمه الله പറഞ്ഞതാണ് സത്യം. നബി ﷺയുടെ ഖബ്റിനെ ഉദ്ദേശിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: "ഈ ഖബ്റാളിയൊഴികെ, തള്ളുകയും തള്ളപ്പെടുകയും ചെയ്യേണ്ടവരായിട്ടല്ലാതെ ആരുമില്ല." സ്വഹാബിമാരും താബിഉകളും അടക്കം ആർക്കും അബദ്ധം സംഭവിക്കാം; സംഭവിച്ചിട്ടുമുണ്ട്. വീഴ്ചകളിൽ അവരെ പിന്തുടരാൻ പാടില്ലെന്നത് അവരുടെ തന്നെ അധ്യാപനവും വസ്വിയ്യത്തുമാണ്.
- ഗ്രന്ഥത്താളുകളിൽമൂടപ്പെട്ടുകിടക്കുന്നതെറ്റായവാക്യങ്ങളോ ആശയക്കുഴപ്പങ്ങളുണ്ടാക്കാവുന്ന പരാമർശങ്ങളോ വെളിച്ചത്ത് കൊണ്ടുവരുക എന്നത് അഹ്ലുസ്സുന്നഃയുടെ രീതിയല്ല. അത്തരം കാര്യങ്ങൾ മറഞ്ഞു തന്നെ കിടക്കുന്നതാണ് സമൂഹത്തിന് സുരക്ഷിതവും ഗുണകരവും. അതിനാൽ സത്യത്തിന്റെ അവകാശികൾ അനാവശ്യമായി അവ പുറത്തെടുക്കുകയോ ചർച്ച നടത്തുകയോ ചെയ്യില്ല.
- തിന്മയുടെദുശ്ശക്തികൾഅത്തരംവാക്യങ്ങളോആശയങ്ങളോ പുറത്തെടുത്ത് ദുരുപയോഗം ചെയ്യുമ്പോൾ ജനങ്ങൾ ആശയക്കുഴപ്പത്തിലാകാതിരിക്കാൻ വേണ്ടി അവയുടെ നിജസ്ഥിതി വ്യക്തമാക്കേണ്ടത് അനിവാര്യമായിത്തീരും. അപ്പോൾ മാത്രമാണ് അഹ്ലുസ്സുന്നഃ അത് ചർച്ചക്കെടുക്കുക. ശൈഖുൽ ഇസ്ലാം ഇബ്ന തൈമിയ്യഃ رحمه الله അനുവദനീയമായ കാര്യങ്ങളിൽ ജിന്നിനോട് സഹായം തേടാം എന്ന് പറഞ്ഞതായി ഇരുട്ടിന്റെ വൈതാളികർ പ്രചരിപ്പിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ അവർ കൃത്യമായി ഉദ്ധരിക്കുകയോ, തദ്വിഷയകമായി അദ്ദേഹം സ്വീകരിച്ചു പോന്ന അടിസ്ഥാന നിലപാടുകൾ വ്യക്തമാക്കുകയോ ചെയ്യുന്നുമില്ല. അത് അനുവാചകരെ കൂടുതൽ സംശയത്തിലാഴ്ത്തുകയും ചെയ്യുന്നു. അതു കൊണ്ട്

മാത്രമാണ് അവരുദ്ദേശിക്കുന്ന ആ പരാമർശം ഇവിടെ ഉദ്ധരിക്കുകയും ചർച്ച നടത്തുകയും ചെയ്യുന്നത്.

- അത്തരം പരാമർശങ്ങൾ വിശകലനം ചെയ്യുമ്പോൾ അത് ആരുടേതാണെന്നു നോക്കണം, അദ്ദേഹത്തിന്റെ നിലപാടുകൾ പരിശോധിക്കണം, പ്രസ്തുത പരാമർശത്തിന്റെ പൂർവ്വാപര ബന്ധങ്ങൾ വിലയിരുത്തണം. അവയുടെ വെളിച്ചത്തിലായിരിക്കണം അന്വേഷണത്തിലിരിക്കുന്ന പരാമർശത്തിന്റെ ഗുണദോഷങ്ങൾ നിർണ്ണയിക്കേണ്ടത്. മറിച്ചുള്ള അന്ധമായ അധിക്ഷേപം അഹ്‌ലുസ്സുന്നഃയുടെ രീതിയല്ല.

- സലഫുകളുടെ മാർഗ്ഗം കൃത്യമായി പിന്തുടരുന്ന ഒരു വ്യക്തിയിൽനിന്ന് അത്തരം ഒരു പരാമർശം ഉണ്ടായെന്നു കരുതുക. അക്കാര്യത്തിൽ അദ്ദേഹത്തിന് ശരിയായ നിലപാടുണ്ട് താനും. എങ്കിൽ അദ്ദേഹത്തിനു വേണ്ടി സാധ്യമായ ഒഴികഴിവുകൾ തേടുകയാണ് ആദ്യം വേണ്ടത്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﷬യെ പോലെ തൗഹീദിനു വേണ്ടി നിലകൊണ്ട മഹാനായ ഒരു ഇമാം. അല്ലാഹുവിനോട് മാത്രമേ സഹായം തേടാവൂ, അവനോടല്ലാതെ മരിച്ചവരോടോ മറഞ്ഞവരോടോ സഹായം തേടാവതല്ല, അവൻ നിശ്ചയിച്ച കാരണങ്ങളെ കാര്യസാധ്യത്തിനായി ഉപയോഗിക്കുമ്പോൾ പോലും അവയിലേക്ക് മനസ്സ് തിരിയാൻ പാടില്ല... എന്നെല്ലാം ലോകത്തെ പഠിപ്പിച്ച മഹാനായ പണ്ഡിതൻ. അദ്ദേഹത്തിന്റെ അടിസ്ഥാന നിലപാടുകൾക്ക് എതിരാണെന്ന് തോന്നാവുന്ന ഒരു പരാമർശം വന്നാൽ എടുത്തുചാടി അദ്ദേഹത്തെ അധിക്ഷേപിക്കുന്നത് ന്യായമല്ല.

- തികഞ്ഞ അവധാനതയോടെ സസൂക്ഷ്മം കാര്യങ്ങൾ വിലയിരുത്തി, പ്രസ്തുത പരാമർശം തെറ്റാണെന്നു തെളിയുന്ന പക്ഷം തെറ്റ് തെറ്റാണെന്നു പറയാൻ സത്യത്തിന്റെ അവകാശികൾ മടിക്കുകയില്ല; മടിക്കേണ്ട കാര്യവുമില്ല. വ്യക്തികളല്ല, സത്യമാണല്ലോ വലുത്.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ശൈഖുൽ ഇസ്‌ലാം ഇബ്‌ന തൈമിയ്യഃ ﷺ പറഞ്ഞ വാക്യം അതിന്റെ ആശയപരമായ പരിസരത്ത് വെച്ച് വിലയിരുത്തുമ്പോൾ അതിൽ അധിക്ഷേപകരമായി ഒന്നുമില്ലെന്നു കാണാം. കാരണം, ശൈഖുൽ ഇസ്‌ലാം ഇബ്‌ന തൈമിയ്യഃ ﷺയുടെ മേൽ പരാമർശങ്ങളിൽനിന്ന് പ്രത്യക്ഷത്തിൽ തന്നെ ജിന്നുകളോട് സഹായം ചോദിക്കാമെന്ന് ലഭിക്കുകയില്ല. കാരണം, അദ്ദേഹം ദർശനം ചെയ്യുന്നത് ജിന്നുകളും മനുഷ്യരും തമ്മിൽ നടന്നേക്കാവുന്ന അതിവിശാലമായ ഒരു മേഖലയെ കുറിച്ചാണ്. പൗരാണിക കാലങ്ങളിൽ നടന്നേക്കാവുന്നതോ, നബിമാർക്ക് മാത്രം സംഭവിക്കാവുന്നതോ, സുലൈമാൻ നബി ﷺന് അല്ലാഹു ചെയ്തു കൊടുത്തതോ, സംഭവലോകത്ത് നടന്നതോ, സങ്കൽപനങ്ങളിൽപെട്ടതോ ആയ എല്ലാതരം സാധ്യതകളുമാണ് അവിടെ അദ്ദേഹം ചർച്ച ചെയ്തിരിക്കുന്നത്.

കൂടാതെ അദ്ദേഹം അതിൽ ഉദ്ദേശിക്കുന്നത് ശിർക്കിലേക്ക് എത്തിക്കുന്നതോ ശിർക്കിനോട് അടുത്ത് നിൽക്കുന്നതോ ആയ മുഴുകാര്യങ്ങളെയും മാറ്റിനിർത്തി, ജിന്നുകളുടെ കഴിവിൽപെട്ട അനുവദനീയമായ കാര്യങ്ങളിൽ മാത്രം അവരെ ഉപയോഗിക്കുന്നതിനെ കുറിച്ചാണ്. അങ്ങനെ അവരെ ഉപയോഗപ്പെടുത്താൻ സാധിക്കുക എന്നത് തീർത്തും സാങ്കൽപികമാണ്. അവയെ അപൂർവ്വങ്ങളിൽ അപൂർവ്വമായ കാര്യമായിട്ടാണ് ശർഇൽ പരിഗണിക്കുക. അത്തരം കാര്യങ്ങൾക്കുള്ള വിധി ശർഇൽ പറയപ്പെടാറില്ല. النَّادِرُ لَا حُكْمَ لَهُ എന്നത് നിദാന വിജ്ഞാനീയങ്ങളിൽ അറിയപ്പെട്ട തത്വമാണ്.

അതിനെ സാങ്കൽപികം എന്ന് പറയാൻ കാരണം ജിന്നുകളോട് ഇടപാടുകൾ നടത്തുന്ന ഒരാൾ തനിക്ക് അസാധ്യമോ ബുദ്ധിമുട്ടുള്ളതോ ആയ കാര്യങ്ങളിലല്ലാതെ അവരോട് സഹായം തേടുകയില്ല. മാത്രമല്ല ജിന്നുകളെ ഉപയോഗപ്പെടുത്തുന്ന മിക്കവാറും കാര്യങ്ങൾ ശിർക്കിലേക്ക് എത്തുന്നവയായിരിക്കും.

എന്നല്ല, അതു തന്നെ ശിർക്കിൽപെട്ടതാണ് താനും. എന്തെന്നാൽ അല്ലാഹു കാരണമായി നിശ്ചയിക്കാത്തതിനെ കാരണമായി സ്വീകരിക്കുന്നതിനെ പണ്ഡിതന്മാർ ശിർക്കായിട്ടാണ് പരിഗണിച്ചിട്ടുള്ളത്. (പുറം 103 കാണുക) അതുപോലെ, അല്ലാഹു അല്ലാത്തവരിലേക്ക് ഹൃദയം തിരിയുകയും ആരാധനയിൽപെടുന്ന എന്തെങ്കിലുമൊന്ന് അവർക്ക് വിനിയോഗിക്കുകയും ചെയ്താൽ അത് ശിർക്കിലേക്ക് നയിക്കുക മാത്രമല്ല, നടേ വിശദീകരിച്ചതു പോലെ വ്യക്തവും പ്രത്യക്ഷവുമായ ശിർക്കു തന്നെയായിത്തീരുകയും ചെയ്യും. അത്തരം ശിർക്കുകളോടും അവയുടെ മുഴുവൻ ഭിന്നപ്രകാരങ്ങളോടും പോരാടുന്നതിനാണ് തൗഹീദിലധിഷ്ഠിതമായ ഇസ്‌ലാമിക ശരീഅത്ത് തന്നെ നിലവിൽ വന്നിരിക്കുന്നത്.

കൂടാതെ, ഇക്കാര്യം അഥവാ അവരെ അനുവദനീയമായ കാര്യങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്തുക എന്നത്, ഒരിക്കലും സലഫുകളിൽ നിന്ന് അറിയപ്പെട്ടതല്ല. പിശാച് തന്റെ മായാവലയത്തിൽ അകപ്പെടുത്തിയ ഭിക്ഷാംദേഹികളായ ചില സൂഫികൾ വാദിച്ചിരുന്ന കാര്യമാണത്. സലഫുകൾ അവർക്ക് അതിന് കഴിവുണ്ടായിട്ടും ജിന്നുകളെ ഉപയോഗപ്പെടുത്തുന്നത് ഉപേക്ഷിച്ചു എന്നത് അത് ഒട്ടും അനുവദനീയമല്ലെന്നതിനുള്ള വ്യക്തമായ തെളിവാണ്. കാരണം സഹായാർത്ഥന അല്ലാഹുവിനുള്ള ആരാധനയാണ്. അതിൽനിന്ന് യാതൊന്നും മതിയായ പ്രമാണരേഖയില്ലാതെ മറ്റാർക്കെങ്കിലും നൽകാവതല്ല. ജീവിച്ചിരിക്കുന്ന, ഹാജറുള്ള, ഒരു മനുഷ്യനോട് അവന്റെ കഴിവിൽ പെട്ട കാര്യം ചോദിക്കാം എന്നതിന് തെളിവുണ്ട്. എന്നാൽ ആ ചോദ്യം ജിന്നുകളോടാകുമ്പോൾ അനിവാര്യമായും പൂർത്തീകരിക്കേണ്ട രണ്ടു നിബന്ധനകൾ ഇല്ലാതെ പോകുമെന്ന് നിസ്സംശയം പറയാവുന്നതാണ്.

ഒന്ന്: അവർ മനുഷ്യ വർഗ്ഗത്തിൽപെട്ടവരല്ല. മറിച്ച് അവർ

സ്വതന്ത്രമായ മറ്റൊരു ലോകമാണ്. അവർക്കുള്ളത് അവർക്കു മാത്രം ബാധകമാകുന്ന സവിശേഷമായ വിധികളാണ് .

രണ്ട്: ജിന്നുകൾ മറഞ്ഞ ലോകമാണ്. അവർ ഹാജറുള്ള വരായിരിക്കുമ്പോഴും നമ്മെ സംബന്ധിച്ചിടത്തോളം അവർ മറ ഞ്ഞിരിക്കുന്നവരെ പോലെ തന്നെയാണ്. ഹാജറുള്ള ജിന്നുകൾ ക്ക് പ്രത്യേകമായ ഒരു വിധിയുമില്ല.

ശൈഖുൽ ഇസ്‌ലാമിനെ നേരായി വായിക്കാനുള്ള അറിവും കഴിവുമില്ലാത്തവർക്ക് കൈകൊള്ളാവുന്ന മിതമായ ഒരു നില പാടുണ്ട്. അത് എന്തെന്നുവെച്ചാൽ, ആധുനിക കാലത്ത് അദ്ദേ ഹത്തെ ഏറ്റവുമധികം വായിക്കുകയും പഠിക്കുകയും ചെയ്തത് സൗദി അറേബ്യയിലെ മുതിർന്ന പണ്ഡിതന്മാരാണ്. ശൈഖുൽ ഇസ്‌ലാമിനെ കുറിച്ച് അവരെക്കാൾ അറിയാവുന്ന മറ്റാരുമുള്ള തായി നമുക്കറിവില്ല താനും. അതിനാൽ ഇക്കാര്യത്തെ കുറിച്ച് അവരോട് ചോദിക്കാം. അവർ പറയുന്ന കാര്യം സ്വീകരിക്കാം. ഫത്‌വക്കും വൈജ്ഞാനിക പഠനങ്ങൾക്കുമുള്ള സ്ഥിരം സമിതി ഇതു സംബന്ധിച്ച് നൽകിയ ഒരു ഫത്‌വ തന്നെ താഴെ കൊടു ക്കാം. സത്യാന്വേഷിയായ ഏതൊരു പഠിതാവിന്റെയും സംശയം ദൂരീകരിക്കാൻ അത് പര്യാപ്തമായിരിക്കുമല്ലോ.

سؤال: نسأل فضيلتكم عن الأحاديث التي صحت عن النبي ﷺ في تخريج الجن وعن حكم الاستعانة في المباحات، وما مدى صحة ما ينقل عن ابن تيمية رحمه الله في هذا الموضوع؟ جزاكم الله خيرا.

جواب: لا نعلم حديثا عن النبي ﷺ خاص لتخريج الجن من الإنسان، ولكن المصاب بالجن يعالج بالقرآن وبالرقية الشرعية، كما كان السلف يفعلون ذلك، ولا يجوز الاستعانة بالجن والغائبين؛ لأن ذلك من الشرك، ولا نعلم كلاما صريحا لشيخ الإسلام ابن تيمية بجواز ذلك.

اللجنة الدائمة للبحوث العلمية والإفتاء.

| الرئيس | نائب الرئيس | عضو | عضو | عضو |
|---|---|---|---|---|
| عبد العزيز بن عبد الله بن باز | عبد العزيز آل الشيخ | عبد الله بن غديان | صالح الفوزان | بكر أبو زيد |

[ചോദ്യം: ഗുരുവര്യരോട് നമുക്ക് ചോദിക്കാനുള്ളത് ജിന്നു ബാധ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് നബി ﷺൽനിന്നും സ്വഹീഹായി വന്നിട്ടുള്ള ഹദീസുകളെ കുറിച്ചും, അനുവദനീയമായ കാര്യങ്ങളിൽ അവരുടെ സഹായം തേടുന്നതിനെ കുറിച്ചും, തദ്വിഷയകമായി ഇബ്നു തൈമിയ്യഃ ﵀ൽനിന്ന് ഉദ്ധരിക്കപ്പെടുന്നതിന്റെ സ്വീകാര്യതയെ കുറിച്ചുമാണ്. അല്ലാഹു നിങ്ങൾക്ക് ഉത്തമമായ പ്രതിഫലം നൽകട്ടെ.

ഉത്തരം: മനുഷ്യനിൽ നിന്ന് ജിന്നിനെ ഒഴിപ്പിക്കുന്നതു സംബന്ധിച്ച് നബി ﷺയിൽനിന്ന് പ്രത്യേകമായ ഒരു ഹദീസും വന്നതായി നമുക്ക് അറിയില്ല. എന്നാൽ ജിന്ന് ബാധയുള്ളവനെ, സലഫുകൾ ചെയ്യാറുള്ളതു പോലെ, ഖുർആൻ കൊണ്ടും ശർഇൽ സ്ഥിരപ്പെട്ട മന്ത്രം കൊണ്ടും ശുശ്രൂഷിക്കാവുന്നതാണ്. എന്നാൽ ജിന്നുകളുടെയോ മറഞ്ഞവരുടെയോ സഹായം തേടുന്നത് അനുവദനീയമല്ല താനും. അത് അനുവദനീയമായി കാണുന്ന വ്യക്തമായ ഒരു വാക്കും ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀യുടെതായി നമ്മുടെ അറിവിലില്ല.]

(ഫത്‌വക്കും വൈജ്ഞാനിക പഠനങ്ങൾക്കുമുള്ള സ്ഥിരം സമിതി)

അധ്യക്ഷൻ : അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാ ബിൻ ബാസ്
ഉപാധ്യക്ഷൻ : അബ്ദുൽ അസീസ് ആലുശൈഖ്
അംഗങ്ങൾ : അബ്ദുല്ലാ ബിൻ ഗുദയ്യാൻ
സ്വാലിഹ് അൽ ഫൗസാൻ
ബക്ർ അബൂ സൈദ്

ശൈഖ് ത്വാരിഖ് അസ്സുബയ്ഇ -حَفِظَهُ اللهُ- എന്നോട് പറഞ്ഞ അർത്ഥവത്തായ ഒരു വസ്തുത ഇതാണ്: ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀യുടെ മുകളിൽ കൊടുത്ത വാക്യങ്ങൾ അദ്ദേഹം ജിന്നിനോട് സഹായം തേടുന്നത് അനുവദനീയമായി കാണുന്നു എന്നർത്ഥമാക്കുന്നില്ല. അനുവദനീയമായ കാര്യങ്ങളിൽ ജിന്നുകളോട് സഹായം തേടുന്നതിനെ അദ്ദേഹം അനുവദനീയമായി കാണുന്നു എന്ന് വാദത്തിനു വേണ്ടി നാം അംഗീകരിച്ചാൽ മേൽ ഖണ്ഡികയുടെ ആശയം തന്നെ വികലമായിത്തീരും. അതേ പ്രകാരം, അദ്ദേഹത്തിന്റെ മറ്റു നിരവധി രചനകളിൽ വന്നിട്ടുള്ള പരാമർശങ്ങൾ അതിനെ ഖണ്ഡിക്കുകയും ചെയ്യും. കാരണം പ്രത്യുപകാരത്തിനു വേണ്ടിയല്ലാതെ ഒരു ജിന്നും മനുഷ്യനു വേണ്ടി യാതൊന്നും ചെയ്തു തരികയില്ല. ശിർക്കോ കുഫ്റോ ഫിസ്ഖോ അല്ലാത്ത യാതൊന്നും പ്രത്യുപകാരമായി അവൻ മനുഷ്യനിൽ നിന്ന് തൃപ്തിപ്പെടുകയുമില്ല.

ഈ ആശയത്തെ ശക്തിപ്പെടുത്തുന്നതാണ് അല്ലാമഃ റബീഅ് ബിൻ ഹാദി അൽ മദ്ഖലി -حَفِظَهُ اللهُ- ഒരു ചോദ്യത്തിനു നൽകിയ ഉത്തരം. അത് താഴെ ഉദ്ധരിക്കാം:

السؤال: هل من حرج أو جناح في الاستعانة بالجن في الأمر المباح والمقبول شرعا، علما أنه ليس هناك عمل أي شرك أو معصية مع الجن ؟

الجواب: الاستعانة بالجن تدل على أن المستعين قد وقع في الشرك، لأنه لا يساعدونه إلا بعد أن يكفر بالله عز وجل إما بأن يبول على المصحف أو يصلي إلى غير القبلة أو يصلي وهو جنب، لا بد أن يرتكب مكفرا، بعد ذلك يتعاون معه، والذي يقول لك من الجن أنا مسلم فلا تصدقه لأنه كذاب، فيهم مسلمون، لكن إثبات إيمانه يحتاج إلى أدلة. [ربيع بن هادي المدخلي في فتاوى في العقيدة والمنهج]

[ചോദ്യം: ശർഅ് പ്രകാരം അനുവദനീയവും സ്വീകാര്യവുമായ കാര്യങ്ങളിൽ ജിന്നിനോട് സഹായം തേടുന്നതിൽ വല്ല തെറ്റോ കുറ്റമോ ഉണ്ടോ? അവിടെ ജിന്നിനോടൊപ്പം യാതൊരു വിധ ശിർക്കോ കുറ്റമോ ചെയ്യുന്നില്ല താനും.

ഉത്തരം: ജിന്നിനോടുള്ള സഹായാർത്ഥന നടത്തി എന്നത് അർത്ഥമാക്കുന്നത് സഹായം തേടിയവൻ ശിർക്കിൽ അകപ്പെട്ടു എന്നാണ്. കാരണം അല്ലാഹുവിൽ അവിശ്വസിച്ചതിനു ശേഷമല്ലാതെ അവർ അവനെ സഹായിക്കുകയില്ല. ഒന്നുകിൽ മുസ്വ്ഹഫിന്മേൽ മൂത്രിക്കുക, അല്ലെങ്കിൽ ഖിബ്‌ലയിലേക്കല്ലാതെ തിരിഞ്ഞു നമസ്കരിക്കുക, ജനാബത്തോടുകൂടി നമസ്കരിക്കുക, പോലുള്ള വൻപാപം അവൻ ചെയ്തു കാണിക്കുക തന്നെ വേണം. അതിനു ശേഷമേ ജിന്ന് അവനോട് സഹകരിക്കുകയുള്ളു. ഞാൻ മുസ്‌ലിമാണെന്ന് നിന്നോട് പറയുന്ന ഒരു ജിന്നിനെയും നീ വിശ്വസിക്കരുത്. അവൻ കള്ളനാണ്. അവരിൽ വിശ്വാസികളുണ്ട്. പക്ഷെ, അത് സ്ഥിരീകരിക്കാൻ രേഖാപരമായ തെളിവു തന്നെ വേണം.] (റബീഅ് ബിൻ ഹാദി അൽ മദ്ഖലി | ഫതാവാ ഫിൽ അഖീദത്തി വൽ മൻഹജ്)

മുകളിൽ പറഞ്ഞ കാര്യങ്ങളിൽനിന്ന് നമുക്ക് സുതരാം വ്യക്തമാകുന്നത് മുസ്‌ലിമായ, ഹാജറുള്ള ഒരു ജിന്നിനോട് അവന്റെ കഴിവിൽപെട്ട അനുവദനീയമായ കാര്യങ്ങളിൽ സഹായം ചോദിക്കുന്നതിൽ തെറ്റില്ല എന്ന വാദം അപ്പാടെ തള്ളപ്പെടേണ്ടതാണ്. അനുവദനീയമായ കാര്യങ്ങളിൽ അവനിൽനിന്ന് സഹായം ലഭിക്കുക എന്നത് തക്കതായ പ്രത്യുപകാരം ചെയ്തുകൊണ്ടല്ലാതെ സാധ്യമല്ല. അതിന് അവനു പകരം നൽകേണ്ടത് ശിർക്ക്, കുഫ്ർ, ഫിസ്ഖ് എന്നതിൽ കുറഞ്ഞ മറ്റൊന്നുമായിരിക്കില്ല. അവർ മറഞ്ഞ ലോകമാണ്. അവരിൽനിന്ന് ഹാജറുള്ളവരെന്നു പറയുന്നവരുടെ വിധി മറഞ്ഞവരുടേത് പോലെ തന്നെയാണ്. അതിനാൽ അവരെ കാര്യസാധ്യത്തിനുള്ള കാരണമായി

ഗണിക്കാവതല്ല. അവരോട് സഹായം തേടുന്നത് അവർക്കുള്ള ആരാധനയാണ്; അത് ശിർക്കുമാണ്.

ഖുർആൻ സൂക്തങ്ങൾ, നബിവചനങ്ങൾ സ്വഹാബത്തിന്റെ ആഥാറുകൾ, പണ്ഡിതന്മാരുടെ വാക്കുകൾ ഇവയിലെല്ലാം തന്നെ ഖണ്ഡിതമായിട്ടുള്ളവയും സംശയാസ്പദമായിട്ടുള്ളവയും ഉണ്ടാകും. അറിവും വിശ്വാസവും ഉള്ളവർ സംശയാസ്പദമായവയെ ഖണ്ഡിതമായവയിലേക്ക് മടക്കും. എന്നാൽ ഹൃദയത്തിൽ വക്രതയും രോഗവുമുള്ളവർ സംശയാസ്പദമായവയെ തേടിപ്പാകും. അവയെ ദുർവ്യാഖ്യാനിച്ച് അഭീഷ്ടങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കും. അത്തരക്കാരെ കരുതിയിരക്കണമെന്നാണ് നബി പറഞ്ഞിരിക്കുന്നത്. അതെ, ജിന്നുതേട്ടത്തിന് ശൈഖുൽ ഇസ്‌ലാമിനെ കരുവാക്കുന്നവർ അവരിൽപെട്ടവരാണെന്നതിൽ ആർക്കാണ് സംശയിക്കാനാവുക?!

## പണ്ഡിതാഭിപ്രായങ്ങൾ

നവവി ഈ ഹദീസ് തന്റെ അദ്കാറിൽ ഉദ്ധരിച്ചിട്ടുണ്ട്, അത് അനുവദനീയമാണെന്ന് ശൗകാനി തന്റെ തുഹ്ഫഃയിൽ പറഞ്ഞിട്ടുണ്ട്, അതിന്റെ ഫലപ്രാപ്തി പരീക്ഷിച്ച് തെളിഞ്ഞതാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്... ഇങ്ങനെയെല്ലാം ചിലർ സംശയങ്ങൾ ഉന്നയിക്കാറുണ്ട്. അതെ, ശരിയാണ്. പക്ഷെ, ഇപ്പറഞ്ഞതൊന്നും അല്ലാഹുവിന്റെ ദീനിൽ ഒരു കാര്യം സ്ഥിരീകരിക്കാൻ മതിയായ തെളിവല്ല. വിശ്വാസകാര്യങ്ങൾക്ക് പോകട്ടെ കർമ്മപരമായ കാര്യങ്ങൾക്ക് പോലും തെളിവായി അവ മതിയാവില്ല. പണ്ഡിതാഭിപ്രായങ്ങൾ സ്വീകരിക്കണമെങ്കിൽ അവയിൽ പറഞ്ഞിരിക്കുന്ന തെളിവ് നോക്കണം. അല്ലാതെ പണ്ഡിതാഭിപ്രായങ്ങളെ തെളിവായി കാണാൻ പാടില്ല. അല്ലാഹുവിന്റെ ദൂതനു താഴെ ഒരാളെയും സ്വതന്ത്രമായ മാതൃകയായി കണക്കാക്കാവതല്ല. പണ്ഡിതന്മാർ മാതൃകയായിത്തീരുന്നത് അവർ എത്രത്തോളം അല്ലാഹുവിന്റെ ദൂതനെ മാതൃകയാക്കി എന്നതി

നനുസരിച്ചിരിക്കും. ജിന്നിനോട് സഹായം തേടുക എന്ന ഈ ഗൗരവതരമായ പ്രശ്നത്തിൽ ഒരാൾക്കും നബി ﷺയുടെ മാതൃകയില്ല. എന്നാൽ അതിന്റെ ഫലപ്രാപ്തി പരീക്ഷിച്ച് തെളിഞ്ഞതാണെന്ന വാദം അടിസ്ഥാനപരമായി തന്നെ തള്ളപ്പെടേണ്ടതാണ്. ഇക്കാര്യം ശൗകാനി തന്നെയും തന്റെ തുഹ്ഫത്തുദ്ദാകിരീൻ എന്ന കൃതിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അദ്ദേഹം പറയുന്നു:

السنة لا تثبت بمجرد التجربة، ولا يخرج بها الفاعل للشيء معتقدا أنه سنة عن كونه مبتدعا، وقبول الدعاء لا يدل على أن سبب القبول ثابت عن رسول الله ﷺ، فقد يجيب الله الدعاء من غير توسل بسنة وهو أرحم الراحمين، وقد تكون الاستجابة استدراجا، [الشوكاني في تحفة الذاكرين بعدة الحصن الحصين]

[കേവലം പരീക്ഷണങ്ങൾ കൊണ്ട് സ്ഥിരീകരിക്കാവുന്നതല്ല നബിചര്യ. ഒരു കാര്യം സുന്നത്താണെന്ന് വിശ്വസിച്ചതു കൊണ്ട് മാത്രം അതനുവർത്തിക്കുന്ന വ്യക്തി ബിദ്അത്തുകാരനല്ലാതാകുകയില്ല. ദുആ സ്വീകരിക്കപ്പെട്ടു എന്നത് അത് സ്വീകരിക്കാനുള്ള കാരണം നബി ﷺയിൽനിന്ന് സ്ഥിരപ്പെട്ടതു കൊണ്ടാണെന്ന് അർത്ഥമാക്കുന്നില്ല. കാരുണ്യവാന്മാരിൽ കാരുണ്യവാനായ അല്ലാഹു നബിചര്യയോട് യോജിക്കുക എന്ന ഉപാധി കൂടാതെ തന്നെ പ്രാർത്ഥനക്ക് ഉത്തരമേകാം. ചിലപ്പോൾ ഉത്തരമേകുന്നത് പടിപടിയായി പിടികൂടുന്നതിന്റെ ഭാഗവുമായിരിക്കാം.] (ശൗകാനി | തുഹ്ഫത്തുദ്ദാകിരീൻ ബിഉദ്ദത്തിൽ ഹിസ്വ്നിൽ ഹസ്വീൻ)

ഇവിടെ പ്രത്യേകമായി ചൂണ്ടിക്കാണിക്കപ്പെടേണ്ട രണ്ടു കാര്യങ്ങളുണ്ട്. അതിൽ ഒന്ന്, നവവി ؒ തന്റെ അദ്കാറിൽ ഇത് ഉദ്ധരിച്ചപ്പോൾ അവയിൽ പറയുന്ന 'അല്ലാഹുവിന്റെ അടിയാറുകൾ' എന്നതു കൊണ്ട് വിവക്ഷിക്കപ്പെടുന്നത് നല്ലവരായ ജിന്നുകളാണെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. മലക്കിനോടോ, ഉദ്ദി

ഷ്ടകാര്യത്തിന് പ്രാപ്തിയുള്ള ഹാജറുള്ള മുസ്‌ലിം ജിന്നിനോടോ സഹായം തേടാമെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. അദ്ദേഹത്തിനോ മറ്റാർക്കെങ്കിലുമോ നല്ലവരും ദുഷ്ടരുമായ, കഴിവുള്ളവരും കഴിവില്ലാത്തവരുമായ ജിന്നുകളെ തമ്മിൽ വേർതിരിക്കാൻ കഴിയുകയുമില്ല.

രണ്ടാമത്തെ കാര്യം, പണ്ഡിതന്മാർക്കും ഫുഖഹാക്കൾക്കും സുബദ്ധവും അബദ്ധവും സംഭവിക്കാവുന്നതാണ്. ഇക്കാര്യത്തിൽ നാം അടിസ്ഥാനമാക്കേണ്ടത് മദീനയിലെ ഇമാമായിരുന്ന മാലിക് ബിൻ അനസ് ﵀ പറഞ്ഞ വാക്കാണ്:

[നമ്മളിൽ തള്ളുകയും തള്ളപ്പെടുകയും ചെയ്യേണ്ടവരായിട്ടല്ലാതെ ആരുമില്ല, ഈ ഖബ്റിൽ മറമാടപ്പെട്ടു കിടക്കുന്ന നബി ﷺ ഒഴികെ.] (അൽബാനി। സിൽസിലത്തുൽ അഹാദീസി സ്വഹീഹഃ)

അദ്ദേഹം തന്നെ പറയുന്നു:

[എല്ലാ ഓരോരുത്തരുടെയും വാക്കുകളിൽ കൊള്ളേണ്ടതും തള്ളേണ്ടതും ഉണ്ടായിരിക്കും. ഈ ഖബ്റിലുള്ള നബി ﷺ യുടെയൊഴികെ.] (അൽബാനി। അഹ്കാമുൽ ജനാഇസ്)

## നബി ﷺ തൗഹീദ്<br>കാത്തു സൂക്ഷിച്ചത്...

ചർച്ചയിലിരിക്കുന്ന വിഷയം കറങ്ങുന്നത് തൗഹീദിനും ശിർക്കിനും ഇടയിലാണ്; ഇസ്‌ലാമിനും മതപരിത്യാഗത്തിനും ഇടയിലാണ്. ആർക്കും ഇക്കാര്യത്തിൽ സന്ദേഹത്തിൽ തുടരാനാവില്ല. അല്ലെങ്കിൽ നിലപാടില്ലാതെ, നിലപാടെടുക്കാതെ മാറി നിൽക്കാനുമാവില്ല. തൗഹീദിന്റെ നാലതിരുകൾ സംരക്ഷിക്കാൻ നബി ﷺ കൈകൊണ്ട അങ്ങേയറ്റത്തെ നടപടികൾ ഓരോ വ്യക്തിയും അനിവാര്യമായും അറിഞ്ഞിരിക്കേണ്ടതാണ്. «കുറഞ്ഞതും ആവശ്യത്തിനു മതിയായതുമാണ് പെരുകിക്കൂടി ശ്രദ്ധ

തിരിച്ചു കളയുന്നവയെക്കാൾ ഉത്തമം» (മുൻദിരി | അത്തർഗീബു വത്തർഹീബ്) എന്ന പ്രശസ്ത നബിവചനത്തിൽനിന്ന് മാർഗ്ഗനിർദ്ദേശം ഉൾക്കൊണ്ടു കൊണ്ട് ഇവ്വിഷയകമായ ചർച്ച ഒരു ഹദീസിൽ പരിമിതപ്പെടുത്താം:

عن أبي واقد الليثي أنه قال: أن رسول الله ﷺ لما خرج إلى حنين مر بشجرة للمشركين، يقال لها ذات أنواط، يعلقون عليها أسلحتهم، فقالوا: يا رسول الله اجعل لنا ذات أنواط كما لهم ذات أنواط، فقال النبي ﷺ: «سبحان الله! هذا كما قال قوم موسى: ﴿اجْعَل لَّنَا إِلَٰهًا كَمَا لَهُمْ آلِهَةٌ... ﴿١٣٨﴾﴾ (الأعراف)، والذي نفسي بيده لتركبين سنة من كان قبلكم» [الترمذي في سننه وصححه الألباني]

[അബൂ വാഖിദ് അൽ ലൈഥി ؓ നിവേദനം. അദ്ദേഹം പറയുന്നു: നബി ﷺ ഹുനൈനിലേക്കുള്ള യാത്രാ മധ്യേ മുശ്രിക്കുകളുടെ ഒരു പുണ്യവൃക്ഷത്തിനരികിലൂടെ കടന്നുപോകാനിടയായി. അതിന് ദാതു അൻവാത്വ് എന്നാണ് പറയപ്പെടാറുള്ളത്. അനുഗ്രഹം തേടി അതിന്മേലാണ് അവർ അവരുടെ ആയുധങ്ങൾ തൂക്കിവെക്കാറുണ്ടായിരുന്നത്. അന്നേരം കൂടെയുള്ളവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അവർക്ക് ദാതു അൻവാത്വ് ഉള്ളതു പോലെ ഞങ്ങൾക്കും ഒരു ദാതു അൻവാത്വ് നിശ്ചിയിച്ച് തരാമോ? അപ്പോൾ നബി ﷺ പ്രതിവചിച്ചു: സുബ്ഹാനല്ലാഹ്! ഇത് മൂസാ നബി ؑ യുടെ ജനത പറഞ്ഞതു പോലെയാണ്: «അവർക്കുള്ള പലജാതി ദൈവങ്ങളെ പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നിശ്ചയിച്ചു തരൂ...» (അഅ്റാഫ് 138). എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെ സത്യം! നിങ്ങളുടെ പൂർവീകരുടെ ജീർണ്ണിച്ച ചര്യകൾ നിങ്ങളും അതേപടി പിന്തുടരുക തന്നെ ചെയ്യും.] (തിർമുദി സുനനിൽ ഉദ്ധരിച്ചത്)

സങ്കടകരമെന്നേ പറയേണ്ടു, ജിന്നു പിശാചുക്കളുടെ മായാവലയത്തിൽ അകപ്പെട്ടവരുടെ ഹൃദയങ്ങൾക്ക് നന്മയെ നന്മയാ

യും തിന്മയെ തിന്മയായും കാണാൻ കഴിയാതെയായിരിക്കുന്നു. അവർ കുടിപ്പിക്കപ്പെട്ട അഭീഷ്ടങ്ങളല്ലാതെ മറ്റൊന്നും അവർക്ക് ഗ്രഹിക്കാൻ കഴിയുന്നില്ല. അവരിൽ അധികപേരുടെയും അവസ്ഥ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﷺ പറഞ്ഞതു പോലെയാണ്:

[മൂന്നാമതൊരു വിഭാഗം അല്ലാഹുവിനുള്ള ഇബാദത്തിൽനിന്നും അവനോടുള്ള സഹായാർത്ഥനയിൽനിന്നും ഒരു പോലെ തിരിഞ്ഞുകളഞ്ഞവരാണ്. അവർ തന്നെ രണ്ടു കക്ഷികളാണ്: ദുനിയാവിന്റെ ആളുകളും ദീനിന്റെ ആളുകളും. അവരിലെ ദീനിന്റെ ആളുകൾ തന്നെ കളങ്ക പങ്കിലമായ ദൂഷിത ദീനിന്റെ വക്താക്കളാണ്. അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്ന, അഭീഷ്ടങ്ങളും ഊഹങ്ങളും അനുസരിച്ച് അല്ലാഹു അല്ലാത്തവരോട് സഹായാർത്ഥന നടത്തുന്നവരാണ്. «അവർ പിന്തുടരുന്നത് ഊഹത്തെയും അവരുടെ മനസ്സ് അഭിലഷിക്കുന്ന തന്നിഷ്ടങ്ങളെയുമല്ലാതെ മറ്റൊന്നുമല്ല. അവർക്ക് അവരുടെ റബ്ബിൽനിന്ന് സന്മാർഗ്ഗം ദർശനം വന്നെത്തിയതാണ്.» (നജ്മ് 23) എന്നാൽ ദുനിയാവിന്റെ ആളുകൾ ക്ഷണികമായ ഐഹിക ജീവിതത്തിൽനിന്ന് അവർ മോഹിക്കുന്നത് ലഭിക്കാൻ വേണ്ടി അതിനുള്ള കാരണങ്ങളായി അവർ വിശ്വസിക്കുന്നതേതോ അത് തേടിപ്പോകുന്നവരാണ്.] (ഇബ്നു തൈമിയ്യഃ | മജ്മൂഉൽ ഫതാവാ)

## ഈ സമുദായത്തിന്റെ അന്ത്യം നന്നാവുന്നത്...

മദീനയിലെ ഇമാമായ മാലിക് ബിൻ അനസ് ﷺയുടെ ഒരു വസ്വിയ്യത്ത് ഉദ്ധരിക്കാതെ ഈ ലഘുകൃതി പൂർണ്ണമാവില്ല. അതിൽ അദ്ദേഹം ഉണർത്തുന്നത് ഈ സമുദായത്തിന്റെ ആദ്യഘട്ടം നന്നായിത്തീർന്നത് എന്തു കൊണ്ടാണോ അതു കൊണ്ടു മാത്രമേ ഈ സമുദായത്തിന്റെ അന്ത്യഘട്ടവും നന്നായിത്തീരുകയുള്ളു എന്നാണ്. അദ്ദേഹം പറയുന്നു:

عن مالك بن أنس ﷺ قال: كان وهب بن كيسان يقعد إلينا، ولا يقوم أبدا حتى يقول لنا: اعلموا أنه لا يصلح آخر هذا الأمر إلا ما أصلح أوله، قلت: يريد ماذا؟ قال: يريد في بادئ الإسلام أو قال يريد التقوى. [ابن عبد البر في التمهيد لما في الموطأ من المعاني والأسانيد]

**[വഹ്ബ് ബിൻ കൈസാൻ ﷺ നമ്മുടെ അടുത്ത് വന്നിരിക്കാറുണ്ടായിരുന്നു. ഒരിക്കൽ പോലും നമ്മെ ഇങ്ങനെ ഉണർത്താതെ അദ്ദേഹം എഴുന്നേറ്റ് പോകുമായിരുന്നില്ല: അറിയുക! ഇക്കാര്യത്തിന്റെ ആദ്യഘട്ടം നന്നാക്കിയതെന്തോ അതല്ലാതെ ഇതിന്റെ അവസാനഘട്ടത്തെയും നന്നാക്കുകയില്ല.**

**ഞാൻ ചോദിച്ചു: അതെന്താണ്?**

**അദ്ദേഹം പറഞ്ഞു: അദ്ദേഹം അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇസ്‌ലാമിന്റെ പ്രാരംഭമാണ്.**

**അല്ലെങ്കിൽ അദ്ദേഹം പറഞ്ഞത്, അദ്ദേഹം ഉദ്ദേശിച്ചത് തഖ്‌വയെയാണ്.] (ഇബ്‌നു അബ്ദിൽ ബർ l അത്തംഹീദ്)**

**പലരിൽനിന്നും അരുതാത്തത് സംഭവിച്ചു. പക്ഷെ, മനുഷ്യർ എവിടെ പോകും? അവർക്ക് അല്ലാഹുവിൽനിന്ന് ഓടിയൊളിക്കാനാകുമോ? ഇല്ല. എങ്കിൽ സംഭവിച്ചു പോയതിന് വല്ല പരിഹാരവുമുണ്ടോ? ഉണ്ട്, തീർച്ചയായും ഉണ്ട്. ഒരു പ്രശ്നത്തിനും പരിഹാരമില്ലാതെ അല്ലാഹു മനുഷ്യരെ നിരാശയിലേക്ക് തള്ളിവിട്ടിട്ടില്ല. ശരിയായ തൗബഃ, അതു തന്നെയാണ് പരിഹാരം.**

# ഉപസംഹാരം

ഇത് തൗഹീദിൽ നിന്ന് ശിർക്കിലേക്കുള്ള തിരിച്ചു പോക്കാണ്. പ്രത്യക്ഷമായോ പരോക്ഷമായോ അതിനെ പിന്തുണക്കുന്നവരും, കുറ്റകരമായ മൗനമവലംബിക്കുന്നവരും ഓർക്കേണ്ടത്, തങ്ങളുടെ പാപഭാരത്തിനു പുറമെ അനുയായികളുടെ വിഹിതം കൂടി വഹിക്കാൻ അവർക്ക് കഴിയുമോ എന്നതാണ്.

### പശ്ചാത്താപം എങ്ങനെ?

അപകടകരമായ ഈ ജിന്നുവാദത്തിനുള്ള പരിഹാരം, അഹങ്കാരവും കുറുക്കുവഴികളും ഒഴിവാക്കി ശരിയാംവണ്ണം തൗബഃ ചെയ്യുക എന്നതു മാത്രമാണ്. മതപരമായ കാര്യങ്ങളിൽ അപനിർമ്മിതികളുണ്ടാക്കി, അതിലേക്ക് ജനങ്ങളെ ക്ഷണിച്ച്, നിരവധിയാളുകളുടെ മനസ്സിൽ ആശയക്കുഴപ്പം സൃഷ്ടിച്ച്, പിന്നീട് സത്യത്തിലേക്ക് മടങ്ങാനുദ്ദേശിച്ചാൽ അറബിക്കടലിലേക്ക് നോക്കി ഞങ്ങൾക്ക് അങ്ങനെ വാദമില്ല എന്ന് വിളിച്ചു പറഞ്ഞാൽ അത് തൗബഃയാവില്ല. അല്ലെങ്കിൽ, ഞാൻ എവിടെ പറഞ്ഞു, എപ്പോൾ പറഞ്ഞു എന്ന് ഭീഷണി മുഴക്കിയത് കൊണ്ടുമായില്ല. ഇത്തരം കാര്യങ്ങളിൽ സത്യസന്ധമായ തൗബഃ എങ്ങനെയാണെന്ന് ഒരു ഉദാഹരണ സഹിതം വ്യക്തമാക്കാം:

قال أَبُو حاتم محمد بن إدريس: ولقد ذكر لأبي عبد الله أحمد بن حنبل رجل من أهل العلم، كانت له زلة، وأنه تاب من زلته، فقال: لا يقبل الله ذلك منه حتى يظهر التوبة والرجوع عن مقالته، وليعلمن أنه قَالَ مقالته كيت وكيت، وأنه تاب إلى الله تعالى من مقالته، ورجع عنه، فإذا ظهر ذلك منه حينئذ تقبل، ثم تلا أَبُو عبد الله ﴿إِلاَّ الَّذِينَ تَابُوا وَأَصْلَحُوا وَبَيَّنُوا... ﴿١٦٠﴾﴾ (البقرة)

[ابن رجب في ذيل طبقات الحنابلة]

[അബൂ ഹാതിം മുഹമ്മദ് ബിൻ ഇദ്‌രീസ് ﷺ പറയുന്നു:

തെറ്റായ വാദമുഖം ഉന്നയിച്ചിരുന്ന ഒരു പണ്ഡിതൻ പിന്നീട് അതിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങിയപ്പോൾ അതിനെ കുറിച്ച് ഇമാം അഹ്‌മദ് ﷺ യോട് പറയപ്പെടുകയുണ്ടായി.

അപ്പോൾ ഇമാം അഹ്‌മദ് ﷺ പറഞ്ഞത്, അദ്ദേഹത്തിൽനിന്ന് അല്ലാഹു അത് സ്വീകരിക്കണമെങ്കിൽ:

- അദ്ദേഹം തന്റെ തൗബഃ പരസ്യപ്പെടുത്തണം.
- തന്റെ വാദഗതി ഉപേക്ഷിച്ച് മടങ്ങിയ കാര്യം അദ്ദേഹം വെളിപ്പെടുത്തണം.
- ഇന്നയിന്നതൊക്കെയാണ് താൻ തെറ്റായ വാദഗതിയായി പറഞ്ഞിരുന്നത് എന്ന് അദ്ദേഹം വ്യക്തമാക്കണം.
- തന്റെ ആ വാദമുഖങ്ങളിൽനിന്ന് താൻ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങിയിരിക്കുന്നു എന്ന് അദ്ദേഹം അറിയിക്കണം.

ഇത്രയും കാര്യങ്ങൾ അദ്ദേഹം ചെയ്താൽ മാത്രമേ തൗബഃ സ്വീകരിക്കപ്പെടുകയുള്ളു. പിന്നീട് ഇമാം അഹ്‌മദ് ﷺ ബഖറഃ 160-ാം സൂക്തം പാരായണം ചെയ്തു:

«പശ്ചാത്തപിക്കുകയും തെറ്റുതിരുത്തുകയും കാര്യം വ്യക്തമാക്കുകയും ചെയ്തവരൊഴികെ...»] (ഇബ്നു റജബ്| ദയ്ലു ത്വബഖാതിൽ ഹനാബിലഃ)

അല്ലാതെ, ഒരു 'ചുളുവിൽ തൗബഃ' കൊണ്ട് രക്ഷപ്പെടാമെന്ന് ആരും വ്യാമോഹിക്കേണ്ടതില്ല. ഓർക്കുക! നാം കണക്കു പറയേണ്ടത് പടപ്പുകളോടല്ല, സ്രഷ്ടാവായ അല്ലാഹുവിനോടാണ്. നമുക്ക് അവനെ കബളിപ്പിക്കാനാവില്ല. രഹസ്യവും പരസ്യവും അറിയുന്ന അഭിജ്ഞനാണ് അല്ലാഹു.

തൗഹീദിൽനിന്ന് ശിർക്കിലേക്കുള്ള തിരിച്ചുപോക്കിനെ കുറിച്ചാണ് ഇതുവരെ നാം ചർച്ച ചെയ്തത്. അതിന്റെ ഗൗരവമോർക്കുമ്പോൾ മനസ്സ് പിടയുന്നു. അതിലേക്ക് നയിക്കും വിധം പ്രത്യക്ഷമായോ പരോക്ഷമായോ സംസാരിക്കുന്ന നേതാക്കൾക്കും പ്രസംഗകർക്കും തങ്ങളുടെ പാപഭാരത്തിനു പുറമെ അനുയായികളുടെ വിഹിതം കൂടി വാങ്ങിവെക്കാൻ കഴിയുമോ എന്ന് കാലേകൂട്ടി ആലോചിക്കുന്നത് നന്നായിരിക്കും. മാന്യതയുടെ മൂടുപടം അണിഞ്ഞ് കുറ്റകരമായ മൗനം പാലിക്കുന്നവരും മുൻകൂട്ടി ആത്മപരിശോധന നടത്തുന്നത് വിചാരണ എളുപ്പമാക്കും എന്ന് ഉണർത്തുകയാണ്.

കർമ്മങ്ങൾ അല്ലാഹുവിന്ന് മാത്രമായി സമർപ്പിക്കുക എന്ന 'ഇഖ്ലാസ്വും', വാക്കും പ്രവൃത്തിയും നബി ﷺ യുടെ മാതൃകയനുസരിച്ച് മാത്രം അനുഷ്ഠിക്കുക എന്ന 'സ്വവാബും' നൽകി അല്ലാഹുവേ നീ ഞങ്ങളെ അനുഗ്രഹിക്കേണമേ. നീയുമായി സന്ധിക്കുന്നതുവരെ തൗഹീദിലും സുന്നത്തിലും ഞങ്ങളെ നീ ജീവിപ്പിക്കേണമേ. അല്ലാഹുവാണ് തൗഫീഖിനുടയവൻ, ഏവരെയും നേർമാർഗ്ഗത്തിൽ ചേർക്കുന്നവൻ. അവന്റെ സമാധാനവും സുരക്ഷയും അന്ത്യറസൂലായ മുഹമ്മദ് നബിയിലും, അവിടുത്തെ കുടുംബത്തിലും അനുചരന്മാരിലും വർഷിക്കുമാറാകട്ടെ.

**വിശുദ്ധ മക്കയിലെ അവാലിയിൽ വെച്ച് ഹിജ്റഃ വർഷം 1434 ജുമാദാ-II 28ന് ബുധനാഴ്ച രാവിൽ ഇതിന്റെ അറബി പതിപ്പ് എഴുതി അവസാനിപ്പിച്ചു.**

**ഈ മലയാള പതിപ്പ് കേരളക്കാരെ മാത്രം ഉദ്ദേശിച്ചു കൊണ്ടുള്ളതാകയാൽ പരമാവധി ലളിതമാക്കുകയും, അറബി പതിപ്പിലില്ലാത്ത കുറച്ചു വിശദീകരണങ്ങൾ അധികമായി ചേർക്കുകയും ചെയ്തിട്ടുണ്ട്.**

**തന്റെ തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞു കൊണ്ടും, അല്ലാഹുവിന്റെ മാപ്പും പാപമോചനവും കാംക്ഷിച്ചുകൊണ്ടും, അവന്റെ എളിയവനായ ദാസൻ...**

**— അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്**
**(മഞ്ചേരി, ദുൽഹിജ്ജഃ 15, 1444 AH)**

وَالْحَمْدُ لِلّٰهِ الَّذِي بِنِعْمَتِهِ تَتِمُّ الصَّالِحَاتُ

അൽഹുദാ സലഫി ചാരിറ്റബിൾ ട്രസ്റ്റ്, കായക്കൊടി